# ശ്ലീഹന്മാരുടെ കൽപ്പന

264.023
AB

അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി

No. 18.

# ശ്ലീഹന്മാരുടെ കുർബാന

പഠിക്കുക

പഠിപ്പിക്കുക

ഗ്രന്ഥകർത്താ

റവ. ഫാ. ഫാബിയൻ സി ഡി.

G.E.
Fr. M. Nadakal

അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി
No. 18.

# ശ്ലീഹന്മാരുടെ കുർബാന

അഥവാ

## പൗരസ്ത്യ സുറിയാനിക്രമത്തിലെ കുർബാന

ACHARYA ... JEEVASS KENDRAM LIBRARY 17699

ഗ്രന്ഥകർത്താ

റവ. ഫാ. ഫാബിയൻ സി. ഡി.

DHARMARAM COLLEGE LIBRARY BANGALORE

പ്രസാധകൻ

ഫാ. മാത്യു നടയ്ക്കൽ

വില 10 ണ.

S. J. Press, Mannanam 1956.

M/264.023
FAB

**Nihil Obstat:**

Fr. Jerome T. O. C. D.
Fr. Stephen T. O. C. D.

*Mannanam,*
*16—7—1953.*

**Imprimi potest:**

Fr. Daniel T. O. C. D.,
Provincial of the St. Joseph's Province.

*Mannanam,*
*16—7—1953.*

**Imprimatur:**

† MATHEW KAVUKATT,
Bishop of Changanacherry.

*Changanacherry,*
*19-10-1953.*

# പ്രസാധകക്കുറിപ്പ്

കുർബാന എന്ന ബലി ആരാധനയുടെ പരമോൽകൃഷ്ട മായ കർമ്മമാകുന്നു. കത്തോലിക്കാസഭയിൽ പല റീത്തുകളിലാ യിട്ടാണ് ബലിസമർപ്പണം നടത്തിവരുന്നത്. "ശ്ലീഹന്മാരുടെ കുർബാന" കൽദായ സുറിയാനിക്രമത്തിലെ കുർബാനയുടെ തി രുകർമ്മങ്ങളും പ്രാർത്ഥനകളും സംബന്ധിച്ചുള്ള ഒരു ഗ്രന്ഥമാണ്. കൽദായ സുറിയാനി കുർബാനയിലെ പ്രാർത്ഥനകൾ, തിരുകർമ്മ ങ്ങളുടെ വ്യാഖ്യാനങ്ങൾ, വിശദീകരണങ്ങൾ മുതലായവ ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ ഗ്രന്ഥം തിരുകർമ്മ ത്തെ സംബന്ധിച്ചിടത്തോളം ഗവേഷണപരമായ ഒരു പ്രസി ദ്ധീകരണമാണ്. റാസക്രമം സംബന്ധിച്ചും ഒരു ലഘുഗ്രന്ഥം തയ്യാറാക്കിത്തരാമെന്ന് ഗ്രന്ഥകർത്താവ് സദയം സമ്മതിച്ചി ട്ടുണ്ട്.

ഇതര റീത്തുകളിലെ കുർബാനക്രമം സംബന്ധിച്ചുള്ള ഗ്രന്ഥങ്ങൾ തയ്യാറായിക്കഴിയുമ്പോൾ അവയും ഞങ്ങൾ പ്രസി ദ്ധം ചെയ്യുന്നതാണ്.

ഫാ. മാത്യു, നടയ്ക്കൽ

അദ്ധ്യയനമണ്ഡലം
ചങ്ങനാശ്ശേരി.
12-9-1956.

# പ്രസ്താവന

"കേരളത്തിലെ പൌരസ്ത്യ സുറിയാനിക്കാരുടെ കുർബാന"യുടെ ഒരു സംക്ഷേപമാണീ ചെറുപുസ്തകം. "കേ. പൌ. സു. കുർബാന"യിലെ ചരിത്രഭാഗങ്ങളാദിയായ സുദീർഘവിവരണങ്ങൾ ഈ സംക്ഷേപത്തിൽ പൂർണ്ണമായിത്തന്നെ ഉപേക്ഷിക്കയാണ് ചെയ്തിരിക്കുന്നത്. എന്നാൽ കുർബാനയിൽ സജീവമായി സംബന്ധിക്കുവാൻ ഇതു് ഉതകത്തക്കവണ്ണം കുർബാനയിലെ പ്രാർത്ഥനകൾ വിശദീകരണത്തിനു് അനുയോജ്യമായി തർജ്ജമചെയ്തു് ഇതിൽ ചേർത്തിട്ടുമുണ്ടു്.

ഇതു് സ്വന്ത റീത്തുകാരായ സുറിയാനിക്കാരെ പ്രധാനമായി ഉദ്ദേശിച്ചുള്ള പ്രയത്നമാകയാൽ തയ്യാറാക്കുകയിൽ, സൌകര്യാർത്ഥം "നമ്മുടെ കുർബാന" എന്നു് പേർ നൽകിയിരുന്നു. പക്ഷേ പകുതിയോളം അടിച്ചുകഴിഞ്ഞപ്പോൾ, വിസ്തൃതമായ ഒരു മണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള അദ്ധ്യയന മണ്ഡലക്കാർ ഇതു് തങ്ങളുടെ ഗ്രന്ഥാവലിയിലേയ്ക്കു് വിട്ടുകൊടുക്കണമെന്നു് ആവശ്യപ്പെടുകയും അപ്രകാരം കൊടുക്കുകയും ചെയ്യുകയാൽ "നമ്മുടെ കുർബാന" എന്ന നാമം അന്വർത്ഥമല്ലാതെ ഭവിച്ചു. ആകയാലത്രെ "ശ്ലീഹന്മാരുടെ കുർബാന"യെന്ന പേരു് പുറംതാളിൽ അടിക്കുവാൻ ഇടയായതു്.

കേരളകുർബാന പൌ. സു. സഭയിലെ ഒന്നാമത്തെ കുർബാനതന്നെയാണെന്നത്രേ ഇന്നത്തെ പൊതുഅഭിപ്രായം. പ്രാർത്ഥനകളുടെ വാക്കുകളിലെന്നല്ല, കർമ്മങ്ങളുടെ സ്ഥാനങ്ങളിലും അനുഷ്ഠിക്കുന്ന രീതിയിലും ബാബേൽക്കാരുടേതിൽനിന്നിതു് കുറെയൊക്കെ വ്യത്യാസമാണെങ്കിലും, രണ്ടും കാര്യത്തിൽ ഒന്നുതന്നെയാണെന്നാണു് ഇവയെപ്പററി താരതമ്യപഠനം നടത്തിയിട്ടുള്ള പണ്ഡിതന്മാരായ Brun, Renaudot, Raulin മുതലായവർ പറയുന്നതു്. ബാബേൽക്കാരുടെ ഒന്നാമത്തെ കുർബാനയ്ക്കു് അവർ പേരു കൊടുത്തിരിക്കുന്നതു് "ശ്ലീഹന്മാരായ ഹന്ദിയു

ടെയും മാറിയുടെയും കുർബാന" എന്നാണ്. പക്ഷേ ഈ പേരിലെ "ഹന്ദിയുടെയും മാറിയുടെയും" എന്ന ഭാഗം പിൽക്കാലത്തു ചേർത്തതാണെന്നു അഭിപ്രായമുണ്ട്. (1) ഏതായാലും അത് കേരളത്തിലെ പൂർവ്വ തക്സാകളിൽ ഉണ്ടായിരുന്നില്ല. (2) ആകയാൽ "ശ്ലീഹന്മാരുടെ കുർബാന"യെന്ന പേരു് ഇതിന്ന് സമുചിതമാണ്.

അദ്ധ്യയനമണ്ഡല ഗ്രന്ഥാവലിയിലേയ്ക്കു് ഇതു് വിട്ടു കൊടുക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളു; പക്ഷേ അദ്ധ്യയനോപയോഗത്തിന്ന് ഉതകത്തക്കവണ്ണം ഭാഷാപരമായും മററും ചില പരിഷ്ക്കാരങ്ങൾ വരുത്താനിടയാകാഞ്ഞ ഈ പതിപ്പ് വിട്ടുകൊടുക്കേണ്ടിവന്നതിൽ ഖേദമുണ്ടെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല.

നാല്പത്തിമൂന്നാം പക്ഷം 22 മുതൽ 26 വരെ വരികൾ അപ്പത്തിൻെറയും . . . ചെയ്യുന്നു, എന്നതു്, "അപ്പവും വീഞ്ഞും മ്ശീഹായുടെ മാംസരക്തങ്ങളായി പകരുന്നു. നമുക്ക് അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളെ ഗോചരമാകുന്നുള്ളു. എങ്കിലും മ്ശിഹാ അവിടെ സന്നിധി ചെയ്യുന്നു; നമുക്കുവേണ്ടി ബലിയിടപ്പെടുകയും ചെയ്യുന്നു" എന്ന് തിരുത്തി വായിക്കണം. 34-ാം വരിയിലെ ദൃശ്യമായി എന്ന വാക്കും 37-ാം വരിയിലെ അദൃശ്യനായി എന്ന വാക്കും ഉപേക്ഷിക്കയും വേണം.

ഗ്രന്ഥകർത്താ

---

(1) Fr. Hanssens S. J. :- Institutiones Liturgicae De Ritibus Orientalibus. No. 1940.

(2) Nomina Adae & Maris omissa sunt in Latina versione Missae Christianorum apud Indos. (Liturgiarum Orientalium Collectio. Tom. II. p. 567. by Eusebius Renaudot.)

✠

ഈ. മ. യ.

# നമ്മുടെ കുർബ്ബാന.

---

## ഉപക്രമണികാ.

കട്ടുംതൂക്കായുയരുന്ന നെടിയ ഒരു കടലോരത്തിന്റെ ഉപരിതലത്തിൽ സ്വച്ഛന്ദം വിഹരിക്കുന്ന ഒരാൾക്കു് താഴെ അലച്ചുമറിയുന്ന തിരമാലകളിലേക്കു് വേണമെങ്കിൽ നിഷ്പ്രയാസം നിപതിക്കാം; ഞൊടിയിടയിൽ അതു് നിർവ്വഹിക്കുകയും ചെയ്യാം. പക്ഷേ, ആ നിപതന ഫലമായി അയാൾ എത്തിച്ചേരുന്ന ആഴിയുടെ ആഴത്തിൽനിന്നു്, അരിഷ്ടതയുടെ അർണ്ണവത്തിൽനിന്നു്, ശാന്തസുന്ദരമായ മുകൾപരപ്പിലേയ്ക്കു കയറുക, ഇറക്കംപോലെ അത്ര സുഗമമല്ല; സുസാദ്ധ്യവുമല്ല.

ആദ്യമനുഷ്യന്റെ ആദ്യ ആജ്ഞാലംഘനത്തിന്റെ ചരിത്രവും ഏതാണ്ടിതിനു് തുല്യമാണു്. സച്ചിദാനന്ദസ്വരൂപനായ സ്വർഗ്ഗപിതാവിന്റെ വാത്സല്യത്തിൽ, ഭൗമ്യപറുദീസായിൽ, സൗഭാഗ്യസമൃദ്ധിയിൽ ആറാടിയിരുന്ന അവൻ, പൈശാചിക പ്രേരണയാൽ ആ സ്നേഹനാഥന്റെ കല്പനയെ അവഗണിച്ചു് പാപക്കുണ്ടിലേക്കു് കുതിച്ചതു് ക്ഷണത്തിൽ കഴിഞ്ഞു; അവനതിൽ യാതൊരു വിഷമവും അപ്പോളനുഭവപ്പെട്ടുമില്ല. എന്നാൽ ആ അനുസരണക്കുറവിന്റെ അനന്തരഫലങ്ങൾ അവർണ്ണനീയങ്ങളായിരുന്നു; അപരിഹാര്യങ്ങളായിരുന്നു. സ്നേഹനിധിയായ പരമപരിശുദ്ധന്റെ മൃദുലഹൃദയത്തെ അതു വ്രണപ്പെടുത്തി; അമേയപ്രാഭവത്തിന്റെ പ്രതിഷ്ഠയായ അവിടത്തേയ്ക്കതു് അവമാനം വരുത്തി; അങ്ങേ നീതികോപം നീറിക്കത്തുന്നതിനു് ഇടയാക്കി. ചുരുക്കത്തിൽ, മനുഷ്യൻ ദൈവശത്രുവായി, സനാതന സൗഭാഗ്യത്തിന്റെ മോക്ഷത്തിനു് അനർഹനായി, നിന്ദ്യനായി, ശാപപാത്രമായി പരിഗണിക്കപ്പെട്ടു. ആത്മഹത്യയ്ക്കു് തുല്യമായ അവന്റെ ആ ആലോചനക്കുറവിനെ അറിയുവാൻ തുടങ്ങിയ ആദ്യക്ഷണം മുതൽ അതിന്റെ കഠിനയാതനകളനുഭവിക്കുവാൻ ആരംഭിച്ച വിനാഴികതൊട്ടു് മനുഷ്യൻ അതിന്റെ പരിഹാരത്തിനു് സന്താപാശ്രുക്കൾ പൊഴിച്ചു; താണുവീണു് കേണപേക്ഷിച്ചു; പ്രായശ്ചിത്തമെടുത്തു; ദൈവാരാധനകർമ്മങ്ങളിൽ അത്യുൽകൃഷ്ടമായ ദഹനബലികൾതന്നെയും കണക്കില്ലാതെ അർപ്പിച്ചു. പക്ഷേ ഇവയൊന്നും, സമുദ്രമദ്ധ്യത്തിൽ മുങ്ങിമരി

ക്കുന്ന ഒരു നിസ്സഹായന്റെ നിർഭാഗ്യചേഷ്ടകളെക്കവിഞ്ഞ അവനു രക്ഷാകരങ്ങളായിരുന്നില്ല. കാരണം: ആദ്യമനുഷ്യന്റെ അവിവേകമായ പ്രവൃത്തിമൂലം അവൻ പ്രതിനിധീകരിച്ചിരുന്ന മനുഷ്യവർഗ്ഗത്തിന്റെയും അതിന്റെ സ്രഷ്ടാവായ ദൈവത്തിന്റെയും ഇടയ്ക്കു് വിദ്വേഷത്തിന്റെ അന്തമില്ലാത്ത ഒരന്തരാളം ആവിർഭവിച്ചിട്ടുണ്ടായിരുന്നു. അതു നികത്തി പരമോന്നതന്റെ അന്തികത്തിലെത്തുക, നീതി നിലയത്തോടു ചെയ്ത അനീതിയ്ക്കു് നീതിയുക്തമായ പരിഹാരം ചെയ്യുക എന്നതു് പരിമിത സൃഷ്ടിയായ മനുഷ്യന്റെ ശക്തിയ്ക്കു് അതീതമായിരുന്നു; പോരെങ്കിൽ അവൻ ദുർബലശത്രുവുമായി ഭവിച്ചിരുന്നു. ദൈവതുല്യം അപരിമേയനും അത്യുന്നതനുമായ ഒരു മനുഷ്യൻ, അല്ല, ഒരു മനുഷ്യദൈവംതന്നെ വേണ്ടിയിരുന്നു അതു് ശരിപ്പെടുത്തുവാൻ.

മനുഷ്യൻ ഇങ്ങനെ തന്നിഷ്ടത്താലെ വരുത്തിവച്ച ദുരന്തദുരിതങ്ങൾ, അർഹമായിട്ടും അവൻ അനുഭവിക്കേണ്ടവയായിരുന്നെങ്കിലും, അതുവരെ ഒരു വത്സലപുത്രനായി അവനെ പരിഗണിക്കുകയും അതിനൊത്തവണ്ണം അവനോടു് വർത്തിക്കുകയും ചെയ്തിരുന്ന ദൈവപിതാവു് അവന്റെ ഈ നിസ്സഹായതയിൽ അവനെ കൈവിട്ടുകളയുവാൻ ഭാഗ്യവശാൽ ചിത്തമായില്ല. കരുണക്കടലായ അവിടന്നു, അവന്റെ അപ്രാപ്തിയിൽ അലിഞ്ഞു് അപ്പോൾതന്നെ അവനൊരു രക്ഷകനെ വാഗ്ദാനം ചെയ്കയും; കാലാന്തരത്തിൽ, വി. മാലാഖിവഴി "സൂര്യോദയം മുതൽ അസ്തമയംവരെ എല്ലായിടത്തും ധൂപം അർപ്പിക്കപ്പെടുമെന്നും പാപപ്പരിഹാരത്തിനു പര്യാപ്തമായ ശുദ്ധമുള്ള ബലി തന്റെ നാമത്തിൽ അർപ്പിക്കപ്പെടു"മെന്നു് ആ പറഞ്ഞൊക്കപ്പെട്ട പരിത്രാണകൻ പ്രയോഗിക്കുവാനിരുന്ന രക്ഷാമാർഗ്ഗത്തെ നിർവചിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. മനുഷ്യവർഗ്ഗത്തിനു് ഈ വിധം വാഗ്ദാനം ചെയ്തിരുന്ന രക്ഷകനെ പ്രദാനം ചെയ്യുവാനും വി. മാലാഖിവഴി അറിയിച്ചിട്ടുണ്ടായിരുന്ന രക്ഷാസരണിയെ സാധിക്കുവാനും അനന്തജ്ഞാനം ആവിഷ്കരിച്ച മാർഗ്ഗങ്ങളാണു് പുത്രൻതമ്പുരാന്റെ മനുഷ്യാവതാരവും കുരിശുമരണവും അൾത്താരബലിയും.

കാലത്തിന്റെ തികവിൽ "വചനം മാംസമായി നമ്മിൽ കുടിയിരുന്നു." വചനമായ ദൈവം ഭൂമിയിലേക്കിറങ്ങി, മനുഷ്യസ്വഭാവമെടുത്തു് നമ്മോടുകൂടി ജീവിച്ചു. ഈശോയെന്നു വിളിക്കപ്പെട്ടിരുന്ന ആ മനുഷ്യദൈവം മനുഷ്യനെന്ന നിലയിൽ ആദത്തിന്റെ സന്തതിയാകയാൽ അവിടത്തെ പ്രവൃത്തികൾ മാനുഷികങ്ങളും മനുഷ്യവർഗ്ഗത്തിന്റേതുമായിരുന്നു; അതേസമയം ദൈവത്വത്തിൽ അവിടന്നു് സ്വർഗ്ഗപിതാവിനോടു് ഏക സത്തയായിരുന്നതുകൊണ്ടു് അവ ദൈവികങ്ങളും, അനന്ത യോഗ്യതയുള്ളതുകളും ആയിരുന്നു. തന്നിമിത്തം, നീതികോപത്തെ ശമിപ്പിക്കുവാനും മനുഷ്യപരിത്രാണനത്തെ സാധിക്കുവാനും അവിടന്നു പ്രാപ്തനായിരുന്നു എന്നു മാത്രമല്ല, തന്റെ ഏററം നിസ്സാരപരിഹാരകർമ്മംപോലും അതിനു് പര്യാപ്തവുമായിരുന്നു. പക്ഷേ, ആ സ്നേഹത്തിടമ്പു് ആരുടെ സഹോദരനായി ഭൂമിയിൽ ജനിക്കുകയും ജീവിക്കുകയും ചെയ്തുവോ ആ മനുഷ്യരോടുള്ള അതിയായ വാത്സല്യംനിമിത്തം, സ്നേഹഭ്രാന്ത

നായി അവർക്കുവേണ്ടി സ്വയം ജീവാർപ്പണംതന്നെ ചെയ്തു. അതോ, ചുടുരക്തം ചൊരിഞ്ഞുകൊണ്ടും മരണംവരിച്ചുകൊണ്ടും. കാൽവരിക്കുന്നിലെ കൽപപാദപമായിരുന്നു അവിടത്തെ യാഗപീഠം.

ഇങ്ങനെ, അവതീർണ്ണനായ ഈശോതമ്പുരാന്റെ രക്തംചിന്തലോടുകൂടിയ കുരിശിലെ ജീവാർപ്പണം മനുഷ്യമഹാരാശിയുടെ ചരിത്രത്തിലെ ഏററം മഹൽസംഭവമായി; രക്ഷയുടെ ദീപസ്തംഭമായി. ആദപ്പാപം മൂലം നിരാശക്കടലിൽ നട്ടംതിരിഞ്ഞിരുന്ന മനുഷ്യവർഗ്ഗം അതിന്റെ വെളിച്ചത്തിൽ രക്ഷയുടെ തുറമുഖത്തെത്തി; അടയ്ക്കപ്പെട്ടിരുന്ന മോക്ഷവാതിൽ ഒരിക്കൽക്കൂടെ അവർക്കു് തുറക്കപ്പെട്ടു; ആദത്തെയും അദ്ദേഹത്തിന്റെ സന്തതിപരമ്പരകളേയും പരലോകപിതാവു് വീണ്ടും സ്നേഹപുരസ്സരം കടാക്ഷവീക്ഷണം ചെയ്തു; അവർ സ്വർഗ്ഗാവകാശികളായി; ദൈവത്തിന്റെ ദത്തുപുത്രരായി.

പക്ഷേ, മനുഷ്യഭാഗധേയത്തെ നിയന്ത്രിക്കുകൂടി ചെയ്യുന്ന ഒരു രക്ഷാദീപമായിട്ടാണു് കാൽവരിയിലെ കൽപപാദപം കണക്കാക്കപ്പെട്ടതു്. അതായതു്, രക്തച്ചിന്തലോടുകൂടിയ ആ സ്വയാർപ്പണത്താൽ നമ്മെ കൂടാതെ നമ്മെ പരിത്രാണംചെയ്ത മ്ശിഹാ, ആ രക്ഷാകരബലിതന്നെ രക്തം ചിന്താത്തവിധത്തിൽ ആവർത്തിച്ചു് അവിടത്തെ സ്വയാർപ്പണത്തിൽ നാമും ഭാഗഭാക്കുകളാകയും അതു വഴിയായി താൻ സമ്പാദിച്ചു് സംഭരിച്ചിരിക്കുന്ന ആദ്ധ്യാത്മിക നിക്ഷേപങ്ങളിൽ പങ്കാളികളാകയും ചെയ്യണമെന്നത്രേ ചിത്തമായതു്. ആകയാൽ കുരിശിലെ തന്റെ ജീവാർപ്പണത്തിന്റെ തലേനാൾ, വലിയ പെസഹാ വ്യാഴാഴ്ചരാത്രി, അവിടന്നു ശിഷ്യഗണമൊരുമിച്ചു് അന്ത്യത്താഴം കഴിക്കുകയിൽ അപ്പവും വീഞ്ഞും എടുത്തു വാഴ്ത്തി തന്റെ മാംസവും രക്തവും ആക്കി പകർത്തി, സ്വർഗ്ഗപിതാവിനു് ബലി അർപ്പിച്ചുകൊണ്ടു് അവിടത്തെ സ്വയാർപ്പണം രക്തച്ചിന്തൽകൂടാത്ത വിധത്തിൽ അനുഷ്ഠിച്ചു കാണിച്ചുകൊടുത്തു. മാത്രമല്ല, അങ്ങേ സ്വയാർപ്പണത്തിന്റെ രക്ഷാകരഫലങ്ങൾ ആസ്വദിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാം താൻ കാണിച്ചുകൊടുത്തവിധം രക്തച്ചിന്തൽകൂടാതെ അതു് ആവർത്തിച്ചു് അതിന്റെ അമൂല്യഫലങ്ങൾ നേടണമെന്നു് അവിടന്നു നിർദ്ദേശിക്കുകയും ചെയ്തു.

ഈ നിർദ്ദേശത്തെ അനുസരിച്ചുകൊണ്ടും, "സൂര്യോദയം മുതൽ അസ്തമയംവരെ അവിടത്തെ നാമത്തിൽ ശുദ്ധമുള്ള ബലി അർപ്പിക്കപ്പെടു"മെന്ന മലാഖിയുടെ പ്രവചനത്തെ പൂർത്തിയാക്കിക്കൊണ്ടും നമ്മുടെ മാതാവായ തിരുസ്സഭ തന്റെ ദിവ്യമണവാളന്റെ സ്വയാർപ്പണത്തെ രക്തം ചിന്തൽകൂടാതെ ആവർത്തിക്കുന്നതാണു് നമ്മുടെ അൾത്താരകളിൽ ദിവസവും അനുഷ്ഠിച്ചുകാണുന്ന പുതിയനിയമബലി അഥവാ കുർബാന. ആദത്തിന്റെ സന്തതികളായ നമുക്കു് ഇതിനുപരി ദൈവികമായ ഒരു പ്രവർത്തിയോ രക്ഷാകരമായ ഒരു സൽക്കർമ്മമോ ഫലദായകമായ ഒരു ശുശ്രൂഷയോ വിശിഷ്ടമായ ഒരു പ്രാർത്ഥനയോ ഇല്ലായെന്നതു് നിസ്സംശയമത്രേ. പ. ക. മറിയത്തിന്റെ സുകൃതങ്ങളും അപ്പോസ്തലന്മാരുടെ കഠിനാദ്ധ്വാനങ്ങളും രക്തസാക്ഷികളുടെ പീഡാസഹനങ്ങളും തപോധനന്മാരുടെ പ്രായശ്ചിത്ത പ്രവൃത്തികളുമെല്ലാം ഒരുമിച്ചുകൂട്ടിയാലും ഇതിന്റെ വെളിച്ച

ത്തിൽ നിഷ്പ്രഭങ്ങളാണു്. സകല ദൈവികകൃത്യങ്ങളുടെയും ജീവനെന്നത്രേ വി. ഫ്രാൻസീസ് സാലെസ് ഇതിനെ വിളിക്കുന്നതു്. പരിശുദ്ധ ഉർബാനോസ് പാപ്പായുടെ വാക്കുകളിൽ പറഞ്ഞാൽ, "മനുഷ്യായുസ്സിൽ സ്വർഗ്ഗീയംതന്നെയായി വല്ലതുമുണ്ടെങ്കിൽ അതു് ത്രോണോസിലെ ഈ ബലിമാത്രം."

ഭൂമുഖത്തു് ഇന്നു് ദിവ്യബലി അനുസ്യൂതം അർപ്പിക്കപ്പെടുന്നതു് സുറിയാനി, ലത്തീൻ, ഗ്രീക്കു്, അറബി ആദിയായി പത്തു ഭാഷകളിലായിട്ടാണു്. ചില ഭാഷകളിൽ വ്യത്യസ്തപ്പെട്ട ക്രമങ്ങളോടെ ഒന്നിലധികം രീതികളിലും അഥവാ റീത്തുകളിലും ഈ അർപ്പണം നടത്തുന്നുണ്ടു്. ഒരു റീത്തിൽതന്നെയും വ്യത്യസ്തപിതാക്കന്മാരാൽ വിരചിതങ്ങളായ പ്രത്യേകം പ്രത്യേകം പ്രാർത്ഥനകളോടെ അനുഷ്ഠിക്കപ്പെടുക നിമിത്തം പ്രത്യേക പേരിൽ അറിയപ്പെടുന്ന കുർബാനക്രമങ്ങളും ഇല്ലാതില്ല. ഇവയിൽ പൌരസ്ത്യ സുറിയാനിഭാഷയിൽ പൌരസ്ത്യസുറിയാനിറീത്തിൽ ശ്ലീഹന്മാരുടെ നാമത്തിൽ അറിയപ്പെടുന്നതും കേരളത്തിലെ പഴയ കൂറുകാരുടെ ഇടയിൽ പൂർവ്വം മുതൽക്കെ ഉപയോഗത്തിലിരിക്കുന്നതുമായ കുർബാനക്രമത്തിന്റെ ഒരു ചുരുങ്ങിയ വിവരണമാണു് ഈ ചെറുപുസ്തകം. കേരളത്തിൽ പൌരസ്ത്യസുറിയാനി ഉപയോഗിക്കുന്നവരായ നമുക്കു് ഇന്നീയൊരു കുർബാന മാത്രമെ അവശേഷിക്കുന്നുള്ളു. ആകയാലത്രേ "നമ്മുടെ കുർബാന" എന്ന ഹ്രസ്വവും ഹൃദ്യവും ആയ സ്വായത്തസൂചകസംജ്ഞ ഇതിനു് നൽകിയിട്ടുള്ളതു്. (1)

ദിവ്യരക്ഷകൻ ഊട്ടുശാലയിൽ ആദ്യം കുർബാന അർപ്പിച്ചപ്പോഴും ശ്ലീഹന്മാർ അതു് ആവർത്തിച്ചപ്പോഴും ഉപയോഗിച്ച പൌരസ്ത്യസുറിയാനി ഭാഷയിൽ "നമ്മുടെ കുർബാന" അർപ്പിക്കപ്പെടുന്നു എന്നതു് ഇതിനെ നമുക്കു് ഹൃദ്യമാക്കിത്തീർക്കുന്ന കാരണങ്ങളിൽ ഒന്നുമാത്രമത്രെ. ഇതു് നമ്മുടെ ദേശക്കുർബാനകൂടിയാണെന്നു് പറയപ്പെടുന്നുണ്ടു്. കേരളക്കരയിൽ ഉപയോഗത്തിലിരുന്നതായി അറിയപ്പെടുന്ന ഇതര കുർബാനകളെല്ലാം ഗ്രീക്കിൽനിന്നുള്ള അനന്തരകാല തർജ്ജമകളാകയാലും ഇതിനേക്കാൾ പുരാതനമായ ഒന്നു് നമ്മുടെ നാട്ടിൽ നടപ്പിലിരുന്നതായി ഇതേവരെ കണ്ടെത്തപ്പെട്ടിട്ടില്ലാത്തതിനാലും ഇതു് നമ്മുടെ പിതാവായ വി. തോമ്മാശ്ലീഹാ കേരളത്തിൽ ആദ്യം നടപ്പാക്കിയ പൌരസ്ത്യ സുറിയാനിക്രമംതന്നെ, ഒരുപക്ഷേ പേഷ്യൻ സമ്പർക്കത്തിലായിരിക്കാമെങ്കിലും, നമ്മുടെ നാട്ടിൽ നമ്മുടെ ഇടയിൽ വളർന്നു വ്യവസ്ഥിതി പ്രാപിച്ചതായിരിക്കാൻ പാടില്ലാതില്ല.

ഏതായാലും ഇതര കുർബാനകളെല്ലാറ്റിനേയുംകാൾ ഇതു് പൂർവ്വി

---

(1) കേരള സുറിയാനിക്കാരുടെ ഇടയിൽ പുതിയനിയമ ബലിക്കു് റാസാ (രഹസ്യം) കൂദാശാ (പവിത്രീകരണം) കുർബാന (സമർപ്പണം) എന്നെല്ലാം പേരുണ്ടു്. പക്ഷേ കുർബാനയ്ക്കാണു് കൂടുതൽ പ്രസക്തി, അർത്ഥഗർഭവും അതുതന്നെ.

കവും വിശിഷ്ടവുമെന്നു് അഭിപ്രായപ്പെടുന്നവർ അനേകരുണ്ടു്. അകൃത്രിമമായ ഇതിന്റെ പ്രകൃതിതന്നെ ഈ വസ്തുതയെ വിളിച്ചറിയിക്കുന്നു. ഇതര കുർബാനകളൊക്കെക്കാൾ നല്ലതെന്നും വ്യാജാനുകരണത്തിനു് എളുപ്പം വിധേയമാകാതെ പുരാതനത്വത്തിനു് സ്വായത്തമായ പരിപാവന അകൃത്രിമപ്രകൃതി എല്ലാത്തിലും ഇതു് പ്രദർശിപ്പിക്കുന്നുണ്ടെന്നും ഇതിന്റെ പ്രധാനഭാഗം മുഴുവനും ശ്ലീഹന്മാരുടെ കാലത്തോടു് ബന്ധപ്പെട്ടതാണെന്നും ഇതു് ശ്രദ്ധാപൂർവ്വം പഠിക്കുന്ന ഏവനും ബോധ്യമാകത്തക്കവണ്ണം അത്ര ഭക്തിചൈതന്യവും പരിശുദ്ധാത്മാവിലുള്ള മാധുരിയും അന്യാദൃശ്യമായ നിഷ്കളങ്കതയും ഇതിൽ കാണ്മാനുണ്ടെന്നും മററും മററുമാണു്, ഇതിന്റെ കൈവശാവകാശികളായ കേരളസുറിയാനിക്കാരെ പാഷണ്ഡികളാക്കുവാൻ മടിക്കാത്ത റോളിൻ (1) പോലും ഈ കുർബാനയെപററി അഭിപ്രായപ്പെട്ടിരിക്കുന്നതു്.

## സജ്ജീകരണങ്ങൾ

തിരുസ്സഭയിൽ അനുഷ്ഠിക്കപ്പെടാറുള്ള വിശുദ്ധ കർമ്മങ്ങളിൽ കുർബാനയെ കവിഞ്ഞ പരിപാവനമായ ഒന്നില്ലായെന്നാണല്ലോ മുകളിൽ കണ്ടതു്. ആകയാൽ അതിന്റെ യോഗ്യമായ അനുഷ്ഠാനത്തിനു് സഹായകങ്ങളായ പല സജ്ജീകരണങ്ങളും അതിന്റെ കാർമ്മികൻ ചെയ്യാറുണ്ടു്. ഏതൻനിമിത്തം, കുർബാന സജ്ജീകരണ ശുശ്രൂഷകളോടെ സമാരംഭിക്കുന്നു.

സജ്ജീകരണങ്ങളിൽ ചിലതുകൾ കുർബാനയുടെ സാക്ഷാൽ തുടക്കത്തിനു് മുമ്പത്രെ അനുഷ്ഠിക്കപ്പെട്ടു. അതിനാൽ അവയെ കുർബാനയുടെ യഥാർത്ഥഭാഗങ്ങളായി സാധാരണ പരിഗണിക്കാറില്ല; കുർബാനയ്ക്കുള്ള ഒരുക്കശുശ്രൂഷകളെന്നു് വിളിക്കുന്നു.

### i. ഒരുക്ക ശുശ്രൂഷകൾ

ശുദ്ധതയുടെ ശുദ്ധ സ്ഥലത്തേയും സംശുദ്ധമാക്കുന്ന വിശുദ്ധ കുർബാനയ്ക്കു് പുറപ്പെടുകയിൽ പുരോഹിതൻ അതു് ദൈവത്തിനു് പ്രസാദകരമായി പൂർത്തിയാക്കുവാൻ വേണ്ട സഹായം അപേക്ഷിക്കും; കർമ്മവേളയിൽ ദിവ്യചെമ്മരിക്കുട്ടിയുടെ ശരീരരക്തങ്ങൾ കൈകാര്യം ചെയ്യേണ്ടതുള്ളതുകൊണ്ടു് കരങ്ങൾ കഴുകി വെടിപ്പാക്കും; കാർമ്മികസ്ഥാനത്തിനു് അനുയോജ്യങ്ങളായ വസ്ത്രങ്ങൾ ധരിക്കും; ഒടുവിൽ കർമ്മോപകരണങ്ങളും

(1) J. F. Raulin: "Historia Ecclesiae Malabaricae Cum Diamperitano Synado (Rome) p. 289-90.

കരങ്ങളിലെടുത്തു് ദൈവാലയത്തിലേയ്ക്കു് പുറപ്പെടുകയും ചെയ്യും. ഇങ്ങനെ കുർബാനയുടെ യോഗ്യമായ അർപ്പണത്തിന്നു് അവശ്യകങ്ങളായി ആ മുഹൽക്കർമ്മം ആരംഭിക്കുന്നതിനു തൊട്ടുമുമ്പു് അനുഷ്ഠിക്കാനുള്ള സഹായാപേക്ഷ അഥവാ ഒരുക്കപ്രാർത്ഥന, കൈകഴുകൽ, അംശവസ്ത്രധാരണം, ദേവാലയപ്രവേശനം എന്നു നാലു ശുശ്രൂഷകളും അവയുടെ നേരത്തെ പ്രാർത്ഥനകളുമത്രേ ഒരുക്ക ശുശ്രൂഷകളെന്നതിനു് ഇവിടെ വിവക്ഷ.

a) ഒരുക്ക പ്രാർത്ഥന.

ദിവ്യബലി അർപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പുരോഹിതൻ സമൂഹമൊന്നിച്ചു് യാമപ്രാർത്ഥന നടത്തിയിരിക്കണമെന്നതു് പൌരസ്ത്യ സുറിയാനി സഭയിലെ പാരമ്പര്യനിയമമാണു്. കുർബാനയ്ക്കു് മുമ്പത്തെ ഈ യാമപ്രാർത്ഥനയായിരുന്നു 17-ാം നൂററാണ്ടുവരെ കേരളക്രമത്തിലേയും ഒരുക്കപ്രാർത്ഥന. പക്ഷേ, ഇന്നത്തെ നമ്മുടെ തക്സായിൽ (1) ഒരുക്കപ്രാർത്ഥനകൾ എന്ന പേരിൽ ചേർത്തുകാണുന്നതു് റോമൻ മിസ്സാളിൽ (2) നിന്നു് തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള ഏതാനും പ്രാർത്ഥനകളത്രേ. കുർബാന യോഗ്യതാപൂർവ്വം പൂർത്തിയാക്കുവാൻ തന്റെ കുററങ്ങളും കുറവുകളും പ്രതിബന്ധമാകാതിരിക്കണമെന്നും പരിശുദ്ധാരൂപിയുടെ പ്രകാശം ബുദ്ധിഹീനനായ തനിക്കു സഹായമായി ഉണ്ടാകണമെന്നും കാർമ്മികൻ ഇവയിൽ അപേക്ഷിക്കുന്നു. ത്രോണോസിലെ പാവനമായ അർപ്പണം പാത്രതയോടെ നിർവ്വഹിക്കുവാൻ ആഗ്രഹിക്കുന്ന ഒരു പുരോഹിതനു് ഇവ സശ്രദ്ധം പ്രാർത്ഥിക്കുന്നതോടൊപ്പം വിശിഷ്ടമായ ഒരുക്കം ചുരുക്കമത്രേ. (3) ഇതിലെ പല പ്രാർത്ഥനകൾക്കും പരിശുദ്ധ സിംഹാസനം ദണ്ഡവിമോചനങ്ങൾ ധാരാളമായി കല്പിച്ചനുവദിച്ചിട്ടുമുണ്ടു്. (4) വിശുദ്ധ മേശയിൽനിന്നു് പങ്കുകൊള്ളുവാൻ ഇച്ഛിക്കുന്ന ഇതരർക്കും ഇവ ഉത്തമങ്ങൾതന്നെ. ദൈവാലയത്തിലോ ചമയമുറിയിലോ മുട്ടുകുത്തിനിന്നു് കാർമ്മികൻ ഈ അപേക്ഷകൾ നടത്തുന്നു.

**കാ.** (5) ഞാൻ അങ്ങേ ആലയത്തിലേയ്ക്കു് കടന്നുവന്നു് എന്റെ അധരങ്ങൾ നേർന്ന ദഹനബലികൾ അങ്ങേയ്ക്കു നിറവേററും.

അന്തിഫോനാ:– ഞങ്ങളുടെ ദൈവമായ കർത്താവേ! ഞങ്ങളുടെയോ ഞങ്ങളുടെ പിതാക്കന്മാരുടെയോ പാപങ്ങളെ

---

(1) കുർബാനക്രമപ്പുസ്തകം.

(2) പാശ്ചാത്യസഭയിലെ കുർബാനക്രമപ്പുസ്തകം.

(3) Adrian Fortesque: "The Ceremonies of the Roman Rite" p. 42.

(4) Fr. Lasance: "The New Roman Missal" p. 74.

(5) കാ = കാർമ്മികൻ.

ഞങ്ങൾക്കെതിരായി ഓക്കരുതെ; ഞങ്ങളുടെ ദുഷ്ക്രിയകളെക്കുറിച്ച് ഞങ്ങളോട് പ്രതിക്രിയ ചെയ്യരുതെ.

(സങ്കീർത്തനം 84) സർവ്വവല്ലഭനായ കർത്താവേ! അവിടത്തെ കൂടാരങ്ങൾ എത്രയോ മനോഹരങ്ങൾ. അങ്ങേ വേലിയകങ്ങളെ, എന്റെ ആത്മാവോർത്തു കൊതിച്ചു. എന്റെ ഹൃദയമേ! എന്റെ ജഡമേ! ഉയിരുള്ള ദൈവത്തെ നിങ്ങൾ സ്തുതിപ്പിൻ. എന്തെന്നാൽ കുരികിൽ പക്ഷിക്കൂടെയും അതിന് വാസയിടം കണ്ടെത്തി. ചെങ്ങാലിക്കൂട്ടം. അങ്ങയുടെ ബലിപീഠത്തിന്നരികെ, സർവ്വശക്തനായ കർത്താവേ! അവ കുഞ്ഞുങ്ങളെ വളർത്തി. എന്റെ രാജാവേ! എന്റെ ദൈവമേ! അങ്ങേ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ; അവർ എന്നേയ്ക്കും അങ്ങയെ സ്തുതിക്കട്ടെ. അവിടത്തെ സഹായമുണ്ടായിരിക്കയും അവിടത്തെ വഴികളെ ഹൃദിസ്ഥമാക്കിയിരിക്കയും ചെയ്യുന്നവൻ ഭാഗ്യവാൻ. കരച്ചിലിന്റെ കനവായിൽക്കൂടി അവർ കടന്നു എന്നല്ല അതിനെ വാസയിടമാക്കുകതന്നെയും ചെയ്യുംഎന്നുവരാം. എന്നിരുന്നാലും പ്രമാണദായകൻ ആശിസ്സിനാലെയും അവരെ ആവരണം ചെയ്യും; അവർ അടിക്കടി ശക്തി പ്രാപിക്കും; ദേവാതിദേവൻ അവർക്ക് സെഹിയോനിൽ ദർശനമനുവദിക്കുകയും ചെയ്യും. കർത്താവേ! സർവ്വശക്തനായ ദൈവമേ! അവിടന്നെന്റെ പ്രാർത്ഥന കേൾക്കേണമെ; യാക്കോബിന്റെ ദൈവമേ! അവിടുന്നു ശ്രവിക്കേണമെ; ഞങ്ങളുടെ സഹായനായ ദൈവമേ! അവിടന്നു ശ്രദ്ധിക്കേണമെ; അവിടത്തെ അഭിഷിക്തന്റെ മുഖത്തെ തൃക്കൺപാർക്കേണമെ; അങ്ങേ ആലയത്തിലെ ഒരുനാൾ വേറെ ആയിരത്തെ കവിഞ്ഞു് നല്ലതാകകൊണ്ട് ദുഷ്ടന്മാരുടെ കൂടാരത്തിൽ പാർക്കുന്നതിനേക്കാൾ ദൈവഭവനത്തിൽ വസിക്കുന്നതിന് ഞാൻ അധികം ഇഷ്ടപ്പെട്ടു. എന്തുകൊണ്ടെന്നാൽ, നമ്മുടെ പരിപാലകനും സഹായനും ദൈവമായ കർത്താവാണ്. അവിടന്നു അനുഗ്രഹവും ആശിസ്സും നൽകും; പരമാർത്ഥതയോടെ വ്യാപരിക്കുന്നവർക്ക് തന്റെ നന്മകളെ തടയുകയില്ല. കർത്താവെ! സർവ്വശക്തനായ ദൈവമെ! അങ്ങിൽ ശരണം വയ്ക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

(സങ്കീർത്തനം 85) കർത്താവേ! അങ്ങേ നാടിന്മേൽ അങ്ങു പ്രസാദിച്ചു; യാക്കോബിന്റെ അടിമത്വത്തിന് അറുതിവരുത്തി.

അങ്ങേ ജനത്തിൻെറ തെററുകളെ ക്ഷമിച്ചു; അവരുടെ പാപങ്ങൾക്കെല്ലാം മാപ്പുകൊടുത്തു; അങ്ങേ അരിശം അശേഷം അകററി; കോപത്തിൻെറ അഗ്നിയും കെടുത്തി. ഞങ്ങളുടെ പരിത്രാതാവായ ദൈവമേ! ഞങ്ങളെ (നേർവഴിക്ക്)തിരിക്കേണമെ. ഞങ്ങളോടുള്ള പിണക്കത്തിനു് അന്തംവരുത്തി മേലാലൊരിക്കലും ഞങ്ങളോടു പിണങ്ങരുതെ; പുരുഷാന്തരങ്ങളോളം അങ്ങേ ശിക്ഷ നിലനിൎത്തുകയുമരുതെ; പ്രത്യുത ഞങ്ങളെ നേർവഴിക്കാക്കി പരിരക്ഷിക്കേണമെ. അങ്ങേ ജനം അങ്ങിൽ ആനന്ദിക്കട്ടെ. കൎത്താവേ! ഞങ്ങളുടെമേൽ കൃപയുണ്ടായി ഞങ്ങൾക്കഭയമരുളേണമെ. തൻെറ ജനത്തിന്മേലും തൻെറ നീതിമാന്മാൎക്കും, അവർ അധോഗമിക്കാതിരിക്കുവാനായി, കുശലം ആശംസിക്കാറുള്ള ഞങ്ങളുടെ ദൈവമായ കൎത്താവു് എന്തരുളിച്ചെയ്യുന്നു എന്നു് ഞങ്ങൾ കേൾക്കട്ടെ. അവിടത്തെ ആരാധകൎക്കു് ഇതാ അഭയം ആസന്നമായിരിക്കുന്നു. അങ്ങേ മഹത്വം നമ്മുടെ നാട്ടിൽ കുടികൊള്ളും; നന്മയും സത്യവും ഓടിക്കൂടും; നീതിയും സമാധാനവും കളിയാടും; സത്യസന്ധത മണ്ണിൽനിന്നു് മുളക്കും; സദാചാരം ആകാശത്തുനിന്നും പ്രത്യക്ഷമാകും. കൎത്താവു തൻെറ നന്മകളെ നൽകും. ഭൂമി അതിൻെറ ഫലങ്ങളേയും പുറപ്പെടുത്തും. നീതിമാൻ തിരുമുമ്പിൽ വ്യാപരിക്കും, അവൻെറ ജീവിതം ഭൂമിയിലായിരുന്നാലും.

(സങ്കീ. 86) കൎത്താവേ! അവിടന്നെന്നെ ശ്രവിച്ചു് എന്നോടുത്തരിക്കേണമെ, ഞാൻ പാവപ്പെട്ടവനും നിസ്സഹായനുമാണു്. അവിടന്നുത്തമനാകകൊണ്ടു് എൻെറ ജീവനെ കാത്തരുളിയാലും. ദൈവമേ! അങ്ങിൽ ശരണം വെയ്ക്കുന്ന അവിടത്തെ അടിയാനെ രക്ഷിക്കേണമെ. കൎത്താവേ! എന്നോടു കരുണയായിരിക്കേണമെ. എന്തെന്നാൽ ഇതാ ഞാനെന്നും അങ്ങേ പക്കൽ വിളിക്കുന്നു. അങ്ങേ ദാസൻെറ ഹൃദയത്തിനു് (അല്പം) ആനന്ദമരുളിയാലും; എന്തുകൊണ്ടെന്നാൽ, ഉടയവനേ! അങ്ങേപ്പക്കലേയ്ക്കു് ഞാനെൻെറ ഹൃദയത്തെ ഉയൎത്തി. അവിടന്നു നന്മസ്വരൂപനാകകൊണ്ടും അങ്ങയെ വിളിക്കുന്നവൎക്കൊക്കെ അവിടത്തെ കൃപ ധാരാളമായുണ്ടാകുമെന്നതുകൊണ്ടും കൎത്താവേ! എൻെറ പ്രാൎത്ഥന അവിടന്നു കേൾക്കേണമെ; എൻെറ നെടുവീൎപ്പുകളുടെ ശബ്ദം ചെവിക്കൊള്ളേണമെ. എൻെറ ഞെരുക്കനാളിൽ അങ്ങയേ ഞാൻ വിളിച്ചു; അവിടന്നെന്നെ കേട്ടു. എൻെറ തമ്പുരാൻകൎത്താ

വേ! അങ്ങേയ്ക്കു തുല്യനായാരുമില്ല; അങ്ങേ പ്രവൃത്തികൾക്കൊത്ത പ്രവൃത്തിയുമില്ല. അവിടന്നു സൃഷ്ടിച്ചുണ്ടാക്കിയ വിജാതീയരെല്ലാംവന്ന്, കർത്താവേ! അങ്ങയെ ആരാധിക്കും. അവിടന്നു മഹോന്നതനാകയാൽ അങ്ങേ നാമത്തെ അവർ സ്തുതിക്കുകയും ചെയ്യും. പരാപരനേ! അവിടന്നു മാത്രമല്ലോ അത്ഭുതങ്ങളെ ചെയ്യുന്നു. അവിടത്തെ വഴി, കർത്താവേ! എനിയ്ക്കു കാട്ടിത്തരിക; ഞാൻ സത്യത്തിൽ വ്യാപരിക്കട്ടെ; അങ്ങേ നാമത്തിൻെറ ആരാധകരിൽ എൻെറ ഹൃദയം ആനന്ദിക്കട്ടെ. എൻെറ ദൈവമായ കർത്താവേ! എൻെറ മുഴുഹൃദയത്തോടെ അങ്ങേയ്ക്കു ഞാൻ സ്തോത്രം ചെയ്യും; അങ്ങേ നാമത്തെ എന്നേയ്ക്കും സ്തുതിയ്ക്കും; എന്തുകൊണ്ടെന്നാൽ, അവിടത്തെ കൃപ എൻെറമേൽ അസാധാരണമായി വർദ്ധിച്ചു; പാതാളത്തിൻെറ അന്തരാളത്തിൽനിന്ന് അവിടന്നെൻെറ ജീവനെ മോചിച്ചു. ദൈവമേ! ദുഷ്ടർ എനിക്കെതിരായി എഴുന്നേററു; മല്ലന്മാരുടെ ഒരു ഗണം എൻെറ ജീവനെ തേടുകതന്നെയും ചെയ്തു; അവർ അങ്ങയെ ഓർത്തുമില്ല. ആകയാൽ കർത്താവേ! കരുണാനിധിയും, ദയാപരനും, ദീർഘശാന്തനും, കൃപാസമ്പന്നനും, നീതിനിലയവുമായ ദൈവമെ! അവിടന്നെൻെറ നേരെ തിരിഞ്ഞ് എൻെറമേൽ അനുഗ്രഹിയ്ക്കേണമെ. അങ്ങേ അടിയാന് ശക്തി നൽകേണമെ; അങ്ങേ ദാസീപുത്രനെ രക്ഷിച്ചരുളേണമെ അങ്ങുന്നെന്നെ സഹായിച്ചാശ്വസിപ്പിച്ചു എന്ന് എൻെറ വിരോധികൾ കണ്ട് ലജ്ജിക്കുവാൻ തക്കവണ്ണം കർത്താവേ! അവിടന്നെൻെറ കാര്യത്തിൽ ഒരു പ്രത്യേക അത്ഭുതംതന്നെയും ചെയ്യേണമെ.

(സങ്കീ: 115–10) ഞാൻ വിശ്വസിച്ചു സംസാരിച്ചതുനിമിത്തം വളരെ എളിമപ്പെടുത്തപ്പെട്ടു. എല്ലാ മനുഷ്യരും കള്ളന്മാരാണെന്ന് എൻെറ പരിഭ്രമത്തിൽ ഞാൻ പറഞ്ഞുപോയി. കർത്താവെനിയ്ക്കു ചെയ്തിരിക്കുന്ന ബഹുവിധോപകാരങ്ങൾക്ക് എന്തു ഞാൻ അങ്ങേയ്ക്കു് പ്രതിസമ്മാനിയ്ക്കും. കർത്താവിൻെറ നാമം വിളിച്ചുകൊണ്ടു് രക്ഷയുടെ പാനപാത്രം ഞാൻ കുടിയ്ക്കും; കർത്താവിനോടുള്ള എൻെറ നേർച്ചകളെ ജനമൊക്കെയുടെയും മുമ്പാകെ ഞാൻ നിറവേററും. കർത്താവിൻെറ കണ്ണുകളിൽ മഹനീയമാണു് തൻെറ നീതിമാന്മാരുടെ മരണം. ഹാ! കർത്താവേ! ഇതാ അങ്ങേ അടിയാൻ; അവിടത്തെ ദാസനാണു ഞാൻ;

അങ്ങേ ദാസിയുടെ പുത്രനുമാണ്. അങ്ങുന്നത്രെ എന്റെ ചങ്ങലകളെ എന്നിൽനിന്ന് അഴിച്ചുനീക്കിയത്. അങ്ങേയ്ക്കു സ്തോത്രബലികളെ അണച്ചുകൊണ്ട് അങ്ങേ നാമം ഞാൻ വിളിയ്ക്കും. കർത്താവേ! അങ്ങേ ജനമൊക്കെയുടെയും മുമ്പാകെ, ദേവാലയമുററത്തു്, ഓർശ്ലേമേ! നിന്റെ ഉള്ളിൽ, അങ്ങേയ്ക്കുള്ള എന്റെ നേർച്ചകളെ ഞാൻ തികക്കും.

(സങ്കീ. 129) കർത്താവേ! അഗാധത്തിൽനിന്നു ഞാനങ്ങയെ വിളിച്ചു; അവിടന്നെന്റെ സ്വരത്തെ കേൾക്കുകയും ചെയ്തു. അങ്ങേ ചെവികൾ എന്റെ പ്രാർത്ഥനയുടെ നാദത്തെ ശ്രവിക്കുന്നവകളാകട്ടെ. അവിടന്നു പാപങ്ങളെ ഓർമ്മയിൽവച്ചുകൊണ്ടിരിക്കുന്ന എന്നുവരികിൽ കർത്താവേ! ആർക്കു നിലനില്ക്കാൻ സാധിക്കും. എന്തെന്നാൽ അങ്ങേ പക്കൽനിന്നാണല്ലൊ പൊറുതിയുണ്ടാകേണ്ടതു്. കർത്താവിൽ ഞാൻ ശരണപ്പെട്ടു; എന്റെ ആത്മാവ് അങ്ങേ വചനത്തേ പ്രതീക്ഷിച്ചു. പ്രഭാതയാമം മുതൽ പ്രഭാതയാമംവരെ കർത്താവിനെ ഞാൻ പ്രതീക്ഷിച്ചു. ഇസ്രായേൽ കർത്താവിനെ പ്രതീക്ഷിക്കട്ടെ; കാരണം, അങ്ങേ പക്കൽനിന്നാകുന്നു അനുഗ്രഹം (ഉണ്ടാകേണ്ടതു്). ധാരാളമാണ് രക്ഷാമാർഗ്ഗങ്ങൾ തന്റെയിടത്തു്. ഇസ്രായേലിനെ അവരുടെ ദുരിതങ്ങളിൽനിന്നെല്ലാം അവിടന്നു പരിരക്ഷിക്കും.

(അനാഫോറാ) ഞങ്ങളുടെ ദൈവമായ കർത്താവേ!... ശേഷവും.

കർത്താവേ! അനുഗ്രഹിക്കേണമെ.
മ്ശിഹായേ! അനുഗ്രഹിക്കേണമെ.
കർത്താവേ! അനുഗ്രഹിക്കേണമെ.
ആകാശങ്ങളിലിരിക്കുന്ന... ശേഷവും.

ശുു: ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതെ.

പൂ: പ്രത്യുത, തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമെ.

ശുു: കർത്താവേ! ഞാൻ പറഞ്ഞു: "നാഥാ എന്നോടു കരുണയായിരിക്കേണമെ" എന്നു്.

പൂ: അങ്ങേയ്ക്കെതിരായി ഞാൻ പിഴച്ചതുകൊണ്ട് എന്റെ ആത്മാവിനെ സുഖമാക്കേണമെ.

ശുു: കർത്താവേ! ഇങ്ങോട്ടൊന്നു കടാക്ഷിക്കേണമെ.

പൂ: അങ്ങേ ദാസന്മാരിൽ പ്രസാദിക്കേണമെ.

ശു: അങ്ങേ കൃപ, കർത്താവേ! ഞങ്ങളുടെമേലുണ്ടാകട്ടെ.
പൂ: അങ്ങിൽ ഞങ്ങൾ ശരണംവച്ചതിനൊത്തവണ്ണം.
ശു: അങ്ങയുടെ പുരോഹിതന്മാർ നീതിയെ ധരിക്കട്ടെ.
പൂ: അങ്ങയുടെ വിശുദ്ധന്മാർ സന്തോഷിക്കുകയും ചെയ്യട്ടെ.
ശു: കർത്താവേ! എന്റെ രഹസ്യപാപങ്ങളിൽനിന്ന് അവിട ന്നെന്നെ വിമുക്തനാക്കേണമെ.
പൂ: ബാഹ്യങ്ങളിൽനിന്ന് അവിടത്തെ ദാസനെ വിമോചി ക്കുകയും ചെയ്യേണമെ.
ശു: കർത്താവേ! എന്റെ പ്രാർത്ഥന അവിടന്നു കേൾക്കേണമെ.
പൂ: എന്റെ നെടുവീർപ്പുകൾ തിരുമുമ്പിൽ എത്തും.
ശു: നമ്മുടെ നാഥൻ നിങ്ങളോടുകൂടെ (ആയിരിക്കട്ടെ).
പൂ: താങ്കളോടും താങ്കളുടെ ആത്മാവിനോടുംകൂടെ (ആയിരി ക്കട്ടെ).

## നമുക്കു പ്രാർത്ഥിക്കാം

ദയാപരനായ ദൈവമേ! അങ്ങേ ദിവ്യരഹസ്യങ്ങളെ ഞങ്ങൾ തിരുസ്സന്നിധിയിൽ യഥായോഗ്യം പരികർമ്മം ചെയ്യു വാനും എന്നേയ്ക്കും അങ്ങയെ സ്നേഹിക്കുവാനുംവേണ്ടി കരുണാ മൂർത്തിയായ അവിടന്നു ഞങ്ങളുടെ പ്രാർത്ഥനകൾക്ക് ചെവി കൊടുക്കുകയും പരിശുദ്ധാത്മാവിന്റെ കൃപയാൽ ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്യേണമെ.

തന്റെ മുമ്പിൽ സർവ്വവും പരസ്യമാണ്; സകല അ ഭിലാഷങ്ങളും അവിടത്തേയ്ക്ക് അറിയപ്പെട്ടിരിക്കുന്നു; തനിക്ക് മറയ്ക്കപ്പെട്ടതായി രഹസ്യങ്ങളൊന്നുമില്ലാ എന്ന ദൈവമേ! അ ങ്ങേ പൂർണ്ണമായി സ്നേഹിച്ച് മതിയാംവണ്ണം സ്തുതിക്കുവാൻ ഞങ്ങൾ പാത്രവാന്മാരാകുമാറ് പവിത്രാത്മാവിന്റെ നിവേ ശത്താൽ ഞങ്ങളുടെ ഹൃദയവിചാരങ്ങളെ ശുദ്ധീകരിക്കേണമെ.

കർത്താവേ! വിരക്തശരീരത്തോടെ അങ്ങയെ ശുശ്രൂഷി ക്കുവാനും വിമലഹൃദയത്തോടെ തിരുമുമ്പിൽ പ്രസാദിക്കുവാനും സഹായകമാകത്തക്കവണ്ണം ഞങ്ങളുടെ അരകളേയും ഹൃദയങ്ങ ളേയും പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ കത്തിക്കേണമെ. സർവ്വനാഥാ! അങ്ങയിൽനിന്ന് പുറപ്പെടുന്ന ആ ആശ്വാസദായ

കൻ ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കട്ടെ; അവിടത്തെ പുത്രൻ ഞങ്ങളോടു വാഗ്ദാനം ചെയ്തിട്ടുള്ളപ്രകാരം എല്ലാ സത്യങ്ങളെപ്പററിയും ഞങ്ങളെ പഠിപ്പിക്കുകയും ചെയ്യട്ടെ.

ഞങ്ങളുടെ ദൈവമായ കർത്താവേ! ഞങ്ങളുടെ ഹൃദയങ്ങളെ ദയവോടെ ശുദ്ധീകരിക്കുകയും എല്ലാ ആപത്തുകളിൽനിന്നും പരിരക്ഷിക്കുകയും ചെയ്യുവാൻ പരിശുദ്ധാത്മപിയുടെ ശക്തി ഞങ്ങളോടുകൂടി ഉണ്ടായിരിക്കേണമെയെന്ന് അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

പരിശുദ്ധാത്മാവിൻെറ വെളിവാൽ വിശ്വാസികളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ച ദൈവമേ! ഞങ്ങൾ അതേ ആത്മാവിനാൽതന്നെ സത്യങ്ങളെ അറിയുന്നതിനും അവിടത്തെ ഉപദേശത്താൽ എന്നേക്കും ഉത്സാഹിതരാകുന്നതിനും ഇടവരുത്തേണമെ.

ദൈവമായ പരിശുദ്ധാത്മാവിൻെറ ഐക്യത്തിൽ അങ്ങയോടുകൂടി എന്നേക്കും ജീവിച്ചുവാഴുന്ന അവിടത്തെ പുത്രൻ ഞങ്ങളുടെ കർത്താവീശോമ്ശീഹാ ഞങ്ങളുടെ പക്കൽ എഴുന്നള്ളുമ്പോൾ തൻെറ നിത്യദൈവത്വത്തിന് അനുയോജ്യമായി സജ്ജീകൃതമായ ഒരു കൂടാരം ഞങ്ങളുടെ ഹൃദയത്തിൽ കണ്ടെത്തുവാൻ തക്കവണ്ണം കർത്താവേ! അവിടന്നു ഞങ്ങളുടെ അന്തരംഗങ്ങളെ സന്ദർശിച്ച് അവയെ വിശുദ്ധീകരിക്കേണമെ എന്നു, അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു. ആമേൻ.

b) കൈ കഴുകൽ

ആദ്യപുരോഹിതനായ അഹറോൻെറ പുത്രന്മാർ നാദാബും അവിയൂഹും തിരുപ്പേടകത്തിൻെറ മുമ്പിൽ നിയമവിരുദ്ധമായി ധൂമം അർപ്പിച്ചതിൻെറ ഫലമായി മരണമടഞ്ഞു. അതിനെ തുടർന്ന്, കർത്താവു മൂശയോടു കല്പിച്ചു: നിൻെറ സഹോദരനായ അഹറോനോട് അറിയിക്കുക; അനുവദിക്കപ്പെടാത്ത നേരത്ത് തിരശ്ശീലയ്ക്കുള്ളിൽ വാഗ്ദത്തപെട്ടകത്തിന്മേലുള്ള കൃപാസനത്തിനു മുമ്പിൽ പ്രവേശിക്കരുതെന്ന്; അല്ലാത്തപക്ഷം അവിടെ മേഘത്തിൽ ഞാൻ വെളിപ്പെടുമെന്നതുകൊണ്ട് അവക്ക് അപമൃത്യു സംഭവിച്ചേക്കാം . . . . അവർ ശുദ്ധസ്ഥലത്തുവരുന്നതിനുമുമ്പ് . . . . അണിഞ്ഞിരിക്കണം. പക്ഷേ ഇവയൊക്കെ തിരുവസ്ത്രങ്ങളാകയാൽ ഇവയെ ധരിക്കുന്നതിനുമുമ്പ് ദേഹം വെള്ളത്തിൽ കഴുകി വെടിപ്പാക്കിയിരിക്കണം . . . . (Lev. xvi 1-4.)

പഴയനിയമകാലത്തു്, ശുദ്ധ സ്ഥലത്തേയ്ക്കു് പുറപ്പെടുന്നതിനുമുമ്പു് ചെയ്യുവാൻ കല്പിക്കപ്പെട്ടിരുന്ന ഈ ക്ഷാളനം ന. കർബ്ബാനയിൽ കൈ കഴുകൽ മാത്രമായി സംക്ഷേപിച്ചിരിക്കയാണു്. ചമയ മുറിയത്രേ അതിന്റെ സാധാരണ സ്ഥലം. കാർമ്മികൻ വെള്ളപ്പാത്രത്തിനു് സമീപെ ചെന്നു് തന്റെമേൽ കുരിശടയാളം വരച്ചുകൊണ്ടു് കരങ്ങളിൽ വെള്ളം വീഴ്ത്തുമ്പോൾ പ്രാർത്ഥിക്കും.

**കാ. കർത്താവേ! ആത്മത്തിലും ശരീരത്തിലും അഴുക്കു കൂടാതെ അങ്ങയെ ശുശ്രൂഷിക്കുവാൻ ഞാൻ പ്രാപ്തനാകുമാറു് എല്ലാ കറകളും കഴുകിക്കളയുന്നതിനു് എന്റെ കൈകൾക്കു് ശക്തി നൽകേണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവും എന്നേയ്ക്കും (ആയിരിക്കട്ടെ).**

c) അംശവസ്ത്രധാരണം

പഴയനിയമാചാര്യന്മാർ ശുദ്ധ സ്ഥലത്തു് ശുശ്രൂഷിച്ചിരുന്നപ്പോൾ, ദൈവനിർദ്ദേശാനുസരണം നിർമ്മിച്ച ചില പ്രത്യേക വസ്ത്രങ്ങൾ അണിയുമായിരുന്നു (പുറപ്പാടു XXVIII). വർണ്ണവൈചിത്ര്യമാർന്നതും രണ്ടു ഗോമേതകക്കല്ലുകൾ പിടിപ്പിച്ചതുമായ "എഫോദ്"; മരതകം, മാണിക്യം, വജ്രം, വൈഡൂര്യം, ഗോമേതകം, സൂര്യകാന്തം, പുഷ്പരാഗം, പീതരാഗം, പീതരത്നം ആദിയായി 12 തരം രത്നങ്ങൾ 12 ഗോത്രങ്ങളുടെ ഓർമ്മയ്ക്കായി പതിച്ചിട്ടുള്ള "മാർപതക്കം"; തനി സ്വർണ്ണം പരത്തി അതിന്മേൽ പരാപരനു് പവിത്രിതം എന്നു് എഴുതിയിരുന്ന നെററിപ്പട്ടം; ചിത്രത്തയ്യൽ കൊണ്ടു് മനോഹരമാക്കിയിരുന്ന ശിരോവസ്ത്രം; വെള്ളിഅലുക്കിട്ട അരപ്പട്ട; ആകാശത്തിന്റെ നീലിമയാർന്ന നീലയങ്കി; സ്വർണ്ണമണികൾ തൂക്കിയ തൊങ്ങലുകൾ തുടങ്ങിയവയായിരുന്നു ആ നിർദ്ദിഷ്ട വസ്ത്രങ്ങളിലെ ഘടകങ്ങൾ.

പക്ഷെ മിശിഹായുടെ വിനീതശിഷ്യന്മാരായ അപ്പസ്തോലന്മാരും അവരുടെ അനുയായികളും റോമിലേയും പൗരസ്ത്യ ദിക്കുകളിലേയും അന്നത്തെ സാമാന്യ ജനങ്ങൾ സാധാരണ ധരിക്കുമായിരുന്ന തരത്തിലുള്ള വസ്ത്രങ്ങൾ തന്നെ തിരുക്കർമ്മവേളയിലും ഉപയോഗിച്ചു പോന്നു. ദേവാലയോപയോഗത്തിനുള്ളവ ഇതരാവശ്യങ്ങൾക്കു എടുത്തിരുന്നില്ല; അനിതരസാധാരണമായ വെടിപ്പോടും വൃത്തിയോടും അവയെ എപ്പോഴും സൂക്ഷിക്കയും ചെയ്തിരുന്നു എന്നുമാത്രം. എന്നാൽ കാലത്തിന്റെ തിരിവിൽ അവൈദികരുടെ വസ്ത്രധാരണരീതി പാടെ പരിഷ്കരിക്കപ്പെട്ടു. പക്ഷേ അപ്പോഴും ക്രിസ്തീയപുരോഹിതർ മുൻനടപ്പുതന്നെ മുറുകെ പിടിച്ചിരുന്നു. ഇങ്ങനെയാണു് റോമിലേയും പൗരസ്ത്യദിക്കുകളിലേയും പൂർവ്വകാലത്തെ ദേശവസ്ത്രങ്ങൾ തിരുസ്സഭയിലെ വൈദികരുടെ അംശവസ്ത്രങ്ങളായിത്തീർന്നതു്. ചില പ്രാദേശിക പ്രത്യേകതകൾക്കു് പില്ക്കാലത്തു് ഇവയും വിധേയമാകാതിരുന്നിട്ടില്ല. ഇന്നു് അംശവസ്ത്രങ്ങളിൽ കാണുന്ന വൈവിധ്യം ഈ ദേശവൽക്കരണത്തിന്റെ ഫലമാണു്. ആദ്യനൂററാണ്ടുകളിലെ ദേശവസ്ത്രം അതേപടി ഇന്നൊരിടത്തും

നിലനില്ക്കുന്നില്ലതന്നെ. എന്നാൽ എല്ലായിടത്തും അതിന്റെ കാതൽ കാണ്മാനുമുണ്ട്.

17—ാം ശതകം മുതൽ കേരളത്തിലെ പൗരസ്ത്യ സുറിയാനിക്കാരും പാശ്ചാത്യസഭയിലെ അംശവസ്ത്രങ്ങൾ കുർബാനയ്ക്കുപയോഗിക്കുന്നു. അവ: തലമുണ്ട്, കുത്തീനാ, ഇടക്കെട്ട്, ഊറാറാ, നെടിയ ഊറാറാ, പയ്നാ എന്നാറാണ്. മുക്കോണൻ തൊപ്പിയും ചിലർ ഇവയോടു ചേർക്കാറുണ്ട്. കാർമ്മീകൻ താഴെപ്പറയുന്ന ക്രമത്തിൽ ഇവയെ ധരിക്കും.

## 1) തലമുണ്ട്

ചതുരാകൃതിയിലുള്ള (Rectangular) ഒരു ചെറിയ വെള്ള വസ്ത്രമാണ് തലമുണ്ട്. തലമൂടുന്നതിനാണ് ഇതു് ഉദ്ദേശിക്കപ്പെടുന്നതു്, എങ്കിലും ചില സന്യാസികളൊഴിച്ച് ഇന്നെല്ലാവരും ഇതു് തലയിൽവച്ചശേഷം ഇറക്കി കഴുത്തിൽ ചുററിധരിക്കയത്രേ നടപ്പു്. കയ്യാപ്പായുടെ അരമനയിൽവച്ച് പടയാളികൾ ദിവ്യരക്ഷകന്റെ മുഖം മൂടികെട്ടുവാനുപയോഗിച്ച ശീലയെ ഇതു് അനുസ്മരിപ്പിക്കുന്നു. ധരിക്കുമ്പോൾ കാർമ്മികൻ ഇങ്ങനെ അപേക്ഷിക്കും:

**കാ.** കർത്താവേ! പിശാചിന്റെ സർവ്വതന്ത്രങ്ങളേയും നേർത്തുനിന്ന് ജയിക്കുവാൻവേണ്ടി എന്നെ രക്ഷയുടെ ശിരസ്ത്രം ധരിപ്പിക്കേണമെ. പിതാവും പുത്രനും...... എന്നേയ്ക്കും. "

## 2) കുത്തീനാ

കഴുത്തുമുതൽ പാദംവരെ നീണ്ടു്, ദേഹം മുഴുവനും മറയ്ക്കുന്ന നെടിയ അങ്കിയാണ് കുത്തീനാ. ഹേറോദേസ് ദിവ്യനാഥനെ പരിഹാസരാജാവാക്കുവാൻ ഉടുപ്പിച്ച കുപ്പായത്തെ ഇതു് ഓർമ്മിപ്പിയ്ക്കുന്നു. കുത്തീനാ ഇടുമ്പോൾ കാർമ്മികൻ ചൊല്ലും:

**കാ.** കർത്താവേ! ചെമ്മരിക്കുട്ടിയുടെ രക്തത്താൽ ഞാൻ വെണ്മയുള്ളവനായി നിത്യാനന്ദം അനുഭവിക്കുന്നതിന് എന്നെ വെള്ളയുടുപ്പിക്കുകയും എന്റെ ഹൃദയത്തെ ശുചീകരിക്കുകയും ചെയ്യേണമെ. പിതാവും പുത്രനും......എന്നേയ്ക്കും.

## 3) ഇടക്കെട്ട്

കുത്തീനാ ഒതുക്കിനിർത്തുവാൻ നൂലോ പട്ടോകൊണ്ടുണ്ടാക്കി, അരയിൽ കെട്ടുന്ന ചരടാണ് ഇടക്കെട്ട്. ന. കർത്താവിനെ കൽത്തൂണിനോടു ബന്ധിച്ച കയറിനെ ഇതു് സദൃശീകരിക്കുന്നു. അരയിൽ ചുററുമ്പോൾ കാർമ്മികൻ ഇങ്ങനെ മന്ത്രിയ്ക്കും:

**കാ.** കർത്താവേ! വിരക്തിയുടെയും ചാരിത്രത്തിന്റെയും ശക്തി എന്നിൽ നിലനില്ക്കത്തക്കവണ്ണം ശുദ്ധതയാകു

ന്ന വാറുകൊണ്ട് എന്റെ അര മുറുക്കുകയും എന്റെ അധോദേഹത്തിൽ കാമവികാരങ്ങൾ കെട്ടുകയും ചെയ്യേണമെ. പിതാവും പുത്രനും...... എന്നേയ്ക്കും.

4) ഊറാറാ

ഇടതു കൈത്തണ്ടിന്മേൽ തൂക്കുന്ന പട്ടുകൊണ്ടുള്ള ഒരു വാറാണ് ഊറാറാ. ദീർഘശുശ്രൂഷകളുടെ നേരത്ത് ഉണ്ടായേക്കാവുന്ന വിയർപ്പു തുടയ്ക്കുന്നതിനാണ് പണ്ടിതുപയോഗിച്ചിരുന്നത്. തിരുനാഥന്റെ കരങ്ങളെ ബന്ധിച്ച കയറിന്റെ ഓർമ്മയെ ഇതു് നമ്മിൽ ജനിപ്പിക്കുന്നു. ഊറാറാ കൈത്തണ്ടിന്മേൽ തൂക്കുമ്പോൾ പ്രാർത്ഥിക്കും:

**കാ.** കർത്താവേ! ഞാൻ സന്തുഷ്ടിയോടെ അധ്വാനത്തിന്റെ സമ്മാനം കൈക്കൊള്ളുന്നതിനുവേണ്ടി കരച്ചിലിന്റെയും കഷ്ടപ്പാടിന്റെയും കൈനാട ചുമക്കുവാൻ പ്രാപ്തനായി തീരട്ടെ. പിതാവും പുത്രനും...... എന്നേയ്ക്കും.

5) നെടിയ ഊറാറാ

ഊറാറായുടെ ആകൃതിയിൽതന്നെ നീളംകൂട്ടി നിർമ്മിച്ച്, കഴുത്തിൽനിന്ന് തൂക്കി മാറത്തു കുരിശാകൃതിയിൽ പിണച്ച് കുത്തിനായ്ക്ക് പുറമെ ധരിക്കുന്ന, പട്ടുവസ്ത്രത്തിനാണ് നെടിയ ഊറാറായെന്ന് പറയുക. അധികാരത്തിന്റെ പ്രത്യേക വസ്ത്രമത്രേയിതു്. പ്രധാന കർമ്മങ്ങളൊന്നും ഇതു കൂടാതെ സാധാരണ നടത്താറില്ല, കുരിശാകൃതിയിൽ ഈ ഉത്തരീയം മാറത്തു കെട്ടുന്നതു് ദിവ്യരക്ഷകൻ കെട്ടപ്പെട്ടതിനെ സൂചിപ്പിക്കുന്നു. കഴുത്തിൽ തൂക്കി മാറത്തു് പിണയ്ക്കുമ്പോൾ കാർമ്മികൻ ഇപ്രകാരം പ്രാർത്ഥിക്കും:

**കാ.** കർത്താവേ! ഞങ്ങളുടെ ആദ്യപിതാവിന്റെ അനുസരണക്കേടുനിമിത്തം എനിക്കു നഷ്ടമായ അമർത്ത്യതയുടെ തോൽനാട തിരിച്ചുതരികയും, അവിടത്തെ ദിവ്യരഹസ്യങ്ങളെ സമീപിക്കുവാൻ ഞാനർഹനല്ലെന്നിരുന്നാലും നിത്യാനന്ദത്തിനെന്നെ യോഗ്യനാക്കുകയും ചെയ്യേണമെ. പിതാവും...... എന്നേയ്ക്കും.

6) പയ്നാ

അംശവസ്ത്രങ്ങളിൽ, എല്ലാററിനും പുറമെ ധരിയ്ക്കുന്ന വലിയതും വിശിഷ്ടവുമായ പട്ടുവസ്ത്രമാണ് പയ്നാ. ഏററം പ്രധാനപ്പെട്ടതും ഇതുതന്നെ. കർബാനയ്ക്കുവേണ്ട സാക്ഷാൽ അംശവസ്ത്രം ഇതുമാത്രമായിരുന്നാലെന്നപോലെ കർബാനക്കുപ്പായം എന്നുകൂടെയും ഇതു് സാധാരണ വിളിക്കപ്പെടാറുണ്ട്. പൂർവ്വകാലത്തെ പുറംകാപ്പ, പാശ്ചാത്യർ സൌകര്യാർത്ഥം പരിഷ്കരിച്ചതിന്റെ ഫലമാണ് ഇന്നത്തെ രൂപം. അണിഞ്ഞ കഴു

യുമ്പോൾ കാർമ്മികൻ തോളിലേററിയതെന്നവണ്ണം, ഇതിൻെറ പുറത്തു സാധാരണ കാണാറുള്ള വലിയ കുരിശു്, തിരുനാഥൻ ചുമന്ന മരക്കുരിശിൻെറ സ്മരണയെ നമ്മുടെ ബോധത്തിൽ അങ്കുരിപ്പിക്കുന്നു. ഇതു് ധരിക്കുമ്പോൾ കാർമ്മികൻ ചൊല്ലും:

**കാ.** 'എൻെറ നുകം മധുരവും എൻെറ ഭാരം ലഘുവുമാകുന്നു' എന്നരുളിച്ചെയ്ത കർത്താവേ! അവിടത്തെ കൃപാവരം നേടാനാകുമാറു് ഇതു് വഹിക്കുവാൻ എനിക്കിടയാകേണമെ. പിതാവും......എന്നേയ്ക്കും.

d) ദൈവാലയപ്രവേശനം

അംശവസ്ത്രങ്ങളണിഞ്ഞശേഷം ദിവ്യബലി അർപ്പിയ്ക്കുന്നതിനു് ആവശ്യകങ്ങളായ ഉപകരണങ്ങളും കയ്യിലേന്തി കാർമ്മികൻ ശുശ്രൂഷകനോടുകൂടി, ദേവാലയത്തിലേയ്ക്കു് പുറപ്പെടും, ദൈവകല്പനാനുസരണം സ്വപുത്രനെ ഹോമിക്കുവാൻ കരങ്ങളിൽ കത്തിയും തീയും വഹിച്ചുകൊണ്ടും ഭൃത്യനെക്കൊണ്ടു് വിറകു് ചുമപ്പിച്ചുകൊണ്ടും മോറിയാ മലമുകളിലേയ്ക്കു് യാത്ര തിരിച്ച അബ്റഹാമിനെപ്പോലെ (സൃഷ്ടി. xxii-6).

പൂർവ്വകാലത്തു്, കാർമ്മികനെ ദൈവാലയത്തിലേയ്ക്കു് എതിരേല്ക്കുകയിൽ, അധികാരത്തിൻെറ അടയാളങ്ങളായ കുരിശും ഏവംഗേലിയോനും, അദ്ദേഹത്തിനുമുമ്പു് കൊണ്ടുപോയിരുന്നു. നമ്മുടെ കുർബാനയിൽ ദേവാലയപ്രവേശനം ചെയ്യുന്ന കാർമ്മികനുമുമ്പു് തക്സായും വഹിച്ചുകൊണ്ടു് സഹായി പോകുന്നതു് ആ പൂർവ്വാചാരത്തിൻെറ അവശിഷ്ടമാണു്.

വിശുദ്ധ സ്ഥലത്തേയ്ക്കു് പ്രവേശിക്കുമ്പോൾ, സെഹിയോനിലെ യാഗപീഠത്തെ പ്രത്യാശിച്ചുകൊണ്ടു് സങ്കീർത്തകൻ പണ്ടു് പാടിയതുതന്നെ കാർമ്മികൻെറ അധരങ്ങളിൽനിന്നും ഉയരും: (സങ്കീ. xxxxii. 3-4.)

**കാ.** ദൈവത്തിൻെറ മദ്ബഹാ (1) യിങ്കലേയ്ക്കും എൻെറ പൈതൽപ്രായത്തിനു് ആനന്ദമരുളിയ ദൈവത്തിങ്കലേയ്ക്കും ഞാൻ കടന്നുചെല്ലും.

പിന്നെ ത്രോണോസിനു് (2) മുമ്പിൽ കുമ്പിടുകയിൽ, പ്രത്യാശിച്ചിരുന്നതിനെ പ്രാപിച്ചതിലുണ്ടായ ആനന്ദാനുഭൂതിയിൽ സങ്കീർത്തകനോടുകൂടി കാർമ്മികനും ഇങ്ങനെ പ്രാർത്ഥിക്കും:

**കാ.** കരുണയുള്ള കർത്താവേ! അവിടത്തെ ആലയത്തിൽ ഞാൻ പ്രവേശിച്ചു. അങ്ങേ ത്രോണോസിനു മുമ്പിൽ ഞാൻ വന്ദിച്ചു. എൻെറ കടങ്ങളും പാപങ്ങളും എന്നോടു ക്ഷമിക്കേണമെ.

---

(1) ബലിപീഠം സ്ഥിതിചെയ്യുന്ന സ്ഥലം.
(2) ബലിപീഠത്തിലെ തിരുക്കല്ലു്.

# എനാർക്സീസ്

എനാർക്സീസ് ഒരു ഗ്രീക്കുപദമാണു്. പ്രാരംഭം എന്നത്രേ അർത്ഥം. ഇനി വരുന്ന സജ്ജീകരണഭാഗങ്ങൾ കർബാനയോടനുബന്ധിച്ചു് അതിന്റെ പ്രാരംഭംതന്നെ ആക്കിയിരിക്കയാലാണു് ഇവയ്ക്കു് ഈ പേർ സിദ്ധിച്ചതു്. കർമ്മോപകരണങ്ങൾ ത്രോണോസിന്മേൽ ക്രമപ്പെടുത്തിവച്ചശേഷം പീഠവേദിയുടെ മുമ്പിലേക്കിറങ്ങി ത്രോണോസിന്നഭിമുഖമായിനിന്നുകൊണ്ടു് കാർമ്മികൻ എനാർക്സീസ് ആരംഭിക്കുന്നു. കുരിശുവര മുതൽ ത്രൈശുദ്ധകീർത്തനം (1) വരെയുള്ള ഭാഗങ്ങളാണു് നമ്മുടെ കർബാനയിലെ എനാർക്സീസ്. കാർമ്മികനെ ദേവാലയകവാടത്തുങ്കൽവച്ചു സ്വീകരിച്ചു് ബേമ്മാ (2) യിലേയ്ക്കു് എതിരേററുകൊണ്ടുപോയിരുന്നപ്പോൾ പണ്ടു് ആചരിക്കുമായിരുന്ന ശുശ്രൂഷകളാണിവ. വളരെയെല്ലാം ക്രമീകരിക്കപ്പെടുകയും പരിഷ്കരിക്കപ്പെടുകയും ഉണ്ടായിട്ടുണ്ടെങ്കിലും നമ്മുടെ എനാർക്സീസ് ആ പഴയ സ്വീകരണ ശുശ്രൂഷകളെയെല്ലാം അന്യാദൃശമായി നിലനിർത്തുന്നുണ്ടു്.

കർബാനയും യാമപ്രാർത്ഥനയും തമ്മിൽ പൊരുത്തം വരുത്തുവാൻ വേണ്ടി നമ്മുടെ എനാർക്സീസ് നമ്മുടെ സന്ധ്യാജപത്തിന്റെ (റംശ) ആരംഭഭാഗത്തിനു് അനുരൂപമാക്കിയിരിക്കയാണിപ്പോൾ. ഇതിൽ ആമുഖ പ്രാർത്ഥനകൾക്കു പുറമെ, സങ്കീർത്തനം, പീഠപ്രവേശനം, ധൂമാർപ്പണം എന്നു് മൂന്നു ഭാഗങ്ങളുണ്ടു്.

## i. ആമുഖ പ്രാർത്ഥനകൾ

പ്രാരംഭ കുരിശുവരയ്ക്കുശേഷം സങ്കീർത്തനം ആരംഭിക്കുന്നതുവരെയുള്ള ഏതാനും പ്രാർത്ഥനകളാണു് ആമുഖപ്രാർത്ഥനകൾ. തിരുനാമോച്ചാരണം, ആമുഖമന്ത്രം, അനുവാദാഭ്യർത്ഥന, ദൈവദൂതഗാനം, കർതൃപ്രാർത്ഥന എന്നഞ്ചാണിവയിൽ മുഖ്യങ്ങൾ.

### a) തിരുനാമോച്ചാരണം

കുരിശിലെ മഹാബലിമൂലം കുരിശു് ക്രിസ്ത്യാനിക്കു് രക്ഷാകവചവും അഭിമാനചിഹ്നവുമാണു്. ഗുരുതര കാര്യങ്ങളൊന്നും ആകയാൽ കുരിശുവരച്ചുകൊണ്ടല്ലാതെ അവർ തുടങ്ങാറില്ല. കർബാനയുടെ ആരംഭസൂചി

---

(1) "കന്തീശാ ആലാഹാ" എന്നു തുടങ്ങുന്ന കീർത്തനം. "സ്തോത്രത്രയം" എന്നും ഇതു് വിളിച്ചുകാണാം.

(2) മദ്ബഹായുടെ പടിക്കൽ പണ്ടുണ്ടായിരുന്ന ഒരു പീഠം. പൂർവ്വകാലത്തു് ഇവിടെവച്ചാണു് അദ്ധ്യയന ശുശ്രൂഷകളെല്ലാം നടത്തിയിരുന്നതു്.

യായ മണിയുടെ ആദ്യനാദം കേൾക്കുമ്പോൾ കാർമ്മികനും സമൂഹം മുഴുവനും ഒന്നിച്ച്, നെററിമേലും, മാറത്തും, ഇരുതോളുകളിന്മേലുംതൊട്ട് അഭിമാനപൂർവ്വം തങ്ങളുടെമേൽ കുരിശ് അടയാളപ്പെടുത്തും. ത്രിയേക ദൈവത്തിൻെറ തിരുനാമോച്ചാരണത്തോടെയുമാണ് ഈ കുരിശുവര നിർവ്വഹിക്കുക. അൾത്താരബലി ദൈവനാമത്തിലും ദൈവത്തമായ അധികാരത്തിലും ചെയ്യപ്പെടുന്ന ഒന്നാകയാൽ അതിൻെറ തുടക്കത്തിലെ ഈ തിരുനാമോച്ചാരണം പ്രത്യേകിച്ചും സന്ദർഭോചിതമാണ്.

**കാ. & സ.** പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

## b) ആമുഖ മന്ത്രം

കുർബാനയുടെ കാർമ്മികനായി ത്രോണോസിനെ സമീപിക്കുന്ന പുരോഹിതൻ അഭൌമിക അധികാരത്താൽ അനുഗ്രഹീതനെങ്കിലും സർവ്വവ്യാപിയും സർവ്വജ്ഞനും സർവ്വശക്തനും സർവ്വേശ്വരനുമായ ദൈവത്തിൻെറ സന്നിധിയിൽ വെറുമൊരു സൃഷ്ടിയും പാപിയും അയോഗ്യനുമാണ്. ഈ പരമാർത്ഥം വിഹ്വലചിത്തനായി സ്മരിച്ചുകൊണ്ട് കാർമ്മികൻ ആ ദിവ്യദീപ്തിയെ എല്ലാററിനുമാദ്യം ഇപ്രകാരം നമസ്കരിക്കും.

**കാ.** സർവ്വവല്ലഭമുള്ള ദൈവമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. "എന്നാൽ നിറയപ്പെട്ടതാണ് ആകാശവും ഭൂമിയും" എന്നവിടന്നുതന്നെ അഭിമാനിക്കത്തക്കവണ്ണം, വാനലോകവും ഭൂലോകവും അവിടത്തെ മഹിമകൊണ്ടും, അസ്തിത്വത്തിൻെറ സ്വഭാവംകൊണ്ടും, പ്രാഭവമേറിയ സൌകുമാര്യത്തിൻെറ പ്രതാപംകൊണ്ടും സംപൂരിതമായിരിക്കുന്നു. അങ്ങേയ്ക്കു് പുകഴ്ച്ചയുണ്ടാവട്ടെ. അങ്ങേയ്ക്കു പുകഴ്ച്ചയുണ്ടാവട്ടെ. അങ്ങേയ്ക്കു പുകഴ്ച്ചയുണ്ടാവട്ടെ. അങ്ങയുടെ പരമപ്രാഭവമേറിയ ത്രിത്വത്തിന് എന്നേരവും എന്നേയ്ക്കും പുകഴ്ച്ചയുണ്ടാവട്ടെ.

## c) അനുവാദാഭ്യർത്ഥന

പുരോഹിതൻ സഭയാകുന്ന അജക്കൂട്ടത്തിൻെറ ഇടയനാണ്. മ്ശിഹായുടെ പ്രതിപുരുഷനാണ്. അൾത്താരബലി അർപ്പിക്കുവാൻ പ്രത്യേകം അഭിഷിക്തനാണ്. എന്നെല്ലാമായിരുന്നാലും തൻെറ അജഗണത്തിൻെറ നാമത്തിലും അവർക്കുവേണ്ടിയും അവരോടുകൂടിയും അർപ്പിക്കുന്ന ബലിക്ക് അവരുടെ സമ്മതംകൂടി വാങ്ങുന്നതു് സമുചിതമത്രേ. ആകയാൽ പൌരസ്ത്യ സുറിയാനിസഭയിലെ പാരമ്പര്യമാണ് കുർബാന തുടങ്ങുന്നതിനുമുമ്പ് കാർമ്മികൻ സമൂഹത്തോട് അനുവാദം അഭ്യർത്ഥിക്കണമെന്നതു്.

പക്ഷേ അജപാലകൻ തൻെറ അജഗണത്തോട് അഭ്യർത്ഥിക്കുന്ന ഈദൃശ അനുവാദങ്ങളും ആശീർവ്വാദങ്ങളും നൽകുവാൻ അവർ അധികാരപ്പെ

ട്ടത്തപ്പെട്ടവരല്ലാസ്സകൊണ്ടു് അഭ്യർത്ഥനാവാക്യത്തോടു് മ്ശീഹായുടെ നാമം കൂടെ ചേർത്തു് അവിടന്നു അനുവദിക്കട്ടെ അഥവാ ആശീർവ്വദിക്കട്ടെയെന്നു് അവർ പ്രാർത്ഥിക്കയേയുള്ളൂ.

കാ. നിങ്ങളുടെ കല്പന (ഉണ്ടാകണം)

സ. മ്ശീഹായുടെ കല്പന (ഉണ്ടല്ലോ)

## d) ദൈവദൂതഗാനം

ദിവ്യവചനം ബേത്ലഹമിലെ പുൽക്കൂട്ടിൽ ഭൂജാതനായപ്പോഴം, അതുനിമിത്തം ലോകത്തിനു് ഉണ്ടാകുവാനിരുന്ന നന്മയേ അറിയിച്ചുകൊണ്ടു് വാനദൂതർ "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ മനുഷ്യർക്കു് സമാധാനവും നല്ല ശരണവും" എന്നു പാടി. അവിടത്തെ രക്ഷാകരപ്രവൃത്തികളുടെയെല്ലാം പൂർത്തീകരണമായ ത്രോണോസിലെ ബലി അർപ്പിക്കുവാൻ സമൂഹത്തിന്റെ സമ്മതം ലഭിച്ചുകഴിയുമ്പോഴം, ആ അർപ്പണഫലമായി ഉണ്ടാകുമെന്ന ദൈവമഹത്വത്തേയും ആത്മരക്ഷയേയും സ്മരിക്കുന്ന കാർമ്മികന്റെ അധരങ്ങളിൽനിന്നു് നിർഗ്ഗമിക്കുന്നതും ആ ദൈവദൂതഗാനം തന്നെ. (1) കാർമ്മികൻ ഈ സ്വർഗ്ഗീയഗാനത്തിന്റെ ആദ്യഭാഗം മൂന്നു പ്രാവശ്യം ആവർത്തിക്കുന്നതും സമൂഹം ഓരോ പ്രാവശ്യവും അതിനു് ആമേൻ ഉത്തരിച്ചു് അതു സ്ഥിരീകരിക്കുന്നതും ഏടയാഹ്ളാദത്തെ കൂടുതലായി പ്രകടിപ്പിക്കുന്നതിനുവേണ്ടിയാണു്.

കാ. ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സ. ആമേൻ.

ഭൂമിയിൽ മനുഷ്യർക്കു് സമാധാനവും നല്ല ശരണവും എന്നേരവും എന്നേയ്ക്കും (ഉണ്ടായിരിക്കട്ടെ).

## e) കർത്തൃപ്രാർത്ഥന

ഇതിനുശേഷം കാർമ്മികൻ കർത്തൃപ്രാർത്ഥന തുടങ്ങും. നമ്മുടെ ദിവ്യഗുരുതന്നെ രചിച്ചു് അപ്പസ്തോലന്മാരെ പഠിപ്പിച്ചിട്ടുള്ളതും "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു തുടങ്ങുന്നതുമായ പ്രാർത്ഥനയാണു് കർത്തൃപ്രാർത്ഥന. പ്രാർത്ഥനകളൊക്കെയ്ക്കും മാതൃകയും സുവിശേഷോപദേശങ്ങളെല്ലാത്തിന്റേയും രത്നച്ചുരുക്കവുമാണിതു്. കർബ്ബാന കർത്തൃപ്രാർത്ഥനയോടെ ആരംഭിക്കുകയും കർത്തൃപ്രാർത്ഥനയോടെ അവസാനിക്കുകയും വേണ

---

(1) ത്രിത്വസ്തുതി (പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി) എന്നു് സാധാരണ പറയുന്ന "ചെറിയ കാനോനാ"യോടു് ഇതിനെ താരതമ്യപ്പെടുത്തി "വലിയ കാനോനാ"യെന്നും വിളിക്കാറുണ്ടു്.

മെന്നത്രേ പൌരസ്ത്യസുറിയാനിറീത്തിലെ നിയമം. കുർബാനയുടെ ആദ്യന്തങ്ങളിലെ ഈ കർതൃപ്രാർത്ഥനയിൽ അവർ ചില വാചകങ്ങൾക്കുശേഷം കന്തീശ്- പരിശുദ്ധൻ- എന്ന പദം ആവർത്തിച്ചും ചില അലങ്കാരപ്രയോഗങ്ങൾ കലർത്തിയും ഒടുവിൽ മഹത്വീകരണപ്രകരണം (1) ചേർത്തും സാധാരണ ചൊല്ലാറുള്ളതിനെക്കവിഞ്ഞ് വിസ്തൃതമാക്കിയിട്ടുണ്ട്. ഇതു പല ഭാഗങ്ങളായി തിരിച്ച് ശ്ലോകം (2) ഏററു പാടുകയായിരുന്നു പഴയ പതിവ്. പക്ഷേ ഇന്നു കാർമ്മികനും സഹായിയുംകൂടെ താണസ്വരത്തിൽ ചൊല്ലുകയേയുള്ളു.

**കാ. & സ.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! അങ്ങേ നാമം പരിശുദ്ധമെന്ന് പ്രകീർത്തിക്കപ്പെടട്ടെ. അങ്ങേ രാജ്യം ആഗതമാവട്ടെ. അവിടന്നു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ (ആകുന്നു). സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ആകാശവും ഭൂമിയും അവിടത്തെ മഹിമപ്രതാപംകൊണ്ട് നിറഞ്ഞിരിക്കുന്നവനേ! മാലാഖാമാരും മനുഷ്യരും പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധനെന്ന് പ്രകീർത്തിക്കുന്നവനേ!

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! അങ്ങേ നാമം പ്രകീർത്തിക്കപ്പെടട്ടെ. അങ്ങേ രാജ്യം ആഗതമാവട്ടെ. അവിടത്തെ തിരുച്ചിത്തം ആകാശത്തിലേപ്പോലെ (തന്നെ) ഭൂമിയിലും നിറവേറട്ടെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഞങ്ങൾക്കിന്നു തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കേണമെ. പരീക്ഷയിൽ ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പ്രത്യുത, രാജ്യാധികാരവും ശക്തിയും മഹത്വവും എന്നന്നേയ്ക്കും അങ്ങേയ്ക്കുള്ളതാകുന്നു എന്നതുകൊണ്ട് ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊണ്ടാലും.

**കാ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.(3)

---

(1) "മെത്തോൽ ദ്ലീലാകി" എന്നു തുടങ്ങുന്ന ഭാഗം. ഇതു് Formula Glorificationis എന്നു ലത്തീനിൽ പറയപ്പെടുന്നു.

(2) കർമ്മവേളകളിൽ പാടുന്നതിനു് സൌകര്യമുണ്ടാകുവാൻവേണ്ടി ശുശ്രൂഷകർ രണ്ടു ഗണമായി പിരിയും. ഈ ഗണങ്ങൾ അത്രേ ശ്ലോകം.

(3) ത്രിത്വസ്തുതിയെന്നു് പറയുന്ന ഈ ചെറിയ കാനോനാ ചൊല്ലുമ്പോഴെല്ലാം തലകുനിച്ചു് ത്രിയേക ദൈവത്തെ ആരാധിക്കും.

സ. അനാദിതൊട്ടു എന്നേയ്ക്കും അപ്രകാരമായിരിക്കട്ടെ.

കാ. & സ. സ്വർഗ്ഗസ്ഥനായ............ പ്രകീൎത്തിക്കുന്നവനെ!

കാൎമ്മികൻ ഇതര ഒരുക്ക ശുശ്രൂഷകൾ തുടൎന്നു നടത്തുന്നതിനിടക്കു ദൈവദൂതഗാനത്തിൻെറ ആദ്യവാക്കുകൾതന്നെ ആവൎത്തിച്ചുകൊണ്ടു തുടങ്ങുന്ന ഒരു സ്തുതിപ്പു നമ്മുടെ ആഘോഷ പാട്ടുപൂജകളിൽ പാട്ടുകാർ വാദ്യക്കരുക്കളോടെ പാടാറുണ്ടു (1) സ്തുതിപ്പിപ്രകാരമാണു.

പാട്ടുകാർ. ഭൂമിയിൽ മനുഷ്യൎക്കു സമാധാനവും നല്ല ശരണവും. സനാതനസത്തയേ! ഗ്രഹിച്ചുകൂടാത്ത നിഗ്രഢസ്വഭാവമേ! പിതാവും പുത്രനും പരിശുദ്ധാത്മാവും ആയവനേ! അങ്ങയെ ഞങ്ങളാരാധിക്കുന്നു, സ്തുതിക്കുന്നു, പുകഴ്ത്തുന്നു. രാജാക്കന്മാരുടെ രാജാവേ! കൎത്താക്കന്മാരുടെ കൎത്താവേ! പ്രതാപദീപ്തിയിൽ മരുവുന്നോവേ! മനുഷ്യമക്കളിലാരും കണ്ടിട്ടില്ല; കാണാൻ ശക്തമാകയുമില്ലാ എന്നവനേ! അവിടുന്നു മാത്രമല്ലൊ പരിശുദ്ധൻ; അവിടുന്നു മാത്രമല്ലൊ ശക്തൻ; അവിടുന്നു മാത്രമല്ലൊ അമൎത്യൻ; അങ്ങയെ ഞങ്ങൾ കൊണ്ടാടുന്നു. ഞങ്ങളിലുള്ള ഗുണങ്ങളെല്ലാം ഞങ്ങൾക്കു നേടിത്തന്നവനും ലോകരക്ഷകനും അത്യുന്നതൻെറ സുതനും ജീവിക്കുന്ന ദിവ്യചെമ്മരിക്കുട്ടിയും ലോകപാപത്തെ നീക്കുന്നവനും ആയ ഈശോമ്ശിഹാവഴി ഞങ്ങളുടെമേൽ അനുഗ്രഹിക്കേണമെ.

പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നവനേ! അവിടുന്നു ഞങ്ങളുടെ പ്രാൎത്ഥന കൈക്കൊള്ളേണമെ. എന്തുകൊണ്ടെന്നാൽ അവിടുന്നാണല്ലൊ ഞങ്ങളുടെ ദൈവം, അവിടുന്നാണല്ലൊ ഞങ്ങളുടെ കൎത്താവു്, അവിടുന്നാണല്ലൊ ഞങ്ങളുടെ രാജാവു്, അവിടുന്നാണല്ലൊ ഞങ്ങളുടെ രക്ഷകൻ, അവിടുന്നാണല്ലൊ ഞങ്ങളുടെ സഹായൻ, അവിടുന്നാണല്ലൊ ഞങ്ങളുടെ പാപഹാരകൻ. മനുഷ്യരൊക്കയുടെയും ദൃഷ്ടികൾ ഈശോമ്ശിഹായേ! ഇതാ! അങ്ങിലേക്കു തിരിഞ്ഞിരിക്കുന്നു. അവിടത്തെ പിതാവായ ദൈവത്തിനും, അങ്ങേയ്ക്കും, പരിശുദ്ധാത്മാവിനും എന്നേയ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ.

---

(1) അടുത്ത കാലത്തുമാത്രം നടപ്പാക്കിയിട്ടുള്ള ഒരു പാശ്ചാത്യപരിഷ്കാരമാണിതു്.

കർത്താവേ! അനുഗ്രഹിക്കേണമേ.
കർത്താവേ! ,,
കർത്താവേ! ,,
മ്ശിഹായേ! ,,
മ്ശിഹായേ! ,,
മ്ശിഹായേ! ,,
കർത്താവേ! ,,
കർത്താവേ! ,,
കർത്താവേ! ,,

## ii. സങ്കീർത്തനം

വേദപുസ്തകങ്ങളിലെ പദ്യകൃതികളിൽ ഒന്നാണ് സങ്കീർത്തനം. ഒരു ഗായകകവികൂടെയും ആയിരുന്ന ദാവീദുരാജാവത്രെ ഇതിന്റെ ഭൂരിഭാഗവും രചിച്ചിട്ടുള്ളതു്. മരുഭൂമിയിലെ മന്നായേയും ദൈവപ്രമാണങ്ങളുടെ കല്പലകകളേയും ഉൾക്കൊണ്ടിരുന്ന വാഗ്ദത്തപെട്ടകം സെഹിയോനിലേയ്ക്കു് എഴുന്നള്ളിക്കുകയിൽ ആ വിനീത രാജൻ ലേവായരൊരുമിച്ചു് അതിനു മുമ്പിൽ വീണവായിച്ചുകൊണ്ടു് ഇവ പാടുകയും നൃത്തം ചവിട്ടുകയും ചെയ്തതായി കാണുന്നുണ്ടു്.

പൂർവ്വക്രിസ്ത്യാനികൾ, തൻമൂലം സ്വർഗ്ഗമന്നായുടെ വിധായകനും ദൈവകല്പനകളുടെ പ്രഭാഷകനുമായ കർബ്ബാനയുടെ കാർമ്മികനെ ദേവാലയ കവാടത്തുങ്കൽനിന്നു് പീഠത്തിലേയ്ക്കു എതിരേല്ക്കയിൽ ഇവ പാടിവന്നിരുന്നു. ഇങ്ങനെയാണു് കർബ്ബാനയുടെ ആരംഭത്തിലെ സങ്കീർത്തനോപയോഗത്തിന്റെ ഉത്ഭവം. ഏതന്നിമിത്തം പ്രാവേശികാസങ്കീർത്തനങ്ങൾ– Introit Psalms– എന്നിവ വിളിക്കപ്പെടുന്നു. നമ്മുടെ കർബ്ബാനയിലെ സങ്കീർത്തനഭാഗത്തിൽ മൂന്നു സംഗതികൾ ശ്രദ്ധാർഹങ്ങളായുണ്ടു്: അറിയിപ്പു്; സ്ലോസാ; നിയതകീർത്തനം.

a) അറിയിപ്പ്

പൌരസ്ത്യ സുറിയാനിക്രമത്തിൽ സാധാരണ കേൾക്കാറുള്ള ഒരു ചെറുവാക്യമാണു്: "ന്സല്ലെ ശ്ലാമ്മാ അമ്മൻ" – നമുക്ക പ്രാർത്ഥിക്കാം; അടക്കമായിരിപ്പിൻ - എന്നതു്. കഷ്ടിച്ചു മൂന്നു വാക്കുകളെ ഇതിലുള്ളു; പലരും മുൻകഴിയുന്ന ഭാഗത്തിന്റെ നിരർത്ഥകമായ ഏതോ അവശിഷ്ടമെന്നോണം പലപ്പോഴും അവഗണിക്കാറുമുണ്ടു്. പക്ഷേ വളരെ അർത്ഥഗർഭമായ ഒന്നാണീ ചെറുവാക്യം. വലിയൊരു പാരമ്പര്യം അതിന്റെ പിന്നിലുമുണ്ടു്.

പൌരസ്ത്യ സുറിയാനിക്രമാനുസരണം തിരുക്കർമ്മങ്ങളിൽ സഹായിക്കുന്ന ആറാംപട്ടക്കാരിൽ അക്കദ്യാക്കോനുൾപ്പടെ പ്രധാനികൾ രണ്ടു

പേർ അവരുടെ സ്ഥാനത്താൽതന്നെ കർമ്മവേളകളിലെ ക്രമപാലകരാണു്. എപ്പോഴാണു് ഇരിക്കേണ്ടതു് എപ്പോഴാണു് എഴുന്നേൽക്കേണ്ടതു് എപ്പോഴാണു് പ്രാർത്ഥിക്കേണ്ടതു് എപ്പോഴാണു് മൗനം ആചരിക്കേണ്ടതു് എന്നെല്ലാം സമൂഹത്തിനു് നിർദ്ദേശം നൽകുന്നതും കാർമ്മികൻ ആശിസ്സു് കൊടുക്കേണ്ട അവസരങ്ങളിൽ അപ്രകാരം ചെയ്യുവാൻ അദ്ദേഹത്തെ ഓർപ്പിക്കുന്നതുമെല്ലാം ഇവരാണു്. ഇപ്രകാരമുള്ള ക്രമപാലനത്തിനു് പൂർവ്വകാലത്തു ഇവർ സാധാരണ ഉപയോഗിക്കുമായിരുന്ന കല്പനാവാക്യങ്ങൾ ദീർഘോപയോഗംകൊണ്ടു് കുർബാനയുടെ അനുപേക്ഷണീയഭാഗങ്ങളായി ഭവിച്ചു. തന്നിമിത്തം കല്പിക്കപ്പെടേണ്ട സമൂഹം സന്നിഹിതമല്ലെന്നിരുന്നാലും ഇന്നിവ നിഷ്പ്രയോജനമായും നിരർത്ഥകമായും അറിയിക്കപ്പെടാറുണ്ടു്. ക്രമപാലകരുടെ താദൃശകല്പനകളിൽ ഒന്നാണു് "നു്സല്ലെ ശ്ലാമ്മാ അമ്മൻ".

ദിവ്യശുശ്രൂഷകളിൽ കാർമ്മികൻ ചിലപ്പോൾ സ്വന്ത നിലയിലും ചിലപ്പോൾ സമൂഹത്തെ പ്രതിനിധീകരിച്ചും പ്രാർത്ഥിക്കാറുണ്ടു്. സമൂഹത്തെ പ്രതിനിധീകരിച്ചുകൊണ്ടു ചെയ്യുന്ന പ്രാർത്ഥനകളിൽ സമൂഹംകൂടെ ഭാഗഭാക്കാകുന്നതു് സമുചിതമാകയാൽ താദൃശപ്രാർത്ഥനകളുടെ സമയം സമാഗതമാകുമ്പോൾ, മററു വല്ല പ്രാർത്ഥനകളിലോ, കീർത്തനങ്ങളിലോ, ശുശ്രൂഷകളിലോ സമൂഹം വ്യാപൃതമായിരിക്കയാണെങ്കിൽ, അതു് നിർത്തിയിട്ടു് അവരുടെ നാമത്തിലും അവർക്കുവേണ്ടിയും കാർമ്മികൻ തുടങ്ങാൻ പോകുന്ന പ്രാർത്ഥന ശ്രദ്ധിക്കുവാൻ ക്രമപാലകൻ അവരോടു് "നു്സല്ലെ"–(നമുക്കു പ്രാർത്ഥിക്കാം) – ശ്ലാമ്മാ അമ്മൻ – (അടക്കമായിരിപ്പിൻ) എന്നറിയിക്കും. ചിലപ്പോൾ ഇതു് "ശ്ലാമ്മാ അമ്മൻ" എന്നു് മാത്രമായി സംഗ്രഹിക്കാറുമുണ്ടു്.

നമ്മുടെ കുർബാനയിൽ ഇനി വരുന്നതു് സമൂഹത്തെ പ്രതിനിധീകരിച്ചുകൊണ്ടു് കാർമ്മികൻ ചെയ്യുന്ന ഒരു പ്രാർത്ഥനയാകയാൽ ക്രമപാലകൻ അറിയിക്കും.

ക്രു. (1) നമുക്കു പ്രാർത്ഥിക്കാം, അടക്കമായിരിക്കുവിൻ.

## b) സ്ലോസാ

'സ്ലോസാ' ഒരു സുറിയാനിപദമാണു്. പ്രാർത്ഥന എന്നത്രേ അർത്ഥം. എങ്കിലും സാമൂഹ്യകർമ്മങ്ങളിൽ പുരോഹിതൻ സമൂഹത്തിൽ തലവൻ എന്ന നിലയിൽ എല്ലാവരേയും പ്രതിനിധീകരിച്ചുകൊണ്ടു ചൊല്ലുന്ന പൊതു പ്രാർത്ഥനകൾക്കു് മാത്രമാണു് കുർബാനയിൽ സ്ലോസാകൾ എന്നു് സാധാരണ പറയുക. നമ്മുടെ കുർബാനയുടെ ആദ്യഭാഗത്തെ പ്രധാന കർമ്മങ്ങൾ ഓരോന്നും ഈദൃശ സ്ലോസാകൾകൊണ്ടത്രേ തുടങ്ങുന്നതു്. ഇവ അതതു ഭാഗത്തിൻെറ പേരിൽ വിളിക്കപ്പെടുകയും ചെയ്യുന്നു.

---

(1) ക്രു = ക്രമപാലകൻ.
ക്രമപാലകൻ ഇല്ലാത്തപ്പോൾ സഹായി ഇതറിയിക്കും.

സ്ലോസാകളിൽ ചിലതു് ത്രിയേക ദൈവത്തോടും ചിലതു് മ്ശിഹായോടും പ്രാർത്ഥിക്കപ്പെടുന്നവയത്രേ. ത്രിയേക ദൈവത്തോടു പ്രാർത്ഥിക്കപ്പെടുന്നവയെല്ലാം "എന്നേക്കും സർവ്വേശനായ പിതാവും പുത്രനും പരിശുദ്ധാത്മാവും" എന്നു് പരിശുദ്ധ ത്രിത്വത്തിന്റെ നാമം വിളിച്ചുകൊണ്ടാണു് പ്രാർത്ഥിക്കുക പതിവു്. മ്ശിഹായോടു മാത്രമുള്ളവയെങ്കിൽ ത്രിത്വത്തിലെ ആളുകളുടെ പേർ തിരിച്ചുപറയുകയില്ല. കരങ്ങൾ വിടർത്തു് ഉയർത്തിപ്പിടിച്ചുകൊണ്ടാണു് കർബാനയിൽ സ്ലോസാകൾ എല്ലാംതന്നെ പ്രാർത്ഥിക്കുന്നതു്; ആഘോഷാവസരങ്ങളിൽ പാടിയുമായിരിക്കും. ഇവയുടെ അന്ത്യമടക്കുമ്പോൾ കരങ്ങൾകൂപ്പി തലയും ഉരവും കുനിച്ചു് കുരിശിനു് ആചാരം ചെയ്യണം. സമൂഹം അഥവാ അതിനെ പ്രതിനിധീകരിച്ചുകൊണ്ടു് സഹായി "ആമേൻ" പ്രതിവചിച്ചു് ഇവയിൽ പ്രാർത്ഥിക്കുന്നവയെ സ്വകീയങ്ങളാക്കുകയൊ അനുവദിക്കുകയൊ ചെയ്യാറുണ്ടു്. സങ്കീർത്തനഭാഗത്തിന്റെ പ്രാരംഭമായി ഞായറാഴ്ചകളിലും തിരുനാളുകളിലും താഴെവരുന്ന സ്ലോസാ പ്രാർത്ഥിക്കുന്നു.

**കാ.** ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! ഞങ്ങളുടെ വർഗ്ഗത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി അവിടത്തെ പ്രിയ സുതൻ കരുണയുണ്ടായി ഞങ്ങൾക്കു തന്നരുളിയ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുവാനാകുമാറു ഞങ്ങളുടെ ദൌർബല്യത്തെ അങ്ങയുടെ ദയാവായ്പുകൊണ്ടു് പരിഹരിക്കേണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരൻ എന്നേയ്ക്കും (ആയിരിക്കട്ടെ).

സാധാരണ ദിവസങ്ങളോ മരിച്ചവർക്കായുള്ള കർബാനയോ എങ്കിൽ ഇപ്രകാരമായിരിക്കും.

**കാ.** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ! അങ്ങയുടെ പുകൾപെററ ത്രിത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമം എന്നേരവും എന്നേയ്ക്കും ആകാശത്തിലും ഭൂമിയിലും ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും കൊണ്ടാടപ്പെടുകയും വാഴ്ത്തപ്പെടുകയും ചെയ്യുമാറാകട്ടെ.

**സ.** ആമേൻ.

c) നിയതകീർത്തനം

പൌരസ്ത്യ സുറിയാനി ക്രമത്തിൽ യാമപ്രാർത്ഥന, കൂദാശദാനം, കർബാനാർപ്പണം ആദിയായവകളിലെ സൌകര്യോപയോഗാർത്ഥം സങ്കീർത്തനങ്ങൾ ഓരോ ഗണങ്ങളായി ക്രമീകരിച്ചിട്ടുണ്ടു്. ഈ ഓരോ ഗണത്തിനും 'നിശ്ചയിക്കപ്പെട്ടതു്' എന്ന അർത്ഥത്തിൽ നിയതകീർത്തനം — മർമീസാ — എന്നു് പേർ പറയുന്നു.

നമ്മുടെ കുർബാനയിലെ നിയതകീർത്തനത്തിൽ 15, 150, 116 എന്ന സങ്കീർത്തനങ്ങൾ ഉൾപ്പെടുന്നു. സങ്കീർത്തനത്തിന്റെ ഓരോ വാക്യത്തോടും പണ്ട് മുമ്മൂന്നു ഹല്ലേലൂയ്യാ വീതം ചേർത്തിരുന്നത്രേ. പക്ഷേ അവയ്ക്കു പകരം ആദ്യന്തങ്ങളിൽമാത്രം ഒരു കാനോനാ അഥവാ സംക്ഷിപ്ത പ്രാർത്ഥന (1) കൂട്ടുകയാണിന്നു മുറ. സങ്കീർത്തനം എല്ലാഴ്പ്പോഴും "ശുവഹാ"- ത്രിത്വസ്തുതി—യോടും "മിൻ ആലം"— ശുവഹായുടെ പ്രത്യുത്തരം—ത്തോടും ആണ് അവസാനിപ്പിക്കുന്നത്.

കാർമ്മികന്റെ ബെമ്മായിലേക്കുള്ള എതിരേല്പ് ഇന്നു നാമാവശേഷമായിരിക്കയാൽ കാർമ്മികനും സഹായിയുംകൂടെ പീഠവേദികളുടെ ചുവട്ടിൽനിന്ന് പ്രവേശികാസങ്കീർത്തനം രഹസ്യത്തിൽ ചൊല്ലുകമാത്രം ചെയ്യും.

സങ്കീർത്തനം 15

കാ. കർത്താവേ! അങ്ങേ കൂടാരത്തിൽ ആരു വസിക്കും; അങ്ങേ വിശുദ്ധ മലയിൽ ആരു പാർപ്പുറപ്പിക്കും?

(കാനോനാ)— ഞങ്ങളുടെ കർത്താവേ! അങ്ങേ ബലിപീഠത്തിൻമുമ്പിൽ വിചാരശുദ്ധിയുള്ളവനായി എന്നെ നിലനിർത്തണമെ.

കർത്താവേ! അങ്ങേ കൂടാരത്തിൽ ആരു വസിക്കും, അങ്ങേ വിശുദ്ധ മലയിൽ ആരു പാർപ്പുറപ്പിക്കും?

സ. കളങ്കരഹിതം വ്യാപരിക്കയും നീതിയുക്തം പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം പറയുകയും നാവാൽ വഞ്ചിക്കാതിരിക്കുകയും ചെയ്യുന്നവൻ;

കാ. സഖിയേ ദ്രോഹിക്കുകയോ അയൽക്കാരന് വിരോധമായി കൈക്കൂലി വാങ്ങുകയോ ചെയ്യാത്തവൻ;

സ. അധമഭാവിയെ അവഗണിക്കുകയും ദൈവഭയമുള്ളവരെ ബഹുമാനിക്കുകയും ചെയ്യുന്നവൻ;

കാ. അയൽക്കാരനോട്ട് വാക്കു പറഞ്ഞിട്ടു വഞ്ചിക്കുകയോ തന്റെ പണം പലിശയ്ക്കു കൊടുക്കുകയോ ചെയ്യാത്തവൻ;

---

(1) വലിയ പ്രാർത്ഥനകൾ ചുരുങ്ങിയ വാക്കുകളിൽ സംക്ഷേപിക്കുന്നതിനാണ് കാനോനാ — Doxology.

സ. നിരപരാധിക്ക് എതിരായി കൈക്കൂലി വാങ്ങാത്തവൻ; ഇപ്രകാരം വ്യാപരിക്കുന്നവൻ നീതിമാനാണ്. അവൻ ഒരിക്കലും ക്ഷയിക്കയില്ല.

സങ്കീർത്തനം 150

കാ. കർത്താവിനെ അന്റേ ശുദ്ധ സ്ഥലത്ത് നിങ്ങൾ സ്തുതിപ്പിൻ; അന്റേ ശക്തിരംഗമായ ആകാശമണ്ഡലത്ത് നിങ്ങൾ സ്തുതിപ്പിൻ.

സ. അവിടത്തെ വല്ലഭത്വമോർത്ത് അങ്ങയെ സ്തുതിപ്പിൻ; അവിടത്തെ മഹോന്നതത്വത്തേക്കുറിച്ച് അങ്ങയേ സ്തുതിപ്പിൻ.

കാ. കാഹളധ്വനിയാൽ അങ്ങയേ സ്തുതിപ്പിൻ; വീണകൾകൊണ്ടും കിന്നരങ്ങൾകൊണ്ടും അങ്ങയെ സ്തുതിപ്പിൻ.

സ. തപ്പുകൊണ്ടും തമ്പേറുകൊണ്ടും അങ്ങയെ സ്തുതിപ്പിൻ; സ്വരമാധുര്യമുള്ള കമ്പികൾ മീട്ടി അങ്ങയെ സ്തുതിപ്പിൻ.

കാ. മധുരമായി മുഴങ്ങുന്ന കൈത്താളംകൊണ്ട് അങ്ങയെ സ്തുതിപ്പിൻ; ശബ്ദഘോഷത്താലും ആർപ്പുവിളിയാലും അങ്ങയെ സ്തുതിപ്പിൻ.

സ. എല്ലാ നിശ്വസനത്തിലും നമുക്ക് കർത്താവിനെ സ്തുതിക്കാം.

സങ്കീർത്തനം 116

കാ. സർവ്വജാതികളേ! കർത്താവിനെ സ്തുതിപ്പിൻ; സകല ജനവുമേ! കർത്താവിനെ വാഴ്ത്തുവിൻ.

സ. എന്തുകൊണ്ടെന്നാൽ അന്റേ കാരുണ്യം നമ്മുടെമേൽ സ്ഥിരീകൃതമായിരിക്കുന്നു. തീർച്ചയായിട്ടും അവിടന്നെന്നേയ്ക്കും (നമ്മുടെ) യജമാനനായിരിക്കും.

കാ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി; അനാദിതൊട്ട് എന്നേയ്ക്കും അപ്രകാരമായിരിക്കട്ടെ.

(കാനോനാ) ഞങ്ങളുടെ കർത്താവേ! അങ്ങേ ബലിപീഠത്തിൻമുമ്പിൽ വിചാരശുദ്ധിയുള്ളവനായി എന്നെ നിലനിർത്തേണമെ.

കർത്താവേ! അങ്ങേ കൂടാരത്തിൽ ആരു വസിക്കും; അങ്ങേ വിശുദ്ധ മലയിൽ ആരു പാർപ്പുറപ്പിക്കും.

## iii. പീഠപ്രവേശനം

പൌരസ്ത്യ സുറിയാനി പള്ളികളിൽ പണ്ട് മദ്ബഹായുടെ (1) വാതിൽക്കൽ ഒരു ചെറുപീഠം പതിവുണ്ടായിരുന്നു. ബേമ്മായെന്നാണതു് വിളിക്കപ്പെട്ടിരുന്നതും. കാർമ്മികനെ സങ്കീർത്തനം പാടിക്കൊണ്ടു് പീഠത്തിലേയ്ക്കു് എതിരേററിരുന്നു എന്നു് മുമ്പു പറഞ്ഞിട്ടുള്ളതു് ഈ ബേമ്മാ പീഠത്തിങ്കലേക്കാണു്. കർബാനയിൽ അദ്ധ്യയന ക്രമങ്ങൾ — എനംക്ക്ീസിനുശേഷം ഏവംഗേലിയോൻ കഴിയുന്നതുവരെ — എല്ലാം പൂർവ്വകാലത്തു് ഈ പീഠത്തിന്മേൽവച്ചത്രേ അനുഷ്ഠിച്ചിരുന്നതു്. അതിൻെറ ചുവട്ടിലേക്കു് എതിരേൽക്കപ്പെടുന്ന കാർമ്മികൻ, ആകയാൽ, പ്രത്യേകം ചില ആചാരോപചാരങ്ങളോടുകൂടി സാഡംബരം അതിലേക്കു് പ്രവേശിക്കുമായിരുന്നു. ഈ ശുശ്രൂഷയാണു് പീഠപ്രവേശനം.

പക്ഷേ, കാലചക്രത്തിൻെറ തിരിവിൽ ബേമ്മാ ത്രോണോസിൻെറ മുന്നിലെ പടവികളായി പരിണമിച്ചു; പീഠപ്രവേശനം അപ്പോൾ അൾത്താരയിങ്കലേക്കുള്ള പ്രവേശനവുമായി. എന്നിരുന്നാലും, പഴയ പീഠപ്രവേശനത്തിൻെറ പാരമ്പര്യാചാരങ്ങൾ കേരളക്രമത്തിൽ അപ്പോഴും പൂർണ്ണമായി പരിത്യക്തങ്ങളായിട്ടില്ല. ന. റാസയിൽ, പ്രവേശികാസങ്കീർത്തനം പൂർത്തിയാകുമ്പോൾ "ക്ദം ത്രൊണോസ്" എന്നാരംഭിക്കുന്ന സ്ലോസാ പാടിക്കൊണ്ടും മൂന്നുവട്ടം കുമ്പിട്ടുകൊണ്ടും ത്രോണോസിങ്കലേക്കു് കയറുന്നതും, അതിനടുത്തെത്തുമ്പോൾ ആദരപൂർവ്വമതിനെ ചുംബിക്കുന്നതും "ലാകുമാറാ" പാടി ധൂമിക്കുന്നതും സമൂഹത്തെ കുരിശു മുത്തിക്കുന്നതുമൊക്കെ ഈ പുരാതന പീഠപ്രവേശന ശുശ്രൂഷകളുടെ അവശിഷ്ടങ്ങളാണു്. എന്നാൽ ന. കർബാനയിൽ ത്രോണോസിൻെറ മുമ്പിൽ ഒരിക്കൽമാത്രം കുമ്പിട്ടിട്ടു് പടവികൾ കയറി ത്രോണോസിനെ ചുംബിച്ചുകൊണ്ടു് പീഠപ്രവേശന ശുശ്രൂഷകൾ സംക്ഷേപിക്കയാണിന്നു പതിവു്. ധൂമാർപ്പണം അനാഘോഷമാക്കി ഇതിനോടനുബന്ധപ്പെടാത്ത ഒന്നുപോലെ ആചരിക്കും. സ്ലോസായിക്കു പകരം താഴെ വരുന്ന ചുരുങ്ങിയ വാക്കുകളാൽ അതുതം പ്രകടിപ്പിക്കുകമാത്രവും ചെയ്യും.

---

(1) അൾത്താര സ്ഥിതിചെയ്യുന്ന സ്ഥലം. ചിലപ്പോൾ അൾത്താരയ്ക്കും ഈ പദംതന്നെ പ്രയോഗിക്കാറുണ്ടു്.

**കാ. & സ.** സകലത്തേയും സംശുദ്ധനാക്കുന്ന ദൈവമേ! അവിടത്തെ വിശുദ്ധ സ്ഥലം എത്രയോ ഭാസുരവും സുന്ദരവുമാണ്.

## iv. ധൂമാർപ്പണം

പിന്നെയും ദൈവം മൂശയോട് പറഞ്ഞു:- തിരശ്ശീലയ്ക്കുള്ളിൽ വാഗ്ദത്തപ്പെട്ടകത്തിന്മേലുള്ള കൃപാസനത്തിങ്കലേക്ക് അടുക്കുന്നതിനു മുമ്പ്, ദേഹം കഴുകി ശുദ്ധിയാക്കിയിരിക്കണം; അംശവസ്ത്രങ്ങൾ അണിഞ്ഞിരിക്കണം എന്നെല്ലാം കല്പിച്ചതിനെ തുടർന്ന് (Lev. xvi 1-12) — അവൻ (പുരോഹിതൻ) തിരുമുമ്പിലുള്ള യജ്ഞപീഠത്തിലെ തീക്കനൽ ഇട്ട് നിറച്ച ഒരു കലശവും കയ്നിറയെ വാസനദ്രവ്യങ്ങളുടെ പൊടിയും (Ex. xxx-34) എടുത്തു തിരശ്ശീലയ്ക്കുള്ളിലേക്കു വരണം; അവിടെ വാസനദ്രവ്യപ്പൊടി തീയിൽ എരിയിച്ച് അതിൽനിന്നുയരുന്ന സുഗന്ധവാഹിനിയായ ധൂമപടലം വാഗ്ദത്തപ്പെട്ടകത്തിന്മേലുള്ള കൃപാസനത്തെ ആവരണം ചെയ്യുന്നതിനും അതു നിമിത്തം അവൻ മരിക്കാതിരിക്കുന്നതിനു ഇടയാക്കണം. (Lev. xvi. 12-13.)

നമ്മുടെ കുർബാനയിൽ കാർമ്മികൻ മ്ശിഹായുടെ ഹോമപീഠമായ ത്രോണോസിങ്കലേക്ക് പ്രവേശിച്ചു കഴിയുമ്പോൾ ചെയ്യുന്നതും ഏകദേശം ഇതുതന്നെ. ധൂമകലശത്തിലെ തീയിൽ കുന്തിരിക്കപ്പൊടിയിട്ട് അതിൽനിന്നു വമിക്കുന്ന സുഗന്ധധൂമംകൊണ്ട് ബലിപീഠത്തേയും അതിന്റെ പരിസരങ്ങളേയും പരിമളപ്പെടുത്തും. അപ്പോൾ ഈ ശുശ്രൂഷയുടെ ഭയഭക്തി ഗാംഭീര്യങ്ങൾ വർദ്ധമാനമാക്കുവാൻതക്ക പ്രാർത്ഥനാപരമായ ഒരു പാട്ട് ആലപിക്കുകയും ചെയ്യും.

ധൂമംവാഴ്ത്തൽ, ധൂമിക്കൽ, ധൂമാർപ്പണകീർത്തനം എന്ന മൂന്നു സംഗതികൾ ആകയാൽ ഇതിൽ ശ്രദ്ധാർഹങ്ങളാണ്.

### a) ധൂമം വാഴ്ത്തൽ

ധൂമം വാഴ്ത്തേണ്ടത് കാർമ്മികനത്രെ. കുന്തിരിക്കപ്പാത്രത്തിൽ (കപ്പൽ) നിന്ന് ചെറു കൈയിൽകൊണ്ട് കുന്തിരിക്കപ്പൊടി കോരി മൂന്നു പ്രാവശ്യം കലശത്തിലെ തീക്കനലിന്മേൽ വിതറിയിട്ട് അതിൽനിന്നുയരുന്ന ധൂമത്തിന്മേൽ കുരിശടയാളം വരച്ചാണ് വാഴ്ത്തുന്നത്. (1) അപ്പോൾ അദ്ദേഹം ഇങ്ങനെ മന്ത്രിക്കുകയും ചെയ്യും.

**കാ.** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ നിത്യസർവ്വേശ്വരാ! അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ ആലയിലെ ആടുകളുടെ പാപമോചനത്തിനും ഉതകുമാറ് അവിടത്തെ ബഹുമാനാർത്ഥം ഞങ്ങൾ എരിയിക്കുന്ന ഈ വാസനാദ്രവ്യ

ങ്ങൾ മഹത്വമേറിയ അങ്ങയുടെ ത്രിത്വത്തിന്റെ നാമത്തിൽ ആശീർവ്വദിക്കപ്പെടട്ടെ. ആമേൻ.

b) ധൂമിക്കൽ

പീഠപ്രവേശനാവസരത്തിലെ ധൂമാർപ്പണത്തിൽ ധൂമിക്കേണ്ടതു് പീഠത്തെയാണു്. ഇപ്പോൾ രഹസ്യകുർബാനകളിൽ ധൂമകലശക്കാരൻ പീഠവേദിക്കു മുന്നിൽമാത്രം കലശംവീശിക്കൊണ്ടു് ഈ ധൂമിക്കൽ സംക്ഷേപിക്കുന്നു. ആഘോഷകുർബാനകളിലേ കാർമ്മികൻ കലശം കയ്യിൽ വാങ്ങി പീഠത്തെ ധൂമിയ്ക്കൂ.

c) ധൂമാർപ്പണകീർത്തനം

“ലാകുമാറാ” എന്നാരംഭിക്കുന്നതും കൃതജ്ഞതാപരിമളം പരത്തുന്നതുമായ ഒരു “ഓനീസാ”(2) യാണു് സുഗന്ധവാഹിനിയായ ധൂമത്തോടുകൂടി ഉന്നതത്തിലേക്കു് ഉയർത്തപ്പെടുന്നതു്. ഇന്നിതു് ക്രമപാലകന്റെ അറിയിപ്പു് കാർമ്മികന്റെ പ്രാരംഭ സ്ലോസാ മുതലായവ മുൻചേർത്തു് ഒരു പ്രത്യേക ഭാഗംപോലെ ക്രമീകരിച്ചിരിക്കയാണു്. എന്നിരുന്നാലും സഹായി ഇതിന്റെ നേരമത്രയും ത്രോണോസിനുമുമ്പിൽ ധൂമകലശം വീശുന്ന പതിവു് ഇപ്പോഴും പരിവർജ്ജിക്കപ്പെട്ടിട്ടില്ല.

ക്രു. അടക്കമായിരിപ്പിൻ.

കാ. (ഉടയവനേ) അവിടുന്നു ഞങ്ങളുടെമേൽ വർഷിച്ചിരിക്കുന്ന എണ്ണമററ സഹായങ്ങൾക്കും കൃപാവരങ്ങൾക്കും വേണ്ടുംവണ്ണം കൃതജ്ഞത പ്രകാശിപ്പിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ടു് സർവ്വ അനുഗ്രഹങ്ങളാലും സൗഭാഗ്യങ്ങളാലും പരിപൂരിതയായി മകുടമണിഞ്ഞ അവിടത്തെ സഭയിൽ, “പിതാവും പുത്രനും പരിശുദ്ധാത്മാവുമായ നിത്യസത്തയെ! അവിടുന്നു ആകുന്നു സമസ്ത വസ്തുക്കളുടെയും നാഥനും സ്രഷ്ടാവും” എന്നു് നിരന്തരം അങ്ങയെ ഞങ്ങൾ കൊണ്ടാടി സ്തുതിക്കട്ടെ.

സ. ആമേൻ.

---

(1) കലശക്കാരൻ കുന്തിരിക്കം ഇട്ടിട്ടു് കാർമ്മികൻ കുരിശു വരച്ചു വാഴ്ത്തുകമാത്രം ചെയ്യുന്ന ഒരു പതിവു് ഇപ്പോൾ നടപ്പായിട്ടുണ്ടു്.

(2) പരസ്പരം ഉത്തരിച്ചാലെന്നവണ്ണം ഏററു പാടുന്ന ഒരു കീർത്തനം. നമ്മുടെ കുർബാനയിൽ ഈ തരം അഞ്ചു ഓനീസാകൾ സമൂഹം പാടേണ്ടതായുണ്ടു്. അവയിൽ ആദ്യത്തേതാണു ധൂമാർപ്പണാവസരത്തിലേതു്.

കാ. സകലത്തിന്റെയും നാഥാ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു. ഈശോമ്ശിഹായെ, അവിടത്തെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. എന്തെന്നാൽ ഞങ്ങളുടെ ശരീരങ്ങളുടെ ഉദ്ധാരകനും ആത്മാവുകളുടെ ഉത്തമ രക്ഷകനും അവിടുന്നാകുന്നു.

സ. എന്റെ കൈകൾ ഞാൻ വെടിപ്പായി കഴുകി; അങ്ങേ ബലിപീഠത്തിന് വലംവയ്ക്കുകയും ചെയ്യു.

സകലത്തിന്റെയും നാഥാ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു. ഈശോമിശിഹായേ, അവിടത്തെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. എന്തെന്നാൽ ഞങ്ങളുടെ ശരീരങ്ങളുടെ ഉദ്ധാരകനും ആത്മാവുകളുടെ ഉത്തമ രക്ഷകനും അവിടന്നാകുന്നു.

ക. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. അനാദിതൊട്ട് എന്നേയ്ക്കും അപ്രകാരം ആയിരിക്കുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു.

സ. ഈശോമ്ശിഹായേ, അവിടത്തെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു.

ക. എന്തെന്നാൽ ഞങ്ങളുടെ ശരീരങ്ങളുടെ ഉദ്ധാരകൻ അവിടന്നാകുന്നു.

സ. ഞങ്ങളുടെ ആത്മാവുകളുടെ ഉത്തമ രക്ഷകനും അവിടന്നുതന്നെ.

# നമ്മുടെ കർബാനയിലെ മുഖ്യ രണ്ടു ഭാഗങ്ങൾ

സജ്ജീകരണങ്ങൾ കഴിയുമ്പോൾ കർബാനയുടെ കാതലിലേയ്ക്കു് കടക്കുന്നു. ഈ കാതൽ രണ്ടു സാമൂഹ്യമതാചാരങ്ങളുടെ സംയോജനാഫലമാണു്: യൂദന്മാരുടെ സാബത്തു പ്രഭാതാചരണത്തിന്റെയും ദിവ്യരക്ഷകന്റെ അത്താഴക്കർബാനാവർത്തനത്തിന്റെയും.

ആരംഭത്തിൽ ഇവയോരോന്നും വെവ്വേറെ സ്ഥലങ്ങളിലും സമയങ്ങളിലും അത്രെ അനുഷ്ഠിച്ചിരുന്നതു്. കാലാന്തരത്തിൽ രണ്ടും ഒരേ സമയത്താചരിച്ചു തുടങ്ങി; എന്നുതന്നെയല്ല തമ്മിൽ സംയോജിപ്പിക്കപ്പെടുകതന്നെയുമുണ്ടായി. എങ്കിലും അടുത്തകാലംവരെ നമ്മുടെ റീത്തിൽ വ്യത്യസ്തപ്പെട്ട പീഠങ്ങളിലായിരുന്നു ഇവ അനുഷ്ഠിച്ചുപോന്നതു്: ഒന്നു് ബേമ്മാ പീഠത്തിലും മറേറതു ത്രോണോസിലും. ഇന്നാകട്ടെ ബേമ്മാ അപ്രത്യക്ഷമായതിന്റെ ഫലമായി രണ്ടും ഒരേ പീഠത്തിൽവച്ചു നിർവ്വഹിയ്ക്കുന്നു; എന്നിരുന്നാലും ഇവ രണ്ടും നിഷ്പ്രയാസം തമ്മിൽ വേർതിരിക്കത്തക്കവണ്ണമത്രേ നമ്മുടെ കർബാനയിൽ ഇപ്പോഴും നിലകൊള്ളുന്നതു്. ഇങ്ങനെ വിഭാജ്യങ്ങളായി നമ്മുടെ കർബാനയിൽ പ്രത്യക്ഷപ്പെടുന്ന രണ്ടു ഭാഗങ്ങളാണു് അതിലെ മുഖ്യ രണ്ടു ഭാഗങ്ങൾ.

സാബത്തു പ്രഭാതാചരണത്തിൽ ആദ്യംമുതൽക്കേ ജ്ഞാനസ്നാനത്തെ അർത്ഥിക്കുന്ന അക്രൈസ്തവരേയും സംബന്ധിപ്പിച്ചിരുന്നതു നിമിത്തം സ്നാനാർത്ഥികളുടെ കർബാനയെന്ന പേരതിനുണ്ടായി. അത്താഴക്കർബാനാവർത്തനത്തിൽ സത്യവിശ്വാസികളെമാത്രം ഭാഗഭാക്കുകളാക്കിയിരുന്നതുകൊണ്ടു് വിശ്വാസികളുടെ കർബാനയെന്ന നാമം അതിനും സിദ്ധിച്ചു. ഈ രണ്ടു ഭാഗങ്ങളിലും ചില പ്രാർത്ഥനകൾക്കും പാട്ടുകൾക്കും മററും ഒരിക്കലും മാററമില്ല. അവയ്ക്കു് കുർബ്ബാനയുടെ സാധാരണങ്ങൾ — Ordinary of the Mass — എന്നു് പറയുന്നു. മററു ചിലതുകൾ തിരുനാളുകളുടെ വ്യത്യാസത്തിനനുസരണം മാറാം. ഇവയ്ക്കു് പ്രത്യേകങ്ങൾ അഥവാ പ്രാതിസ്വീകങ്ങൾ — Proper of the Mass — എന്നും പറയുന്നു. തിരുസ്സഭയിലെ തിരുനാളുകളും പ്രധാന സംഭവങ്ങളുമെല്ലാം ഒരാണ്ടിടകൊണ്ടു് അനുസ്മരിക്കത്തക്കവണ്ണമത്രേ എല്ലാ റീത്തുകളിലും പ്രാതിസ്വീകങ്ങൾ ക്രമീകരിച്ചിരിക്കുന്നതു്. പക്ഷേ നമ്മുടെ കുർബ്ബാനയിൽ വായനകൾക്കും ചുരുക്കം ചില സ്ലോസാകൾക്കും മററും മാത്രമേ ഇന്നു് മാററമുള്ളു.

## I. സ്നാനാർത്ഥികളുടെ കർബാന

എനാക്സീസിനുശേഷം ഏവംങ്ഗേലിയോൻ കഴിയുന്നതുവരെയുള്ള ഭാഗങ്ങളാണു് നമ്മുടെ കുർബ്ബാനയിലെ സ്നാനാർത്ഥികളുടെ കർബാന. അത്താഴക്കുർബ്ബാനയുടെ സ്ഥാപകനായ ദിവ്യരക്ഷകനിൽനിന്നോ അവിടത്തെ പ്രതിപുരുഷന്മാരായ തിരുസ്സഭാദ്ധ്യക്ഷന്മാരിൽനിന്നോ ജന്മമെടുത്തി

ട്ടുള്ള ഒന്നല്ലായിതു്. യൂദന്മാരുടെ സിനഗോഗത്രെ ഇതിൻെറ ഉത്ഭവസ്ഥാനം. ദൈവജനമെന്നു് എന്നും സ്വയം പ്രശംസിക്കാറുള്ള യൂദന്മാർക്കു് ദൈവഅരുളപ്പാടുകളുടെ ഭണ്ഡാഗാരമായ വിശുദ്ധ പുസ്തകങ്ങൾ പൂർവ്വംമുതല്ക്കേ ബഹുപൂജ്യങ്ങളാണു്. അവ വായിക്കുന്നതിലും ശ്രവിക്കുന്നതിലും എക്കാലത്തും അവർ അതീവ താല്പര്യം പ്രദർശിപ്പിച്ചിരുന്നതായും കാണാം. പക്ഷേ, പണ്ടു് ഇന്നത്തേപ്പോലെ അവ അത്ര സുലഭങ്ങളായിരുന്നില്ല. ദീർഘനാളത്തെ നിരന്തര ശ്രമംകൊണ്ടു് വളരെ കഷ്ടപ്പെട്ടു്, പകർത്തിയുണ്ടാക്കേണ്ടിയിരുന്നു. ദൈവോക്തങ്ങളുടെ ഈ സംഹിത, ആകയാൽ, സിനഗോഗ് തുടങ്ങിയ പൊതുസ്ഥാപനങ്ങളെക്കൊണ്ടല്ലാതെ, സാധാരണക്കാരെക്കൊണ്ടു് സമ്പാദിക്കുവാനോ സംരക്ഷിക്കുവാനോ സാധ്യമായിരുന്നില്ല. ഏതൻനിമിത്തം സാമൂഹ്യാചാരങ്ങൾക്കായി അവർ സമ്മേളിച്ചിരുന്നപ്പോൾ ആചാര്യന്മാർ പൊതുഗുണത്തെ ലാക്കാക്കി ദൈവകല്പനകളുടെ ഈ നിക്ഷേപങ്ങളിൽനിന്നു് ഓരോ ഭാഗങ്ങൾ വായിച്ചു കേൾപ്പിക്കുകയും അവയിൽ ദുർഗ്രഹങ്ങളായുള്ളവ വ്യാഖ്യാനിച്ചുകൊടുക്കുകയും പദ്യരൂപത്തിലുള്ള ചില ഭാഗങ്ങൾ എല്ലാവരുംകൂടി പാടുകയും ചെയ്യുക വളരെ പൂർവ്വംമുതല്ക്കേ നിലനില്ക്കുന്ന ഒരു നടപ്പാണു്. ക്രിസ്തുമതാരംഭത്തിൽ മ്ശിഹായുടെ അനുയായികളായിത്തീർന്ന യൂദന്മാർ അവരുടെ മതപരിവർത്തനത്തോടെ സിനഗോഗിലെ ഈ വായനക്രമവും അതിനോടനുബന്ധിച്ച അനുഷ്ഠാനങ്ങളും പരിവർജ്ജിച്ചില്ല. മറിച്ചു്, അവയെ കൂടുതൽ പാവനങ്ങളാക്കി പരിരക്ഷിച്ചുകൊണ്ടുപോരുകയത്രെ ചെയ്തതു്. ഇങ്ങനെ യൂദന്മാരുടെ സാബത്തു പ്രഭാതാചരണത്തിലെ, കീർത്തനം, സ്ലോസാ, വേദപുസ്തകപാരായണം ഉപദേശം ആദിയായവയെല്ലാം ക്രിസ്ത്യാനികളുടെ ഞായറാഴ്ച പ്രഭാതാചരണത്തിലും കടന്നുകൂടി. പിന്നീടിവ അത്താഴക്രമത്തോടു് അനുബന്ധിച്ചപ്പോൾ, കുർബാനായെന്ന പേരും സമ്പാദിച്ചു.

“അവൻെറ വചനം സകല ജ്ഞാനത്തിലും ധാരാളമായി നിങ്ങളിൽ വസിക്കുവാൻവേണ്ടി സങ്കീർത്തനങ്ങളാലും കീർത്തനങ്ങളാലും ആദ്ധ്യാത്മികഗീതങ്ങളാലും നിങ്ങളെത്തന്നെ പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്വിൻ” എന്നു് വി. പൌലോസ് (Colossians iii-16) ഉദ്ബോധിപ്പിക്കുന്നതിനനുസരണം, സമൂഹത്തിൻെറ പ്രബോധനത്തെ മുൻനിർത്തി തിരുസ്സഭ ഇന്നും ഇവയെ നിലനിർത്തിക്കൊണ്ടുപോരുന്നുണ്ടു്. എന്നുതന്നെയല്ല, ഇവയുടെ നിർവ്വഹണത്താൽ സമൂഹത്തിൻെറ ഭക്തി വളർന്നും ബോധം പ്രകാശിച്ചും തുടർന്നുവരുന്ന സാക്ഷാൽ കുർബാനയ്ക്കു് അവർ സജ്ജീകൃതരാകത്തക്കവണ്ണം കുർബാനയുടെ ആമുഖംതന്നെയാക്കിയിരിക്കയുമാണു് ഇവയെ. ഒരിക്കലും ഉപേക്ഷിക്കാറുമില്ല. ഈ കാരണത്താൽ അദ്ധ്യയനക്കുർബാനയെന്നും ഇവയ്ക്കു് പേർ പറയും.

സിനഗോഗിൽനിന്നു് സിദ്ധിച്ചിട്ടുള്ള കീർത്തനങ്ങളും വായനകളുമൊക്കെ അനന്തരകാലത്തു് കൂടുതൽ ക്രമീകരിക്കപ്പെടാതെയും വിപുലമാക്കപ്പെടാതെയും ഇരുന്നിട്ടില്ല. സിനഗോഗിൽ പ്രമാണങ്ങളും പ്രവാചകന്മാരും എന്നു് രണ്ടു വായനകളെ ഉണ്ടായിരുന്നുള്ളു. കീർത്തനമായി: സങ്കീർത്തനങ്ങളും. തിരുസ്സഭ പുതിയനിയമ പുസ്തകങ്ങൾകൂടി ചേർത്തു് വായനകളെ വർദ്ധിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്തു; സങ്കീർത്തനങ്ങളോടു്

വേറെ ചില കീർത്തനങ്ങൾ കലർത്തി പാട്ടുകൾക്കു വൈവിധ്യവും വരുത്തി. പക്ഷെ ഓരോ ദിവസത്തേയ്ക്കും വേണ്ട വായനകളും കീർത്തനങ്ങളും തിരഞ്ഞെടുക്കുന്നതിലോ അവയുടെ സംഖ്യ ക്ലിപ്തപ്പെടുത്തുന്നതിലോ ആരംഭത്തിൽ വലിയ നിയന്ത്രണമുണ്ടായിരുന്നില്ല. തൽഫലമായി ഓരോ റീത്തുകാരും ഓരോ ദിവസവും വായിക്കുന്ന പുസ്തകങ്ങളുടെ നിർണ്ണയത്തിലും വായനകളുടെ തിരഞ്ഞെടുപ്പിലും എണ്ണത്തിലുമൊക്കെ ഓരോ രീതിയിൽ എത്തിച്ചേരുന്നതിനിടയായി.

പഴയനിയമം അഥവാ കെറിയാനാ, എംങ്ഗർത്താ, ഏവംങ്ഗേലിയോൻ എന്നു് മൂന്നു വായനകളാണു് നമ്മുടെ റീത്തിൽ ഉള്ളതു്. പക്ഷേ ഇന്നിവ മൂന്നും നമ്മുടെ റാസയിലെ അവശേഷിക്കുന്നുള്ളു. കുർബാനകളിൽ ആകട്ടെ എംങ്ഗർത്താ ഏവംങ്ഗേലിയോൻ എന്നു് വായനകളെ രണ്ടായി ചുരുക്കും.

ഓരോ വായനയ്ക്കുംമുമ്പു ഓരോന്നു വരത്തക്കവണ്ണമത്രെ കീർത്തനങ്ങളെ ക്രമീകരിച്ചിരിക്കുന്നതു്. കെറിയാനായ്ക്കുമുമ്പു് "ത്രൈശുദ്ധകീർത്തനം"; എംങ്ഗർത്തായിയ്ക്കുമുമ്പു് "ശുറായ"; ഏവംങ്ഗേലിയോനുമുമ്പു് "സൂമ്മാറാ". ഇവയ്ക്കു പുറമേ, ഉപദേശകകീർത്തനങ്ങളായ തുർഗാമ്മാകൾ എംങ്ഗർത്തായുടെയും ഏവംങ്ഗേലിയോൻറയും എഴുന്നള്ളിപ്പിനു് പാടുക പതിവുണ്ടായിരുന്നു. എന്നാൽ നമ്മുടെ കുർബാനകളിൽ ത്രൈശുദ്ധകീർത്തനം നീക്കിയുള്ളവയെല്ലാം ഉപേക്ഷിക്കുകയാണിന്നു് വഴക്കം.

അതുകൊണ്ടു് നമ്മുടെ അദ്ധ്യയനക്കുർബാനയിൽ ഇനി അവശേഷിക്കുന്ന ഭാഗങ്ങൾ ത്രൈശുദ്ധകീർത്തനം, എംങ്ഗർത്താ, ഏവംങ്ഗേലിയോൻ എന്നു് മൂന്നുമാത്രമത്രേ.

## i. ത്രൈശുദ്ധ കീർത്തനം

പാട്ടുകളുടെയും വായനകളുടെയും ഭാഗമായ അദ്ധ്യയനക്രമം, പാശ്ചാത്യക്രമത്തിൽ Collects കൊണ്ടു് എന്നപ്രകാരം നമ്മുടെ ക്രമത്തിൽ ത്രൈശുദ്ധകീർത്തനംകൊണ്ടു് ആരംഭിക്കുന്നു. ത്രൈശുദ്ധ കീർത്തനം ധൂമാർപ്പണകീർത്തനംപോലെ ശുദാകൾ പരസ്പരം ഉത്തരിച്ചു പാടേണ്ട ഒരു ചെറിയ ഓനീസായാണു്. ഇതിൻെറ ആദ്യ മൂന്നു വരികളും "കന്തീശ്"- Holy-ശുദ്ധ- എന്ന പദംകൊണ്ടു് തുടങ്ങുക നിമിത്തം Trisagion- Thrice Holy- എന്ന ഗ്രീക്കു പേർ ഇതിനു് നടപ്പായി. പൌരസ്ത്യർക്കൊക്കെ വളരെ പ്രിയംകരവും ചരിത്രപരമായി അനല്പ പ്രാധാന്യം അവർ കല്പിക്കുന്നതുമായ ഒരു കീർത്തനമാണിതു്. ചിലർ ഇതു് സ്വർഗ്ഗത്തിൽനിന്നുതന്നെ പഠിപ്പിക്കപ്പെട്ടതായിട്ടുപോലും വാദിക്കുന്നുണ്ടു്. ഏതായാലും സിനഗോഗിൽനിന്നു കിട്ടിയിട്ടുള്ള ഒന്നല്ലായിതു. ഓരോ റീത്തിലും ഇതു് പാടുന്ന രീതിയും വാക്കുകൾതന്നെയും വ്യത്യാസപ്പെടാതിരിക്കുന്നില്ല. കേരളത്തിലെ പൌരസ്ത്യസുറിയാനിക്കാർ താഴെവരുന്നവിധമത്രെ പാടുക

ധൂമാപ്പണകീർത്തനം കഴിയുമ്പോഠം ത്രൈസാജിയോൻെറ ആദ്യഖ സ്ലോസായ്ക്കു് സമൂഹത്തിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു് ക്രമപാലകൻ അറിയിക്കും.

നമുക്ക് പ്രാർത്ഥിക്കാം; അടക്കമായിരിപ്പിൻ.

ക്രമപാലകൻെറ ഈ കല്പനകഠംക്കു് എല്ലാവരും മിണ്ടടങ്ങിയെന്നു കാണുമ്പോഠം കാർമ്മികൻ സ്ലോസാ തുടങ്ങുന്നു.

കാ. എൻെറ കർത്താവേ! തീർച്ചയായും അവിടന്നത്രേ ഞങ്ങളുടെ ശരീരങ്ങളുടെ ഉദ്ധാരകൻ, അവിടന്നുതന്നെ ഞങ്ങളുടെ ആത്മാവുകളുടെ ഉത്തമരക്ഷാനാഥനും, ആയുസ്സിൻെറ നിത്യപരിപാലകനും. ആകയാൽ, അങ്ങയെ എന്നേരവും സ്തുതിക്കുവാനും ആരാധിക്കുവാനും മഹത്വപ്പെടുത്തുവാനും ഞങ്ങൾ കടപ്പെട്ടവരത്രേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരൻ എന്നേയ്ക്കും (ആയിരിക്കട്ടെ).

സ. ആമേൻ.

സമൂഹം സ്ലോസായ്ക്കു് പ്രതിവചിച്ചു കഴിയുന്നയുടനെ ക്രമപാലകൻ അവരോടു്, സ്വരമുയർത്തി ത്രൈശുദ്ധ കീർത്തനം പാടുവാൻ അറിയിക്കുന്നു.

ക്രൃ. ജനസമൂഹമേ! സ്വരമുയത്തി സ്വയം ജീവിയായ ദൈവത്തെ നിങ്ങൾ സ്തുതിപ്പിൻ.

നമ്മുടെ ക്രമത്തിൽ സമൂഹം ഇന്നു് സജീവമായി സഹകരിക്കാറില്ലാത്തതു നിമിത്തം കാർമ്മികനും സഹായിയുംകൂടിമാത്രം കീർത്തനം തുടങ്ങുന്നു.

കാ. പരിശുദ്ധനായ ദൈവമേ! പരിശുദ്ധനായ ബലവാനേ! പരിശുദ്ധനായ മൃത്യുവിഹീനനേ! ഞങ്ങളുടെമേൽ കനിയേണമെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സ. പരിശുദ്ധനായ ദൈവമേ! പരിശുദ്ധനായ ബലവാനേ! പരിശുദ്ധനായ മൃത്യുവിഹീനനേ! ഞങ്ങളുടെമേൽ കനിയേണമെ.

അനാദിതൊട്ട് എന്നേയ്ക്കും അപ്രകാരമായിരിക്കട്ടെ.

കാ. പരിശുദ്ധനായ ദൈവമേ!

സ. പരിശുദ്ധനായ ബലവാനേ!

കാ. പരിശുദ്ധനായ മൃത്യുവിഹീനനേ!

സ. ഞങ്ങളുടെമേൽ കനിയേണമെ.

## ii. എംങ്ഗത്താ

എംങ്ഗർത്താ എന്ന സുറിയാനി പദത്തിന്റെ അൎത്ഥം ലേഖനമെന്നത്രേ. ന. കർബാനയിൽ ഈ പദം ശ്ലീഹന്മാരുടെ ലേഖനങ്ങളെ ഉദ്ദേശിച്ചാണു് ഉപയോഗിച്ചിരിക്കുന്നതു്. വിശ്വാസവും സന്മാൎഗ്ഗവും സദാചാരങ്ങളും സംബന്ധിച്ചു് ക്രിസ്തുവിന്റെ അനുയായികൾ അവശ്യം അറിഞ്ഞിരിക്കേണ്ട പല വിഷയങ്ങളേയും പുരസ്കരിച്ചു് എഴുതപ്പെട്ടിട്ടുള്ളവയാണിവ. സുവിശേഷങ്ങളോടൊപ്പം ഇവയിന്നു് പുതിയനിയമഗ്രന്ഥസമുച്ചയത്തിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. മ്ശീഹായെ അനുകരിച്ചു് ധൎമ്മജീവിതം നയിക്കുവാനാഗ്രഹിക്കുന്നവൎക്കു് ഇവ വളരെ പ്രയോജനകരങ്ങളത്രേ.

പുണ്യശ്ലോകന്മാരായ അപ്പോസ്തലന്മാരിൽനിന്നു് ലേഖനം ലഭിക്കുവാൻ ഭാഗ്യം വരിച്ച പുരാതന പള്ളികൾ അപ്പോസ്തലന്മാർ ജീവിച്ചിരിക്കയിൽതന്നെ അവയെ പഴയനിയമഗ്രന്ഥങ്ങളോടൊപ്പം അദ്ധ്യയനകർബാനയിൽ വായിച്ചുതുടങ്ങിയിരുന്നു. അവയുടെ മാധുകമാധുരികൊണ്ടും അപ്പോസ്തലന്മാരുടെ നേൎക്കുള്ള അനന്യസാധാരണമായ ബഹുമാനംകൊണ്ടും അധികകാലവിളംബമെന്യേ ഇതരപള്ളികളും അവയെ അവരുടെ "വായന"കളുടെ ഗണത്തിൽപെടുത്തുകയുണ്ടായി. എന്നല്ല, ക്രമേണ ശ്ലീഹന്മാരുടെ ലേഖനങ്ങളിൽ പ്രധാനങ്ങളെല്ലാം ആണ്ടുവട്ടത്തിൽ ഒരിക്കലെങ്കിലും ഉപയോഗിക്കാത്ത സഭകളില്ലെന്നുതന്നെയായി. അപ്പോസ്തലന്മാർ ദിവ്യഗുരുവിന്റെ ദൃക്സാക്ഷികളും അവിടത്തെ ദിവ്യവചനത്തിന്റെ ശുശ്രൂഷികളും ആയിരുന്നതുകൊണ്ടു് പ്രവാചകന്മാരുടെ അറിയിപ്പുകളായ പഴയനിയമപുസ്തകങ്ങൾ വിട്ടിട്ടുപോലും ഇതിനെ ഇന്നു് നമ്മുടെ കുർബാനകളിൽ അനുപേക്ഷണീയമായ ഒന്നാക്കിയിരിക്കയാണു്. ആരംഭം മുതൽക്കേ താദൃശോപയോഗത്തിൽ വി. പൌലോസിന്റേതിനത്രേ അദ്വിതീയ സ്ഥാനം.

എവംങ്ഗേലിയോനു മുമ്പുള്ള ഈ എംങ്ഗത്താവായന കൎത്താവിന്റെ സുവിശേഷ അറിയിപ്പിനു് വഴിയൊരുക്കിക്കൊണ്ടു് വി. യോഹന്നാൻമാംദാന മരുഭൂമിയിൽ പ്രസംഗിച്ചതിനെ സദൃശീകരിക്കുന്നു. എല്ലാ റീത്തുകളിലും പ്രത്യേകങ്ങളായ പല ശുശ്രൂഷകളോടെയാണിതു് നിൎവ്വഹിക്കുക. നമ്മുടെ ക്രമത്തിൽ അദ്ധ്യയനകുർബാനയുടെ ഇതര ഭാഗങ്ങളേപ്പോ

ലെ ഇതും ഒരു പ്രാരംഭസ്ലോസായോടെ സമാരംഭിക്കുന്നു. ആകയാൽ ക്രമ പാലകൻ അറിയിക്കും.

ക്രു. നമുക്ക് പ്രാത്ഥിക്കാം; അടക്കമായിരിപ്പിൻ.

നമ്മുടെ കർബാനയിലും മാററമുള്ള ചുരുക്കം ചിലതുകളിൽപെട്ട കുന്നാണു് എംങ്ക്ഗത്തായുടെ സ്ലോസാ. ഞായറാഴ്ചകളിലും തിരുനാളുകളിലും ഇങ്ങനെ പ്രാത്ഥിക്കും.

കാ. ഞങ്ങളുടെ കത്താവേ! ഞങ്ങളുടെ ദൈവമേ! ജീവപ്രദങ്ങളും ദിവ്യങ്ങളുമായ അവിടത്തെ പ്രമാണങ്ങളുടെ മധുരനാദം ശ്രവിക്കുവാനും ഗ്രഹിക്കുവാനും ആകുമാറു് ഞങ്ങളുടെ വിചാരേന്ദ്രിയങ്ങളെ പ്രകാശിപ്പിക്കേണമെ. അവിടത്തെ കൃപയും അനുഗ്രഹവും ഉണ്ടായി, ആത്മശരീരോപകാരികളായ ഉപവിയുടെയും ശരണത്തിൻെറയും രക്ഷയുടെയും ഫലങ്ങൾ അവയിൽനിന്നു് പ്രാപിക്കുവാനും അങ്ങേയ്ക്കു അനന്തസ്തുതി അനുസ്യൂതം എന്നേരവും പാടുവാനും ഞങ്ങൾക്കിടയാകേണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സവ്വേശ്വരൻ എന്നേക്കും (ആയിരിക്കട്ടെ).

സാധാരണ ദിവസങ്ങളോ മരിച്ചവക്കുവേണ്ടിയുള്ള കർബ്ബാനയോ എങ്കിൽ താഴെവരുന്ന സ്ലോസായായിരിക്കും ചൊല്ലുക.

കാ. തൻെറ ജനത്തെ വിവേകത്തികവോടെ ഭരിക്കുകയും വിസ്മയകരമാംവിധം പരിപാലിക്കുകയും ചെയ്യുന്നവനേ! ദയാവായ്പോടെ സവ്വസഹായവും സൌഭാഗ്യവും പ്രവഹിപ്പിക്കുന്ന മഹാ ഭണ്ഡാരമേ! അവിടന്നെപ്പോഴും ചെയ്യുമാറായിരിക്കുന്നവണ്ണം ഞങ്ങളെ തൃക്കൺപാത്തു് ഞങ്ങൾക്കു മാപ്പുതന്നനുഗ്രഹിക്കേണമെയെന്നു് ഞങ്ങളപേക്ഷിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സവ്വേശ്വരൻ എന്നേക്കും (ആയിരിക്കട്ടെ).

സ. ആമേൻ.

സ്ലോസാ കഴിയുമ്പോഠം പൂവ്വാധികം നിശ്ശബ്ദരായി വായിക്കപ്പെടുന്നതു് ശ്രദ്ധിക്കുവാൻ ക്രമപാലകൻ സമൂഹത്തോടു് ഒരിക്കൽകൂടി ഓപ്പിക്കും.

ക്രു. അടക്കമായിരിക്കുവിൻ.

വായനക്കാരൻ പ്രതിനിധീകരിക്കുന്ന വി. യോഹന്നാൻമാംദാനാ പ്രവാചകമുഖ്യനായിരുന്നതുകൊണ്ടു് ദേവാലയശുശ്രൂഷകരിൽ മുഖ്യനായ

ആറാംപട്ടക്കാരൻതന്നെ എംങ്ങ്ഗത്താ വായിക്കണമെന്നാണ് പൌരസ്ത്യ സുറിയാനിസഭയിലെ നിയമം. (1) അയാറം കാർമ്മികന്റെ ആശീസ്സോടെ സ്വകൃത്യനിർവ്വഹണം ആരംഭിക്കണമെന്നതും ആ സഭയിലെ പാരമ്പര്യമാണ്. പക്ഷെ വായനക്കാരന്റെ ഈ ആശീർവ്വാദാഭ്യർത്ഥനയ്ക്ക് നമ്മുടെ കുർബാനയിൽ കാർമ്മികൻ ആശീർവ്വാദമൊന്നും നൽകാറില്ലായെന്നു മാത്രമല്ല ഉത്തരിക്കപോലും ഇന്നു് ചെയ്യാറില്ല. അഭ്യർത്ഥന സമൂഹത്തോടായിരുന്നാൽ എന്ന കണക്കു് സമൂഹം അഥവാ അതിനെ പ്രതിനിധീകരിച്ചുകൊണ്ടു് സഹായിമാത്രം പ്രതിവചിക്കും.

**വാ.** (2) സഹോദരരേ (ഇന്നാരുടെ) ലേഖനം (ഇന്നാക്കുള്ളതു് വായിക്കുവാൻ പോകുന്നു.)

നാഥാ! ആശീർവ്വദിച്ചാലും.

**സ.** മ്ശിഹാ താങ്കളെ ആശീർവ്വദിക്കട്ടെ.

അനന്തരം വായനക്കാരൻ വായന തുടങ്ങും. അപ്പോസ്തലന്മാരുടെ സുവർണ്ണവചസ്സുകറം ആസ്വദിക്കുവാൻ നമുക്കു് അവസരം നൽകിയതു് മ്ശീഹാത്തമ്പുരാനാകയാൽ വായന പൂർത്തിയാകുമ്പോറം കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ സമൂഹം അവിടത്തേയ്ക്കു് നന്ദി പ്രകടിപ്പിക്കുകയും ചെയ്യും.

**വാ.** നിങ്ങൾ .........

**സ.** ന. ക. ഈശോമ്ശിഹായ്ക്കു് സ്തുതി (ഉണ്ടായിരിക്കട്ടെ).

## iii. ഏവംങ്ങ്ഗേലിയോൻ

കുർബാനയിലെ വായനകളിൽ അവസാനത്തേതും എന്നാൽ പ്രാധാന്യത്തിൽ ഒന്നാമത്തേതും ഏവംങ്ങ്ഗേലിയോനാണ്. മനുഷ്യരെ സ്വർഗ്ഗത്തിലേക്കാനയിക്കുവാൻ ലോകൈകഗുരു നൽകിയിട്ടുള്ള ദിവ്യോപദേശങ്ങളുടെ ഭണ്ഡാരമാണിതു്. ഈ ദിവ്യോപദേശങ്ങളെ അവിടത്തെ വിദൂരസാക്ഷികളായ പ്രവാചകന്മാരിൽനിന്നു് ആദ്യം നാം കേറംക്കുന്നു. പിന്നെ അവിടത്തെ ദൃക്സാക്ഷികളായിരുന്ന അപ്പോസ്തലന്മാർ നമ്മോടു അറിയി

---

(1) തനികുർബാനകളിൽ കാർമ്മികൻതന്നെ എംങ്ങ്ഗത്താ വായിക്കുന്നതും തവസ്സകുർബാനകളിൽ അഞ്ചാം പട്ടക്കാരനെ ആ ചുമതലയേല്പിക്കുന്നതും അടുത്ത കാലങ്ങളിലെ പരിഷ്ക്കാരങ്ങളാണ്.

(2) വാ=വായനക്കാരൻ.

ക്കുന്നു. കൂടുവിൽ സുവിശേഷംവഴി അവിടുന്നുതന്നെ നമ്മെ കേൾപ്പിക്കുന്നു. അങ്ങനെ പഴയനിയമങ്ങളുടെ എല്ലാം പൂർത്തീകരണം പുതിയനിയമത്തിലായിരുന്നപ്രകാരം, പഴയനിയമത്തോടെ തുടങ്ങുന്ന വായനക്രമം പുതിയനിയമത്തോടെ പൂർണ്ണമാക്കപ്പെടുന്നു.

ഇതര പല റീത്തുകളെ അപേക്ഷിച്ച് ബഹുവിധ ശുശ്രൂഷകളോടെ കൂടുതൽ ആഘോഷമായിട്ടാണ് നമ്മുടെ ക്രമത്തിൽ ഏവംഗേലിയോൻ വായിക്കുക. നമ്മുടെ ശുശ്രൂഷകളിൽ പ്രധാനങ്ങൾ താഴെപ്പറയുന്നവയത്രേ.

## a) സ്ലോസാ

നമ്മുടെ കുർബാനയിൽ ഏവംഗേലിയോൻ വായനയ്ക്കുമുമ്പ് "ലാക്‌മാറാ" എന്നു തുടങ്ങുന്ന ഒരു പ്രാർത്ഥന കാർമ്മികൻ രഹസ്യത്തിൽചൊല്ലി സുവിശേഷ-വെളിച്ചത്താൽ നമ്മുടെ ബോധാന്ധകാരത്തെ പ്രകാശിപ്പിച്ച മ്ശിഹായെ സ്തുതിക്കും. പക്ഷേ സ്ലോസാകൾക്ക് സാധാരണങ്ങളായ പ്രത്യേകതകൾ പലതും ഇതിന്റെ നിർവ്വഹണത്തിൽ അവഗണിക്കപ്പെട്ടു കാണുന്നതുകൊണ്ട്, ഇത് ഒരു സ്ലോസാതന്നെയോ എന്ന് സംശയിക്കപ്പെടാതിരിക്കുന്നില്ല.

**കാ. പിതാവിന്റെ പ്രതാപദീപ്തിയേ! അവിടുത്തെ വ്യക്തിത്വത്തിന്റെ പ്രതിബിംബമേ! ഞങ്ങളുടെ മർത്ത്യശരീരത്തിൽ പ്രത്യക്ഷമാവുകയും സുവിശേഷവെളിച്ചത്താൽ ഞങ്ങളുടെ ബോധാന്ധകാരത്തെ പ്രകാശിപ്പിക്കുകയും ചെയ്ത അങ്ങയേ, ഞങ്ങൾ എന്നേരവും എന്നേക്കും സ്തുതിക്കുകയും ആരാധിക്കുകയും മഹത്വീകരിക്കുകയും ചെയ്യുന്നു.**

## b) ഏവംഗേലിയോന്റെ എഴുന്നള്ളിപ്പ്

പൂർവ്വകാലത്തു ഏവംഗേലിയോൻ സാഡംബരം എഴുന്നള്ളിച്ചാണ് വായനസ്ഥലത്തേയ്ക്ക് കൊണ്ടുപോയിരുന്നത്. ഈ എഴുന്നള്ളിപ്പിന് ഏവംഗേലിയോന്റെ പ്രവേശം അഥവാ എഴുന്നള്ളിപ്പ് (Ingressus Evangelii) ചെറിയ എഴുന്നള്ളിപ്പ് (Ingressus Minor) എന്നെല്ലാം പേർ പറയും. വി. യോഹന്നാൻമാംദാനായുടെ മരുഭൂമിയിലെ അനുതാപത്തിനുള്ള ആഹ്വാനാനന്തരം ദിവ്യനാഥൻ സുവിശേഷ അറിയിപ്പിന് പുറപ്പെടുന്നതാണ് ഈ എഴുന്നള്ളിപ്പാൽ അനുസ്മരിക്കുക. നമ്മുടെ തനി കുർബാനകളിൽ ഏവംഗേലിയോൻ പുസ്തകം അൾത്താരയുടെ ഇടത്തേക്കൊമ്പിൽനിന്ന് വലത്തേതിലേക്ക് മാററിക്കൊണ്ട് ഈ എഴുന്നള്ളിപ്പിന്റെ ചടങ്ങുകൾ ലഘൂകരിക്കുന്നു.

c) പ്രത്യേക അറിയിപ്പ്

ഏവംഗേലിയോൻ വായന തുടങ്ങുന്നതിനുമുമ്പ് സമൂഹത്തിന്റെ ശ്രദ്ധയെ അതിലേക്കാകർഷിക്കുവാൻവേണ്ടി ക്രമപാലകൻ "വി. ഏവംഗേലിയോൻ ശ്രവിക്കുവാൻ ശ്രദ്ധാലുക്കളായി എഴുന്നേറ്റാലും" എന്നു പ്രത്യേകമായി അറിയിക്കാറുണ്ട്. പക്ഷേ കുർബാനകളിൽ ഈ അറിയിപ്പ് സഹായി പുസ്തകം ഇടത്തേക്കൊമ്പിൽനിന്നു വലത്തേതിലേക്കു മാറുകയിൽ താഴെവരുന്നപ്രകാരംമാത്രം അറിയിച്ചുകൊണ്ടു സംക്ഷേപിക്കും.

ക്രു. മിണ്ടാതെ അടങ്ങിയിരിപ്പിൻ.

d) പ്രകാശാഭ്യർത്ഥന

മ്ശിഹാതമ്പുരാന്റെ ഉപദേശങ്ങൾ അവയെ ശരിയായി മനസ്സിലാക്കുന്നവർക്കു രക്ഷാമാർഗ്ഗമാണ്; ദിവ്യവെളിച്ചമാണ്; ജീവൻതന്നെയുമാണ്. (വി. യോഹ. xvi-6.) പക്ഷേ അതിനെ ശരിയായി ഗ്രഹിക്കാത്തതുനിമിത്തം അനേകർ അതിന്മേൽ ഉതച്ചു നിത്യനാശത്തിൽ നിപതിക്കുന്നതിനും അതു കാരണമായിട്ടുണ്ട്. ആകയാൽ അതു വായിച്ചുകേൾപ്പിക്കുവാനും വ്യാഖ്യാനിക്കുവാനും തുടങ്ങുന്നതിനുമുമ്പ് വായനക്കാരൻ ബലിപീഠത്തിന്റെ മധ്യത്തിങ്കലേക്കു നീങ്ങി അല്പം കുനിഞ്ഞുനിന്നുകൊണ്ടു ബോധതെളിവിനായി ഇപ്രകാരം പ്രാർത്ഥിക്കും.

കാ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ നിത്യസർവ്വേശ്വരാ! ഞങ്ങൾ എപ്പോഴും അവിടത്തെ വചനങ്ങൾ അനുസരിക്കുന്നവരും കല്പനകൾ കാക്കുന്നവരും ആകുവാൻവേണ്ടി അവിടത്തെ പ്രമാണങ്ങളിൽ ഞങ്ങളെ വിജ്ഞന്മാരാക്കേണമെ. അങ്ങയെ കുറിച്ചുള്ള അറിവുകൊണ്ടു ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കേണമെ. അങ്ങയുടെ സത്യത്താൽ ഞങ്ങളുടെ ആത്മാവുകളെ വിശുദ്ധീകരിക്കേണമെ.

e) സമാധാനാശംസ

ദിവ്യനാഥൻ അവിടത്തെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടിരുന്നപ്പോഴൊക്കെയും അവർക്കു സമാധാനം ആശംസിച്ചിരുന്നതായി നടപടിപ്പുസ്തകത്തിൽക്കാണാം. കുർബാനയിൽ അങ്ങയെ പ്രതിനിധീകരിക്കുന്ന കാർമ്മികനും, തദനുസരണം, വിശുദ്ധ ബലിയിൽ സംബന്ധിക്കുന്ന വിശ്വാസികൾക്കു അഭിമുഖനാകുമ്പോഴൊക്കെയും അവർക്കു സമാധാനം ആശംസിക്കാറുണ്ട്. പള്ളിക്രമത്തിൽ ഇതിനു സമാധാനാശംസ—ശ്ലാമ്മാ—എന്നു പേർ പറയുന്നു. ഏവംഗേലിയോൻ വായിച്ചുകേൾപ്പിക്കുവാൻ കാർമ്മികൻ വിശ്വാസികളുടെനേരെ തിരിയുമ്പോഴാണു നമ്മുടെ കുർബാനയിൽ ആദ്യം "ശ്ലാമ്മാ" കൊടുക്കുക. എംങ്ഗത്താ വായന കഴിഞ്ഞു ബലിപീഠ

ത്തിൻെറ മധ്യത്തിങ്കലേക്കവന്നു പ്രകാശലബ്ധിക്കായി പ്രാൎത്ഥിച്ചശേഷം കുനിഞ്ഞ് പീഠത്തെ ചുംബിച്ചിട്ട് സമൂഹത്തിൻെറ നേരെതിരിഞ്ഞ് അവരുടെമേൽ കുരിശടയാളം വരച്ചുകൊണ്ടുമത്രേ കാൎമ്മികൻ അവൎക്ക് സമാധാനം ആശംസിക്കുന്നതു്. സമൂഹമാകട്ടെ സവിനയം തല കുനിച്ചുകൊണ്ടും തങ്ങളുടെമേൽ കുരിശു് അടയാളപ്പെടുത്തിക്കൊണ്ടും അഭിവാദ്യം സ്വീകരിക്കുന്നതായി പ്രദൎശിപ്പിക്കുകയും കാൎമ്മികനു് പ്രത്യഭിവാദനം ചെയ്യുകയും ചെയ്യും.

**കാ.** നിങ്ങൾക്ക് സമാധാനം (ഉണ്ടായിരിക്കട്ടെ).

**സ.** അപ്രകാരംതന്നെ താങ്കൾക്കും താങ്കളുടെ (പൌരോഹിത്യ) അരൂപിക്കും (ഉണ്ടായിരിക്കട്ടെ.)

f) വായന

പൌരസ്ത്യസുറിയാനി ക്രമംഅനുസരിച്ചു് ദിവ്യഗുരുവിൻെറ ദിവ്യോപദേശങ്ങൾ അവിടത്തെ പ്രതിനിധീകരിക്കുന്ന കാൎമ്മികൻതന്നെവേണം വായിക്കുവാൻ; (1) വിശ്വാസികളുടെ നേരെ തിരിഞ്ഞുനിന്നുകൊണ്ടും ആയിരിക്കണം അതു് നിൎവ്വഹിക്കുന്നതു്. നമ്മുടെ തനിക്കുർബാനകളിൽ കാൎമ്മികൻ ഏവംഗേലിയോൻ അൾത്താരയുടെ വലത്തെ കൊമ്പിൽവച്ചു വായിക്കുമ്പോൾ, ഇടത്തോട്ടുംല്ലും ചരിഞ്ഞുനില്ക്കുന്നതു് സമൂഹത്തിൻെറ നേരെ വേണ്ടതായ തിരിവിൻെറ ലഘൂകരണമാണു്. കാൎമ്മികൻ ഇപ്രകാരമാണു് വായന ശ്രവിക്കുവാൻ സമൂഹത്തെ ക്ഷണിക്കുക.

**കാ.** ന. ക. ഈശോമ്ശിഹായുടെ സുവിശേഷം (ഇന്നാരുടെ) അറിയിപ്പ്.

അനന്തരം, സുവിശേഷോപദേശം കുരിശിൻെറ ഉപദേശമെന്നു് സാക്ഷീകരിക്കുമാറു് ആദ്യം ഏവംഗേലിയോൻ പുസ്തകത്തിന്മേലും പിന്നെ തൻെറ നെററിമേലും അധരങ്ങളിന്മേലും നെഞ്ചിന്മേലും കുരിശു് അടയാളപ്പെടുത്തും.

സുവിശേഷ ശ്രവണത്തിനുള്ള കാൎമ്മികൻെറ ഈ ആഹ്വാനം കേൾക്കുന്ന മാത്രയിൽ, സമൂഹം മുഴവനും ഏവംഗേലിയോൻെറ നേൎക്കുള്ള ബഹുമാനസൂചകമായും അതിലെ ഉപദേശാനുസരണം പ്രവൎത്തിക്കുവാനുള്ള സന്നദ്ധതയുടെ പ്രകടനമായും എഴുന്നേററുനില്ക്കും. മാത്രമല്ല വായനക്കാരനെ അനുകരിച്ചു് തങ്ങളുടെ നെററിമേലും അധരങ്ങളിന്മേലും നെഞ്ചിന്മേലും കുരിശടയാളപ്പെടുത്തി കുരിശിൻെറ സുവിശേഷോപദേശങ്ങളെ

---

(1) തവസ്സുകുർബാനയിൽ ആറാംപട്ടക്കാരനു് ഏവങ്ഗേലിയോൻ വായന നൽകുന്ന രീതി പാശ്ചാത്യാനുകരണമാണു്.

സ്വീകരിക്കുന്നതായി സാക്ഷീകരിക്കയും ആ രക്ഷാകര ഉപദേശങ്ങളെ തങ്ങൾക്കുതന്ന ദിവ്യഗുരുവിനു് നന്ദിനിറഞ്ഞ ഹൃദയത്തോടെ താഴെ വരുന്ന വാക്കുകളിൽ കൃതജ്ഞത പ്രദർശിപ്പിക്കുകയും ചെയ്യും.

**സ.** നമ്മുടെ കർത്താവായ മ്ശിഹായ്ക്കു് സ്തുതി (ഉണ്ടായിരിക്കട്ടെ).

പിന്നെ വായന തുടങ്ങുവാൻ അനുവാദത്തിനെന്നോണം വായനക്കാരൻ ആദരപൂർവ്വം ഇപ്രകാരം അഭ്യർത്ഥിയ്ക്കും. (1)

**വാ.** നാഥാ, ആശീർവ്വദിക്കേണമെ.

പക്ഷേ, വിശ്വാസികൾ വായനക്കാരനെ ആശീർവ്വദിക്കുവാൻ അധികാരം നൽകപ്പെട്ടവരല്ലാത്തതുകൊണ്ടു് പാരമ്പര്യാനുസരണം മ്ശിഹായോടു് അദ്ദേഹത്തിനുവേണ്ടി അപേക്ഷിക്കമാത്രം ചെയ്യും.

**സ.** മ്ശിഹാ താങ്കളെ ആശീർവ്വദിച്ചരുളട്ടെ.

## g) ധൂമാർപ്പണം

ഏവംങ്ങ്ഗേലിയോൻ വായനയ്ക്കു് പ്രാരംഭമായി ഏവംങ്ങ്ഗേലിയോൻ പുസ്തകത്തെ ധൂമിക്കുക പണ്ടു് എല്ലാ കർബാനകളിലും പതിവുണ്ടായിരുന്നു. എന്നാൽ ഇന്നതു് റാസ, പാട്ടുകർബാന തുടങ്ങിയ ആഘോഷാർപ്പണങ്ങളിലേ നിലനില്ക്കുന്നുള്ളു. ആകയാൽ രഹസ്യക്കർബാനകളിൽ ആശീർവ്വാദാഭ്യർത്ഥനയ്ക്കു് സമൂഹം പ്രതിവചിച്ചുകഴിയുന്നയുടനെ വായന തുടങ്ങുന്നു.

## h) സമാപകപ്രാർത്ഥന

വായന അവസാനിക്കുമ്പോൾ കാർമ്മികൻ വായിക്കപ്പെട്ട സുവിശേഷഭാഗത്തിന്മേൽ സ്നേഹപൂർവ്വം ചുംബിച്ചുകൊണ്ടും താഴെവരുംവിധം പ്രാർത്ഥിച്ചുകൊണ്ടും അതിനെ നമുക്കുതന്ന ദൈവത്തിനു് ഒരിക്കൽകൂടി നന്ദി പ്രദർശിപ്പിക്കും.

**കാ.** ലോകത്തിൻെറ വെളിച്ചവും സകലത്തിൻെറയും ജീവനുമായ മ്ശിഹായേ! അങ്ങയെ ഞങ്ങളുടെ പക്കലേയ്ക്കയച്ച അനന്ത കാരുണ്യത്തിന്ന് എന്നേയ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ.

---

(1) ഈ ആശീർവ്വാദാപേക്ഷ സമയലാഭത്തെ ലാക്കാക്കിയായിരിക്കാം ധൂമാർപ്പണനേരത്താണു് ഇപ്പോൾ സാധാരണ ചെയ്യുന്നതു്.

അദ്ദേഹത്തോടൊപ്പം സമൂഹവും നമ്മുടെ കർത്താവിന്‌ താഴെവരുന്ന വാക്കുകളിൽ കൃതജ്ഞത പ്രകടിപ്പിക്കും.

**സ. നമ്മുടെ കർത്താവായ മ്ശീഹായ്ക്ക് സ്തുതി (ഉണ്ടായിരിക്കട്ടെ.)**

## i) പ്രസംഗം

സ്നാനാർത്ഥികളുടെ കർബാനയിലെ പ്രസംഗത്തിന്റെയും ഉപദേശത്തിന്റെയുമൊക്കെ ഉത്ഭവം അതിലെ ഇതര കർമ്മങ്ങളുടേതുപോലെ യൂദന്മാരുടെ സിനഗോഗിൽനിന്നാണെന്ന്‌ നേരത്തെ കണ്ടല്ലോ. അത്താഴക്രമത്തിന്‌ വിശ്വാസികളെ തയ്യാറാക്കുവാൻ, വായനകളോടൊപ്പമെന്നല്ല അതിലും കൂടുതൽ, അവശ്യമായ ഒന്നാണ്‌ പ്രസംഗം. വേദപുസ്തകഭാഗങ്ങൾ വായിച്ചുകേൾപ്പിച്ച്‌ സമൂഹത്തിന്റെ വിശ്വാസവും ഭക്തിചൈതന്യവും വർദ്ധിപ്പിക്കുവാൻ കാർമ്മികൻ കടപ്പെട്ടിരിക്കുന്നപ്രകാരംതന്നെ അതിന്റെ സാരം മനസ്സിലാകാത്തവർക്ക്‌ മനസ്സിലാക്കിക്കൊടുക്കുവാനും അദ്ദേഹം ചുമതലപ്പെടുന്നു. വിശ്വാസികളും ഇതേവിധം, വായിക്കപ്പെടുന്നതു്‌ ശ്രവിക്കുവാൻ നിർബന്ധിതരായിക്കുന്നപോലെതന്നെ അതിന്റെ വ്യാഖ്യാനം കേൾക്കുവാനും ബാധ്യസ്ഥരത്രേ. അജ്ഞാനത്തിൽനിന്ന്‌ മാനസാന്തരപ്പെട്ടുവന്നിരുന്ന ആദ്യക്രിസ്ത്യാനികൾ, മ്ശീഹായേയും അവിടത്തെ അത്ഭുതചെയ്തികളെയുംപററി അറിഞ്ഞിരുന്നതും, വി. പൌലോസിന്റെ വേദാന്തങ്ങളേയും പഴയനിയമ ചരിത്രങ്ങളേയുമൊക്കെ മനസ്സിലാക്കിയിരുന്നതും, പ്രഥമമായും പ്രധാനമായും പ്രവേശനാർത്ഥികളുടെ കർബാനയിലെ കീർത്തനങ്ങളും, വായനകളും, അവയെ വ്യാഖ്യാനിച്ചുകൊണ്ടു്‌ അവരുടെ ആദ്ധ്യാത്മിക ഇടയന്മാർ പറഞ്ഞിരുന്ന പ്രസംഗങ്ങളും വഴിയായിട്ടായിരുന്നു.

# II. വിശ്വാസികളുടെ കർബാന

കീർത്തനങ്ങളും വായനകളും ഉപദേശങ്ങളുമൊക്കെ ചേർന്ന അദ്ധ്യയനഭാഗം അവസാനിക്കുമ്പോഴാണ് വിശ്വാസികൾക്കു മാത്രമുള്ള വി. അത്താഴക്രമബലി ആരംഭിക്കുന്നു. ഇതാണ് സാക്ഷാൽ കർബാന. മ്ശിഹാതമ്പുരാൻ പെസഹാ അത്താഴത്തിൽ ആദ്യം അർപ്പിച്ചതും വലിയ ദുഃഖവെള്ളിയാഴ്ച രക്തച്ചൊരിച്ചിലിലും കുരിശുമരണത്തിലും പൂർത്തിയാക്കിയതുമായ മഹോന്നതബലിയുടെ ആവർത്തനം.

അത്താഴശാലയിലേയും ഗാഗുൽത്തായിലേയും അൾത്താരയിലേയും ബലികൾ മൂന്നും കാതലിൽ ഒന്നുതന്നെ. മൂന്നിലും അർപ്പകൻ മ്ശിഹാ; അർപ്പിക്കപ്പെടുന്നതും മ്ശിഹാ; അർപ്പണവിധത്തിലേ മൂന്നും തമ്മിൽ അന്തരമുള്ളു. അത്താഴശാലയിലും കുരിശിലും പുരോഹിതസഹായം കൂടാതെ അവിടന്നു സ്വയം അർപ്പിച്ചു. അൾത്താരയിലാകട്ടെ താൻ നഗ്നമായ കണ്ണുകൾക്ക് അപ്രത്യക്ഷനായിക്കൊണ്ട്, അതിനായി പ്രത്യേകം അഭിഷിക്തരായിട്ടുള്ള, പുരോഹിതരുടെ കരങ്ങളാൽ അർപ്പിക്കപ്പെടുന്നു. പക്ഷ പ്രഥമനും പ്രധാനനുമായ അർപ്പകൻ അവിടെയും അദൃശ്യനായ മ്ശിഹാതന്നെ.

ഗാഗുൽത്തായിൽ മനുഷ്യദൈവമായ മ്ശിഹാ മനുഷ്യരൂപത്തിൽതന്നെ ബലിയിടപ്പെട്ടു. ത്രോണോസിലാകട്ടെ അപ്പവും വീഞ്ഞുമത്രേ ബലിയിടപ്പെടുന്നതായി നാം കാണുക. പക്ഷേ ദിവ്യമായൊരു രഹസ്യം, ഏറ്റം വലിയൊരത്ഭുതം അവയിൽ അപ്പോൾ സംഭവിക്കുന്നുണ്ട്. അതായത്, കാർമ്മികനായ പുരോഹിതൻ അരുളുന്ന കൂദാശവാക്യങ്ങളുടെ ശക്തിയാൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിലേക്ക് മ്ശിഹാ അദൃശ്യനായി ഇറങ്ങുന്നു. നമ്മുടെ ഐന്ദ്രിയശക്തികൾകൊണ്ട് അപ്പവും വീഞ്ഞുമേ നാം ദർശിക്കുന്നുള്ളവെങ്കിലും മ്ശിഹാ അവയിൽ സന്നിധികൊള്ളുന്നു; അവയുടെ സാദൃശ്യങ്ങളിൽ ബലിയിടപ്പെടുകയും ചെയ്യുന്നു. സ്രഷ്ടകശക്തിയുള്ള അങ്ങയുടെ വാക്കുകളാൽ അത്താഴശാലയിൽ നടന്നതും ഇതുതന്നെയായിരുന്നു.

കുരിശിൽ, ദൃശ്യമായിരുന്ന മ്ശിഹാതമ്പുരാൻെറ മനുഷ്യസ്വഭാവം പാടുപെടുന്നതിനും മരിക്കുന്നതിനും പ്രാപ്തമായിരുന്നു. ആകയാൽ കാണത്തക്ക രക്തച്ചിന്തലിൻെറയും സാക്ഷാൽ മരണത്തിൻെറയും ഒരു ബലിയായിരുന്നു അവിടത്തേതു്. പക്ഷേ ഇപ്പോൾ താൻ മഹത്വപ്പെട്ടവനായും മരണമററവനായും പിതാവിൻെറ വലത്തുവശത്തു് ഇരിക്കുന്നു; പീഡകൾക്കും സഹനത്തിനും അതീതനാണ്. ആകയാൽ അർപ്പിക്കപ്പെടുവാനായി കർബാനയിൽ ത്രോണോസിലേക്കിറങ്ങിയാലും ദൃശ്യമായി മരിക്കുകയോ സഹിക്കുകയോ ചെയ്യുന്നില്ല. എന്നിരുന്നാലും, മ്ശിഹായുടെ പീഡാനുഭവത്തിൻെറയും മരണത്തിൻെറയും വെറുമൊരു ഓർമ്മകൊണ്ടാടൽ മാത്രമല്ല അൾത്താരയിലെ കർബാന. അദൃശ്യനായി, കൂദാശയ്ക്കടുത്തവിധത്തിൽ അവിടന്നു അവിടെ സഹിക്കുന്നു, മരിക്കുന്നു, സമർപ്പിക്കപ്പെടുന്നു.

ഫലസമ്പാദന വിതരണ വിധങ്ങളിലും കാൽവരിയിലെ ബലിയുമായി ത്രൊണോസിലെ ബലിയ്ക്കു് വലിയ ബന്ധമുണ്ടു്. കാൽവരിയിലെ ക്രൂശിതബലിയാൽ ഒരിക്കൽ എന്നേക്കമായി അളവില്ലാത്ത യോഗ്യതാസമ്പത്തു് മ്ശിഹാ നേടി; മാറ വാക്കകളിൽ ഗാഗുൽത്തായിലെ ബലിമുതൽ യോഗ്യതാപ്രവാഹം അതിരററ ഒഴുക്കുകയാണു്. അതിനെ നാമോരോരുത്തരുടെയും ആത്മാവിനു് അനുഭവയോഗ്യമാക്കുന്നതു് ത്രൊണോസിലെ കർബാനയാകുന്ന ചാലുകഠം വഴിയത്രേ.

ത്രൊണോസിലെ ബലിരൂപമെടുത്തിട്ടുള്ളതു്, അത്താഴശാലയിലെ, ദിവ്യാപ്പണത്തിൽനിന്നാണു്. "എൻെറ ഓമ്മയ്ക്കായി നിങ്ങളിതു് ചെയ്യിൻ" എന്നു് ദിവ്യനാഥൻ അത്താഴശാലയിലെ കർബാനവേളയിൽ കല്പിച്ചതിനനുസരണം തിരുസ്സഭ അതു് ത്രൊണോസിൽ ആവത്തിക്കുന്നതാണു് കർബാന, എന്നാണല്ലോ നാം മുകളിൽ കണ്ടതു്. അത്താഴശാലയിൽ അപ്പിക്കപ്പെട്ട ആദ്യകർബാന പെസഹാ അത്താഴക്രമത്തിലായിരുന്നു. ആകയാൽ അതിൻെറ ആവത്തനമായ ത്രൊണോസിലെ കർബാനയും പെസഹാ അത്താഴക്രമത്തിലായി.

ദിവ്യരക്ഷകൻ പെസഹാബലിയിൽ മൂന്നു സംഗതികഠം പ്രധാനമായി പ്രവത്തിച്ചു. അപ്പവും വീഞ്ഞും എടുത്തു കാഴ്ചവച്ചു; പവിത്രീകരിച്ചു; അനുഭവിച്ചു; അതുകൊണ്ടു് അതിൻെറ ആവത്തനമായ ത്രൊണോസിലെ ബലിയിലേയും പ്രധാന ഭാഗങ്ങഠം, സജ്ജീകരണങ്ങളും സമാപനവും ഒഴിച്ചാൽ, കാഴ്ചവയ്പു്, വിശുദ്ധീകരണം, പങ്കുകൊള്ളൽ എന്നു് മൂന്നാണു്.

## i. അത്താഴക്കർബാനയ്ക്കുള്ള സജ്ജീകരണങ്ങഠം

പെസഹാബലി ചെയ്യുക പതിവായിരുന്ന "പത്തീറാ"യുടെ ദിവസം അടുത്തു. അപ്പോഠം ഈശോ കേപ്പായേയും യോഹന്നാനേയും വിളിപ്പിച്ചുകൊണ്ടു്, നിങ്ങഠം പോയി പെസഹാ ഭക്ഷിക്കേണ്ടതിനു് ഒരുക്കുവിൻ എന്നു് അരുളിച്ചെയ്തു............ അവർ പോയി അവൻ അവരോടു കല്പിച്ചതുപോലെ കാണുകയും പെസഹാ ഒരുക്കുകയും ചെയ്തു. (ലൂക്കാ. xxi 7, 8, 13.)

പെസഹാ അത്താഴക്രമത്തിൽ അനുഷ്ഠിക്കപ്പെടുന്ന അത്താഴ കർബാനയിലേയ്ക്കു് പ്രവേശിക്കുന്ന നമ്മുടെ കാമ്മികൻ ചെയ്യുന്നതും ഇതുതന്നെ. ആ മഹൽക്കമ്മം യഥായഥം നിവ്വഹിക്കുന്നതിനു് ആവശ്യമായിരിക്കുന്ന സജ്ജീകരണങ്ങഠം നടത്തും.

അത്താഴക്രമകർബാനയുടെ ആവശ്യാത്ഥം ചെയ്യുമായിരുന്ന ഒരുക്കങ്ങളിൽ ഒട്ടെല്ലാം അദ്ധ്യയന കർബാനയ്ക്കും ഉപകരിക്കുമാറു് അദ്ധ്യയനാത്താഴക്രമങ്ങളുടെ സംയോജനഫലമായി രണ്ടിനും മുമ്പാണു് ഇപ്പോഠം നിവ്വഹിക്കുക. ഒരുക്കപ്രാത്ഥനകഠം, അംശവസ്ത്രധാരണം, പീഠം ക്രമപ്പെടുത്തൽ ആദിയായവ ഈ ഗണത്തിൽപെട്ടവകളത്രേ. അത്താഴക്രമ കർബാ

നമുക്ക് പ്രത്യേകങ്ങളായി ഇന്ന് അനുഷ്ഠിക്കുന്ന സജ്ജീകരണങ്ങൾ a) കുരിശും ഏവംങ്ഗേലിയോനും സ്ഥാപിക്കൽ, b) രഹസ്യങ്ങളുടെ ഓനീസാ, c) ത്രോണോസിങ്കലേയ്ക്കുള്ള ആരോഹണം, d) വിശ്വാസപ്രകടനം, e) കാഴ്ചസാധനങ്ങളുടെ ക്രമീകരണം, f) അയോഗ്യരെ പറഞ്ഞയക്കൽ, g) കർമ്മസാധനങ്ങളുടെ നിക്ഷേപണം, h) കരക്ഷാളനം, എന്ന് എട്ടാണ്. (1)

## a) കുരിശും ഏവംങ്ഗേലിയോനും സ്ഥാപിക്കൽ -

കുരിശിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകര ബലിയുടെ ആവർത്തനം ഒരു കുരിശിൻചുവട്ടിലായിരിക്കണമെന്നത്രേ നമ്മുടെ സഭാമാതാവിൻ്റെ ആഗ്രഹം. കുരിശിന്മേൽതൂങ്ങി രക്തം ചിന്തി നമുക്കുവേണ്ടി ജീവാർപ്പണം ചെയ്യുന്ന മ്ശിഹായുടെ കാഴ്ച നമ്മുടെ അർപ്പണത്തിന് ഉത്തേജനം നൽകും. അപ്രകാരംതന്നെ നമ്മുടെ വിശ്വാസത്തിൻ്റെയും അതിനെ അടിസ്ഥാനമാക്കിയുള്ള നമ്മുടെ അർപ്പണത്തിൻ്റെയും നിദാനം ഏവംങ്ഗേലിയോനാണ്. അതും അർപ്പണപീഠത്തിന്നരികെ മൂകസാക്ഷിയായിട്ടെങ്കിലും ഉണ്ടായിരിക്കുന്നത് നമ്മുടെ വിശ്വാസത്തെ സജീവമാക്കാൻ സഹായിക്കും. ആകയാൽ നമ്മുടെ അത്താഴക്രമത്തിന് ആദ്യം ചെയ്യുന്ന സജ്ജീകരണം കുരിശും ഏവംങ്ഗേലിയോനും അൾത്താരയിൽ അവയ്ക്കുള്ള സ്ഥാനങ്ങളിൽ സ്ഥാപിക്കലാണ്. പക്ഷേ നമ്മുടെ ബലിപീഠങ്ങളിൽ കുരിശും ഏവംങ്ഗേലിയോനും നേരത്തെ തയ്യാറാക്കുക ഇപ്പോൾ നടപ്പായിരിക്കുന്നതുകൊണ്ട് നമ്മുടെ കുർബാനകളിൽ ഈ സ്ഥാപനകർമ്മം പൂർണ്ണമായി പരിത്യജിക്കയാണിന്നു പതിവ്.

## b) രഹസ്യങ്ങളുടെ ഓനീസാ

പീഠം കുരിശും ഏവംങ്ഗേലിയോനും സ്ഥാപിച്ച് സജ്ജീതമായിക്കഴിയുമ്പോൾ കാർമ്മികൻ അതിങ്കലേയ്ക്ക് പുറപ്പെടുകയായി. പക്ഷേ തൻ്റെ പൂർവ്വാപരാധങ്ങളെ പരിഗണിച്ച് അനുതാപത്തിൻ്റെയും എളിമയുടെയും പ്രകടനമെന്നോണം ത്രോണോസിനു മുന്നിൽ കസ്ത്രോമ്മായിൽ ആദ്യം ചില പ്രാർത്ഥനകളും പ്രണാമങ്ങളും നടത്തും. പാശ്ചാത്യകാർമ്മികൻ Confiteor ചൊല്ലിക്കൊണ്ടും കുമ്പിട്ട് പിഴയിടിച്ചുകൊണ്ടും കുർബാനയുടെ തുടക്കത്തിൽ പീഠവേദികളുടെ മുമ്പിൽ ചെയ്യുന്ന മനസ്താപപ്രകടനത്തിൻ്റെ ഒരു വകഭേദമത്രേ ഇത്. പൌരസ്ത്യ റീത്തുകളിൽ Sedro poenitentiae എന്നിവ വിളിക്കപ്പെടുന്നു.

കാർമ്മികൻ മനസ്താപത്തിൻ്റെയും എളിമയുടെയും ഈ പ്രകടനം

---

(1) ഇവയുടെ സ്ഥാനക്രമത്തിൽ നമ്മുടെ റാസയും കുർബാനയും തമ്മിൽ അല്പ അന്തരം പണ്ടുമുതൽക്കെയുണ്ട്. റാസയിൽ e, f, a, b, c, d, g, h എന്ന ക്രമത്തിലാണ്. കുർബാനകളിൽ a & b ഉപേക്ഷിച്ചിട്ട് c, d, e, f, g, h എന്ന ക്രമത്തിൽ നടത്തുന്നു.

നടത്തുകയിൽ ശ്ലോകം പൌരോഹിത്യത്തെ പ്രകീർത്തിക്കുന്ന ഒരു കാനീസാ പാടിക്കൊണ്ടിരിക്കും. ഇതാണു് രഹസ്യങ്ങളുടെ കാനീസാ. നമ്മുടെ കുർബാനകളിൽ ഇതും പൂർണ്ണമായി പരിത്യജിക്കപ്പെടുന്നതുകൊണ്ടു് ഇവിടെ കൂടുതൽ വിവരിക്കുന്നില്ല.

## c) ത്രോണോസിങ്കലേയ്ക്കുള്ള ആരോഹണം

പൂർവ്വകാലത്തു അദ്ധ്യയനശുശ്രൂഷകളെല്ലാം ബേമ്മായിൽവച്ചു നിർവ്വഹിച്ചിരുന്നു. അവയ്ക്കുശേഷമെ കാർമ്മികൻ ത്രോണോസിങ്കലേയ്ക്കു് കയറിയിരുന്നുള്ളു. പക്ഷേ കാലാന്തരത്തിൽ ബേമ്മാ ത്രോണോസിൻെറ മുന്നിലെ വേദികളായി ക്രമീകരിക്കപ്പെട്ടു. അപ്പോൾ അദ്ധ്യയനശുശ്രൂഷകളുടെ ആരംഭത്തിൽ ബേമ്മായിലേയ്ക്കു് പതിവുണ്ടായിരുന്ന "പീഠപ്രവേശനം" ത്രോണോസിങ്കലേയ്ക്കു ആക്കേണ്ടിവന്നു എന്നു മാത്രമല്ല, ചില അദ്ധ്യയനചടങ്ങുകളെല്ലാം അതിന്മേൽവച്ചു് ആചരിച്ചും തുടങ്ങി. ഇങ്ങനെ നേരത്തെ— പണ്ടു പീഠപ്രവേശനം നടത്തിയിരുന്ന സമയത്തു്— ത്രോണോസിങ്കലേയ്ക്കു് കയറുന്ന ഒരു നവീനനടപ്പു് സംജാതമായെങ്കിലും അത്താഴക്രമാരംഭത്തിൽ പൂർവ്വപാരമ്പര്യാനുസരണം നിർവ്വഹിക്കാറുണ്ടായിരുന്ന "ത്രോണോസാരോഹണ"വും അതിൻെറ പുരാതന ചടങ്ങുകളും പരിത്യജിക്കപ്പെടുക ഉണ്ടായില്ല. ഏവംഗേലിയോൻ വായനകൊണ്ടു് അദ്ധ്യയനഭാഗം അവസാനിപ്പിക്കുകയും അത്താഴക്രമത്തിനു് പ്രാരംഭമായി ചില സജ്ജീകരണങ്ങളൊക്കെ ചെയ്യുകയും ചെയ്തശേഷം കാർമ്മികനും ശുശ്രൂഷകരും പൂർവ്വാചാരപ്രകാരം ത്രോണോസിങ്കലേയ്ക്കു് കയറുന്നു.

പിതൃപ്പിതാവായ യാക്കോബു് വിദേശവാസശേഷം സ്വദേശത്തേയ്ക്കു മടങ്ങുകയിൽ ജബ്ബുക്കോയിലെ കടത്തുങ്കൽവച്ചു് ദൈവദർശനമുണ്ടായി. അപ്പോൾ അദ്ദേഹം മൂന്നു പ്രാവശ്യം കുമ്പിട്ടു് ദൈവത്തെ ആരാധിച്ചു. അതുപോലെ ദിവ്യനാഥൻെറ സംപൂജ്യമായ ശവക്കല്ലറയെ സദൃശീകരിക്കുന്ന ത്രോണോസിനെ ദർശിക്കുന്ന കാർമ്മികനും അതിനുമുമ്പിൽ മൂന്നുവട്ടം കുമ്പിട്ടു് വന്ദിക്കും. അതിൻെറ അടുത്തെത്തുമ്പോൾ ഭയഭക്തിയോടെ അതിനെ ചുംബിക്കുകയും ചെയ്യും.

റാസയിൽ, ഏവംഗേലിയോൻ വായനയ്ക്കായി കസ്ത്രോമ്മായിലേക്കിറങ്ങുന്ന കാർമ്മികൻ, കുരിശിൻെറയും ഏവംഗേലിയോൻെറയും സ്ഥാപനത്തിനും രഹസ്യങ്ങളുടെ കാനീസായ്ക്കുംശേഷം അവിടെനിന്നുതന്നെയാണു് ത്രോണോസിങ്കലേയ്ക്കു് കയറുക. പക്ഷേ നമ്മുടെ കുർബാനകളിൽ അൾത്താരയുടെ വലത്തുവശത്തുവച്ചു് ഏവംഗേലിയോൻ വായിക്കുന്നതുകൊണ്ടു്, അവിടെനിന്നു് പീഠവേദിയുടെ മദ്ധ്യത്തിങ്കലേയ്ക്കുവന്നു ത്രോണോസാരോഹണം നടത്തുന്നു. സ്ഥാപനശുശ്രൂഷയും കാനീസായും നമ്മുടെ കുർബാനയിൽ ഉപേക്ഷിക്കപ്പെടുക കാരണത്താൽ ഏവംഗേലിയോൻ കഴിയുന്ന ഉടനെയുമാണു് ഈ ആരോഹണം.

## d) വിശ്വാസപ്രകടനം

സുവിശേഷ അറിയിപ്പിൻെറ ഫലമാണു് വിശ്വാസം. വിശ്വാസത്തിൻെറ കണ്ണുകളിൽക്കൂടി നോക്കുമ്പോഴെ ത്രോണോസിലെ ബലിയുടെ

ദിവ്യത്വവും മഹോന്നതത്വവും മനസ്സിലാകയുള്ളു. വിശ്വാസമില്ലാത്തവൎക്ക്, മറിച്ച്, അതു പരിഹാസവിഷയവും ഉതപ്പുമായിരിക്കും.

ആകയാൽ അത്താഴക്രമം തുടങ്ങുന്നതിനുമുമ്പ് അതിലേയ്ക്കുള്ള പ്രവേശനാർഹതയുടെ ഒരു സാക്ഷീകരണമെന്നോണം, സമൂഹം, ഏവംഗേലിയോൻ വായനയാലും അതിൻെറ വ്യാഖ്യാനത്താലും മററും തങ്ങൾക്ക് കിട്ടിയിട്ടുള്ള വിശ്വാസത്തെ പ്രകടമാക്കും. കാൎമ്മികൻ ത്രോണോസിങ്കലേയ്ക്കു കയറുകയിൽ ക്രിസ്തീയ സത്യസംഹിതയായ വിശ്വാസത്തിൻെറ പ്രകരണം സമൂഹമൊന്നിച്ച് ഉറക്കെ ചൊല്ലിക്കൊണ്ടാണ് നമ്മുടെ കുർബാനയിൽ ഈ വിശ്വാസപ്രകടനം നടത്തുക. വിശ്വാസവിഷയമായ ത്രിയേക ദൈവം ഉന്നതങ്ങളിൽ വസിക്കുന്നു എന്ന സാധാരണ സങ്കല്പം നിമിത്തമായിരിക്കാം. കൈകളും ദൃഷ്ടിയും ഉന്നതത്തിലേയ്ക്കു ഉന്നയിച്ചുകൊണ്ടുമാണ് കാൎമ്മികൻ വിശ്വാസപ്രകരണം തുടങ്ങുന്നതു്. അധരങ്ങൾകൊണ്ടു് വിശ്വാസപ്രകരണം ഉരുവിടുമ്പോൾ ഈ വിശ്വാസസത്യങ്ങൾക്കുവേണ്ടിത്തന്നെ അനേകം രക്തസാക്ഷികൾ ചുടുരക്തം ചിന്തിയിട്ടുണ്ടെന്നും നിരവധി മൌദിയാനന്മാർ ജീവാൎപ്പണം ചെയ്തിട്ടുണ്ടെന്നും ഓൎക്കുന്നതു് അവയെ കൂടുതൽ വിശ്വാസത്തോടും സജീവമായും ചൊല്ലുവാൻ സഹായിക്കും. നമ്മുടെ കുർബാനയിൽ ഉപയോഗിക്കുന്ന വിശ്വാസപ്രകരണം താഴെവരുന്ന പ്രകാരമത്രേ.

കാ. & സ. ആകാശത്തിൻെറയും, ഭൂമിയുടെയും, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിൻെറയും, സ്രഷ്ടാവ്, സൎവ്വവല്ലഭമുള്ള പിതാവാകുന്ന ഏക ദൈവത്തിലും;

ദൈവത്തിൻെറ ഏക സുതനും, യുഗങ്ങളൊക്കെയ്ക്കും മുമ്പായി പിതാവിൽനിന്ന് ജനിച്ചവനും, ദൈവത്തിൽനിന്നുള്ള ദൈവവും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും എന്നാൽ സൃഷ്ടിയല്ലാത്തവനും, പിതാവിനോടു് സത്തയിൽ ഏകനായിരിക്കുന്നവനും, തന്നാൽ സകലവും നിൎമ്മിക്കപ്പെട്ടു എന്നവനും, മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയെപ്രതിയും, സ്വൎഗ്ഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകമറിയത്തിൽനിന്ന് ശരീരിയായി തീൎന്ന് (കാൎമ്മികനോടുകൂടെ എല്ലാവരും ഇവിടെ മുട്ടുകുത്തുന്നു.) മനുഷ്യനായി, പന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ നമുക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടു പീഡ സഹിച്ച് (മരിച്ച്) അടക്കപ്പെട്ടവനും, എഴുതപ്പെട്ടിരുന്നപ്രകാരം മൂന്നാംനാൾ ഉയൎത്തു് സ്വൎഗ്ഗത്തിലേയ്ക്കു കരേറി പിതാവിൻെറ

വലത്തുഭാഗത്തിരിക്കുന്നവനും, ജീവിക്കുന്നവരേയും മരിച്ചവരേയും വിധിപ്പാൻ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിന് അന്തം ഉണ്ടാകയില്ലാത്തവനും ആകുന്ന ഏക കർത്താവീശോമ്ശിഹായിലും;

പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും, പിതാവിനോടും പുത്രനോടുംകൂടെ ഒന്നുപോലെ ആരാധിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്നവനും, ദീർഘദർശികൾ വഴിയായി സംസാരിച്ചവനും ആകുന്ന ജീവദായകൻ നാഥൻ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു.

ഏകവും വിശുദ്ധവും സാർവ്വത്രികവും ശ്ലൈഹികവുമായ തിരുസ്സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു). പാപങ്ങളുടെ പൊറുതിക്കായുള്ള ഏക മാമോദീസായും ഞങ്ങൾ അനുസരിച്ചു പറയുന്നു. മരിച്ചവരുടെ ഉയിർപ്പിനേയും വരുവാനിരിക്കുന്ന ലോകത്തിലെ ജീവിതത്തേയും ഞങ്ങൾ പാർത്തിരിക്കുകയും ചെയ്യുന്നു. ആമേൻ.

വിശ്വാസപ്രകരണം അവസാനിക്കുമ്പോൾ കാർമ്മികൻ തന്റെമേൽ കുരിശ് അടയാളപ്പെടുത്തി, പ്രകടിപ്പിച്ച സത്യങ്ങളെക്കുറിച്ച് പീഡ സഹിക്കുവാൻപോലുമുള്ള സന്നദ്ധത പ്രത്യക്ഷമാക്കും.

## e) കർമ്മസാധനങ്ങളുടെ ക്രമീകരണം

തനിക്കുവേണ്ടി ഹോമബലി അർപ്പിക്കുവാൻ ആഗ്രഹിക്കുന്നവൻ കറകൂടാത്ത ഒരു ആൺമൃഗത്തെ സ്വമനസ്സാ കൊണ്ടുവന്നു കൂടാരവാതുക്കൽ കാഴ്ചവയ്ക്കട്ടെയെന്ന് ദൈവം ഇസ്രായേൽജനത്തോട് കല്പിച്ചിരുന്നു. (Lev. i, 2, 4.) ആദ്യക്രിസ്ത്യാനികൾ, ഈ പഴയനിയമപാരമ്പര്യത്തെ മുൻനിർത്തിയും കുർബാനബലി തങ്ങളുടേതെന്ന സൂചനയിലും, കുർബാനയ്ക്കുവേണ്ട കർമ്മസാധനങ്ങളായ അപ്പവും വീഞ്ഞും സ്വമേധയാ ദേവാലയത്തിൽ കൊണ്ടുവന്നു കാഴ്ചവയ്ക്കുയായിരുന്നു പഴയ പതിവ്. ഇങ്ങനെ വിശ്വാസികളിൽനിന്ന് ലഭിക്കാത്തപ്പോഴെ ദേവാലയത്തിൽ ഉണ്ടാക്കിയിരുന്നുള്ളു. അപ്പവും വീഞ്ഞും കാഴ്ചവയ്ക്കുവാൻ സൌകര്യപ്പെടാത്തവർ അവ വിലയ്ക്കു വാങ്ങുന്നതിനായി പണവും ചിലപ്പോൾ കാഴ്ചവയ്ക്കാതിരുന്നില്ല. സമൂഹത്തിന്റെ ഈ നേർച്ച സമർപ്പണം അത്താഴക്കുർബാനയുടെ ആരംഭത്തിലായിരുന്നു. അനാഥരുടെയും നിസ്സഹായരുടെയും സഹായാർത്ഥവും ദേവാലയത്തിന്റെയും അതിലെ ശുശ്രൂഷകരുടെയും സംരക്ഷണാർത്ഥവും സത്തുക്കൾ ദേവാലയാധികൃതരുടെ പക്കൽ സംഭാവന സാധാരണ സമർപ്പിച്ചിരുന്നതും ഈ നേരത്തുതന്നെ. ചില പൌ. സഭകളിൽ ഇപ്പോഴും കാഴ്ചവയ്പുവരെ കുർബാനർപ്പണം സ്വീകരിക്കുന്നതും പാശ്ചാത്യസഭയിൽ വേദപ്രചരണത്തി

നും മററും ആ സമയത്തു് ധമ്മശേഖരം നടത്തുന്നതുമൊക്കെ ഈ പൂർവ്വനടപ്പിൻെറ അസ്തമിച്ചുവരുന്ന അവശിഷ്ടങ്ങളാണു്. കമ്മവേളയിൽ കാമ്മികൻ ഈ നേർച്ചക്കാരുടെയും ദാനക്കാരുടെയും നിയോഗങ്ങളെ ദൈവസന്നിധിയിൽ പ്രത്യേകം ഉണത്തിക്കുകയും പതിവുണ്ടായിരുന്നു.

വിശ്വാസികറം മേൽപ്പറഞ്ഞവിധം സമപ്പിച്ചിരുന്ന നേർച്ചകളിൽനിന്നു് ദിവ്യബലിയ്ക്കു വേണ്ടതു് തിരഞ്ഞെടുത്തു് തിരുപ്പാത്രങ്ങളിൽ ക്രമപ്പെടുത്തുന്നു. ഇതാണു് കമ്മസാധനങ്ങളുടെ ക്രമീകരണം. ഇസ്രായേൽജനം അവരുടെ ബലിമൃഗങ്ങളെ അറംത്താരയുടെ വടക്കുവശത്തുവച്ചു് കൊന്നു ഒരുക്കിയിട്ടു് അറംത്താരയിൽ കൊണ്ടുപോയി ദഹിപ്പിക്കുവാൻ കല്പിക്കപ്പെട്ടിരുന്നതിനെ (Lev. i, 6, 11.) അനുസരിച്ചാണു് പൌ. സുറിയാനിക്കാർ പണ്ടു് കുർബാനയുടെ കമ്മസാധനങ്ങറം ത്രോണോസിനു് വെളിയിൽ, സജ്ജീകരണ മേശമേൽവച്ചു് ഒരുക്കിയിരുന്നതു്. ന. കുർബാനയുടെ കാമ്മികൻ ഇന്നു് അറംത്താരയുടെ കൊമ്പുകളിലേയ്ക്കു നീങ്ങിനിന്നു് ഇതു നിവ്വഹിക്കുന്നതു് സജ്ജീകരണ മേശമേൽവച്ചുള്ള ക്രമീകരണത്തെ അനുസ്മരിപ്പിക്കുന്നതിനുവേണ്ടിയത്രെ.

ന. കുർബാനയിൽ കമ്മസാധനങ്ങളുടെ ക്രമീകരണമായി കാമ്മികൻ ആദ്യം ചെയ്യുന്നതു് തിരുപ്പാത്രങ്ങളും അവയെ മൂടുന്ന തിരുശ്ശീലകളും മററും സൌകയ്യമായി ധൂമിക്കത്തക്കവണ്ണം ശരിപ്പെടുത്തിവയ്ക്കുകയാണു്. അനന്തരം ധൂമം വാഴ്ത്തലിനുള്ള സാധാരണ പ്രാത്ഥന ചൊല്ലി ധൂമം വാഴ്ത്തുന്നു.

**കാ.** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ!...ശേഷവും. (പക്ഷം 12)

കമ്മോപകരണങ്ങറം ഓരോന്നും കൊണ്ടു് കലശത്തിൽനിന്നുയരുന്ന ധൂമപടലത്തിന്മേൽ കുരിശു വരച്ചും പ്രത്യേകം പ്രാത്ഥനകറം ചൊല്ലിയും, പിന്നെ ഓരോന്നും ധൂമിയ്ക്കുന്നു.

ശോശപ്പാ ധൂമിയ്ക്കുമ്പോറം:

**കാ.** ഞങ്ങളുടെ കത്താവേ! ഞങ്ങളുടെ ദൈവമേ! സാക്ഷാൽ പ്രവാചകനായ ഏലിയായുടെ മേലങ്കിയേ എ

കാമ്മികൻ തിരുപ്പാത്രങ്ങളിൽ കമ്മസാധനങ്ങറം ക്രമപ്പെടുത്തുന്ന നേരത്തു് ആറാംപട്ടക്കാരനും സമൂഹവുംകൂടി ഒരു പരസ്യപ്രാത്ഥന നടത്തും.

ഞങ്ങറം ക്രിസ്ത്യാനികറം മ്ശിഹായിൽ ഏകശരീരമാണു്. ഞങ്ങളുടെ നാഥൻെറ കല്പനാനുസരണം സഭാശരീരത്തിൻെറ എല്ലാ അവയവങ്ങറക്കുവേണ്ടിയും ദേവാലയത്തിൽ ഞങ്ങറം പ്രാത്ഥിക്കുന്നു. ലൌകിക കാര്യങ്ങളിൽത്തന്നെ എന്നേരവും വ്യാപൃതരായിരിക്കുന്നവർ ഞങ്ങളിൽ അനേകരുണ്ടു്. അവക്കു പ്രാത്ഥിക്കുവാൻ സമയമില്ല; സൌകയ്യമില്ല; അഭിരുചിയുമില്ല. മററു ചിലക്കു് അഭിരുചിയുണ്ടു് പക്ഷെ എന്തു പ്രാത്ഥിക്കണം എന്നു് അവക്കു് ജ്ഞാനമില്ല. ആകയാൽ അറിവും സൌകയ്യവും ഇല്ലാത്തവക്കുവേണ്ടി പരസ്യപ്രാത്ഥനകറം കല്പിച്ചിരിക്കുന്നു. ചുരുങ്ങിയ വാക്കുകറം ഉത്തരിച്ചു് ഏവക്കുമതിൽ ഭാഗഭാക്കുകളാവാം. "കത്താവേ! ഞങ്ങളെ അനുഗ്രഹിക്കേണമെ" എന്നു് ഉത്തരിച്ചു്

ന്നപോലെ ഈ മറ്റോടയേയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും സുരഭിലമാക്കിത്തീർക്കേണമെ.

പീലാസാ ധൂമിയ്ക്കുമ്പോൾ:

**കാ.** ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! വാഗ്ദാനപേടകത്തിന്റെ കൂടാരത്തിലെ പ്രസിദ്ധ പുരോഹിതനായിരുന്ന അഹറോന്റെ പീഠാലത്തെയെന്നപോലെ ഈ ചെറുതാലത്തേയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും സുരഭിലമാക്കിത്തീർക്കേണമെ.

കാസാ ധൂമിയ്ക്കുമ്പോൾ:

**കാ.** ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! പരിമളം പരത്തുന്ന ധൂപങ്ങളുടേയും സുഗന്ധദ്രവ്യങ്ങളുടേയും നാഥാ! വാഗ്ദാനപേടകത്തിന്റെ കൂടാരത്തിലെ പ്രസിദ്ധ പുരോഹിതനായിരുന്ന അഹറോന്റെ പാനപാത്രത്തേയെന്നപോലെ ഈ പാനപാത്രത്തേയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും, നാമത്തിൽ എന്നേയ്ക്കും സുരഭിലമാക്കിത്തീർക്കേണമെ.

അപേക്ഷിക്കുവാൻ അറിഞ്ഞുകൂടാത്തവർ ഉണ്ടാകയില്ല. ഈദൃശങ്ങളായ ചെറുവാക്യങ്ങളുപയോഗിച്ചുകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കും സമൂഹം മുഴുവനും പരസ്യപ്രാർത്ഥനകളിൽ സംബന്ധിയ്ക്കാം; ദൈവാനുഗ്രഹം അപേക്ഷിയ്ക്കാം എന്നെല്ലാമാണ് ഏകദേശം 1000 വർഷങ്ങൾക്കുമുമ്പ് അർബേലായിലെ ജോർജ്ജ് എന്ന കൽദായമെത്രാൻ പരസ്യപ്രാർത്ഥനയെ വിവരിച്ചിട്ടുള്ളത്.

ലുത്തിനിയാകളിലെന്നപോലെ ഒരേ ഉത്തരംതന്നെ ഇതിൽ ആവർത്തിക്കുക കാരണം Littanic prayer എന്ന് പാശ്ചാത്യർ ഇതിനെ വിളിക്കാറുണ്ട്. ആറാംപട്ടക്കാരൻ സമൂഹത്തിന്റെ മദ്ധ്യത്തിലേയ്ക്കിറങ്ങി ഉറക്കെയിതു ചൊല്ലുന്നതുനിമിത്തം കാറോസൂസാ – പരസ്യപ്രാർത്ഥന – എന്നാണ് പൌരസ്ത്യർ സാമാന്യം വിളിക്കുക.

സഭയുടെ സർവ്വമാതൃത്വത്തെ– The universal Motherhood of the Church– മുൻനിർത്തി സഭയുടെ നാമത്തിൽ കഴിക്കപ്പെടുന്ന ഈ പ്രാർത്ഥനയിൽ ഒരുത്തരേയും വിസ്മരിക്കാറില്ല. എന്നു മാത്രമല്ല, സകലരുടെയും ആത്മീയവും ശാരീരികവുമായ എല്ലാവിധ ആവശ്യങ്ങൾക്കുവേണ്ടിയും ഇതിൽ പ്രാർത്ഥിക്കുന്നു. ഇന്ന് സഭാമാതാവിനെ അവഗണിക്കുന്നവർ ഒരുപക്ഷേ അവളുടെ പ്രാർത്ഥനാഫലമായി നാളെ ആ മാതൃമടിയിലേയ്ക്കു പിന്തിരിഞ്ഞേക്കാം.

കാർമ്മികൻ അപ്രധാനമായ വല്ല ദീർഘശുശ്രൂഷയിലോ രഹസ്യപ്രാർത്ഥനയിലോ ഏർപ്പെട്ടിരിക്കയിലാണ് ആറാം പട്ടക്കാരൻ വിശ്വാസികളൊന്നിച്ച് ഈ പരസ്യപ്രാർത്ഥന

കബ്'ലാനാ ധൂമിയ്ക്കുമ്പോൾ:

**കാ.** ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! ഈ ആച്ഛാദനിയെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും സുരഭിലമാക്കിത്തീർക്കേണമെ.

തിരുപ്പാത്രങ്ങൾ ധൂമിച്ചുകഴിഞ്ഞ് അവയിൽ കർമ്മസാധനങ്ങൾ എടുക്കും. കുർബാനയിൽ എന്തു് നമ്മുടെ കർത്താവിന്റെ മാംസരക്തങ്ങളായി പകർത്തി ബലിയർപ്പിക്കുന്നുവോ അവയാണു് കുർബാനയുടെ കർമ്മസാധനങ്ങൾ. മററു വാക്കുകളിൽ, ഏവയുടെ സാദൃശ്യങ്ങളിൽ നമ്മുടെ രക്ഷകന്റെ മാംസവും രക്തവും സ്വർഗ്ഗപിതാവിനു് അർപ്പിക്കപ്പെടുന്നുവോ അവയാണു്. ഊട്ടുശാലയിലെ ആദ്യകുർബാനയിലെന്നവണ്ണം അതിന്റെ ആവർത്തനമായ ത്രോണോസിലെ കുർബാനയ്ക്കും കർമ്മസാധനങ്ങൾ രണ്ടത്രെ. അപ്പവും വീഞ്ഞും.

കുർബാനയപ്പത്തിനു് "ബുകറാ" എന്നാണു് നമ്മുടെ തക്സായിൽ കാണുന്ന പേർ. ഉപ്പോ പുളിപ്പോ ചേർന്നു് പുളിപ്പിച്ചുണ്ടാക്കുന്ന അപ്പത്തിനു് പുളിച്ച അപ്പമെന്നും അവ ചേർക്കാതുണ്ടാക്കുന്നതിനു് പുളിക്കാത്ത അപ്പമെന്നും പറയുന്നു. കേരളീയർ പണ്ടു് പുളിച്ച അപ്പമാണു് ഉപയോഗിച്ചിരുന്നതെങ്കിലും ഇപ്പോൾ പുളിക്കാത്തതേ ഉപയോഗിക്കൂ. കുർബാനയപ്പം ഗോതമ്പുമാവുകൊണ്ടത്രേ ഉണ്ടാക്കുന്നതു്. രണ്ടാമത്തെ കർമ്മസാധനമായ വീഞ്ഞു് മുന്തിരിച്ചാറിൽനിന്നു നിർമ്മിക്കുന്നു.

കൾ സാധാരണ നടത്തുക. ആറാം പട്ടക്കാരൻ നമുക്കിന്നാക്കു് ഇന്ന കാര്യത്തിനുവേണ്ടി ഇങ്ങനെ പ്രാർത്ഥിയ്ക്കാം എന്നറിയിക്കുമ്പോൾ "ഞങ്ങളുടെമേൽ അനുഗ്രഹിക്കേണമെ" "ആമേൻ" "കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു" എന്നിത്യാദി ചുരുങ്ങിയതും സന്ദർഭോചിതവുമായ ഉത്തരം ആവർത്തിച്ചുകൊണ്ടു് സമൂഹം അതിൽ പങ്കുകൊള്ളും. (1)

കർമ്മസാധനങ്ങളുടെ ക്രമീകരണ നേരത്തെ പരസ്യപ്രാർത്ഥനയ്ക്കു് മൂന്നു ഭാഗങ്ങളുണ്ടു്. കാർമ്മികന്റെ ഒരു സമാപക സ്ലോസായോടെയാണു് സമാഹരിക്കപ്പെടുന്നതും. ഒന്നാം ഭാഗം നിന്നുകൊണ്ടത്രേ പണ്ടു് പ്രാർത്ഥിച്ചിരുന്നതു്. അതിപ്രകാരമാണു്:

**ആ.** നമുക്കേവർക്കും ചിതമായി നിന്നു് മനസ്താപത്തോടെയും ശ്രദ്ധയോടെയും (ഞായറാഴ്ചകളിലും തിരുനാളുകളിലും: സന്തോഷത്തോടെയും ആഹ്ലാദത്തോടെയും) ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെമേൽ ദയയായിരിക്കേണമെ എന്നു് ചൊല്ലി അപേക്ഷിയ്ക്കാം.

**സ.** ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെമേൽ ദയയായിരിക്കേണമെ.

**ആ.** അനുഗ്രഹങ്ങളുടെ പിതാവേ! ആശ്വാസങ്ങളു

(1) നമ്മുടെ രീതിയിൽ സമൂഹം സജീവമായി പങ്കെടുക്കാത്തതുകൊണ്ടു് കാർമ്മികനാണു് ഉത്തരിക്കുക.

കുർബാനയപ്പം പീലാസായിലും വീഞ്ഞ് കാസായിലുമാണ് തയ്യാറാക്കുന്നതു്. ഈ ദിവ്യചഷകങ്ങൾ സ്വർണ്ണനിർമ്മിതങ്ങളോ അകത്തെങ്കിലും സ്വർണ്ണം പൂശിയതോ ആയിരിക്കണം. ഇതര റീത്തുകാരെല്ലാം പീലാസായിൽ അപ്പം തയ്യാറാക്കൽ അത്രെ ആദ്യം ചെയ്യുക. എന്നാൽ നമ്മുടെ കുർബാനയിൽ മറിച്ചാണ് പതിവ്.

ധൂമിക്കൽ കഴിഞ്ഞ് കാർമ്മികൻ അൾത്താരയുടെ ഇടത്തെ കൊമ്പിലേയ്ക്കു നീങ്ങി കാസാ തുടച്ച് കുരിശിന്റെ ആകൃതിയിൽ അതിലേയ്ക്കു് വീഞ്ഞ് വീഴ്ത്തുമ്പോൾ ഇപ്രകാരം മന്ത്രിയ്ക്കും:

**കാ.** നമ്മുടെ കർത്താവീശോമ്ശിഹായുടെ പാനപാത്രത്തിൽ അമൂല്യരക്തം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ചൊരിയപ്പെടുന്നു. ആമേൻ.

ഒടുക്കത്തെ അത്താഴത്തിൽ വെള്ളംചേർത്ത വീഞ്ഞ് തന്റെ തിരുരക്തമായി ദിവ്യരക്ഷകൻ പകർത്തിയതിനെ അനുകരിച്ചും, മനുഷ്യാവതാരത്തിൽ ദൈവസ്വഭാവം മനുഷ്യസ്വഭാവത്തോടു ചേർത്തതിനെ അനുസ്മരിച്ചും അല്പം വെള്ളംകൂടെ വീഞ്ഞിനോട് കലർത്താറുണ്ട്. വെള്ളം ഒഴിക്കുന്നതിനുമുമ്പ് കാർമ്മികൻ അതിന്മേൽ കുരിശടയാളം വരച്ചും താഴെവരുംപ്രകാരം മന്ത്രിച്ചും അതിനെ വാഴ്ത്തും.

**കാ.** പടയാളികളിൽ ഒരുവൻ വന്നു നമ്മുടെ കർത്താവി

കയുടെയും ദൈവമേ! അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

**സ.** ഞങ്ങളുടെ.....മെ.

**ആ.** ഞങ്ങളുടെ പരിത്രാതാവേ! രക്ഷയുടെ വിധാതാവേ! സർവ്വ വസ്തുക്കളുടേയും ദാതാവേ! അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

**സ.** ഞങ്ങളുടെ.....മെ.

**ആ.** ലോകം മുഴുവന്റെയും സഭകളൊക്കെയുടെയും സമാധാനത്തിനും യോജിപ്പിനും നിലനില്പിനുംവേണ്ടി അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

**സ.** ഞങ്ങളുടെ.....മെ.

**ആ.** ഞങ്ങളുടെ നാടിനും മറ്റെല്ലാ ദേശങ്ങൾക്കും അവയിൽ വസിക്കുന്ന സത്യവിശ്വാസികൾക്കുംവേണ്ടി അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

**സ.** ഞങ്ങളുടെ.....മെ.

**ആ.** അന്തരീക്ഷത്തിന്റെ ശരിയായ പകർച്ചയ്ക്കും വത്സരത്തിന്റെ സുഭിക്ഷതയ്ക്കും വിളവുകളുടെ സമൃദ്ധിയ്ക്കും ലോകം മുഴുവന്റെയും സുസ്ഥിതിയ്ക്കുംവേണ്ടി അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

**സ.** ഞങ്ങളുടെ.....മെ.

നെ വിലാപ്പുറത്തു കുന്തംകൊണ്ടു് കുത്തി. ഉടൻ രക്തവും ജലവും പുറപ്പെട്ടു. (ഇതു്) കണ്ടയാൾ (തന്നെ) സാക്ഷിപ്പെടുത്തിയിരിക്കുന്നു. അയാളുടെ സാക്ഷ്യം സത്യവുമാണു്. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ എന്നേയ്ക്കും ആമേൻ.

പിന്നെ താഴെവരുംപ്രകാരം ചൊല്ലിക്കൊണ്ടു് കുറെ വീഞ്ഞുകൂടി കാസായിൽ വീഴ്ത്തും.

കാ. ദ്രാക്ഷാരസം ജലത്തോടും ജലം ദ്രാക്ഷാരസത്തോടും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ കലർത്തപ്പെടുന്നു. ആമേൻ.

ഒടുവിൽ ആച്ഛാദനികൊണ്ടു് മൂടി, അൾത്താരയുടെ ഇടതുഭാഗത്തു്, ത്രോണോസിനു് പുറത്തു കാസാ സ്ഥാപിക്കുന്നു. തിരുക്കർമ്മസാധനങ്ങൾ ത്രോണോസിലേയ്ക്കു് കൊണ്ടുവരുന്നതിനുമുമ്പു് തിരുപ്പാത്രങ്ങളിൽ ക്രമപ്പെടുത്തി ഒരുക്കമേശമേൽ സൂക്ഷിക്കുമായിരുന്ന പഴയ പതിവിനെയത്രെ കാസായുടെ, ത്രോണോസിനു പുറത്തെ ഈ സ്ഥാപനംകൊണ്ടു് സൂചിപ്പിക്കുക.

അനന്തരം കാർമ്മികൻ അൾത്താരയുടെ വലത്തേക്കൊമ്പിലേയ്ക്കു് അല്പം നീങ്ങി പീലാസാ തുടയ്ക്കുന്നു. പിന്നെ ഇപ്രകാരം പ്രാർത്ഥിക്കുകയിൽ അപ്പംകൊണ്ടു് പീലാസാമേൽ കുരിശടയാളം വരയ്ക്കുകയും അപ്പം അതിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

ആ. ഞങ്ങളുടെ പരിശുദ്ധ പിതാവും മ്ശിഹായുടെ സഭ മുഴുവൻെറയും അദ്ധ്യക്ഷനുമായ മാർ (......) പാപ്പായുടെയും മാർ (......) മെത്രാൻെറയും അവരുടെയെല്ലാ സഹപ്രവർത്തകന്മാരുടെയും സൌഖ്യത്തിനായി അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സ. ഞങ്ങളുടെ......മെ.

ആ. സകലത്തേയും ദയയോടെ ഭരിക്കുന്ന ദയാപരനായ ദൈവമേ! അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സ. ഞങ്ങളുടെ......മെ.

ആ. അനുഗ്രഹസമ്പന്നനും ഔദാര്യനിധിയുമായ അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സ. ഞങ്ങളുടെ......മെ.

ആ. സ്വഭാവാൽതന്നെ നല്ലവനും സർവ്വ നന്മകളുടെയും ദായകനുമായ അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സ. ഞങ്ങളുടെ......മെ.

ആ. സ്വർഗ്ഗത്തിൽ പ്രകീർത്തിക്കപ്പെടുകയും ഭൂമിയിൽ ആരാധിക്കപ്പെടുകയും ചെയ്യുന്ന അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സ. ഞങ്ങളുടെ......മെ.

**കാ.** ന. കർത്താവീശോമ്ശിഹായുടെ തിരുശ്ശരീരത്താൽ ഈ പീലാസാ അങ്കിതമാവട്ടെ.

അവസാനം പീലാസാ അൾത്താരയുടെ വലതുഭാഗത്തു് ത്രൊണോസിന്റെ പുറത്തു വച്ചിട്ടു് കാർമ്മികൻ അൾത്താരയുടെ മധ്യത്തിങ്കലേയ്ക്കു വന്നു് ഒരു സ്ലോസാ ചൊല്ലുന്നു. പരസ്യപ്രാർത്ഥനയുടെ സമാപകസ്ലോസായെന്നത്രെ ഇതു് വിളിക്കപ്പെടുന്നതു്. പരസ്യപ്രാർത്ഥനയുടെ തുടർച്ചയായി ഇതു് ചൊല്ലുന്നതുകൊണ്ടു്, സ്ലോസാകൾക്കുമുമ്പു പതിവുള്ള അറിയിപ്പു് ഇവിടെ ഉപേക്ഷിക്കും. പൂർവ്വകാലങ്ങളിൽ കാർമ്മികൻ കരുക്കമേശമേൽ കർമ്മസാധനങ്ങൾ ക്രമപ്പെടുത്തിവച്ചശേഷം കസ്ത്രോമ്മായുടെ നടുവിലേയ്ക്കുവന്നു് അവിടെനിന്നുകൊണ്ടു് ഇതു പ്രാർത്ഥിച്ചിരുന്നതിനെ അനുസ്മരിച്ചു് നമ്മുടെ റാസയിൽ ദേവാലയമധ്യത്തിൽവച്ചത്രെ ഇപ്പോഴും ഇതു് പ്രാർത്ഥിക്കുക. പക്ഷേ കുർബാനകളിൽ കാർമ്മികൻ ത്രൊണോസിങ്കൽതന്നെ നിന്നുകൊണ്ടിതു പ്രാർത്ഥിക്കുന്നു.

**കാ.** സർവ്വവല്ലഭമുള്ള ദൈവമായ കർത്താവേ! അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു; യാചിക്കുന്നു: അവിടത്തെ കൃപാവരം ഞങ്ങളിൽ പൂർത്തിയാകേണമെ. അവിടത്തെ ദാനങ്ങൾ ഞങ്ങൾ വഴി വർഷിക്കേണമെ. അവിടത്തെ അനുകമ്പയും ഔദാര്യവും അങ്ങുടെ കൃപയും അനുഗ്രഹവും ഉണ്ടായി അങ്ങേയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്ന അങ്ങേ ജ

**ആ.** പ്രകൃത്യാ മരണമില്ലാത്തവനും പ്രതാപമേറിയ തേജസ്സമൂഹത്തിൽ അധിവസിക്കുന്നവനുമായ അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

**സ.** ഞങ്ങളുടെ......മെ.

**ആ.** ഞങ്ങളുടെ കർത്താവായ മ്ശിഹായേ! കൃപയുണ്ടായി അവിടന്നു ഞങ്ങളേവരേയും രക്ഷിക്കേണമെ. അവിടത്തെ ശാന്തിയും സമാധാനവും ഞങ്ങളുടെമേൽ പുലർത്തി ഞങ്ങളെ അനുഗ്രഹിക്കേണമെ.

**സ.** ഞങ്ങളുടെ......മെ.

ന. കുർബാനകളിൽ പരസ്യപ്രാർത്ഥനയുടെ സുദീർഘമായ രണ്ടാം ഭാഗം ഉപേക്ഷിക്കയാണിന്നു് പതിവു്. ആകയാൽ ഒന്നാമത്തെ ഭാഗം കഴിയുമ്പോൾ മൂന്നാമത്തേതു് തുടങ്ങുന്നു.

**ആ.** പ്രാർത്ഥനയാലും കീർത്തനത്താലും സമാധാനത്തിന്റെയും കരുണയുടെയും ദൂതനെ ഞങ്ങൾ യാചിക്കുന്നു.

**സ.** കർത്താവേ! അങ്ങേപക്കൽനിന്നു്.

**ആ.** ആയുഷ്കാലമത്രയും, രാവും പകലും, അവിടത്തെ സഭയ്ക്കു് സനാതന സമാധാനവും, പാപരഹിതമായ ജീവിതവും ഞങ്ങൾ യാചിക്കുന്നു.

**സ.** കർത്താവേ!....നിന്നു്.

നത്തിന്റെ കടങ്ങളുടെ മോചനത്തിനും, അങ്ങേ ആലയിലെ ആടുകളൊക്കെയുടെയും പാപങ്ങളുടെ പരിഹാരത്തിനും സഹായമാവട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരൻ എന്നേയ്ക്കും (ആയിരിക്കട്ടെ).

**സ.** ആമേൻ.

**ആ.** പരിശുദ്ധാത്മാവിന്റെ സഹകരണത്തിൽ പരിപൂർണ്ണതയുടെ ബന്ധമായ സ്നേഹൈക്യം ഞങ്ങൾ യാചിക്കുന്നു.

**സ.** കർത്താവേ.....നിന്നു്.

**ആ.** പാപമോചനത്തിനുപുറമെ, ഞങ്ങളുടെ ജീവിതത്തിനു് പ്രയോജനകരവും അങ്ങേയ്ക്കു് പ്രസാദജനകവുമായവയെല്ലാം ഞങ്ങൾ യാചിക്കുന്നു.

**സ.** കർത്താവേ!.....നിന്നു്.

**ആ.** കർത്താവിന്റെ കരുണയും അനുഗ്രഹവും അനവരതം എന്നേരവും ഞങ്ങൾ യാചിക്കുന്നു.

**സ.** കർത്താവേ!....നിന്നു്.

**ആ.** നമ്മുടെയും നമ്മിൽ ഓരോരുത്തരുടെയും ആത്മാക്കളെ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും നമുക്ക് ഭരമേല്പിക്കാം.

**സ.** കർത്താവേ! ഞങ്ങളുടെ ദൈവമേ! അങ്ങേയ്ക്കു് (ഞങ്ങൾ ഭരമേല്പിക്കുന്നു.)

### f) അയോഗ്യരെ പിരിച്ചുവിടിൽ

അശുദ്ധമായതൊന്നിനേയും വിശുദ്ധ സ്ഥലത്തു പ്രവേശിപ്പിക്കരുതെന്നു് പഴയനിയമം നിരോധിച്ചിരുന്നതുകൊണ്ടും സ്വർഗ്ഗനിക്ഷേപമായ വി. കർബാന ശത്രുനേത്രങ്ങളിൽനിന്നു് രഹസ്യമായി സൂക്ഷിക്കേണ്ടതു് ആവശ്യമായിരുന്നതുകൊണ്ടും ആരംഭകാലങ്ങളിൽ മക്കളെല്ലാത്തവരെന്നല്ല, മക്കളിൽതന്നെയും വേണ്ട യോഗ്യതയില്ലാത്തവരെ അത്താഴക്കർബാനയിൽ ഭാഗഭാക്കുകളാകുവാൻ തിരുസ്സഭാമാതാവു് അനുവദിച്ചിരുന്നില്ല. നേർവഴിക്കു തിരിഞ്ഞുവന്നെങ്കിലോ എന്ന പ്രത്യാശയിൽ, വേദപുസ്തകവായന, പാട്ടു്, ഉപദേശം മുതലായവ മാത്രമുള്ള അദ്ധ്യയന കർബാനയിൽ ഇവരേയും സംബന്ധിപ്പിച്ചിരുന്നെങ്കിലും, അതുകഴിഞ്ഞു് അത്താഴക്കർബാനയാരംഭിക്കുമ്പോൾ പുറത്തേയ്ക്കു് പറഞ്ഞയച്ചിരുന്നു. ഇങ്ങനെയാണു് അയോഗ്യരെ പിരിച്ചുവിടാൻ അത്താഴക്കർബാനയുടെ ആരംഭത്തിലെ ഒരു ശുശ്രൂഷയായതു്. ഒരു കാലത്തു് വളരെ നിഷ്കൃഷ്ടയായി നിലനിർത്തിപ്പോന്ന ഈ നിരോധനത്തിനു് ഇന്നു് വലിയ പ്രസക്തിയില്ലാതെയാണിരിക്കുന്നതു്. എന്നിരുന്നാലും സന്ദർഭോചിതങ്ങളല്ലാത്ത ചില പ്രാർത്ഥനകളായും നിവർത്തനങ്ങളായ ചില കല്പനകളായും മററും ആ പുരാതനശുശ്രൂഷയുടെ പാരമ്പര്യചടങ്ങുകൾ നമ്മുടെ കർബാനയിൽ ഇപ്പോഴും ആചരിക്കപ്പെടുന്നുണ്ടു്.

അവയിൽ ആദ്യത്തേതു് "സ്യാമീദാ" എന്നു പറയുന്ന ആശിസ്സു് പ്രാർത്ഥനയാണു്. ഓരോ സാമൂഹ്യ മതാചാരങ്ങൾക്കു് സമ്മേളിച്ചിരുന്ന പൂർവ്വക്രിസ്ത്യാനികൾ, അവയുടെ പര്യവസാനശേഷവും, കാർമ്മികൻ അവരുടെ പക്കലേക്കിറങ്ങി 'സ്യാമീദാ' നൽകുക– ആശിസ്സു് പ്രാർത്ഥിക്കുക–യും ഊറാറാ മുത്തിക്കുകയും ചെയ്തിട്ടല്ലാതെ പിരിഞ്ഞുപോയിരുന്നില്ല. കർബാനയിൽ ആകയാൽ അദ്ധ്യയനകർമ്മങ്ങൾ കഴിയുമ്പോൾ, അതിൽ സംബന്ധിക്കുവാൻ അനുവദിക്കപ്പെടാത്തവർ പിരിഞ്ഞുപോകുവാൻവേണ്ടി അവർക്കു "സ്യാമീദാ" കൊടുത്തയപ്പാൻ കാർമ്മികനോടും, ശിരസ്സു് നമിപ്പിച്ചു ആശിസ്സു് സ്വീകരിക്കുവാൻ അയോഗ്യരായി പരിഗണിക്കപ്പെട്ടിരുന്നവരോടും ക്രമപാലകൻ ഓർമ്മിപ്പിക്കുകയും അവർ തദനുസരണം പ്രവർത്തിക്കുകയും ചെയ്യുക പതിവുണ്ടായിരുന്നു. നമ്മുടെ കർബാനയിൽ പരസ്യപ്രാർത്ഥനയുടെ സമാപകത്തിനു് സമൂഹം ഉത്തരിച്ചുകഴിയുമ്പോൾ ഈ ഓർപ്പിക്കലും "സ്യാമീദാ" നൽകലും ഇപ്പോഴും അനുഷ്ഠിക്കും നിഷ്പ്രയോജനമായി.

**ക്രു.** (കാർമ്മികനോടു്) നാഥാ! ആശീർവ്വദിക്കേണമെ.

(അയോഗ്യരോടു്) (എന്റെ സഹോദരന്മാരേ) കൈവയ്പിന് നിങ്ങളുടെ തല കുനിക്കുകയും ആശീർവ്വാദം സ്വീകരിക്കുകയും ചെയ്വിൻ.

**കാ.** (അല്പം കുനിഞ്ഞുനിന്നുകൊണ്ടു്) സർവ്വവല്ലഭമുള്ള ദൈവമായ കർത്താവേ! കത്തോലിക്കാ തിരുസ്സഭ അങ്ങയുടേതാണു്

(എന്നോക്കേണമെ). എന്തെന്നാൽ ആ അജസമൂഹത്തിലെ ആട്ടുകൾ അവിടുത്തെ അഭിഷിക്തൻെറ അവർണ്ണനീയ പീഡാസഹനത്താൽ വിലയ്ക്കു വാങ്ങപ്പെട്ടു; പരമപ്രഭാവമേറിയ ദൈവത്വത്തിൽ അവിടത്തോടു ഏക സത്തയായിരിക്കുന്ന പവിത്രാത്മാവിൻെറ കൃപയാൽ യഥാർത്ഥ ആചാര്യത്വത്തിൻെറ ഹസ്താരോപപദവികൾ (അതിൽ) നൽകപ്പെടുകയും ചെയ്യുന്നു; വിശ്വാസികളുടെ ആത്മാക്കൾക്ക് ആദ്ധ്യാത്മിക സഹായങ്ങൾ പ്രദാനം ചെയ്യുവാനാകുമാറ് സഭയുടെ മഹാ ശരീരത്തിൽ ശ്രേഷ്ഠാംഗങ്ങളാകുവാൻ ഞങ്ങളുടെ ദുർബലസ്വഭാവത്തിൻെറ പോരായ്മയെ പാത്രമാക്കിയതും, കർത്താവേ! അവിടത്തെ ദയ. ആകയാൽ, നാഥാ! അവിടന്നു അങ്ങേ കൃപാവരം ഞങ്ങളിൽ പൂർണ്ണമാക്കേണമെ; അങ്ങേ ദാനങ്ങളെ ഞങ്ങളുടെ കരങ്ങളിലൂടെ ചിന്തേണമെ; അങ്ങേ ദയയും അനുഗ്രഹവും ഞങ്ങളുടെമേലും അങ്ങേയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്ന ഈ ജനത്തിന്മേലും ഉണ്ടാകുന്നതിന് ഇടയാക്കുകയും ചെയ്യേണമെ.

(അനന്തരം നിവർന്നുനിന്നു് കരങ്ങൾ വിടർത്തു് ഉയർത്തിപ്പിടിച്ചുകൊണ്ടു്)

നാഥാ! കാരുണികനായ അവിടത്തെ ആരാദ്ധ്യമായ അഭീഷ്ടത്തെ, തൃപ്തമാക്കി രഞ്ജിപ്പിക്കുവാൻ പോന്ന നീതിയുക്തങ്ങളായ പുണ്യപ്രവൃത്തികളാൽ ഞങ്ങളേവരും ഒന്നുചേർന്ന് ഒരുപോലെ ആയുഷ്ക്കാലമത്രയും അവിടത്തെ (ദൈവത്വത്തെ) പ്രസാദിപ്പിക്കുവാൻ ദയാപൂർവ്വം സഹായിക്കേണമെ; പിതാവും പുത്രനും പരിശുദ്ധാത്മാവുമായ നിത്യസർവ്വേശ്വരാ! അങ്ങേയ്ക്കു് നിരന്തരം സ്തുതിയും ബഹുമാനവും കൊണ്ടാട്ടവും ആരാധനയും സമർപ്പിക്കുവാൻ അങ്ങേ കൃപാസഹായത്താൽ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യേണമെ.

**സ. ആമേൻ.**

കാർമ്മികൻെറ ഈ "സ്യാമീദാ" യ്ക്കുശേഷം അർക്കദ്യാക്കോൻ മററു മൂന്നു ആറാം പട്ടക്കാരോടുകൂടി കസ്ത്രോമ്മായിങ്കലേയ്ക്കിറങ്ങി ക്രിസ്തീയ അധികാരച്ചിഹ്നങ്ങളായ കുരിശും ഏവംഗേലിയോനും കാട്ടിക്കൊണ്ടു് സഭയുടെ നാമത്തിൽ അയോഗ്യരുടെ ഓരോ കൂട്ടത്തോടും പുറത്തുപോകുവാൻ ആജ്ഞാപിക്കുമായിരുന്നു പണ്ടു്;' എന്നല്ലാ, കല്പന ശ്രവിക്കുന്നയുടനെ ഓരോ കൂട്ടരും കാർമ്മികനെ സമീപിച്ചു് ഉറാറാ മുത്തീയിട്ടു് പുറത്തു മോണ്ടളത്തിലേയ്ക്കു് ഇറങ്ങുകയും ഒടുവിൽ അർക്കദ്യാക്കോൻെറ നിർദ്ദേശ

ത്തിനു് അഞ്ചാം പട്ടക്കാർ ദേവാലയകവാടങ്ങൾ അടച്ചു ബന്ധിക്കുകയും ചെയ്തിരുന്നു. ഈ ബഹിർഗമന കല്പനകൾ നിർജ്ജീവങ്ങളായ നിർദ്ദേശങ്ങളായി ചോദ്യോത്തരങ്ങൾപോലെ നമ്മുടെ കർബാനയിൽ കാർമ്മികനും സഹായിയുംകൂടി മാറിമാറി ചൊല്ലുകമാത്രം ചെയ്യും ഇപ്പോൾ.

| | |
|---|---|
| 1-ാം ആറു പട്ടക്കാരൻ. | ജ്ഞാനസ്നാനം കൈക്കൊണ്ടിട്ടില്ലാത്തവർ (പുറത്തു്) പോകട്ടെ. |
| 2-ാം ,, | ആയുസ്സിന്റെ അങ്കിതം ലഭിച്ചിട്ടില്ലാത്തവർ (പുറത്തു്) പോകട്ടെ. |
| 3-ാം ,, | അതു് (1) സ്വീകരിക്കുന്നില്ലാത്തവർ (പുറത്തു്) പോകട്ടെ. |
| അർക്കദ്യാക്കോൻ. | ശിഷ്യന്മാരേ, പോയി വാതിൽ കാർപ്പിൻ. |

## g) കാഴ്ചസാധനങ്ങളുടെ നിക്ഷേപണം

ആട്ടമാട്ടുകളുടെ യജ്ഞാർപ്പണം പ്രാബല്യത്തിലിരുന്നിരുന്ന പഴയ നിയമകാലത്തു് പാപപ്പരിഹാരാർത്ഥം ബലിയരുക്കുവാൻ കാഴ്ചവെയ്ക്കപ്പെട്ടുന്ന മൃഗത്തെ കൂടാരവാതുക്കൽവച്ചുകൊന്നു്, തോലുരിഞ്ഞൊരുക്കിയിട്ടു് അതിന്റെ മാംസവും രക്തവുംമാത്രമായി ആചാര്യൻ ശുദ്ധ സ്ഥലത്തേയ്ക്കു് പ്രവേശിച്ചിരുന്നു. (ലേവാ. iv. 4-10.)

ന. കർബാനയിൽ അയോഗ്യരെ പറഞ്ഞയച്ചുകഴിഞ്ഞു് അത്താഴക്രമം ആരംഭിക്കുന്നതോടെ അനുഷ്ഠിക്കുന്നതും ഏതാണ്ടിതിനു് അനുസരണമായ ഒരു കർമ്മമാണു്. രക്ഷാനാഥനായ മ്ശിഹാതമ്പുരാന്റെ മാംസരക്തങ്ങളായി പകർത്തി ബലിയപ്പിടക്കേണ്ട അപ്പവും വീഞ്ഞും കാർമ്മികൻ കരങ്ങളിലെടുത്തു് ത്രോണോസിലേയ്ക്കു കൊണ്ടുവന്നു അതിൽ നിക്ഷേപിയ്ക്കുന്നു.

### എഴുന്നള്ളിക്കൽ

ഒരുക്കമേശമേൽ തിരുപ്പാത്രങ്ങളിൽ നേരത്തെ ക്രമപ്പെടുത്തിവയ്ക്കുന്ന അപ്പവും വീഞ്ഞും, ഈവിധം ത്രോണോസിലേയ്ക്കു പ്രവേശിപ്പിക്കുന്നതിനെ കർമ്മസാധനങ്ങളുടെ എഴുന്നള്ളിക്കൽ എന്നാണു വിളിക്കുക. ചെറിയ എഴുന്നള്ളിക്കൽ എന്നു പറയാറുള്ള ഏവംങ്ഗേലിയോന്റെ എഴുന്നള്ളി

---

(1) അക്രൈസ്തവർ അറിഞ്ഞു് അവഹേളിക്കുകയോ അതിക്രമിക്കുകയോ ചെയ്യാതിരിക്കുവാൻവേണ്ടി വേദപീഡനത്തിന്റെ ആദ്യകാലത്തു് വി. കർബാന എന്ന പേരുപോലും പരസ്യമായി പറഞ്ഞിരുന്നില്ല.

ക്കലിനോട്ട് താരതമ്യപ്പെടുത്തി ചിലപ്പോൾ വലിയ എഴുന്നള്ളിക്കൽ എന്നും ഇതിനെ വിളിക്കാറുണ്ട്. പൂർവ്വകാലത്തു് വളരെ ആഡംബരമായി അനുഷ്ഠിച്ചിരുന്ന ഒരു കർമ്മഭാഗമാണിതു്. അയോഗ്യരെ പുറത്താക്കി വാതിലുകൾ ബന്ധിച്ചുകഴിയുമ്പോൾ, അൾത്താരയുടെ മുമ്പിലെ തിരുശ്ശീല (1) മാററി ത്രോണോസ് ആദ്യം പരസ്യമാക്കിയിരുന്നു; പിന്നെ പാട്ടുകളുടേയും പ്രാർത്ഥനകളുടേയും മധ്യേ ആറാംപട്ടക്കാർ ഒരുക്കമേശമേൽനിന്നു് അപ്പത്തിന്റെ പീലാസായും വീഞ്ഞിന്റെ കാസായും ഇരുകരങ്ങളിലും എടുത്തു് നെററിവരെ ഉയർത്തിപ്പിടിച്ചുകൊണ്ടു് സാദരം ത്രോണോസിലേയ്ക്കു് ആനയിച്ചിരുന്നു.

പണ്ഡിതാഗ്രണിയായ നർസെ ഈ ആനയനത്തെ മുൻനിറുത്തി ഉപദേശിക്കുന്നതു് ശ്രദ്ധാർഹമാണു്:- "കാഴ്ചസാധനങ്ങളുടെ എഴുന്നള്ളിക്കലിന്റെ ഈ നാഴികയിൽ യൂദജനത്തോട്ടു് കോപവും ദ്വേഷവും എല്ലാം വെടിഞ്ഞു് നമുക്കുവേണ്ടി കൊല്ലപ്പെട്ടവൻ കൊണ്ടുപോകപ്പെടുന്ന മ്ശിഹായെ ഓർക്കാം. അവിടുന്നിതാ ആറാംപട്ടക്കാരൊരുമിച്ചു് പീഡാസഹനത്തിനു് പുറപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവിടുത്തെ മരണത്തിന്റെ സ്മാരകങ്ങളായ അപ്പവും വീഞ്ഞുമത്രേ ആറാം പട്ടക്കാർ അവരുടെ കരങ്ങളിലെ കാസായിലും പീലാസായിലും വഹിക്കുന്നതു്. അവർ ത്രോണോസിന്മേൽ ഇവ നിക്ഷേപിച്ചു് ആഘോഷം ചെയ്യുമ്പോൾ അവിടുത്തെ മരണത്തെയാണു നാം അനുസ്മരിക്കുക. ആറാംപട്ടക്കാർ അങ്ങേ പീഡകന്മാരായിരുന്ന യൂദന്മാരെയല്ല, അവിടത്തെ സഹനസമയത്തു് അങ്ങയേ ശുശ്രൂഷിച്ച സ്വർഗ്ഗദൂതന്മാരെ സദൃശീകരിക്കുന്നു. കുരിശേല്പിക്കപ്പെട്ടതു വിധം പാടുപെട്ടു മരിക്കുന്ന അങ്ങയുടെ വിശിഷ്ട ശരീരത്തെ സ്വർഗ്ഗദൂതന്മാർക്കു തുല്യം അവർ കാക്കുന്നു."

പക്ഷെ നമുക്കിന്നു് അകശ്ശീലയില്ല; ഒരുക്കമേശയുമില്ല. ആകയാൽ, കുർബ്ബാനയുടെ ഇടയ്ക്കു് പണ്ടു പതിവുണ്ടായിരുന്ന തിരശ്ശീല അടയ്ക്കലും തുറക്കലുമെല്ലാം നമ്മുടെ ക്രമത്തിൽ നാമാവശേഷമായിരിക്കയാണു്. ഒരുക്കമേശയിൽനിന്നുള്ള എഴുന്നള്ളിയ്ക്കലും അങ്ങിനെ തന്നെ. കാർമ്മികൻ അൾത്താരയുടെ വലതു കൊമ്പിലേയ്ക്കല്പം നീങ്ങി അവിടെ തയ്യാറാക്കിവച്ചിരിക്കുന്ന പീലാസാ ഇരുകരങ്ങളാലും എടുത്തു് നെററിവരെ ഉയർത്തിപ്പിടിച്ചുകൊണ്ടു്, ഒരുക്കമേശയിൽ നിന്നായിരുന്നാൽ എന്നു് തോന്നിക്കുമാറു്, തിരുക്കല്ലിലേയ്ക്കു് കൊണ്ടുവരുന്നു. അൾത്താരയുടെ മധ്യത്തിങ്കൽ എത്തിക്കഴിയുമ്പോൾ വലതുകൈ നീട്ടി വലതുവശത്തു തയ്യാറാക്കി വച്ചിരിക്കുന്ന കാസായും എടുക്കുന്നു. ഇങ്ങനെ എഴുന്നള്ളിക്കൽ സംക്ഷേപിക്കുകയാണു് ഇന്നു് നമ്മുടെ പതിവു്.

ആനയനകീർത്തനം

ദിവ്യനാഥന്റെ മാംസരക്തങ്ങളാക്കി ദൈവത്തിനു ബലി അർപ്പിക്കേണ്ടതായ അപ്പവും വീഞ്ഞും ത്രോണോസിലേയ്ക്കാനയിക്കുമ്പോൾ ശുദ്ധ

(1) Inner veil- അൾത്താരയുടെ മുമ്പിൽ പണ്ടു് പതിവുണ്ടായിരുന്ന വിരി.

കാം താഴെവരുന്ന കീർത്തനം ആലപിച്ചുകൊണ്ടിരിക്കും. ഇസ്രായേലിലെ ന്യായാധിപനായിരുന്ന ജാഫത്തിന്റെ പുത്രിയെ അവളുടെ പിതാവിന്റെ നേർച്ചാനുസരണം ദൈവത്തിനു് പൂജിക്കവാനായി അവളുടെ തോഴിമാർ പാട്ടുപാടിക്കൊണ്ടു് യജ്ഞപീഠത്തിലേയ്ക്കു് ആനയിച്ചതു പോലെ.

പക്ഷെ ഇന്നീ കാനീസായുടെ അദ്യനിത്തു് ന. പാട്ടുകുർബ്ബാനകളിൽ പോലും പാടാറില്ല. കാർമ്മികനും സഹായിയുംകൂടി രഹസ്യത്തിൽ ചൊല്ലുകയേ ഉള്ളു.

**കാ. കർത്താവിൽ ഞാൻ ദൃഢമായി ആശ്രയിച്ചു:–**

**മ്ശീഹായുടെ ശരീരവും അവിടത്തെ വിലതീരാത്ത രക്തവും ഇതാ! തിരുപ്പീഠത്തിന്മേൽ! നമുക്കേവക്കും ഭയത്തോടും സ്നേഹത്തോടുംകൂടി അങ്ങയെ സമീപിച്ച് മാലാഖാമാരോടൊപ്പം ദൈവമായ കർത്താവ് പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉച്ചൈസ്സരം ഘോഷിക്കാം.**

**സ. ദരിദ്രർ ഭക്ഷിച്ചു സംതൃപ്തരാകട്ടെ:–**

**മ്ശീഹായുടെ ശരീരവും........... ഘോഷിക്കാം.**

കാണിക്കവെയ്ക്കൽ

ആനയനഗാനത്തിന്റെ ആദ്യനിത്തു് മന്ത്രിച്ചുകൊണ്ടു് ബലിസാധനങ്ങൾ ത്രൊണോസിലേക്കാനയിച്ചുകഴിയുമ്പോൾ പുരോഹിതൻ അവയെ കാണിക്കവെയ്ക്കുന്നു. കാർമ്മികന്റെ ഈ പ്രവൃത്തി മ്ശീഹായെ പ്രതിനിധീകരിച്ചുകൊണ്ടുള്ള ഒന്നല്ല. മ്ശിഹാ ഇവിടെ അദ്ദേഹത്തിന്റെ കാണിക്കയുടെ സ്വീകാരകനാണു്.

മാമ്മോദീസാജലത്താൽ കഴുകപ്പെട്ടിട്ടുള്ളവരെല്ലാം മ്ശിഹായുടെ മൗതികശരീരത്തിന്റെ അംഗങ്ങളാണു്; വി. പത്രോസ്ശ്ലീഹാ വിവരിക്കുന്ന (വി. പത്രോസ് i. 2 : 9) രാജകീയ പൌരോഹിത്യമുള്ളവരാണു്. അവക്ക തങ്ങളുടെ ബലിസാധനങ്ങൾ, അപ്പിക്കപ്പെടുന്നതിനായി, ത്രൊണോസിലേ ശുശ്രൂഷയ്ക്കു് പ്രത്യേകം അഭിഷിക്തരായിട്ടുള്ള ആചാര്യൻ വഴി, ആചാര്യപ്രമുഖനായ മ്ശിഹായുടെ കരങ്ങളിൽ കാണിയ്ക്കവയ്ക്കുവാൻ അർഹതയും അവകാശവുമുണ്ടു്. അതാണു് കാർമ്മികൻ ഇവിടെ ചെയ്യുന്നതു്. മററു വാക്കുകളിൽ, കാർമ്മികൻ സമൂഹത്തിന്റെ നേർച്ചകളെ സ്വീകരിച്ചു് ബലിയപ്പിക്കുവാനായി മ്ശിഹായുടെ കരങ്ങളിൽ ഏല്പിക്കുന്നു; അവിടന്നതു് ദൈവസന്നിധിയിൽ കാണിയ്ക്കു വയ്ക്കുന്നു. പക്ഷെ ത്രൊണോസിലെ ബലിയുടെ തീരാത്ത ഫലത്തിനു് നാം പാത്രവാന്മാരാകേണമെങ്കിൽ, നമ്മുടെ പാപങ്ങൾ പൂണ്ണമായി പരിഹരിക്കപ്പെടണമെങ്കിൽ, മ്ശിഹായുടെ മാംസരക്തങ്ങളായി തീരേണ്ട അപ്പവും വീഞ്ഞും ഈ വിധം വിദൂരമായി സമപ്പിച്ചതുകൊണ്ടു് മാത്രമായില്ല.

അത്രയോടുകൂടി ബലിയിടപ്പെടുവാനായി പീലാസായിൽ നമ്മേതന്നെ കാണിയ്ക്കുവയ്ക്കണം.

ന. കുർബാനയിൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും കാണിയ്ക്കുവയ്ക്കൽ ഇപ്രകാരമാണു് നിവ്വഹിക്കപ്പെടുന്നതു്. സമൂഹത്തിൻെറ നേർച്ചകൾ സമൂഹത്തിൻെറ നാമത്തിൽ സമപ്പിക്കപ്പെടുന്ന ആ മഹൽകമ്മത്തിൽ അവരുടെ സവിശേഷമായ ശ്രദ്ധയുണ്ടാകേണ്ടതുള്ളതുകൊണ്ടു് ക്രമപാലകൻ ആദ്യം ‘‘ന്ന്സല്ലെ ശ്ലാമ്മാ അമ്മൻ’’ അറിയിച്ചു് അവരുടെ ശ്രദ്ധയെ അതിലേയ്ക്കു് ക്ഷണിക്കും. തദനുസരണം സമൂഹാംഗങ്ങൾ പാട്ടുനിർത്തി ശ്രദ്ധാലുക്കളായി എന്നു കാണുമ്പോൾ കാമ്മികൻ തൻെറ കരങ്ങളിൽ വഹിക്കുന്ന പീലാസാ വലതുവശത്തും കാസാ ഇടതുവശത്തും വരത്തക്കവണ്ണം മുൻകരങ്ങൾ കുരിശാകൃതിയിൽ പിണച്ചുകൊണ്ടും കാഴ്ചസാധനങ്ങൾ തിരുസന്നിധിയിൽ കാണിക്കുവാൻ എന്നു് തോന്നുമാറു് നെററിവരെ ഉയർത്തിപ്പിടിച്ചുകൊണ്ടും ഇപ്രകാരം പ്രാത്ഥിക്കും:

കാ. (ദൈവമേ!) അവിടത്തെ മഹത്വമേറിയ ത്രിത്വത്തിന് ഞങ്ങൾ എന്നേരവും എന്നേയ്ക്കും സ്തുതി സമപ്പിക്കട്ടെ.

നമ്മുടെ പരിത്രാണനത്തിനായി ബലിയറുക്കപ്പെടുകയും തൻെറ പീഡയുടെയും മരണത്തിൻെറയും അടക്കത്തിൻെറയും ഉത്ഥാനത്തിൻെറയും ഓമ്മ കൊണ്ടാടുവാൻ നമ്മോടു കല്പിക്കുകയും ചെയ്ത മ്ശിഹാതന്നെ അവിടത്തെ കൃപയാലും അനുഗ്രഹത്താലും ഈ ബലിസാധനത്തെ നമ്മുടെ കൈകളിൽനിന്ന് എന്നേയ്ക്കും സ്വീകരിക്കട്ടെ. ആമേൻ.

നിക്ഷേപണം

പിന്നെ കാണിക്കവെച്ച കമ്മസാധനങ്ങളെ ത്രോണോസിൽ നിക്ഷേപിക്കുന്നു. അതിപ്രകാരമാണു് നിവ്വഹിക്കുക. കാമ്മികൻ തൻെറ കരങ്ങളെ കാണിയ്ക്കുവയ്ക്കലിനു് പിടിച്ചിരുന്നവിധത്തിൽതന്നെ ത്രോണോസിന്മേലേയ്ക്കു് താഴ്ത്തിയിട്ടു് കീഴെവരുന്ന പ്രാത്ഥനയുടെ ആദ്യവാക്യം മൂന്നു പ്രാവശ്യം ആവത്തിക്കുകയിൽ പീലാസാകൊണ്ടു് കാസായുടെ ചുവട്ടിൽ മൂന്നു വട്ടം മുട്ടുന്നു. അനന്തരം പ്രാത്ഥന പൂത്തിയാക്കുന്നു. ഒടുവിൽ, പ്രാത്ഥനയുടെ അന്ത്യത്തിലെ ‘‘ഹാശാ’’യ്ക്കു്, ഇരുകരങ്ങളിലും വഹിക്കുന്ന തിരുപ്പാത്രങ്ങൾകൊണ്ടു കുരിശടയാളം വരച്ചിട്ടു് അവയെ ത്രോണോസിന്മേൽ നിക്ഷേപിക്കുന്നു.

കാ. ഇതാ! നിക്ഷേപിക്കപ്പെടുന്നു,
ഇതാ! നിക്ഷേപിക്കപ്പെടുന്നു,
ഇതാ! നിക്ഷേപിക്കപ്പെടുന്നു,
ക്രമപ്പെടുത്തപ്പെടുകയും ചെയ്യുന്നു, മ്ശിഹായുടെ തിരുപ്പീഠത്തിന്മേൽ, പ്രശസ്തങ്ങളും വിശുദ്ധങ്ങളും ജീവപ്രദങ്ങ

ളും ദിവ്യങ്ങളുമായ ഈ രഹസ്യങ്ങൾ, സ്വർഗ്ഗത്തിൽനിന്നുള്ള അവിടത്തെ അമേയപ്രാഭവത്തോടുകൂടിയുള്ള രണ്ടാമത്തെ ആഗമനംവരെ. അങ്ങേയ്ക്കു് സ്തുതിയും സ്തോത്രവും ആരാധനയും പുകഴ്ചയും (തിരുപ്പാത്രങ്ങൾകൊണ്ടു് കുരിശടയാളം വരയ്ക്കയിൽ) ഇപ്പോഴും എപ്പോഴും എന്നന്നേയ്ക്കും (ഉണ്ടായിരിക്കട്ടെ).

ആച്ഛാദനം

അനന്തരം കാർമ്മികൻ ശോശപ്പാകൊണ്ടു് തിരുപ്പാത്രങ്ങൾ ആച്ഛാദനം ചെയ്യുന്നു. ഇതിനു് പ്രത്യേക പ്രാർത്ഥനകളൊന്നും നമ്മുടെ ക്രമത്തിൽ ഇല്ല. എന്നിരുന്നാലും ആനയനഗാനത്തിൽ അവശേഷിക്കുന്ന ഭാഗം ഈ സമയത്തു് പാടി പൂർത്തിയാക്കാറുണ്ടു്. സമൂഹം പാടേണ്ട ഒന്നാണു് ആനയനഗാനമെങ്കിലും അതിന്റെ ഈ പൂർത്തിയാക്കലിൽ കാർമ്മികനും പങ്കെടുക്കും. നമ്മുടെ അമ്മ പരിശുദ്ധ കന്യകമറിയം, ശ്ലീഹന്മാർ, സഭയുടെ മദ്ധ്യസ്ഥന്മാർ, മാലാഖാമാർ, മരിച്ചവർ ആദിയായവരെല്ലാം ഈ കീർത്തനഭാഗത്തു് വിശേഷവിധമായി അനുസ്മരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നുണ്ടു്. സ്വർണ്ണവാഗ്മിയായ വി. യോഹന്നാൻ ക്രിസോസ്തോമസിന്റെ വാക്കുകളിൽ പറഞ്ഞാൽ, വിജയശ്രീലാളിതനായി മടങ്ങുന്ന ഒരു സേനാനിയ്ക്കു് നൽകുന്ന ബഹുമാനത്തിൽ അദ്ദേഹത്തിന്റെ സേനയ്ക്കുമെന്നവണ്ണം.

കാ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:-

ദൈവജനനിയായ കന്യകമറിയത്തിന്റെ ഓർമ്മ തിരുപ്പീഠത്തിന്മേൽ കൊണ്ടാടപ്പെടട്ടെ.

സ. അനാദിതൊട്ട് എന്നേയ്ക്കും അപ്രകാരമായിരിക്കട്ടെ:-

സുതന്റെ പ്രേഷിതരേ! ഏക ജാതന്റെ സ്നേഹഭാജനങ്ങളേ! നിങ്ങൾ പ്രാർത്ഥിപ്പിൻ: സൃഷ്ടലോകത്തിൽ സമാധാനമുണ്ടാകട്ടെ.

കാ. ആമേൻ ആമേൻ (അപ്രകാരമാവട്ടെ അപ്രകാരമാവട്ടെ) എന്നു് എല്ലാ ജനവും പാടട്ടെ:-

വിജയം വരിച്ച നീതിമാന്മാരോടും വീരമുടി വെന്ന രക്തസാക്ഷികളോടുംകൂടെ മാർ തോമ്മായിതാ തിരുപ്പീഠത്തിന്മേൽ സ്മരിക്കപ്പെടുന്നു.

സ. സർവ്വവല്ലഭനായ കർത്താവ് നമ്മോടുകൂടെ(യുണ്ട്) നമ്മുടെ രാജാവും നമ്മോടുകൂടെ(യുണ്ട്) യാക്കോവിൻെറ ദൈവം നമ്മുടെ സഹായകനായും (ഉണ്ട്).

കാ. ചെറിയവരും വലിയവരുമായി മരണമടഞ്ഞ സകലരും പ്രതാപമേറിയ അവിടത്തെ ഉത്ഥാനത്തിൽ തങ്ങളേയും അവിടന്നു മഹിമയോടെ ഉയൎപ്പിക്കുമെന്ന് അങ്ങയിൽ പ്രത്യാശിച്ചുകൊണ്ടിതാ നിദ്രകൊള്ളുന്നു.

സ. അവിടത്തെ സന്നിധിയിൽ നിങ്ങളുടെ ഹൃദയം തുറന്നു കാട്ടുവിൻ:—

നോമ്പുകൊണ്ടും പ്രാൎത്ഥനകൊണ്ടും ആത്മാനുതാപം കൊണ്ടും മ്ശിഹായേയും അവിടത്തെ പിതാവിനേയും പരിശുദ്ധാത്മാവിനേയും നമുക്ക് സാന്ത്വനപ്പെടുത്താം.

## h) കൈകഴുകൽ

അദ്ധ്യയനക്രമങ്ങളും അത്താഴക്രമങ്ങളും വേറെ വേറെ ആചരിച്ചു പോന്ന ആദ്യനാളുകളിൽ ഓരോന്നിൻെറയും ആരംഭത്തിൽ പ്രത്യേകം പ്രത്യേകം കൈകഴുകൽ പതിവുണ്ടായിരുന്നു. പക്ഷെ രണ്ടുംകൂടി സംയോജിപ്പിച്ചപ്പോൾ രണ്ടാമത്തേതു് അനാവശ്യമായിത്തീൎന്നു; എങ്കിലും ഉപേക്ഷിക്കപ്പെടുക ഉണ്ടായിട്ടില്ല. ഇരുകരങ്ങളുടെയും തള്ളവിരലുകളും ചൂണ്ടാണിയും മാത്രം നാമമാത്രമായി കഴുകി ഇപ്പോഴും ആ ചടങ്ങ് നിലനിൎത്തിക്കൊണ്ടു് പോരുന്നു. ആകയാൽ അത്താഴക്രമത്തിൻെറ ആരംഭത്തിലെ ഈ കൈകഴുകൽ ഒരു ശാരീരിക ക്ഷാളനം എന്നതിനേക്കാൾ ആദ്ധ്യാത്മിക ശുദ്ധീകരണത്തിൻെറ ഒരു സൂചനയായിട്ടാണിന്നു കരുതപ്പെടേണ്ടതു്. ഇതിൻെറ നേരത്തു കാൎമ്മികൻ പ്രാൎത്ഥിക്കുന്നതും ആദ്ധ്യാത്മിക ശുദ്ധീകരണത്തിനുവേണ്ടിയാണു്.

കാ. (കൈവിരലുകളിൽ വെള്ളം വീഴ്ത്തുമ്പോൾ) സൎവ്വനാഥനായ ദൈവം നമ്മുടെ അപരാധങ്ങളുടെയും അകൃത്യങ്ങളുടെയും അഴുക്കിനെ തൻെറ അനുഗ്രഹത്തിൻെറ തളിക്കോൽ (സോപ്പാക്കോൽ) കൊണ്ട് ശുചീകരിക്കട്ടെ; നമ്മുടെ ദുഷ്ക്രിയകളുടെ കറകളെ, കവിഞ്ഞൊഴുകുന്ന തൻെറ കൃപക്കടലിൽ കഴുകി വെടിപ്പാക്കുകയും ചെയ്യട്ടെ.

(തൂവാലകൊണ്ടു വിരലുകൾ തുടച്ചുണക്കുമ്പോൾ) കൎത്താവു തൻെറ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപമാലിന്യത്തെ തുടച്ചുകളയട്ടെ. ആമേൻ.

## ii. അത്താഴക്കർബാനയുടെ ഒന്നാമത്തെ ഭാഗം.

### സമർപ്പണം

കൈ കഴുകിക്കഴിഞ്ഞ് പുരോഹിതൻ അത്താഴക്കർബാന ആരംഭിക്കുന്നു. അതിന് മൂന്നു മുഖ്യഭാഗങ്ങളാണുള്ളതെന്നും അവയിൽ ആദ്യത്തേത് സമർപ്പണമത്രെയെന്നും നാം കണ്ടല്ലോ. കർബാനയിൽ മ്ശിഹാ സ്വയം അർപ്പിക്കുകയാണ് ചെയ്യുന്നത്. മിശിഹായുടെ ഈ സ്വയാർപ്പണം കൂദാശകർമ്മത്തോടെയാണ് നിവർത്തിക്കപ്പെടുന്നതും. (1) കൂദാശകർമ്മത്തോടെയുള്ള ഈ സ്വയാർപ്പണമേ പെസഹാവിരുന്നിൽ ദിവ്യഗുരു അനുഷ്ഠിച്ചുള്ളു. ആകയാൽ അത്താഴക്കർബാനയിൽ ഇതഃപര്യന്തം കണ്ട അർപ്പണച്ചടങ്ങുകൾ കർബാനയിലെ സാക്ഷാൽ അർപ്പണമല്ല. അർപ്പിക്കപ്പെടുവാൻവേണ്ടി നമ്മുടെ കാഴ്ചസാധനങ്ങൾ അർപ്പകനായ മിശിഹായുടെ കരങ്ങളിൽ സമർപ്പിക്കുന്ന ചടങ്ങുകൾ മാത്രമാണവ. വേറെ വാക്കുകളിൽ, കൂദാശകർമ്മത്തിനുമുമ്പ് മിശിഹാ അർപ്പിക്കപ്പെടുന്നില്ല; മിശിഹായുടെ സജീവമാംസരക്തങ്ങളാക്കിത്തീർത്തിട്ട് ദൈവത്തിന് സമർപ്പിക്കേണ്ട കർമ്മസാധനങ്ങളെ ത്രോണോസിൽ നിക്ഷേപിക്കുക മാത്രമാണ് ഇതുവരെ ചെയ്യുന്നത്. പക്ഷെ വ്യാപകാർത്ഥത്തിൽ ഇവയും സമർപ്പണഭാഗങ്ങൾതന്നെ; അപ്രകാരം വിളിക്കപ്പെടുന്നുമുണ്ട്.

തിരുസ്സഭയിൽ ഓരോകാലത്ത് നടപ്പിലിരുന്നിരുന്ന വ്യാപകാർത്ഥത്തിലുള്ള, അഥവാ അകന്ന, സമർപ്പണ ക്രിയകൾ താഴെ വിവരിക്കുന്നവയാണ്.

### 1) നേർച്ചവസ്തുക്കൾ

അത്താഴക്രമത്തിന്റെ തുടക്കത്തിലോ അതിന് മുമ്പോ കർബാനയുടെ അർപ്പണത്തിനു ആവശ്യമായ അപ്പവും വീഞ്ഞും അല്ലെങ്കിൽ അവ ഉണ്ടാക്കുവാൻ വേണ്ടിയ സാധനങ്ങൾ അതുമല്ലെങ്കിൽ അവ വാങ്ങുവാനുള്ള പണം വിശ്വാസികൾ സ്വമേധയാ ദേവാലയത്തിൽ കൊണ്ടുവന്നു നേർച്ച വച്ചിരുന്നു.

### 2) അകന്ന ക്രമീകരണം

വിശ്വാസികൾ ഈ വിധം നേർച്ച വയ്ക്കുന്ന കാഴ്ചസാധനങ്ങളിൽ നിന്ന് കർബാനയ്ക്ക് വേണ്ടവ വേണ്ടുവോളം കാർമ്മികനോ ഇതര ദേവാലയ ശുശ്രൂഷകരോ തിരഞ്ഞെടുക്കുമായിരുന്നു. വിശ്വാസികളിൽനിന്ന് ലഭിക്കാത്തപ്പോഴേ ദേവാലയത്തിൽ ഉണ്ടാക്കിയിരുന്നുള്ളു. ഇതായിരുന്നു അകന്ന ക്രമീകരണം.

---

(I) Fr. Putz S. J. "My Mass" p. 48.

### 3) ആദ്യ ആനയനം

അപ്പവും വീഞ്ഞും വിശ്വാസികൾ കൊണ്ടുവന്നു് ദേവാലയത്തിൽ നേർച്ചവയ്ക്കുന്നിടത്തുനിന്നു്, അഥവാ, ദേവാലയത്തിൽ ഉണ്ടാക്കുന്നപക്ഷം ആ നിർമ്മാണ സ്ഥാനത്തുനിന്നു്, ഒരുക്ക മേശയിലേക്കോ അതില്ലായെങ്കിൽ അൾത്താരയിലേക്കും കൊണ്ടുവരുന്നതാണു് ആദ്യ ആനയനം.

### 4) ക്രമീകരണം

ഒരുക്കമേശയിലേക്കോ അൾത്താരയിലേക്കോ ഇങ്ങനെ ആനയിക്കപ്പെടുന്ന കർമ്മസാധനങ്ങൾ കാർമ്മികനോ ആറാം പട്ടക്കാരോ തിരുപ്പാത്രങ്ങളിൽ ക്രമപ്പെടുത്തി അവിടെതന്നെ മൂടി വയ്ക്കുമായിരുന്നു. ഇതിനു് കർമ്മസാധനങ്ങളുടെ ക്രമീകരണം അഥവാ തിരുപ്പാത്രങ്ങളിൽ തയ്യാറാക്കൽ എന്നു് പറയുന്നു.

### 5) എഴുന്നള്ളിക്കൽ

തിരുപ്പാത്രങ്ങളിൽ തയ്യാറാക്കിയ കർമ്മസാധനങ്ങൾ, ഒരുക്കമേശമേൽ വച്ചു് തയ്യാറാക്കിയെങ്കിൽ അതിന്മേൽനിന്നു്, അൾത്താരമേൽ വച്ചെങ്കിൽ അതിൻെറ കൊമ്പിൽനിന്നു്, സാഘോഷം എഴുന്നള്ളിച്ചു കൊണ്ടുവന്നു് ത്രോണോസിന്മേൽ നിക്ഷേപിക്കും.

### 6) സമർപ്പണപ്രാർത്ഥന

പിന്നെ അവ സ്വീകരിക്കപ്പെടണമെന്നു് കാർമ്മികൻ ദൈവത്തോടു പ്രാർത്ഥിയ്ക്കും. ഈ പ്രാർത്ഥനയാണു് സമർപ്പണ പ്രാർത്ഥന.

അകന്ന ഈ അർപ്പണച്ചടങ്ങുകളിൽ 1 മുതൽ 5 വരെയുള്ളവയെല്ലാം, അത്താഴക്കുർബാനയുടെ ഒരുക്കങ്ങളുടെ ഇടയ്ക്കു് നിർവ്വഹിക്കുന്നതായി നാം കണ്ടുകഴിഞ്ഞു. ഇനി അവശേഷിക്കുന്നതു് സമർപ്പണപ്രാർത്ഥന എന്ന അവസാനത്തേതു് മാത്രമാണു്.

## സമർപ്പണ പ്രാർത്ഥനകൾ

സമർപ്പണപ്രാർത്ഥനകൾ പ്രധാനമായി മൂന്നാണു്. ഇവയിൽ ഒന്നു് പലവട്ടം ആവർത്തിക്കാറുണ്ടു്. എന്നുതന്നെയല്ല, ഈ ആവർത്തനത്തിനിടയ്ക്കു്, അൾത്താരയുടെ മദ്ധ്യത്തിലും ഇടത്തും വലത്തും കൊമ്പുകളിലുമായി പതിനാറു പ്രാവശ്യം അൾത്താരയെ ചുംബിക്കാറുമുണ്ടു്. പഴയനിയമാചാര്യന്മാർ, ബലിമൃഗത്തിൻെറ മാംസം യാഗപീഠത്തിൽ നിക്ഷേപിച്ചുകൊണ്ടു് അതിനു് വലംവച്ചു പ്രാർത്ഥിക്കുകയും, അതിൻെറ കൊമ്പുകൾ ബലിമൃഗത്തിൻെറ രക്തത്താൽ അഭിഷേകിക്കുകയും ചെയ്തിരുന്നു. യൂദാചാര്യന്മാരുടെ ഈ അർപ്പണക്രമത്തിൻെറ ഒരു ചുരുങ്ങിയ വിധമാണു്, കർമ്മസാധനങ്ങൾ ത്രോണോസിൽ നിക്ഷേപിച്ചു് ആഘോഷം ചെയ്തുകൊ

ണ്ടു്, ന. കുർബ്ബാനയിൽ കാർമ്മികൻ അൾത്താരയുടെ കൊമ്പുകളിങ്കൽ പോയി അതിനെ ചുംബിക്കുകയും കാഴ്ചവയ്പിൻെറ പ്രാർത്ഥനകൾ ആവർത്തിക്കുകയും ചെയ്യുന്നതു്.

## കാഴ്ചവയ്പിൻെറ ഒന്നാമത്തെ പ്രാർത്ഥന

മുകളിൽ വിവരിച്ചവിധം കാർമ്മികൻ കൈ കഴുകിക്കഴിയുമ്പോൾ ആറാം പട്ടക്കാരൻ അഥവാ അദ്ദേഹത്തെ പ്രതിനിധീകരിക്കുന്നയാൾ അൾത്താരയുടെ ഇടത്തെ കൊമ്പിനടുത്തുവന്നു മുട്ടുകുത്തും. കർമ്മസാധനങ്ങളുടെ സജ്ജീകരണ സമയത്തു് ആറാം പട്ടക്കാരനും സമൂഹവുംകൂടി നടത്തിയതുപോലുള്ള ഒരു പരസ്യപ്രാർത്ഥനയ്ക്കു് അനുവാദാശീർവ്വാദങ്ങൾ അഭ്യർത്ഥിക്കലാണു് ഈ മുട്ടുകുത്തലിൻെറ സാരം. ആകയാൽ കാർമ്മികൻ അയാളുടെ നേരെ ദൃഷ്ടികൾ തിരിച്ചു് വലംകൈ ഉയർത്തി കുരിശടയാളം വരച്ചു് അയാളെ ആശീർവ്വദിക്കുന്നു.

**കാ.** സർവ്വത്തിൻെറയും ഉടയവനായ ദൈവം തൻെറ മഹിമകളെ പ്രകീർത്തിക്കുവാൻ താങ്കളെ ശക്തനാക്കട്ടെ.

പിന്നെ കാർമ്മികൻ ത്രോണോസിൻെറ മദ്ധ്യത്തിലും വലത്തും ഇടത്തും വശങ്ങളിലും ഒടുവിൽ ഒരിക്കൽകൂടി മദ്ധ്യത്തിലും ചുംബിക്കയിൽ കാഴ്ചവയ്പിൻെറ ഒന്നാമത്തെ പ്രാർത്ഥന തുടങ്ങുന്നു.

**കാ.** എൻെറ പിതാവേ! സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും നാഥാ! പിതാവും പുത്രനും പരിശുദ്ധാത്മാവും ആയോവേ! അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു.

എൻെറ പിതാവേ! സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും നാഥാ! പിതാവും പുത്രനും പരിശുദ്ധാത്മാവും ആയോവേ! അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എന്തുകൊണ്ടെന്നാൽ അങ്ങേ ജനത്തിനും, അജസമൂഹത്തിലെ ആടുകൾക്കും അവരുടെ

ആറാം പട്ടക്കാരൻ സവിനയം തല കുനിച്ചു് ആശീർവ്വാദദാനത്തിനു് കൃതജ്ഞത പ്രദർശിപ്പിച്ചശേഷം എഴുന്നേററു സമൂഹത്തിൻെറ പക്കലേക്കു പോയി കാഴ്ചവയ്പിൻേറതായ ന. കുർബ്ബാനയിലെ രണ്ടാമത്തെ പരസ്യപ്രാർത്ഥന തുടങ്ങുന്നു. ഇതര പരസ്യ പ്രാർത്ഥനകൾക്കെന്നവണ്ണം സമൂഹം ഇതിനൊന്നും പ്രതിവചിക്കാറില്ല, സഭയിലെ എല്ലാ ജീവിതാന്തസ്സുകാരുടെയും ആഗ്രഹസിദ്ധിക്കും ആരംഭിക്കുവാൻ പോകുന്ന കുർബ്ബാനയുടെ കരുണാപൂർണ്ണമായ സ്വീകരണത്തിനുംവേണ്ടി ദൈവത്തോടപേക്ഷിക്കണമെന്നു് സമൂഹത്തോടു് അഭ്യർത്ഥിക്കുകയാണു് ക്രമപാലകൻ ഇതിൽ പ്രധാനമായി ചെയ്യുക.

**ക്രു.** നമുക്കു് പ്രാർത്ഥിക്കാം; അടക്കമായിരിപ്പിൻ.

നമ്മുടെ മേലദ്ധ്യക്ഷന്മാരായ കാസോലിക്കോസുമാരുടെയും

കടങ്ങളുടെ മോചനവും, പാപങ്ങളുടെ പൊറുതിയും, ആത്മാവുകളുടെ രക്ഷയും, സർവ്വലോക സമാധാനവും, സഭകളൊക്കയുടെയും ക്ഷേമാഭിവൃദ്ധിയും പ്രാപിക്കുമാറു് അവിടത്തെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ പ്രശസ്തങ്ങളും വിശുദ്ധങ്ങളും ജീവപ്രദങ്ങളും ദിവ്യങ്ങളുമായ ഈ രഹസ്യങ്ങളെ, തിരുസ്സന്നിധിയിൽ പരികർമ്മം ചെയ്യുവാൻ പാപിയായ അടിയനെ അവിടന്നു കൃപയുണ്ടായി യോഗ്യനാക്കി. (ത്രോണോസിന്റെ മദ്ധ്യത്തിലും വലതുവശത്തും ചുംബിക്കുന്നു.)

അഭ്യർത്ഥന

അനന്തരം കാർമ്മികൻ അൾത്താരയുടെ വലതുവശത്തുള്ളവരുടെ നേരെ തിരിഞ്ഞു് കൈ ഉയർത്തി ആ വശത്തുള്ളവരെ ആശീർവ്വദിക്കുന്നു. ന. പാട്ടുകുർബാനകളിൽ മാത്രമേ ഇതിനു് ഉത്തരിക്കാറുള്ളു. (1) പൌരസ്ത്യ സുറിയാനിക്രമത്തിലെ Orate Fratres ആണിതു്.

**കാ:** ബാറെക്മാർ, ബാ-

മെത്രാന്മാരുടെയും എല്ലാ പുരോഹിതന്മാരുടെയും ശമ്മാശ്ശന്മാരുടെയും, ബ്രഹ്മചാരികളായ യുവാക്കന്മാരുടെയും യുവതികളുടെയും, പിതാക്കന്മാരുടെയും സഹോദരന്മാരുടെയും, പുത്രന്മാരുടെയും പുത്രിമാരുടെയും മ്ശീഹാസ്സു് ഇഷ്ടപ്പെട്ടവരായിരുന്ന ക്രിസ്തീയ രാജാക്കന്മാരുടെയും, സത്യവിശ്വാസത്തോടെ മരിച്ചു് ഈലോകത്തിൽനിന്നു് വേർപിരിഞ്ഞുപോയവരായ സകലരുടെയും ഇവിടെയും മറെറങ്ങുമുള്ള എല്ലാ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും മൌദ്യാനന്മാരുടെയും ഓർമ്മയെ നിലനിർത്തി നിങ്ങൾ പ്രാർത്ഥിക്കുവിൻ. മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിൽ ദൈവം അവരെ മഹത്വത്തിന്റെ മുടി ചൂടിക്കട്ടെ. അവരോടൊപ്പം നമുക്കും സ്വർഗ്ഗരാജ്യത്തിന്റെ ഉറപ്പായ ശരണവും ഓഹരിയും ആയുസ്സും അവകാശവും നൽകട്ടെ. (നാഥാ! ആശീർവ്വദിക്കേണമെ). (3)

---

(1) പാട്ടുകാർ: "സർവ്വനാഥനായ ദൈവം അവിടത്തെ സ്തുതികളെ പാടുവാൻ താങ്കളെ ശക്തനാക്കട്ടെ."

(3) നമ്മുടെ ക്രമം ഇവിടെ അല്പം വെട്ടിക്കുറച്ചതിന്റെ ഫലമായി ഈ അഭ്യർത്ഥന, ഇപ്പോൾ നിരർത്ഥകവും നിഷ്പ്രയോജനവുമായിരിക്കയാണു്.

റെക്മാർ, ബാറെക്മാർ (2) എൻെറ സഹോദരന്മാരേ, ഈ ബലി എൻെറ കരങ്ങളാൽ പൂത്തിയാക്കപ്പെട്ടവാൻ നിങ്ങളെനിക്കവേണ്ടി പ്രാത്ഥിപ്പിൻ.

കാമ്മികൻ വീണ്ടും ത്രൊണോസിൻെറ മധ്യത്തിലും വലത്തും ഇടത്തും വശങ്ങളിലും, ഒടുവിൽ ഒരിക്കൽകൂടി മധ്യത്തിലും മുത്തികൊണ്ടു് കാഴ്ചവയ്പിൻെറ ഒന്നാമത്തെ പ്രാത്ഥന രണ്ടാമതും ചൊല്ലുന്നു.

കാ. എൻെറ കത്താവേ!... ......യോഗ്യനാക്കി. (അവസാനത്തിൽ ത്രൊണോസിൻെറ മധ്യത്തിലും ഇടതുവശത്തും ചുംബിക്കുന്നു.)

ഈ ആവത്തനാനന്തരം കാമ്മികൻ മുമ്പു് വലതുവശത്തുള്ളവരോടു ചെയ്തപ്രകാരമൊക്കെതന്നെ ഇടതുവശത്തുള്ളവരോടും പ്രാത്ഥനാസഹായം അഭ്യത്ഥിക്കും.

കാ. ബാറെക്മാർ ...... ......പ്പിൻ.

വാ. സവ്വനാഥനായ...... ......ക്കട്ടെ.

ഒടുവിൽ കാമ്മികൻ ത്രൊണോസിൻെറ മധ്യത്തിലും വലത്തും ഇടത്തും വശങ്ങളിലും ചുംബിച്ചുകൊ

ഈ ബലി പ്രസന്നമുഖത്തോടെ സ്വീകരിക്കപ്പെടട്ടെ; പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിൻെറ വചനത്താൽ വിശുദ്ധീകരിക്കപ്പെട്ടുകയും ചെയ്യട്ടെ. അങ്ങനെ മ്ശീഹായുടെ കൃപയാൽ മോക്ഷത്തിൽ നിത്യായുസ്സിനു് സഹായവും അച്ചാരവും ആയിത്തീരുകയും ചെയ്യട്ടെ.

---

(2) ബാറെക്മാർ = ഉപചാരപരമായ പഴയ ഒരു സംബോധനാരൂപം. (Ruth. ii-4.) ബഹുജനങ്ങളെ അഥവാ ബഹുമാന്യരെ സംബോധന ചെയ്യുമ്പോഴും ഇതു് ആവത്തിയ്ക്കും.

ണ്ടു് പ്രാർത്ഥന മൂന്നാമത്തെ പ്രാവശ്യം ചൊല്ലുന്നു.

കാ. എന്റെ പിതാവേ!... ...... യോഗ്യനാക്കി. (അവസാനിപ്പിക്കയിൽ ത്രോണോസിന്റെ മധ്യത്തിൽമാത്രം ചുംബിക്കുന്നു.)

## കാഴ്ചവയ്പിന്റെ ഗേഹന്താവൃത്തം

അത്താഴക്രമത്തിൽ ആരംഭകാലത്തു് പ്രാർത്ഥനകൾ വളരെ കുറവായിരുന്നു. കാലത്തിന്റെ വളർച്ചയിൽ, ഭക്തിജനകങ്ങളായി കണ്ട ഓരോന്നു കൂട്ടിച്ചേർത്തതിന്റെ ഫലമാണു് ഇന്നത്തെ വിസ്തൃത സ്ഥിതി. വി. പത്രോസ് വർണ്ണിക്കുന്ന രാജകീയ പൌരോഹിത്യമുള്ളവരായ അവൈദികർക്കുടെയും കുർബാനയുടെ അർപ്പണത്തിൽ ഭാഗഭാഗിത്വം സൌകര്യപ്പെടുത്തുവാനായി ഒരു നിശ്ചിത രീതിയിലാണു് പൌരസ്ത്യ സുറിയാനി ക്രമത്തിൽ ഈ വിസ്തൃതീകരണം നടത്തിയിട്ടുള്ളതു്.

അത്താഴക്രമത്തിന്റെ കാതലായ ഭാഗങ്ങളിലെല്ലാം ഗേഹന്താകൾ - കുമ്പിട്ട പ്രാർത്ഥനകൾ - എന്ന പേരുള്ള ഏതാനും പ്രാർത്ഥനകളുണ്ടു്. കുർബാനയിലെ ഏററം പൂർവ്വികങ്ങളും പ്രധാനങ്ങളുമായ ഭാഗങ്ങളാണിവ. അനന്തരകാലങ്ങളിൽ ചേർത്തിട്ടുള്ളവ എല്ലാംതന്നെ ഇവയുടെ യോഗ്യമായ നിർവ്വഹണത്തിനു് വേണ്ടിയുള്ള സഹായാപേക്ഷകളോ വിശദീകരണങ്ങളോ ഘടകങ്ങളോ ഒക്കെയാണു്. ഈ വിശദീകരണങ്ങളും ഘടകങ്ങളുമെല്ലാം ഒരു പ്രത്യേക രീതിയിലുമാണു് ഗേഹന്താകളോടു് ചേർത്തിരിക്കുന്നതും. അതായതു്, കൂശാപ്പാ - മന്ത്രം - എന്നു വിളിക്കുന്ന ഒരു ഹൃദയസല്ലാപം ചൊല്ലിക്കൊണ്ടു് ഗേഹന്താ യഥായോഗ്യം പ്രാർത്ഥിക്കുവാൻ കാർമ്മികൻ ആദ്യം ദൈവത്തോടു് സഹായം അപേക്ഷിക്കും; പിന്നെ ഒരു ചെറു അഭ്യർത്ഥനയാൽ തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു സമൂഹത്തോടു് യാചിക്കും. ഇങ്ങനെ ദൈവത്തിന്റെയും തന്നോടുകൂടി ബലി അണയ്ക്കുന്ന സമൂഹത്തിന്റെയും സഹായം അപേക്ഷിച്ചശേഷമത്രേ പ്രത്യേകാചാരോപചാരങ്ങളോടും പ്രതാപസൂചിയായ ആവർത്തനങ്ങളോടുംകൂടി സർവ്വപ്രധാനമായ ഗേഹന്താ എല്ലായ്പ്പോഴും പ്രാർത്ഥിക്കുക. ഒടുവിൽ കാനോനായെന്നു പറയുന്ന കൃതജ്ഞതാപ്രകടനത്തിന്റെ ഒരു സംക്ഷിപ്തപ്രാർത്ഥനയോടെ സമാപിപ്പിക്കുകയും പതിവാണു്. ഈവിധം മന്ത്രവും അഭ്യർത്ഥനയും കാനോനായുംകൊണ്ടു് ഗേഹന്താകൾ ഓരോന്നും ഒരുപോലെ വലയം ചെയ്യപ്പെട്ടിരിക്കുന്നു എന്നു് പറയാം.

പൌ. സുറിയാനി ക്രമത്തിൽ ഗേഹന്താകൾ കാർമ്മികന്റെ ഭാഗമത്രേ. താണസ്വരത്തിലാണു് അദ്ദേഹം അവ പ്രാർത്ഥിക്കുന്നതും. ആകയാൽ സർവ്വപ്രധാനങ്ങളായ ഈ പ്രാർത്ഥനകൾക്കു് ആമേൻ ഉത്തരിച്ചുപോലും അവയിൽ ഭാഗഭാക്കാകുവാൻ സമൂഹത്തിനു് പണ്ടു സാധിച്ചിരുന്നില്ല.

ഏതൻനിമിത്തം പിൽക്കാലത്തു് അവയെ വലയം ചെയ്യുന്നതായ മേൽ വിവരിച്ച പ്രാൎത്ഥനാസഞ്ചയംതന്നെ സൃഷ്ടിക്കുവാനും അവയിൽ അഭ്യൎത്ഥനയും കാനോനായും ഉറക്കെച്ചൊല്ലുകയോ പാടുകയോ ചെയ്തിട്ടു് സമൂഹത്തെക്കൊണ്ടു് അവസ്സൂത്തരിപ്പിച്ചു് ഗേഹന്തായുടെ പ്രാൎത്ഥിക്കലിൽ സമൂഹത്തിനു് ഭാഗഭാഗിത്വം നൽകുവാനും ഇടയായി.

ഓരോ ഗേഹന്തായും അവയെ വലയം ചെയ്യുന്ന മന്ത്രവും അഭ്യൎത്ഥനയും കാനോനായും എല്ലാം പരസ്പരം ഗാഢമായി സംയോജിപ്പിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് ആകെക്കൂടി ആശയത്തിൽ ഒന്നെന്നപോലെയത്രെ പ്രത്യക്ഷപ്പെടുക. ഇതു കാരണത്താൽ, മന്ത്രം, അഭ്യൎത്ഥന, ഗേഹന്താ, കാനോനാ എന്നീ വിവിധ ഭാഗങ്ങൾ ചേൎന്നുണ്ടായിട്ടുള്ള പ്രാൎത്ഥനകളുടെ സമൂഹത്തിനും അവയിലെ പ്രധാന ഭാഗമായ ഗേഹന്തായുടെ പേർതന്നെ പറയാറുണ്ടു്. പക്ഷേ ഈ പ്രാൎത്ഥനാസഞ്ചയത്തെ അതിന്റെ ചങ്കായ ഗേഹന്തായിൽനിന്നു് വിവേചിക്കുവാൻവേണ്ടി– "ഗിഗിലാ"– ഗേഹന്താവൃത്തം എന്നാണു് കൽദായർ സാധാരണ വിളിക്കുക.

നമ്മുടെ കുർബാനയിൽ ഗേഹന്താവൃത്തങ്ങൾ പലതുണ്ടു്. കാഴ്ചവസ്സിന്റെ ഭാഗത്തു് ഇനി വരുന്നതു് അപ്രകാരമുള്ള ഒന്നാണു്. അതുകൊണ്ടത്രേ ഗേഹന്താവൃത്തത്തെക്കുറിച്ചു് ഇത്രയും ഇവിടെ പറയേണ്ടിവന്നതും. കാഴ്ചവസ്സിന്റെ ഗേഹന്താവൃത്തം എന്നിതു വിളിക്കപ്പെടുന്നു. പക്ഷേ അതിലേയ്ക്കു് പ്രവേശിക്കുന്നതിനുമുമ്പു് ഗേഹന്താവൃത്തങ്ങളുടെ ഘടകങ്ങളോരോന്നിനെക്കുറിച്ചും അല്പം അറിഞ്ഞിരിക്കേണ്ടതുണ്ടു്.

രഹസ്യപ്രാൎത്ഥനകളാണു് കൂശാപ്പാകൾ. "ക്ശപ്പ്"– മന്ത്രിച്ചു– എന്ന സുറിയാനി പദത്തിൽനിന്നാണീപേരുണ്ടായിട്ടുള്ളതു്. നമ്മുടെ കുർബാനയിലെ "Secrets" എന്നു വേണമെങ്കിൽ ഇവയെ നാമകരണം ചെയ്യാം. ഗേഹന്താകൾക്കു് മുഖവുരയായിട്ടാണിതു സാധാരണ കാണാറുള്ളതെങ്കിലു- മററു സ്ഥാനങ്ങളിലും കൂശാപ്പാകൾ ഇല്ലാതില്ല. ഓരോ കൂശാപ്പായിലെയും ആശയം പരസ്പരം വ്യത്യസ്തപ്പെട്ടിരിക്കാം. എന്നിരുന്നാലും പിന്നാലെ വരുന്ന ഗേഹന്തായുടെതിനോടു് എപ്പോഴുംതന്നെ ചേർച്ചയുള്ളതായിരിക്കണം. ഗേഹന്തായിൽ പ്രാൎത്ഥിക്കപ്പെടുന്നവ നിൎവ്വഹിക്കുവാൻ സഹായം അപേക്ഷിയ്ക്കലാണു് മിക്കതിലും. കരങ്ങൾ കൂപ്പി മുട്ടുകുത്തിനിന്നാണിവ ചൊല്ലേണ്ടതു്. പക്ഷേ ഈ മുട്ടുകുത്തൽ നമ്മുടെ റാസയിലേ ഇപ്പോൾ നിലനില്ക്കുന്നുള്ളു.

കുർബാനയിൽ സംബന്ധിക്കുന്ന വിശ്വാസികളോടു് അവൎക്കുവേണ്ടിക്കൂടെ അൎപ്പിക്കുന്ന ദിവ്യബലി, ദൈവത്തിനു് പ്രസാദകരമായി പൂൎത്തിയാക്കുവാൻ പ്രത്യേകം പ്രാൎത്ഥിക്കണമെന്നു് കാഴ്ചവസ്സിന്റെ പ്രാൎത്ഥനയുടെ ആവൎത്തനത്തിനിടയ്ക്കു് കാൎമ്മികൻ അഭ്യൎത്ഥിച്ചുവണ്ണംതന്നെ ഓരോ ഗേഹന്താകൾ തുടങ്ങുന്നതിനുമുമ്പും അഭ്യൎത്ഥിക്കും. പക്ഷേ ഗേഹന്താവൃത്തങ്ങളിലേതിൽ കാഴ്ചവസ്സിന്റെ അവസരത്തിലേതിൽ എന്നപോലെ വിശ്വാസികളുടെ നേരെതിരിഞ്ഞു് അവരെ ആശീൎവ്വദിക്കാറില്ല. ശ്രവിക്കത്തക്കസ്വരത്തിൽ അഭ്യൎത്ഥിക്കമാത്രമെ ചെയ്യൂ.

കുനിഞ്ഞുനില്പ് എന്നത്രെ ഗേഹന്താ എന്ന സുറിയാനി വാക്കിന്റെ അത്ഥം. കുർബാനയിലെ ഏററം പൂർവ്വികങ്ങളും പ്രധാനങ്ങളുമായ ഈ പ്രാത്ഥനകൾ കുമ്പിട്ടുനിന്നു് പ്രാത്ഥിച്ചിരുന്നതിൽനിന്നായിരിയ്ക്കാം ഇവയ്ക്കീപേർ കിട്ടിയതു്. പക്ഷേ കൈവയ്പിന്റെ പ്രാത്ഥന തുടങ്ങി ഗേഹന്താകളെന്നു വിളിക്കപ്പെടാത്ത വേറെയും ചിലതുകൾ കുമ്പിട്ടുനിന്നു പ്രാത്ഥിക്കാറുണ്ടു്. ഗേഹന്താകളുടെതന്നെ നേരത്തു് കരങ്ങൾ ഉയത്തിപ്പിടിക്കേണ്ടതായോ കരങ്ങൾകൊണ്ടു് വല്ലതും ചെയ്യേണ്ടതായോ ഉണ്ടെങ്കിൽ കുനിഞ്ഞുനില്ക്കാറില്ല. ഇവയുടെ ആദ്യന്തങ്ങൾ ആവത്തിക്കുന്നതും അതോടൊപ്പം ത്രൊണോസിനെ ചുംബിക്കുന്നതുമൊക്കെ പ്രതാപവദ്ധനവിനുവേണ്ടി ചെയ്യുന്നതാണു്. ഇവയെത്തുടൎന്നുവരുന്ന കാനോനാകൂടി ചിലപ്പോൾ ഇവയോടുചേർത്തു ചൊല്ലാറുണ്ടു്. താദൃശസന്ദർഭങ്ങളിൽ അവസാന ചുംബനം കാനോനായുംകൂടി കഴിഞ്ഞായിരിക്കും.

സുദീഘപ്രാത്ഥനകളുടെ സാരം ചുരുങ്ങിയ വാക്കുകളിൽ സംഗ്രഹിക്കുന്നതത്രെ കാനോനാകൾ അഥവാ സംക്ഷിപ്തപ്രാത്ഥനകൾ. സംക്ഷിപ്തപ്രാത്ഥനകൾ കുർബാനയിൽ സാധാരണ സമാഹരിക്കപ്പെടുന്നതു് "ഹാശാ" (1) യിലാണു്. ഈ "ഹാശാ" പ്രാത്ഥിക്കുമ്പോൾ കാമ്മികൻ തന്റെമേൽതന്നെയോ കമ്മസാധനങ്ങളുടെമേലോ കുരിശു വരയ്ക്കും. "ഹാശാ" ഇല്ലാത്ത കാനോനാകൾ കരങ്ങൾ വിടർത്തുയത്തി പിടിച്ചുകൊണ്ടായിരിക്കും സാമാന്യം പ്രാത്ഥിക്കുക.

മെത്രാന്റെ മുമ്പാകെയൊ മെത്രാസനപ്പള്ളിയിലോ കുർബാന പാടുമ്പോൾ അധികാരത്തോടുള്ള ബഹുമാനസൂചകമായി കാനോനാകൾ ഗേഹന്തായോടുചേർത്തു് ചൊല്ലിയിട്ടു് "വലആലം ആൽമീൻ" എന്നു അതിന്റെ അന്ത്യംമാത്രം പാടുന്ന ഒരു പാരമ്പര്യമുണ്ടു്. വി. കുർബാന ത്രൊണോസിന്മേൽ സന്നിധികൊള്ളുന്ന അവസരത്തിലും ഈവിധംതന്നെയാണു് ചെയ്യേണ്ടതു്. (2)

കാഴ്ചവയ്പിൽ ഇതഃപര്യന്തം കണ്ട ഭാഗങ്ങളൊക്കെക്കാൾ പുരാതനവും പ്രധാനവും ആണു് ഇനി വരുന്ന കാഴ്ചവയ്പിന്റെ ഗേഹന്താ എന്നു് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇതു് കുർബാനയിലെ ആദ്യ ഗേഹന്താ യാകയാൽ ഇതിനെ വലയം ചെയ്യുന്ന വൃത്തത്തിനു് ഒന്നാമത്തെ ഗേഹന്താ വൃത്തമെന്നും പേർ പറയാറുണ്ടു്.

കാ. (കൈ വിരലുകൾ തമ്മിൽ പിണച്ചു് മാറത്തു് കൂപ്പിക്കൊണ്ടു് ധ്യാനനിരതനായി കൂശാപ്പാ മന്ത്രിക്കുന്നു.)

ഞങ്ങളുടെ കത്താവേ! ഞങ്ങളുടെ ദൈവമേ! അടിയങ്ങളുടെ പാപപ്പെരുപ്പത്തെ അവിടുന്നു ശ്രദ്ധിയ്ക്കരു

---

(1) "ഇപ്പോഴും എപ്പോഴും എന്നേന്നേയ്ക്കും" എന്ന സമാപനം.

(2) ന. ക്രമത്തിൽ ഈ നിയമം ചിലപ്പോൾ അവഗണിക്കപ്പെടുന്നുണ്ടു്.

തെ; ഞങ്ങളുടെ ഭാരിച്ച ദുഷ്കൎമ്മങ്ങൾ നിമിത്തം അവിടത്തേയ്ക്കു് വെറുപ്പുതോന്നുകയുമരുതെ; ഞങ്ങളുടെ ഉടയവനായ ഈശോമ്ശിഹായേ! അവിടുന്നു ഞങ്ങളിൽനിന്നെടുത്ത മനുഷ്യസ്വഭാവത്തോടെ കാലാന്ത്യത്തിൽ പ്രത്യക്ഷമാകുമ്പോൾ അങ്ങേ സന്നിധിയിൽ കൃപയും അനുഗ്രഹവും ഞങ്ങൾ കണ്ടെത്തുവാനും അരൂപികളുടെ വൃന്ദങ്ങളോടുചേൎന്ന് അങ്ങയെ പുകഴ്ത്തുന്നതിനു് യോഗ്യരാകുവാനുമായി അവാച്യമായ അവിടത്തെ കൃപയാൽ ഈ ബലിവസ്തുവിനെ വിശുദ്ധീകരിച്ചരുളേണമെ; ഞങ്ങളുടെ എണ്ണമററ തെററുകളെ പരിഹരിക്കുവാൻ അതിനു് ശക്തിയും കഴിവും നൽകുകയും ചെയ്യേണമെ.

ഇതിനു തൊട്ടുമുമ്പു്, അതായതു് കാഴ്ചവയ്പിന്റെ ഒന്നാമത്തെ പ്രാൎത്ഥനയുടെ ഇടയ്ക്കു്, രണ്ടു അഭ്യൎത്ഥനകൾ നമ്മുടെ ക്രമത്തിൽ പ്രത്യേകമായി നടത്തുന്നതുകൊണ്ടു്, ഒന്നാമത്തെ ഈ പ്രാൎത്ഥനാവൃത്തത്തിൽ ഇവിടെ വരേണ്ട അഭ്യൎത്ഥന കേരളീയർ ഉപേക്ഷിക്കയാണിന്നു് പതിവു്. പക്ഷേ കൽദായർ ഇപ്പോഴും ചെയ്തുപോരുന്നുണ്ടു്.

**കാ.** (ത്രോണോസിന്റെ നടുവിൽ ചുംബിച്ചിട്ടു് കരങ്ങൾ മാറത്തു കൂപ്പി കുനിഞ്ഞുനിന്നുകൊണ്ടു് ഗേഹന്താ പ്രാൎത്ഥിക്കുന്നു.) ഞങ്ങളുടെ കൎത്താവേ! ഞങ്ങളുടെ ദൈവമേ! അവിടുന്നു ഞങ്ങൾക്കു നൽകിയിരിക്കുന്ന അതിരററ അനുഗ്രഹസമ്പത്തിനു് ഞങ്ങൾ നന്ദി പറയുന്നു. എന്തുകൊണ്ടെന്നാൽ, ഞങ്ങളെ ഭരമേല്പിച്ചിരിക്കുന്ന അവിടത്തെ അഭിഷിക്തന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും വിശുദ്ധ രഹസ്യങ്ങളെ ഇഷ്ടപ്രസാദത്തോടും നേരായ വിശ്വാസത്തോടും പരികൎമ്മം ചെയ്യുവാൻ, പാപം നിമിത്തം ഞങ്ങൾ അയോഗ്യരും അപ്രാപ്തരുമെന്നിരിക്കിലും, മനോധൈൎയ്യത്തിനു്, അങ്ങയോടു് സഹായം അപേക്ഷിച്ചുകൊണ്ടു് അവയെ പരികൎമ്മം ചെയ്യുവാൻ ഞങ്ങളെ പാത്രവാന്മാരാക്കിയതു് അവിടത്തെ ദയാധിക്യം നിമിത്തം മാത്രമാണു്. (അവസാനം കുനിഞ്ഞു് ത്രോണോസിന്റെ നടുവിൽ ചുംബിക്കുന്നു.)

**കാ.** (പിന്നെ നിവർന്നുനിന്നു്, കരങ്ങൾ കുരിശാകൃതിയിൽപിണച്ചു് മാറത്തുവച്ചശേഷം തൻമേൽതന്നെ കുരിശടയാളം വരച്ചുകൊണ്ടു് കാനോനാ ചൊല്ലുന്നു.)

(കൎത്താവേ!) അങ്ങേയ്ക്കു് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഇപ്പോഴും എപ്പോഴും എന്നന്നേയ്ക്കും ഞങ്ങൾ സമൎപ്പിക്കട്ടെ.

**സ.** ആമേൻ.

## ii. വിശുദ്ധീകരണം

ഒന്നാമത്തേ ശേഹന്താവൃത്തം പൂർത്തിയാകുന്നതോടെ അത്താഴക്രമത്തിൻെറ ആദ്യഭാഗമായ കാഴ്ചവയ്പ് (കൂദാശകർമ്മത്തോടനുബന്ധപ്പെട്ടതു നീക്കി) അവസാനിക്കുന്നു. ഇനി തുടങ്ങുന്നതു് വിശുദ്ധീകരണം എന്ന രണ്ടാമത്തേ ഭാഗമാണു്. കുർബാനയാകുന്ന ദൈവാലയത്തിലെ ശുദ്ധതയുടെ ശുദ്ധ സ്ഥലമാണിതു്. ബലികർമ്മം യഥാർത്ഥത്തിൽ നിർവ്വഹിക്കപ്പെടുന്നതു് ഈ ഭാഗത്താണു്. ആമുഖ സജ്ജീകരണങ്ങൾ അന്നാഫോറാ എന്നു് രണ്ടു ഭാഗങ്ങളാണിതിനുള്ളതു്.

### A. ആമുഖ സജ്ജീകരണങ്ങൾ

വിശുദ്ധീകരണമാകുന്ന ശുദ്ധതയുടെ ശുദ്ധ സ്ഥലത്തേയ്ക്കു് പ്രവേശിക്കുന്നതിനുമുമ്പു്, ആ മഹൽക്കർമ്മത്തിൻെറ പരിപാവനതയെ പരിഗണിച്ചു്, അതിൻെറ കവാടത്തുങ്കൽവച്ചുതന്നെ ചില സജ്ജീകരണശുശ്രൂഷകൾ ചെയ്യാറുണ്ടു്. a) സമാധാനാശംസ. b) സമാധാനചുംബനം. c) ദീഘപ്രാർത്ഥനയുടെ ഉപസംഹാരം. d) കാർമ്മികൻെറ മന്ത്രം. e) ക്രമപാലകൻെറ ഉപദേശം. f) അനാച്ഛാദനം. g) ധൂമാർപ്പണം എന്നു് ഏഴാണിതിലെ മുഖ്യശുശ്രൂഷകൾ.

സമാധാനാശംസ

ആദ്യക്രിസ്ത്യാനികൾ ദിവ്യകർമ്മാനുഷ്ഠാനങ്ങൾക്കു് സമ്മേളിക്കുമ്പോൾ ഒക്കെയും മ്ശിഹായിൽ അവർക്കുള്ള സാഹോദര്യത്തിൻെറ സാക്ഷ്യമായി, പരസ്പരം ചുംബിച്ചാണു് അഭിവന്ദിച്ചിരുന്നതു്. സമാധാനചുംബനം എന്നാണിതിനു് അവർ പേർ പറഞ്ഞുവന്നിരുന്നതും. വിശ്വാസികളുടെ ഇടയിൽ സഹോദരസ്നേഹവും സൌഹാർദ്ദതയും പുലർത്തുവാൻവേണ്ടി ശ്ലീഹന്മാർ അവരുടെ ലേഖനങ്ങളിൽ ഈ സ്നേഹചുംബനത്തെ പലപ്പോഴും പ്രോത്സാഹിപ്പിച്ചുകാണാം. (St. Paul; Rom. xvi-16; I Cor. xvi-19; II Cor. xiii 11 & 12; I Thess v-26; I St. Peter v-14. etc.

കാലയളവിൽ ഇതും കുർബാനയിലെ ഒരു ശുശ്രൂഷയായിത്തീന്നു. നമ്മുടെ ക്രമത്തിൽ വിശുദ്ധീകരണത്തിനുള്ള ഒരുക്കങ്ങളിൽ ഒന്നായിട്ടത്രേ ഇന്നിതു് നടത്തുക. കാഴ്ചവയ്പിൻെറ പ്രാർത്ഥനാവൃത്തത്തിലെ സമാപനകാനോനായ്ക്കു് സമൂഹം ഉത്തരിച്ചുകഴിയുമ്പോൾ തന്നോടുകൂടി ബലിയർപ്പിക്കുവാൻ സന്നിഹിതരായിരിക്കുന്ന മ്ശിഹായിൽ തനിക്കിഷ്ടപ്പെട്ട സഹോദരങ്ങളായ വിശ്വാസികൾക്കു് സമാധാനചുംബനം നൽകുന്നതിനായി കാർമ്മികൻ അവരുടെ നേരെ തിരിയും. പക്ഷേ അദ്ദേഹം സമൂഹത്തിനു് അഭിമുഖനാകുമ്പോഴെല്ലാം ദിവ്യഗുരുവിനെ അനുകരിച്ചു്, അവക്കു് സമാധാനം ആശംസിക്കേണ്ടതുള്ളകൊണ്ടു്, ഏവംങ്ഗേലിയോൻ വായനയുടെ

അവസരത്തിൽ ചെയ്തവണ്ണംതന്നെ, അവക്ക് ആദ്യം സമാധാനം ആശംസിക്കും; അവർ അതിന് പ്രതിവചിക്കുകയും ചെയ്യും.

**കാ.** നിങ്ങൾക്ക് സമാധാനം (ഉണ്ടായിരിക്കട്ടെ).

**സ.** അപ്രകാരംതന്നെ താങ്കൾക്കും താങ്കളുടെ (പൌരോഹിത്യ) അരൂപിക്കും (ഉണ്ടായിരിക്കട്ടെ).

### സമാധാനചുംബനം

കാലത്തിന്റെ തിരിവിൽ സമാധാനചുംബനത്തിലെ പരസ്പര ചുംബനം അനാദരണീയമായി തീർന്നു; ചുംബനം കൊടുക്കുന്ന ആളിന്റെ ഉള്ളങ്കൈയ്ക്കുള്ളിൽ സ്വീകരിക്കുന്നയാളിന്റേതു വച്ചിട്ട് അവയെമാത്രം ചുംബിക്കുന്ന ഒരു രീതി സംജാതമായി. ഇതു നിമിത്തമത്രേ "കൈ കസ്തൂരി", "സ്വസ്തി" എന്നെല്ലാം ഇതിന് പേർ പറയുന്നതു്. കാർമ്മികൻ സമൂഹത്തിന് സമാധാനം ആശംസിച്ചുകഴിയുമ്പോൾ പരസ്പരം സ്വസ്തി കൊടുക്കുവാൻ ക്രമപാലകൻ അറിയിക്കും.

**ക്രു.** എന്റെ സഹോദരന്മാരേ! മ്ശിഹായുടെ സ്നേഹത്തിൽ നിങ്ങൾ പരസ്പരം സ്വസ്തി കൊടുപ്പിൻ.

### ദീർഘപ്രാർത്ഥനയുടെ ഉപസംഹാരം

ക്രമപാലകന്റെ അറിയിപ്പ് കേൾക്കുന്നയുടനെ അക്കൊലയാക്കോൻ കാർമ്മികനെ സമീപിച്ച് അദ്ദേഹത്തിൽനിന്ന് സ്വസ്തി വാങ്ങി ശുശ്രൂഷകരിൽ പ്രധാനിയ്ക്കും, പ്രധാനി മദ്ബഹായിൽ ശുശ്രൂഷിക്കുന്ന ഇതര ശുശ്രൂഷകർക്കും ഒടുവിൽ കസ്ത്രോമ്മായിലേക്കിറങ്ങി കൂട്ടത്തലവന്മാർക്കും കൊടുത്തിരുന്നു. കൂട്ടത്തലവന്മാർ അവരുടെ അടുത്തയാളുകൾക്കും; അവർ അവരുടെ പാർശ്വവർത്തികൾക്കും; ഇങ്ങനെ പുരുഷന്മാരിൽനിന്ന് പുരുഷന്മാരിലേയ്ക്കും, സ്ത്രീകളിൽനിന്ന് സ്ത്രീകളിലേയ്ക്കുമായി ദേവാലയത്തിലുള്ള എല്ലാവരിലേയ്ക്കും സ്വസ്തി പ്രവഹിപ്പിച്ചിരുന്നു. ഈ സ്വസ്തി പ്രവാഹത്തിന് Processio Pacis എന്നാണ് പാശ്ചാത്യർ പേർ പറയുന്നതു്. കേരള ക്രമത്തിൽ സ്വസ്തിയുടെ ഈ പ്രദക്ഷിണം നാമാവശേഷമായിരിക്കയാണ്. അവർ ഇപ്പോൾ അൾത്താരശുശ്രൂഷകർക്ക് മാത്രമെ നല്കൂ. അതുതന്നെയും പാശ്ചാത്യരീതിയിലുമാണ്.

സ്വസ്തിയുടെ പ്രദക്ഷിണം വിശ്വാസികളുടെ ബഹുലതയ്ക്കനുസരണം ദീർഘിച്ചിരുന്നു. ആകയാൽ കാർമ്മികനും ശുശ്രൂഷകരും, ആ സമയം സഭാംഗങ്ങൾക്കുംവേണ്ടി ചില പ്രാർത്ഥനകൾ നടത്തുന്നതിന് വിനിയോഗിച്ചുപോന്നു. ഇതു് സ്വസ്തിപ്രവാഹത്തിന്റെ നേരം മുഴുവനും നീണ്ടുനിന്നിരുന്നതു് നിമിത്തം ദീർഘപ്രാർത്ഥനയെന്നു വിളിക്കപ്പെടുന്നതിനിടയായി.

കാർമ്മികനും ആറാം പട്ടക്കാരനും വേറെ വേറെ ഭാഗങ്ങളുണ്ടായിരുന്നു ഇതിൽ

സ്വസ്തി കൊടുക്കലിന്റെ ക്രമം പിൽക്കാലത്തു് സംക്ഷേപിച്ചതോടെ ദീർഘപ്രാർത്ഥന അപ്രായോഗികമായിത്തീർന്നു. അതുകൊണ്ടു് കാർമ്മികന്റെ ദീർഘപ്രാർത്ഥന കൂദാശകർമ്മത്തോടു കുറേക്കൂടി അടുത്ത ഒരു സ്ഥാനത്തേയ്ക്കു് മാററിയിരിക്കയാണിപ്പോൾ. എന്നിരുന്നാലും സ്വസ്തി കൊടുക്കലിന്റെ നേരമത്രയും കാർമ്മികൻ നിർവൃത്തനായിരിക്കയില്ല. അല്പം കുനിഞ്ഞുനിന്നു് അദ്ദേഹം താഴെവരുന്ന ചുരുങ്ങിയ മന്ത്രോച്ചാരണത്താൽ തനിക്കുവേണ്ടിത്തന്നെ ദൈവത്തോടു് സഹായമർത്ഥിക്കും.

**കാ. കർത്താവേ! സർവ്വവല്ലഭമുള്ള ദൈവമേ! ദുർബലനായ എന്നെ ദയവുണ്ടായി സഹായിക്കേണമെ; സകലരുടെയും ഗുണത്തിനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പ്രതാപമേറിയ അവിടത്തെ ത്രിത്വത്തിന്റെ നിത്യസ്തുതിക്കും ആയി സജീവവും സംശുദ്ധവുമായ ഈ ബലി തിരുസന്നിധിയിൽ അണെയ്ക്കുവാൻ അവിടത്തെ (കൃപയുണ്ടായി) എന്നെ പ്രാപ്തനാക്കുകയും, ചെയ്യേണമെ.**

ആറാം പട്ടക്കാരന്റെ ദീർഘപ്രാർത്ഥന, ദിവ്യപൂജയിൽ വിശേഷവിധം സ്മരിക്കപ്പെടേണ്ട ജീവിക്കുന്നവരുടെയും മരിച്ചവരുടെയും ഒരു പേരുവിവരപ്പട്ടികയായിരുന്നു. പണ്ടീപട്ടികകൾ മരപ്പലകകളിൽ എഴുതുമായിരുന്നതുകൊണ്ടു് മരപ്പലകകൾ എന്നർത്ഥമുള്ള "ദ്യോപ്തിക്കോൻ" എന്ന ഗ്രീക്കു നാമം ഇവയ്ക്കു് നടപ്പായി. തിരുസ്സഭയിലെ എല്ലാ പദവിക്കാരേയും പ്രത്യേകം പ്രത്യേകം പറഞ്ഞപേക്ഷിക്കുന്ന ഒരു സംക്ഷിപ്ത സമാപ്തികയോടെയാണു് ഈ ദീർഘപ്രാർത്ഥന എന്നും ഉപസംഹരിച്ചിരുന്നതു്. കാലാന്തരത്തിൽ പല കാരണങ്ങളാൽ "ദ്യോപ്തിക്കോൻ" പരിത്യക്തമായി. പക്ഷേ അപ്പോഴും അതിന്റെ സമാപ്തിക ഉപേക്ഷിക്കപ്പെടുക ഉണ്ടായില്ല.

**ക്രൂ. കാലംചെയ്ത സഭാശരീരത്തിൽനിന്നു് വേർപെട്ടുപോയിരിക്കുന്ന എല്ലാ പാത്രിയർക്കീസന്മാർക്കും മെത്രാന്മാർക്കും പട്ടക്കാർക്കും ശമ്മാശ്ശന്മാർക്കും മററു ജീവിതാന്തസ്സുകാർക്കുംവേണ്ടിയും, ജീവിക്കുന്നവർക്കുവേണ്ടിയും, നമ്മുടെ രക്ഷയ്ക്കും ലോകസമാധാനത്തിനുവേണ്ടിയും, ആണ്ടുവട്ടം അവിടത്തെ കൃപയാൽ അനുഗ്രഹീതമായി പൂർത്തിയാകുവാൻവേണ്ടിയും, സഭയുടെ സർവ്വസന്തതിയും തിരുസ്സന്നിധിയിലെ ഈ കുർബാന സ്വീകരിക്കുവാൻ യോഗ്യരായിത്തീരു**

വാൻവേണ്ടിയും, ഇപ്പോൾ തിരുമുമ്പിൽ നില്ക്കുന്ന അങ്ങേ എല്ലാ ദാസന്മാർക്കും ദാസിമാർക്കും മററു സകലർക്കുംവേണ്ടിയും ഈ കുർബാന എന്നേയ്ക്കും കൈക്കൊള്ളപ്പെടട്ടെ. ആമേൻ.

### ആറാംപട്ടക്കാരന്റെ ഉപദേശം

സ്വസ്തി കൊടുക്കലും അതോടൊപ്പം നടത്താറുള്ള ശീഹ്ലപ്രാർത്ഥനയും പൂർത്തിയാകുമ്പോൾ വിശുദ്ധീകരണകർമ്മം ആരംഭിക്കും. ആകയാൽ ആ ദിവ്യകർമ്മത്തിന്റെ ഗൌരവത്തെ അനുസ്മരിപ്പിച്ചുകൊണ്ടും ശ്രദ്ധയോടും താല്പര്യത്തോടും അതിൽ സംബന്ധിക്കുവാൻ ഉദ്ഘോഷിച്ചുകൊണ്ടും പൂർവ്വാധികം നിശബ്ദത പാലിക്കുവാൻ ഓർപ്പിച്ചുകൊണ്ടും ക്രമപാലകൻ സമൂഹത്തിന് ഒരുപദേശം നൽകുന്നു.

ക്രു. നമുക്കെല്ലാവർക്കും ഹൃദയശുദ്ധിയോടെയും മനസ്താപത്തോടെയും കർത്താവിനെ സ്തുതിച്ചുകൊണ്ട് താണസ്വരത്തിൽ അവനോട് അപേക്ഷിക്കാം. ചിതമായി നിന്ന് അനുഷ്ഠിക്കപ്പെടുന്നവയെ — പവിത്രീകരിക്കപ്പെടുന്ന ആരാധ്യരഹസ്യങ്ങളെ — നിങ്ങൾ സൂക്ഷിച്ചുവീക്ഷിക്കുവിൻ. നിങ്ങളുടെ ക്ഷേമാഭിവൃദ്ധിക്ക് നിങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുവാൻ ഇതാ! പുരോഹിതൻ കയറിയിരിക്കുന്നു. കണ്ണുകൾ ഭൂമിയിലേയ്ക്കു താഴ്ത്തിക്കൊണ്ടും ബോധം സ്വർഗ്ഗത്തിലേയ്ക്കുയർത്തിക്കൊണ്ടും ഉണർവ്വോടെയും ഉത്സാഹത്തോടെയും ഈ സംപൂജ്യസന്നിധിയിൽ താണസ്വരത്തിൽ നിങ്ങൾ പ്രാർത്ഥിക്കുവിൻ. ആരും ഉരിയാടാൻ തുനിയരുത്. പ്രാർത്ഥിക്കുന്നത് ഹൃദയംകൊണ്ടു മാത്രമായിരിക്കണം; അടക്കത്തോടെയും ഭയത്തോടെയും നിന്നുകൊണ്ടുമായിരിക്കണം. (എല്ലാവരും) നിശബ്ദരാകുവിൻ.

### അനാച്ഛാദനം

ത്രോണോസിൽ നിക്ഷേപിച്ച് ഇതഃപര്യന്തം മൂടി സൂക്ഷിച്ചിരുന്ന കർമ്മസാധനങ്ങൾ പവിത്രീകരണസമയം സമീപിക്കുമ്പോൾ അനാച്ഛാദനം ചെയ്യും. നമ്മുടെ കുർബാനയിൽ ഈ അനാച്ഛാദനത്തിന് പ്രത്യേക പ്രാർത്ഥനകളൊന്നും ഇല്ല. ക്രമപാലകൻ "ഉണർവ്വോടും ഉത്സാഹത്തോടും താണസ്വരത്തിൽ പ്രാർത്ഥിക്കുവാൻ" ഉപദേശിച്ചു കഴിയു

മ്പോൾ കാർമ്മികൻ തിരുച്ചഷകങ്ങളെ ആച്ഛാദനം ചെയ്യുന്ന ശോശപ്പാ ഉയർത്തി കോണോടുകോണ് മടക്കി തിരുപ്പാത്രങ്ങൾക്കു ചുററും വളച്ചുവയ്ക്കുകയും കബ്‌ലാനാകൊണ്ടു് കാസാ മൂടുകയുംമാത്രം ചെയ്യും.

ധൂമാർപ്പണം

അനാച്ഛാദനം ചെയ്യപ്പെട്ട കർമ്മസാധനത്തെ പിന്നെ ആദ്യം ധൂമിച്ചു പരിമളപ്പെടുത്തും. അപ്പോൾ ഗായകസംഘം അഥവാ സമൂഹം നന്ദി പ്രകടകമായ ഓനീസാ ഭക്തിജനകമായി പാടുക പണ്ടു് പതിവുണ്ടായിരുന്നു. പക്ഷേ ഇന്നു് രഹസ്യകർബാനകളിൽ ധൂമം വാഴ്ത്തിച്ചിട്ടു് സഹായി ധൂമകലശം കാർമ്മികന്റെ പിന്നിൽ വീശുന്നതുകൊണ്ടുമാത്രം ധൂമാർപ്പണം മതിയാക്കപ്പെടുന്നു.

## B. അന്നാഫോറാ

അന്നാഫോറാ ഗ്രീക്കിൽനിന്നു് സുറിയാനിക്കു ലഭിച്ചിട്ടുള്ള ഒരു പദമാണു്. കാഴ്ചവയ്പ്പ്, ബലിസാധനങ്ങളെ മൂടുന്ന പട്ടുവസ്ത്രം, ദിവ്യകാരുണ്യം, ദിവ്യപൂജയിലെ അംഗീകൃത ജപങ്ങളും ക്രമങ്ങളും എന്നെല്ലാം ഇതിനു് അർത്ഥമുണ്ടു്. പക്ഷേ ഇവയിൽ അവസാനത്തെ അർത്ഥത്തിലത്രേ ഈ പദം ഇവിടെ പ്രയോഗിച്ചിരിക്കുന്നതു്.

ആദ്യകാലങ്ങളിൽ, അതായതു് കർബാനക്രമത്തിന്റെ വളർച്ചയുടെ നാളുകളിൽ, പരസ്പരം വ്യത്യസ്തങ്ങളായി വികസിച്ചുവന്നിരുന്ന പല കർബാന ക്രമങ്ങളിൽനിന്നു് ചിലതുകളെ പണ്ഡിതന്മാരായ സഭാപിതാക്കന്മാർ, കളയേണ്ടതു കളഞ്ഞും ചേർക്കേണ്ടതു ചേർത്തും ക്ലിപ്തരൂപം വരുത്തി ഭാവിയിൽ കലർച്ചയോ കളങ്കമോ കടത്താതെ ഉപയോഗിച്ചുകൊള്ളുന്നതിനു് സഭാംഗങ്ങൾക്കു് അനുവദിച്ചുകൊടുത്തിട്ടുണ്ടു്. ഈവിധം അംഗീകൃതവും വ്യവസ്ഥിതവുമാക്കപ്പെട്ടിട്ടുള്ള കർബാനക്രമങ്ങളാണു് അന്നാഫോറാകൾ. ഈ വ്യവസ്ഥിതീകരണം നടത്തിയിട്ടുള്ളതു് പ്രധാനമായി കർബാനയുടെ കാതലായ പവിത്രീകരണഭാഗത്തത്രേ. തന്നിമിത്തം അന്നാഫോറാ പള്ളിക്രമ ഭാഷയിൽ കർബാനയുടെ പവിത്രീകരണക്രമത്തിന്റെ ഒരു പര്യായമായിത്തീർന്നിരിക്കയാണിപ്പോൾ. നമ്മുടെ കർബാനയിൽ, അത്താഴക്രമ കർബാനയിലെ സജ്ജീകരണങ്ങളിൽ അവസാനത്തേതായ ധൂമാർപ്പണശേഷം മുതൽ പങ്കുകൊള്ളൽവരെയുള്ള ഭാഗങ്ങളാണു് അന്നാഫോറാ. ഇതിൽ കൗദാശിക പ്രാർത്ഥനകൾക്കുള്ള മുഖവുര അഥവാ ആമുഖവും കൗദാശിക പ്രാർത്ഥനകളും ഉൾപ്പെടുന്നു.

പഴയനിയമകാലത്തു് പുരോഹിതശ്രേഷ്ഠൻ ഏകനായി ശുദ്ധതയുടെ ശുദ്ധ സ്ഥലത്തേയ്ക്കു് പ്രവേശിക്കുകയും മൂശയ്ക്കു് തുല്യം തനിയേ ദൈവത്തോടു സംസാരിക്കുകയും അവിടത്തെ സ്വരം ശ്രവിക്കുകയും ചെയ്തിരുന്നു. പുതിയനിയമബലിയിലെ ശുദ്ധതയുടെ ശുദ്ധ സ്ഥലമാകുന്ന അന്നാഫോറായിലേയ്ക്കു് പ്രവേശിക്കുന്ന പുരോഹിതന്റെ സ്ഥിതിയും ഇതിൽനിന്നു് വ്യത്യസ്തമായിരുന്നില്ല പണ്ടു്. കർബാന ഒരു സാമൂഹ്യ മതാചാരമാ

ണെങ്കിലും അന്നാഫോറാ തുടങ്ങുമ്പോൾ സമൂഹം പൂർവ്വാധികം നിശബ്ദരും ശ്രദ്ധാലുക്കളുമാകുവാൻ കല്പിച്ചിട്ട് സഭയുടെ നാമത്തിൽ ബലി അർപ്പിക്കുവാൻ പ്രത്യേകം അഭിഷിക്തനായിട്ടുള്ള പുരോഹിതൻ, തനിയെ അത് പ്രവർത്തിക്കുകയായിരുന്നു പൂർവ്വകാലനടപ്പ്. പക്ഷേ ഇപ്പോൾ ഇതിലെ അഭ്യർത്ഥനകൾക്കും കാനോനാകൾക്കും സമൂഹത്തെക്കൊണ്ട് ഉത്തരിപ്പിച്ച്, (ഗേഹന്താവൃത്തങ്ങളിലെ സ്വരവ്യത്യാസത്തെക്കുറിച്ച് മുകളിൽ പറഞ്ഞ പ്രകാരം) അവക്കും ഇവയുടെ പ്രാർത്ഥിക്കലിൽ ഭാഗഭാഗിത്വം നൽകാറുണ്ട്. എന്നാൽ ന. കുർബാനയിൽ സമൂഹത്തിന്റെ സജീവസഹകരണം നിശ്ശേഷം നിർജ്ജീവമായിരിക്കയാൽ സഹായി മാത്രമെ ഉത്തരിക്കു.

## i. കൗദാശിക പ്രാർത്ഥനകളുടെ മുഖവുര

അന്നാഫോറായുടെ ഒന്നാമത്തെ ഭാഗം രണ്ടാമത്തേതിലേക്ക് പ്രവേശിപ്പിക്കുന്ന ഒരു മുഖവുരയാണ്. അതുകൊണ്ട് പാശ്ചാത്യക്രമത്തിൽ ഇത് Preface എന്നു വിളിക്കപ്പെട്ടു കാണാം. പക്ഷേ അങ്ങിനെയൊരു പദപ്രയോഗം നമ്മുടെ തക്സാകളിലൊന്നുമില്ല. എന്നിരുന്നാലും നമ്മുടെ അന്നാഫോറായിലെ ഈ പ്രാരംഭപ്രാർത്ഥനകൾ പാശ്ചാത്യരുടെ Preface ന് പല വിധത്തിൽ അനുരൂപങ്ങൾതന്നെ. മാത്രമല്ല, തുടക്കത്തിലെ കാനോനാകളാൽ സമൂഹത്തിന്റെ ബോധത്തെ ഉന്നതങ്ങളിലേക്ക് ആകർഷിച്ചുകൊണ്ടും തുടർന്നു വരുന്ന ഗേഹന്താവൃത്തങ്ങളാൽ ദൈവത്തിന് ആരാധനയും കൃതജ്ഞതയും പ്രകടിപ്പിച്ചുകൊണ്ടും കൗദാശിക മന്ത്രങ്ങളിലേക്ക് ഇവ ഭംഗിയായി പ്രവേശിപ്പിക്കുന്നുമുണ്ട്. പക്ഷേ പാശ്ചാത്യ ക്രമത്തിലെ Preface ന് തുല്യം നമ്മുടെ ഈ പ്രാർത്ഥനകൾക്ക് തിരുനാളുതോറും മാററമില്ലാ എന്നത് പ്രസ്താവയോഗ്യമത്രേ.

നമ്മുടെ അന്നാഫോറായുടെ ആമുഖത്തെ, ആമുഖ കാനോനാകൾ, സ്തുതിയുടെ ഗേഹന്താവൃത്തം, കൃതജ്ഞതയുടെ ഗേഹന്താവൃത്തം എന്ന് മൂന്നു ഉപഭാഗങ്ങളായി വിശകലനം ചെയ്യാം.

### ആമുഖ കാനോനാകൾ

എല്ലാ റീത്തുകളിലുമെന്നപോലെ നമ്മുടേതിലും കൗദാശിക പ്രാർത്ഥനകളുടെ മുഖവുര, ഏതാനും കാനോനാകൾകൊണ്ടാണ് സമാരംഭിക്കുക. നമ്മുടെ ഈ ആമുഖ കാനോനാകളിൽ മൂന്നു ചെറിയ കാനോനാകളും അവയുടെ ഉത്തരങ്ങളും ഉൾപ്പെടുന്നു. കാർമ്മികനും സമൂഹവും ചോദ്യോത്തരങ്ങൾപോലെ ഇവ ചൊല്ലുന്നതുകൊണ്ട് ചോദ്യോത്തര കാനോനാകളെന്നും; ഈ ഭാഷണം അന്നാഫോറായുടെ ആമുഖത്തിലാകയാൽ ആമുഖ ഭാഷണം – Dialogus Praeparationis– എന്നുമൊക്കെ ഇവയ്ക്ക് പറയാറുണ്ട്.

ആമുഖ കാനോനാകളിൽ ആദ്യത്തേത് വി. പൗലോസ് കോറിന്ത്യരുടെമേൽ ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നതിനുപയോഗിച്ച മനോഹര

മായ ഒരു പെരുവാക്യംതന്നെയത്രെ. (II Cor. xiii-13.) ത്രൊണോസാ യെ ബലി. പരിശുദ്ധ ത്രിത്വത്തിൻെറ അനുഗ്രഹദാനമല്ലേ? അവിടന്നുത ന്നെയല്ലേ അതു് പരിപൂർത്തിയാക്കേണ്ടതും? കാർമ്മികൻ ആകയാൽ വി. പൌലോസിൻെറ ഈ മനോമോദകവാക്യംതന്നെ പ്രഥമത ഉപയോഗിച്ച് ത്രിയേക ദൈവത്തിൻെറ അനുഗ്രഹം തൻെറ അജഗണത്തിന്മേലും തൻെറ മേലും ഉണ്ടാകുവാൻ പ്രാർത്ഥിയ്ക്കും. ഇതിലെ അനുഗ്രഹാഭ്യർത്ഥന നിമിത്തം കാനോനാ ദ്തൈബൂസാ- അനുഗ്രഹത്തിൻെറ കാനോനാ- എന്നും ഇതു് വിളിക്കപ്പെടാറുണ്ടു്.

കാ. ന. ക. ഈശോമ്ശിഹായുടെ കൃപയും പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ ഐക്യവും നാമെല്ലാവരോടുംകൂടെ (കർമ്മസാധനങ്ങളിന്മേൽ കുരിശടയാളം വരയ്ക്കുന്നു) ഇപ്പോഴും എപ്പോഴും എന്നന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. (ത്രൊണോസിൻെറ മധ്യത്തിൽ ചുംബിക്കുന്നു.)

സ. ആമേൻ.

കാരോരുത്തരും മ്ശീഹായെയും, അവിടത്തോടുകൂടെയും അവിടത്തെ കരങ്ങൾ വഴിയായും തങ്ങളെത്തന്നെയും, ദൈവത്തിനു് ബലി അർപ്പിക്കുന്ന ഈ ആരാധ്യനാഴികയിൽ പുണ്യശ്ലോകനായ കാറെല്ലത്തെ പരിശുദ്ധ കൂറില്ലോസിൻെറ ഉപദേശാനുസരണം ദൈവതിരുമുമ്പിലായിരിക്കണം ആത്മീയമായും ശാരീരികമായും; ഭൂമിയിലും ഭൌമികകാര്യങ്ങളിലും വ്യാപൃതരായിരുന്നുകൂടാ. ആകയാൽ പവിത്രീകരണപ്രാർത്ഥനകൾ സമാരംഭിക്കുന്ന ഈ ശുഭമുഹൂർത്തത്തിൽ കാർമ്മികൻ കരങ്ങൾ വിടർത്തു് ഉന്നതങ്ങളിലേക്കുയർത്തി സമൂഹത്തിൻെറ ബോധത്തേയും ഹൃദയത്തേയും പ്രാപഞ്ചിക ചിന്തകളിൽനിന്നും ലോകകവലകളിൽനിന്നും സ്വർഗ്ഗത്തിലേക്കു് ആംഗ്യഭാഷയാൽ ആകർഷിക്കുകയും അതേസമയം അധരങ്ങളാൽ രണ്ടാമത്തെ കാനോനാ ചൊല്ലി അവിടേയ്ക്കു് ക്ഷണിക്കുകയും ചെയ്യും.

കാ. നിങ്ങളുടെ മനശ്ശക്തികൾ ഉന്നതങ്ങളിൽ ആയിരിക്കട്ടെ. (വലതുവശത്തു് ചുംബിക്കുന്നു.)

സമൂഹം ഈ ആഹ്വാനത്തെ പ്രാഗത്ഭ്യത്തോടെ ദൃഢീകരിക്കും.

സ. അബ്രഹാമിൻെറയും ഇസഹാക്കിൻെറയും ഇസ്രായേലിൻെറയും ദൈവമേ! മഹിമയുടെ രാജാവേ! അങ്ങേ പക്കൽ.

അങ്ങിനെയെങ്കിൽ ഞാനിതാ കർബാന തുടങ്ങുന്നു എന്നു് മൂന്നാമത്തെ കാനോനായാൽ കാർമ്മികൻ ആഹ്ളാദഭരിതനായി സമൂഹത്തെ അറിയിക്കുന്നു.

കാ. സർവ്വനാഥനായ ദൈവത്തിന് (ഇതാ) ബലി അർപ്പിക്കപ്പെട്ട(വാൻ പോകു)ന്നു. (ഇടതുവശത്ത് ചുംബിക്കുന്നു.)

സമൂഹമുടനെ സന്തോഷസംതൃപ്തിയോടെ അതു ശരിവയ്ക്കുന്നു.

സ. അത് ഉചിതവും യുക്തവുമാകുന്നു.

സ്വർണ്ണവാഗ്മിയായ വി. യോഹന്നാൻ ക്രിസോസ്തോമോസിൻെറ വാക്കുകളിൽ പറഞ്ഞാൽ, കുർബാന അർപ്പിക്കുന്നതു് ഉചിതവും യുക്തവുമെന്നു് സമൂഹം ഏകകണ്ഠമായി അഭിപ്രായപ്പെടുകയും അനുമതി നൽകുകയും ചെയ്ത ശേഷമല്ലാതെ കാർമ്മികൻ കൌദാശിക പ്രാർത്ഥനകളിലേക്കു് കടക്കുന്നില്ല.

ഒടുവിൽ ആരംഭിക്കുവാൻപോകുന്ന സ്തോത്രത്തിൻെറ ഗേഹന്താവൃത്തത്തിന്നു് ഏവരും നിശ്ശബ്ദരാകുവാൻ ക്രമപാലകൻ ക്ഷണിക്കുന്നതോടെ ആമുഖകാനോനാകൾ അവസാനിക്കുന്നു.

ക്രു. അടക്കമായിരിപ്പിൻ.

## സ്തുതിയുടെ ഗേഹന്താവൃത്തം

കുർബാനാർപ്പണത്തിൻെറ ഉദ്ദേശ്യങ്ങൾ നാലാണ്. ആരാധന, കൃതജ്ഞതാപ്രകാശനം, മദ്ധ്യസ്ഥാപേക്ഷ, പരിഹാരം. വിശുദ്ധീകരണ മുഖവുരയുടെ രണ്ടാമത്തെ ഭാഗം ഇവയിൽ ആദ്യത്തേതായ ആരാധനയെ മുൻനിർത്തി പ്രാർത്ഥിക്കപ്പെടുന്ന ഒരു ഗേഹന്താവൃത്തമാണ്. സ്തുതിയുടെ ഗേഹന്താവൃത്തമെന്നിതു് വിളിക്കപ്പെടാറുണ്ട്.

ചോദ്യോത്തര കാനോനാകളിൽ അവസാനത്തേതിനുത്തരമായി ദൈവത്തിന് ബലി അർപ്പിക്കുന്നതു് "ഉചിതവും യുക്തവുമെന്നു്" എല്ലാവരും സമ്മതിച്ചുകഴിയുമ്പോൾ കാർമ്മികൻ ആ കർമ്മത്തിൻെറ ഔന്നത്യത്തേയും അതു അർപ്പിക്കുവാൻ തുടങ്ങുന്ന തൻെറ കുറവുകളേയും സ്മരിച്ച് ഏറെയ താപത്തോടെ ദൈവത്തോടിപ്രകാരം മന്ത്രിക്കും:

കാ. (കുനിഞ്ഞു് കരങ്ങൾ കൂപ്പിക്കൊണ്ടു്) കർത്താവേ! ഉടയവനേ! സകല അശുദ്ധിയിൽനിന്നും അനീതിയിൽനിന്നും അസൂയയിൽനിന്നും വഞ്ചനയിൽനിന്നും വൈരാഗ്യത്തിൽനിന്നും മനസ്സാക്ഷിയെ നിർമ്മുക്തമാക്കിക്കൊണ്ട് സജീവവും സംശുദ്ധവുമായ ഈ ശുശ്രൂഷ മനോവിശ്വാസത്തോടെ പൂർത്തിയാക്കുവാൻ തിരുമുമ്പിൽ ഞങ്ങൾക്കീശ്വരപ്രസാദം നൽകിയരുളേണമെ. തമ്മിൽ തമ്മിലും എല്ലാവരോടുമുള്ള സ്നേഹവും ഐക്യവും ഞങ്ങളിൽ നട്ടുവളർത്തുകയും ചെയ്യേണമെ.

അനന്തരം സമൂഹത്തോടഭ്യൎത്ഥിക്കുന്നു.

**കാ.** ബാറെക്മാർ (മൂന്നു പ്രാവശ്യം) എന്റെ സഹോദരന്മാരേ, എന്റെ കരങ്ങളാൽ ഈ ബലി പൂൎത്തിയാക്കപ്പെടുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാൎത്ഥിപ്പിൻ.

അപ്പോൾ സമൂഹം അദ്ദേഹത്തിനുവേണ്ടി ഏക സ്വരത്തിൽ ഇപ്രകാരം അപേക്ഷിയ്ക്കും:

**സ.** മ്ശീഹാ താങ്കളുടെ പ്രാൎത്ഥനകൾ ശ്രവിക്കട്ടെ; മ്ശീഹാ താങ്കളുടെ അൎപ്പണം സ്വീകരിക്കട്ടെ; മ്ശീഹാ സ്വൎഗ്ഗത്തിൽ താങ്കളുടെ പൌരോഹിത്യത്തെ പ്രദീപ്തമാക്കട്ടെ. താങ്കൾക്കുവേണ്ടിയും, ഞങ്ങൾക്കുവേണ്ടിയും, മ്ശീഹായുടെ കൃപയും അനുഗ്രഹവും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ലോകമൊക്കെയ്ക്കുവേണ്ടിയും, താങ്കൾ അൎപ്പിക്കുന്ന ഈ ബലിയിൽ അവിടുന്നു എന്നേയ്ക്കും പ്രസാദിക്കുകയും ചെയ്യട്ടെ.

കാൎമ്മികൻ ഇങ്ങനെ കൂശാപ്പാവഴി ദൈവത്തോടും അഭ്യൎത്ഥനവഴി സമൂഹത്തോടും സഹായം അപേക്ഷിച്ചശേഷം, ദൈവത്തിനു് ബലി അൎപ്പിക്കുന്നതു് ഉചിതവും യുക്തവുമാകുന്നു എന്ന സമൂഹത്തിന്റെ അഭിപ്രായത്തെ തുടൎന്നുവരുന്ന ഗേഹന്താവഴി വിശദീകരിച്ചുകൊണ്ടു് ദൈവം സ്തുത്യൎഹനെന്നു് സ്ഥാപിക്കുന്നു. അതിന്റെ തെളിവിലേക്കെന്നോണം ദാനീയേൽ നിവ്യാ രേഖപ്പെടുത്തുന്ന (Dan. viii-10) ലക്ഷോപലക്ഷം സ്വൎഗ്ഗവാസികളുടെയും കോടാനുകോടി മാലാഖാമാരുടെയും അടിഞ്ഞുവീണുള്ള ആരാധനയും ഇസയാസ് പ്രവാചകൻ വിവരിക്കുന്ന, ക്രോവേന്മാരുടെയും സ്രാപ്പേന്മാരുടെയും അശ്രാന്ത "കന്തീശ്" വിളിയും ഇതിൽ അനുസ്മരിക്കാറുണ്ടു്.

**കാ.** (ത്രോണോസിനെ ചുംബിച്ചശേഷം കരങ്ങൾ വിടൎത്തി ഉയൎത്തിക്കൊണ്ടു്) സൎവ്വവദനങ്ങളിൽനിന്നും വാഴ്ത്തലിനും എല്ലാ നാവുകളിൽനിന്നും സ്തുതിയ്ക്കും സകല സൃഷ്ടികളിൽ നിന്നും ആരാധനയ്ക്കും പുകഴ്ച്ചയ്ക്കും പാത്രമത്രേ, തന്റെ കൃപയൊന്നുകൊണ്ടുമാത്രം ലോകത്തേയും തന്റെ അനുഗ്രഹപ്രേരണനിമിത്തംമാത്രം അതിലെ നിവാസികളേയും സൃഷ്ടിക്കുകയും, മനുഷ്യവൎഗ്ഗത്തോടു് അതുല്ല്യമായ കൃപ കാട്ടുകയും ചെയ്ത പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന പരമോന്നത ത്രിത്വത്തിന്റെ സംപൂജ്യവും ഉൽകൃഷ്ടവുമായ നാമം. അവിടത്തെ മഹത്വത്തെ ലക്ഷോപലക്ഷം സ്വൎഗ്ഗവാസികളും കോടാനുകോ

ടി വിശുദ്ധ മാലാഖാമാരും (1) അടിഞ്ഞുവീണാരാധിക്കുന്നു. അഗ്നിജ്വാലകരും അശരീര ശുശ്രൂഷകരും ആയ അരൂപികളുടെ വൃന്ദങ്ങൾ അവിടത്തെ നാമത്തെ സ്തുതിക്കുകയും വിശുദ്ധ ക്രോവേന്മാരോടും ഭക്തിതീക്ഷ്ണരായ സ്രാപ്പേന്മാരോടുംകൂടി അങ്ങേ കർത്തൃത്വത്തിന്ന് ആരാധന സമർപ്പിക്കുകയും ചെയ്യുന്നു. (ത്രോണോസിനെ വീണ്ടും ചുംബിക്കുന്നു.)

കട്ടവിൽ കരങ്ങളും, ദൃഷ്ടിയും ഉന്നതങ്ങളിലേയ്ക്കുയർത്തി കാനോനാ പാടിക്കൊണ്ടു് സ്വർഗ്ഗദൂതന്മാർ ദൈവത്തെ എങ്ങിനെ സ്തുതിക്കുന്നു എന്നു് വിവരിക്കുന്നു.

കാ. (കാനോനാ) ആശ്വാസരഹിതം ആരവമിട്ടുകൊണ്ടും പ്രകീർത്തിച്ചുകൊണ്ടും (2) അന്യോന്യം ആർത്തു വിളിച്ചുകൊണ്ടും അവർ പാടുന്നു.

ഇതിനു് സമൂഹം സ്രാപ്പേന്മാരും ക്രോവേന്മാരും ഇടവിടാതെ ദൈവസന്നിധിയിൽ ആലപിക്കുന്നതായി വി. ഇസയാസ് രേഖപ്പെടുത്തുന്നതും (Issaias Ch. vi: 3-4) പരിശുദ്ധൻ പരിശുദ്ധൻ എന്നാരംഭിക്കുന്നതും പാശ്ചാത്യക്രമത്തിൽ Sanctus എന്നു് വിളിക്കുന്നതുമായ മഹത്വീകരണപ്രകരണം പാടി ആശയം പൂർത്തിയാക്കുകയും ഗേഹന്താവൃത്തം സമാപിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഭൗമികസഭ സ്വർഗ്ഗീയസഭയോടു ചേർന്നു് ദൈവസന്നിധിയിൽ "കന്തീശ്," പാടുന്നതിനു് ഇടയാക്കുന്നു.

ഈ മഹത്വീകരണ പ്രകരണത്തിലെ "ഉന്നതങ്ങളിൽ ഓശാനാ" എന്നു തുടങ്ങുന്ന അന്ത്യഭാഗം ദിവ്യരക്ഷകൻ ഓശാന ഞായറാഴ്ച ഓറെശ്ലേം പട്ടണത്തിൽ പ്രവേശിക്കുകയിൽ യൂദജനത അങ്ങയെ അഭിവാദ്യം ചെയ്യുന്നതിനു് ആർപ്പുവിളിച്ച വാക്യങ്ങളാണു്. (3) തിരുസ്സഭയിന്നിതു് സ്രാപ്പേന്മാരുടെയും ക്രോവേന്മാരുടെയും കന്തീശ് വിളിയോടുചേർത്തു് അൾത്താരയിൽ ആഗതനാകുന്ന മ്ശിഹായെ അഭിവാദ്യം ചെയ്യുന്നതിനു് ഉപയോഗിക്കുന്നു. (4)

കാ. തൻെറ പ്രതാപത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന സർവ്വശക്തിയുള്ള ദൈവമായ കർത്താവു് പരി

---

(1) ആയിരമായിരം, പതിനായിരങ്ങളുടെ പതിനായിരം എന്നാണു് സുറിയാനി ശൈലി.

(2) "കന്തീശ്, കന്തീശ്, കന്തീശ്" എന്നു പാടുക.

(3) വി. മത്തായി xxi-9.

(4) Cantus cherubicum എന്നാണു് പൗരസ്ത്യ പള്ളിക്രമത്തിൽ ഇതിനു് പേർ.

ശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ഉന്നതങ്ങളിൽ ഓശാനാ. (1) ദാവീദിൻെറ പുത്രനു് ഓശാനാ. കർത്താവിൻെറ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും അനുഗ്രഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാനാ.

### കൃതജ്ഞതയുടെ ഗേഹന്താവൃത്തം

കൃതജ്ഞതാപ്രകടനമാണല്ലോ കുർബാനയുടെ രണ്ടാമത്തെ ഉദ്ദേശ്യം. അന്നാഫോറായിലെ ആദ്യത്തെ ഗേഹന്താവൃത്തത്താൽ ദൈവം ആരാധനയ്ക്കു് പാത്രവാനെന്നു് സ്ഥാപിച്ചു് അങ്ങേ ആരാധിച്ചതുപോലെ അതിനെത്തുടർന്നുവരുന്ന ഈ ഗേഹന്താവൃത്തത്താൽ അവിടന്നു കൃതജ്ഞതാർഹനെന്നു് സ്ഥാപിക്കുകയും കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ആരാധനയുടെ അഥവാ സ്തുതിയുടെ ഗേഹന്താവൃത്തത്തിലെ ഉപസംഹാര കാനോനായ്ക്കുത്തരമായി സമൂഹം സ്വർഗ്ഗദൂതന്മാരുടെ "കന്തീശ്, കന്തീശ്, കന്തീശ്" എന്ന കീർത്തനം പാടി ദൈവത്തെ സ്തുതിച്ചുകഴിയുമ്പോൾ ആ സ്വർഗ്ഗവാസികളോടൊപ്പം ഞങ്ങളും അങ്ങയെ സ്തുതിക്കുവാൻ അനുവദിക്കണമേയെന്നു് പ്രാർത്ഥിച്ചും അതിനു് പ്രേരകങ്ങളായ കാരണങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിച്ചുമാണു് കൃതജ്ഞത പ്രകടിപ്പിക്കുക. ഇതിലെ അംശപ്രാർത്ഥനകൾ കീഴെ വിവരിക്കുന്നവയത്രെ.

### മന്ത്രം

കൃതജ്ഞതയുടെ ഗേഹന്താവൃത്തത്തിലെ ആമുഖമന്ത്രം രണ്ടു ഭാഗങ്ങൾകൂടിയ ഒന്നാണു്. സ്തുതിയുടെ ഗേഹന്താവൃത്തത്തിലെ സമാപക കാനോനായുടെ ഉത്തരത്തിൽ ആവർത്തിച്ചുപാടിയ "കന്തീശ്"- പരിശുദ്ധൻ- എന്ന വിശേഷണത്തിൻെറ ഒരു വിശദീകരണമാണു് ഒന്നാമത്തെ ഭാഗം. ഏതന്നിമിത്തം സ്തുതിയുടെ ഗേഹന്താവൃത്തവും കൃതജ്ഞതയുടെ ഗേഹന്താവൃത്തവും തമ്മിൽ സംയോജിപ്പിക്കുന്ന ഒരു ഘടകം കൂടിയാണിതു്. ഇതിൽ, പരിശുദ്ധ ത്രിത്വത്തിലെ ഓരോ ആളിനും പരിശുദ്ധി പരികീർത്തിക്കുമ്പോൾ കാർമ്മികൻ അതിൻെറ അംഗീകാരലക്ഷ്യമെന്നോണം ത്രോണോസിൻെറ മധ്യത്തിലും വലത്തും ഇടത്തും ആയി മൂന്നു പ്രാവശ്യം അതിനെ ചുംബിക്കും. മന്ത്രം ഇപ്രകാരമത്രെ.

കാ. ആകാശത്തിലേയും ഭൂമിയിലേയും പിതൃസ്ഥാനത്തിനെല്ലാം നാമഹേതുകനായ യഥാർത്ഥ പിതാവു് അവിടന്നുമാത്രമായ ദൈവമേ! അങ്ങു പരിശുദ്ധനാകുന്നു. (ത്രോണോസിൻെറ മധ്യത്തിൽ ചുംബിക്കുന്നു.)

---

(1) ഓശാന= സ്തുതി.

സർവ്വത്തിൻെറയും സ്രഷ്ടാവായ നിത്യസുതാ! അങ്ങു പരിശുദ്ധനാകുന്നു. (ത്രോണോസിൻെറ വലതുവശത്തു് ചുംബിക്കുന്നു.)

സകലത്തിൻെറയും പവിത്രീകരണത്തിനു് പരമാധാരമായ പവിത്രാത്മാവേ! അവിടന്നു പരിശുദ്ധനാകുന്നു. (ത്രോണോസിൻെറ ഇടതുവശത്തു് ചുംബിക്കുന്നു.)

മന്ത്രത്തിൻെറ രണ്ടാം ഭാഗത്തു്, കാർമ്മികൻ, സാക്ഷാൽ പരിശുദ്ധി തന്നെയായ പരാപരൻെറ മുമ്പിൽ താൻ എങ്ങിനെ നിൽക്കുമെന്നു് ഇസയാസ് ദീർഘദർശിയുടെ വാക്കുകളിൽതന്നെ സംഭ്രമം പ്രദർശിപ്പിക്കുകയും മുഖ്യദൂതന്മാരുടെയും സ്രാപ്പേന്മാരുടെയും "കന്തീശ്" വിളിയിൽ എളിയവരായ തങ്ങളേയും ഭാഗഭാക്കുകളാക്കണമെന്നു് പ്രാർത്ഥിക്കുകയും ശരീരികളായ തങ്ങളെ അശരീരികളോടു സംയോജിപ്പിച്ചതിനു് കടവിൽ നന്ദി പ്രദർശിപ്പിക്കുകയും ചെയ്തുകൊണ്ടു് ഗേഹന്തായിലേയ്ക്കു് പ്രവേശിപ്പിക്കുന്നു.

കാ. (നീവൻനിന്നു് പരിഭ്രമസൂചകമായി മറത്തിടിച്ചുകൊണ്ടു്) ഹാ! നിർഭാഗ്യമേ! ഓർക്കുമ്പോൾ ഞാൻ പരിഭ്രാന്തനാകുന്നു. (എന്തെന്നാൽ) അശുദ്ധങ്ങളായ അധരങ്ങളോടുകൂടിയവനാണു് ഞാൻ. അശുദ്ധാധരരായ ഒരു ജനസമൂഹത്തിൻെറ ഇടയ്ക്കു് ഞാൻ വസിക്കുകയും ചെയ്യുന്നു. എന്നാൽ രാജാധിരാജനെ, അതേ, അമേയപ്രാഭവത്തിൻെറ പ്രതിഷ്ഠയായ കർത്താവിനെ എൻെറ കണ്ണുകൾ ദർശിച്ചിരിക്കുന്നു. ഇന്നു ഞാൻ അങ്ങയെ അഭിമുഖമായി കണ്ടു എന്ന ഈ സ്ഥലം എത്രയോ ആരാധ്യം. ഇതു് ദൈവഭവനമല്ലാതൊന്നല്ല. കർത്താവേ! അവിടത്തെ കൃപ ഈ അവസരത്തിൽ ഞങ്ങളുടെമേലുണ്ടാകേണമെ. ഞങ്ങളുടെ അശുദ്ധിയെ നിർമ്മാർജ്ജനം ചെയ്യേണമെ. ഞങ്ങളുടെ അധരങ്ങളെ നിർമ്മാല്യങ്ങളാക്കേണമെ. നാഥാ! ഈ എളിയോരുടെ വിനീതസ്തുതികളെ സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും "കന്തീശ്" വിളിയോടു കലർത്തുകയും ചെയ്യേണമെ. ഭൂവാസികളെ വാനവാസികളോടുചേർത്ത അങ്ങേ കാരുണ്യത്തിനു് സ്തുതി (ഉണ്ടായിരിക്കട്ടെ).

അഭ്യർത്ഥന

പിന്നെ സമൂഹത്തോടു പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുന്നു.

കാ. ബാറെക്മാർ (മൂന്നു പ്രാവശ്യം) എൻെറ സഹോദരന്മാരേ!......... പ്രാർത്ഥിപ്പിൻ.

സ. മ്ശീഹാ......... ചെയ്യട്ടെ.

ഗേഹന്താ

സ്വർഗ്ഗവാസികളോടുകൂടി ദൈവത്തെ സ്തുതിക്കുവാൻ മന്ത്രത്തിൽ ആഗ്രഹം പ്രദർശിപ്പിച്ചതിന്റെ കാരണങ്ങളാണ് ഈ ഗേഹന്തായിൽ മുഖ്യമായി വർണ്ണിക്കുക. അക്കൂട്ടത്തിൽ ദൈവസുതൻ മനുഷ്യവർഗ്ഗത്തിനു ചെയ്തിട്ടുള്ള ഗുണങ്ങളെ എണ്ണിയെണ്ണി പറയുന്നുണ്ട്.

കാ. (ത്രോണോസിന്റെ മധ്യത്തിൽ ചുംബിച്ചിട്ട് കുനിഞ്ഞുനിന്നുകൊണ്ട്) കൂടാതെയും, ഈ സ്വർഗ്ഗസൈന്യങ്ങളോടുകൂടി നാഥാ! ഞങ്ങളും, അതേ, അല്പരും അശക്തരും ദുർഭഗരുമായ ഈ ദാസന്മാരും, അങ്ങേയ്ക്കു നന്ദി പറയുന്നു. എന്തെന്നാൽ, ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! ഒരിക്കലും മതിയാംവണ്ണം പ്രതിനന്ദി പ്രദർശിപ്പിക്കാനാവാത്തവിധം അത്യന്തമധികമനുഗ്രഹങ്ങൾ അവിടുന്നു ഞങ്ങൾക്ക് നൽകിയിട്ടുണ്ട്. അവിടത്തെ ദൈവത്വത്താൽ ഞങ്ങളെ ജീവിപ്പിക്കുവാൻവേണ്ടി ഞങ്ങളുടെ മനുഷ്യത്വം അവിടുന്നു സ്വീകരിച്ചു. ഏഴകളായിരുന്ന ഞങ്ങളെ സമുദ്ധരിച്ചു; അധഃപതിച്ചിരുന്ന ഞങ്ങളെ എഴുന്നേല്പിച്ചു; മൃതപ്രായരായിരുന്ന ഞങ്ങൾക്ക് ജീവൻ നൽകി; ഞങ്ങളുടെ കടങ്ങളെ ക്ഷമിച്ചു; പാപങ്ങൾക്ക് പരിഹാരം ചെയ്തു; ബുദ്ധിയെ പ്രകാശിപ്പിച്ചു; ഞങ്ങളുടെ ശത്രുക്കളെ തോല്പിച്ചു; ഞങ്ങളുടെ ദുർബലസ്വഭാവത്തിന്റെ കുറവുകളെ (സൽഗുണനിധിയായ) അവിടത്തെ അനുഗ്രഹസമൃദ്ധിയാൽ തീർക്കുകയും ചെയ്തു.

കാനോനാ

ദൈവം ചെയ്തിരിക്കുന്ന ഉപകാരസഹായങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ട് കൃതജ്ഞതാപ്രകാശനം സമാഹരിക്കുന്നു.

കാ. (കർത്താവേ!) അവിടുന്നു ഞങ്ങൾക്കു ചെയ്തിരിക്കുന്ന സകല സഹായാനുഗ്രഹങ്ങൾക്കും ഞങ്ങൾ അങ്ങേയ്ക്കു അനവരതം സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും (കാസ്സാസാധനങ്ങളിന്മേൽ കുരിശടയാളം വരച്ചുകൊണ്ട്) ഇപ്പോഴും എപ്പോഴും എന്നേന്നേയ്ക്കും സമർപ്പിക്കുന്നു. (ത്രോണോസിന്റെ വലതുവശത്തു് ചുംബിക്കുന്നു.)

## ii. കൌദാശിക പ്രാൎത്ഥനകൾ

കൃതജ്ഞതയുടെ ഗേഹന്താവൃത്തം പൂൎത്തിയാകുമ്പോൾ ആമുഖം അവസാനിക്കുന്നു. പിന്നെ സാക്ഷാൽ കൌദാശിക (കദ്ദേശ് = പവിത്രീകരിച്ച) – പവിത്രീകരണ– പ്രാൎത്ഥനകളിലേക്കു് പ്രവേശിക്കുന്നു. ഇവ അത്താഴക്കുർബാനയുടെ മൂന്നാമത്തെ ഭാഗമായ പങ്കുകൊള്ളൽവരെ നീളും. ത്രോണോസിൽ നിക്ഷേപിച്ചിരിക്കുന്ന കൎമ്മസാധനങ്ങളെ പവിത്രീകരിച്ചു് മ്ശീഹായുടെ മാംസരക്തങ്ങളാക്കി ദൈവത്തിനു് അൎപ്പിക്കുന്നതു് ഈ പ്രാൎത്ഥനകളാൽ അത്രേ.

മദ്ധ്യസ്ഥാപേക്ഷ, കൂദാശകൎമ്മം, ഹസ്തക്രിയകൾ എന്നു് മൂന്നായി വിശദീകരണസൌകൎയ്യാൎത്ഥം ഇതിനെ വിഭാഗിക്കാം.

### മദ്ധ്യസ്ഥാപേക്ഷ

അന്നാഫോറായിലെ ആദ്യത്തെ ഗേഹന്താവൃത്ത പ്രാൎത്ഥനയാൽ മ്ശീഹാവഴി ദൈവത്തിനു് ആരാധന സമൎപ്പിക്കുകയും രണ്ടാമത്തേതിനാൽ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തവണ്ണംതന്നെ ഈ മൂന്നാമത്തേതിനാൽ നമ്മുടെ അപേക്ഷകളും ആഗ്രഹങ്ങളും തിരുമനസ്സറിയിക്കുന്നു. ഏതൻനിമിത്തമത്രേ ഇതു് മദ്ധ്യസ്ഥാപേക്ഷയെന്ന പേരിന്നു പാത്രമായതു്. ഇതും ഒരു ഗേഹന്താവൃത്തമാണു്.

മ്ശീഹായെ പ്രതിനിധീകരിച്ചു് കാൎമ്മികൻ ഈ മദ്ധ്യസ്ഥാപേക്ഷ നടത്തുന്നതു് കത്തോലിക്കാ സഭാംഗങ്ങളായ സകല ജീവിക്കുന്നവരേയും മരിച്ചവരേയും പ്രത്യേകവിധം ഓൎത്തു് ത്രോണോസാകുന്ന കാൽവരിയ്ക്കു് ചുററും അണിനിരത്തിക്കൊണ്ടാണു്. സ്വൎഗ്ഗസ്ഥരായ വിശുദ്ധന്മാർ, തിരുസ്സഭാദ്ധ്യക്ഷനായ മാൎപ്പാപ്പാ, റീത്തിൻെറ തലവനായ പാത്രിയൎക്കീസ് സ്ഥലത്തെ മെത്രാൻ ആദിയായ സഭാപിതാക്കന്മാർ ഇതിൽ പ്രത്യേകവിധം സ്മരിക്കപ്പെടുന്നു. ഇങ്ങനെ സഭാശരീരത്തിൻെറ വിവിധ അംഗങ്ങളേവരെയും ദൈവതിരുസന്നിധിയിൽനിൎത്തിക്കൊണ്ടു് ശിരസ്സാകുന്ന മ്ശീഹാ അവരെല്ലാവരോടുംകൂടി പ്രാൎത്ഥിക്കുകയും അവൎക്കുവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യുന്നു. ഈ പ്രാൎത്ഥനാവൃത്തത്തിൻെറ ഘടന താഴെ വിവരിക്കുംപ്രകാരമത്രെ.

### ക്രമപാലകൻെറ അറിയിപ്പു്

ന. കുർബാനയിലെ പരിപാവനങ്ങളായ വിനാഴികകൾ ആസന്നമായി വരുന്നു. ആകയാൽ ഇതുവരെ ആചരിച്ചുപോന്നതിലും കൂടുതലായ നിശബ്ദതയോടും ഭക്തിയോടും ഓരോരുത്തരും വൎത്തിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. മദ്ധ്യസ്ഥാപേക്ഷയിലേക്കു് പ്രവേശിക്കുന്നതിനുമുമ്പുതന്നെ ക്രമപാലകൻ ഈ സംഗതി താഴെവരുന്ന ചുരുങ്ങിയ വാക്കുകളിൽ സമൂഹത്തോടറിയിക്കും.

**ക്രു.** (എല്ലാവരും) ഉള്ളുകൊണ്ടു (മാത്രം) പ്രാൎത്ഥിക്കണം; സ്വരം (ഒട്ടും) ഉണ്ടാക്കരുതു്.

മന്ത്രം

മുകളിൽ ദീർഘപ്രാർത്ഥനയെപ്പററി പറയുകയിൽ അതിൽ കാർമ്മികനും ആറാംപട്ടക്കാരനും വേറെ വേറെ ഭാഗങ്ങളുണ്ടെന്നും കാർമ്മികൻെറതു് കൂദാശകർമ്മത്തോടു് കുറേക്കൂടി അടുത്ത ഒരു സ്ഥാനത്തേയ്ക്കു് മാററിയാണിപ്പോൾ പ്രാർത്ഥിക്കുന്നതെന്നുമാണല്ലോ മുകളിൽ കണ്ടതു്. അങ്ങിനെ മാററി സ്ഥാപിക്കപ്പെട്ടിട്ടുള്ള കാർമ്മികൻെറ ദീർഘപ്രാർത്ഥനാഭാഗമാണു് ഈ ഗേഹന്താവൃത്തത്തിലെ ഇപ്പോഴത്തെ മന്ത്രം. സ്വസ്തി സമയത്തു് ആറാം പട്ടക്കാരൻ അയാളുടെ ദീർഘപ്രാർത്ഥനയിൽ ആർക്കെല്ലാംവേണ്ടി അപേക്ഷിച്ചുവോ അവർക്കൊക്കെവേണ്ടി, പക്ഷേ വ്യത്യസ്തപ്പെട്ട വചനങ്ങളിലും മ്ശിഹായെ പ്രതിനിധീകരിച്ചുകൊണ്ടും കാർമ്മികൻ ഇതിൽ പ്രാർത്ഥിക്കുന്നു. വലിയ മദ്ധ്യസ്ഥാപേക്ഷ എന്നാണിതിൻെറ ഇപ്പോഴത്തെ പേർ. പാശ്ചാത്യക്രമത്തിൽ കൂദാശകർമ്മത്തിനു് മുമ്പും പിമ്പുമായി പ്രാർത്ഥിക്കപ്പെടുന്ന ആറു - Memento - അനുസ്മരണകൾ നമ്മുടെ കുർബ്ബാനയിൽ ഈ ഒന്നിൽ സംക്ഷേപിക്കപ്പെടുന്നു. കാർമ്മികൻ ഭരമേററിട്ടുള്ള പ്രത്യേക നിയോഗങ്ങൾക്കായി വിശേഷാൽ പ്രാർത്ഥിക്കുന്നതും ഈ ഒന്നിനാൽതന്നെ.

കാ. കർത്താവേ! ശക്തനായ ദൈവമേ! ഈ വേളയിൽ തിരുമുമ്പിൽ നിലവിളിക്കുന്ന അടിയൻെറ സ്വരത്തെ കേൾക്കേണമെ. അങ്ങേ സന്നിധിയിൽ അടിയൻ വിടുന്ന നെടുവീർപ്പുകളെ നാഥാ! ശ്രവിക്കേണമെ. അവിടത്തെ പിതാവിന് ബലിയർപ്പിക്കപ്പെടുന്നതായ ഈ നാഴികയിൽ അങ്ങേ കൃപയെ യാചിക്കുന്ന പാപിയായ എൻെറ പ്രാർത്ഥന കൈക്കൊള്ളേണമെ. സകല സൃഷ്ടിയോടും കനിവായിരിക്കേണമെ. പാപികളോടു ക്ഷമിക്കേണമെ. വഴിതെററിപ്പോയവരെ പിന്തിരിപ്പിക്കേണമെ. പീഡിതരെ ആശ്വസിപ്പിക്കേണമെ. ആകുലരെ സമാധാനപ്പെടുത്തേണമെ. രോഗികളെ സുഖമാക്കേണമെ. ദുഃഖിതരെ സന്തോഷിപ്പിക്കേണമെ. അങ്ങേ തിരുനാമത്തെക്കുറിച്ച് നീതിയുക്തം പ്രവർത്തിക്കുന്നവരുടെ നീതിനിഷ്ഠയെ നിലനിറുത്തണമെ. അപരാധിയായ അടിയനോട്ട് അങ്ങുന്നു കൃപയുണ്ടായി കരുണയായിരിക്കേണമെ.

ഹാ കർത്താവേ! സർവ്വവല്ലഭനായ ദൈവമേ! പുരോഹിതമുഖ്യനും ലോകമൊക്കയുടെയും ശ്രേഷ്ഠാധികാരിയും ഭരണാധിപനുമായ മാർ — പാപ്പായ്ക്കുവേണ്ടിയും ഇന്ന് ഞങ്ങളുടെ ജനത്തിൻെറ മേലദ്ധ്യക്ഷന്മാരായ ഞങ്ങളുടെ പിതാക്കന്മാർ മാർ — കാതോലിക്കാ പാത്രിയർക്കീസിനും രൂപതാദ്ധ്യക്ഷൻ മാർ — മെത്രാനും വേണ്ടിയും, വിശുദ്ധ കത്തോലിക്കാസഭ

മുഴുവനുവേണ്ടിയും, പട്ടക്കാർക്കും രാജാക്കന്മാർക്കും മററു അധികാരികൾക്കുംവേണ്ടിയും, സകല പ്രവാചകന്മാരുടേയും പ്രേഷിതന്മാരുടേയും രക്തസാക്ഷികളുടേയും മൌദ്യാനന്മാരുടേയും ബഹുമാനത്തിനുവേണ്ടിയും, തിരുമുമ്പിൽ പ്രസാദിച്ച നീതിമാന്മാരും വിശുദ്ധന്മാരുമായ എല്ലാ പിതൃപിതാക്കന്മാർക്കുവേണ്ടിയും, കരയുന്നവരും വ്യാകുലമനുഭവിക്കുന്നവരുമായ സകലർക്കുവേണ്ടിയും, നിർധനരും നിർഭാഗ്യരുമായ സർവ്വർക്കുവേണ്ടിയും രോഗികളും പീഡിതരുമായവർക്കൊക്കെവേണ്ടിയും, അങ്ങേ നാമത്തിൽ ഞങ്ങളിൽനിന്ന് വേർപെട്ടു പരലോകപ്രാപ്തരായിട്ടുള്ള എല്ലാ മരിച്ചവർക്കുവേണ്ടിയും, അവിടത്തെ അനുഗ്രഹത്തെ നോക്കി പാർത്തുകൊണ്ടിരിക്കുന്ന ഈ ജനത്തിനുവേണ്ടിയും, ബലഹീനനും ദുർഭഗനും എളിയവനുമായ അടിയനുവേണ്ടിയും, ഈ ബലിയെ അങ്ങുന്നു കൈക്കൊള്ളേണമെ.

ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! അവിടത്തെ അനുഗ്രഹത്തിനും കൃപാധിക്യത്തിനും ഒത്തവണ്ണം അങ്ങേ ജനത്തോടും ഈ നിർഭാഗ്യനോടും വർത്തിക്കേണമെ. എന്റെ പാപങ്ങളും അപരാധങ്ങളും അർഹിക്കുന്നവിധം ഒരിക്കലും എന്നോടു പ്രവർത്തിക്കരുതേ. പിന്നെയോ അവിടത്തെ കൃപയാൽ സത്യവിശ്വാസത്തിൽ ഞങ്ങൾ ഉൾക്കൊള്ളുന്ന എന്ന ഈ വിശുദ്ധ ശരീരംവഴി ഇവരും ഞാനും കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പൊറുതിയ്ക്കും യോഗ്യരായിത്തീരട്ടെ. ആമേൻ.

അഭ്യർത്ഥന

അനന്തരം ശേഹന്താവൃത്തങ്ങളിൽ പതിവായിരിക്കുന്നപ്രകാരം കാർമ്മികൻ വിശ്വാസികളോട് അഭ്യർത്ഥിക്കുകയും അവർ ഉത്തരിക്കുകയും ചെയ്യുന്നു.

**കാ.** ബാറെക്മാർ (മൂന്നു പ്രാവശ്യം) എന്റെ സഹോദരന്മാരേ! എന്റെ കരങ്ങളാൽ ഈ ബലി പൂർത്തിയാക്കപ്പെടുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കേണമെ.

**സ.** മ്ശിഹാ താങ്കളുടെ പ്രാർത്ഥനകൾ ശ്രവിക്കട്ടെ; മ്ശിഹാ താങ്കളുടെ അർപ്പണം സ്വീകരിക്കട്ടെ; മ്ശിഹാ താങ്കളുടെ പൌരോഹിത്യത്തെ സ്വർഗ്ഗത്തിൽ പ്രദീപ്തമാക്കട്ടെ. താ

ങ്ങൾക്കുവേണ്ടിയും, ഞങ്ങൾക്കുവേണ്ടിയും, മ്ശീഹായുടെ കൃപയും അനുഗ്രഹവും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ലോകമൊക്കയ്ക്കുവേണ്ടിയും, താങ്കൾ അർപ്പിക്കുന്ന ഈ ബലിയിൽ അവിടന്നെന്നേയ്ക്കും പ്രസാദിക്കുകയും ചെയ്യട്ടെ.

ഗേഹന്താ

ഈ വൃത്തത്തിനു് ഹേതുവായ ഗേഹന്താ ചെറിയ മദ്ധ്യസ്ഥാപേക്ഷ, കല്പനാനുസ്മരണ, മൃഹാക്ഷണം എന്നു് മൂന്നു ഭാഗങ്ങൾ ചേർന്നുണ്ടായിട്ടുള്ള ഒന്നാണു്. ഓരോ ഭാഗവും പ്രകൃതികൊണ്ടും ആശയംകൊണ്ടും പരസ്പരം വ്യത്യസ്തപ്പെടുന്നു.

ചെറിയ മദ്ധ്യസ്ഥാപേക്ഷ

ഈ പ്രാർത്ഥനാവൃത്തത്തിലെ ആമുഖ മന്ത്രമായി പ്രാർത്ഥിച്ച വലിയ മദ്ധ്യസ്ഥാപേക്ഷയിലെ മദ്ധ്യസ്ഥപ്രാർത്ഥിക്കൽതന്നെ അതിനുശേഷംവരുന്ന ഗേഹന്തായുടെ ഈ ആദ്യഭാഗത്തും തുടരുന്നു. ഏതൻനിമിത്തമത്രെ ചെറിയ മദ്ധ്യസ്ഥാപേക്ഷ എന്ന പേരിതിനു കിട്ടിയതു്.

മനുഷ്യപരിത്രാണനാർത്ഥം ദിവ്യരക്ഷകൻ കാൽവരിയിൽ സ്വയം അർപ്പിക്കയിൽ അന്നത്തെ ഹോമവേദിയായിരുന്ന കുരിശിനടുത്തു് ഒരു പുരോഹിതയെന്നോണം അങ്ങേ വിമലമാതാവു് നിന്നിരുന്നു Stabat Mater juxta crucem. ആ ദിവ്യാംബിക നമുക്കുവേണ്ടി തൻെറ പുത്രനോടുകൂടി സ്വയം ബലി അർപ്പിക്കതന്നെയും ചെയ്തു. ആകയാൽ അവിടത്തെ അരുമസന്താനങ്ങളായ മനുഷ്യമക്കൾ മോക്ഷപ്രാപ്തിക്കായി ആ ബലിതന്നെ രക്തം ചിന്താത്തവിധത്തിൽ ആവർത്തിക്കുന്ന ത്രോണോസിന്നരികെയും അവളുടെ-Stabat-സാന്നിദ്ധ്യം സമുചിതമാണു്. അതുകൊണ്ടു് കൂദാശകർമ്മത്തിനു് ഏററം അടുത്ത ഈ പ്രാർത്ഥനയിൽ ആ സ്നേഹയമ്മയെ വിശേഷവിധമായി സ്മരിയ്ക്കും. ത്രോണോസിനെ ചുംബിച്ചിട്ടു് കുനിഞ്ഞുനിന്നുകൊണ്ടു് കാർമ്മികൻ ചെറിയ മദ്ധ്യസ്ഥാപേക്ഷ ഇങ്ങനെ ചൊല്ലുന്നു.

കാ. നാഥാ! വിമലവും വിശുദ്ധവുമായ അങ്ങേ ബലിപീഠത്തിന്മേൽ അവിടന്നു ഞങ്ങളെ പഠിപ്പിച്ചതുപോലെ അടിയങ്ങൾ അങ്ങേയ്ക്കർപ്പിക്കുന്ന അവിടത്തെ അഭിഷിക്തൻെറ ശരീരത്തിൻെറയും രക്തത്തിൻെറയും ഈ സ്മാരകബലിയിൽ (ഓർമ്മകൊണ്ടാട്ടത്തിൽ) ദൈവമാതാവായ കന്യകമറിയത്തേയും തിരുമുമ്പിൽ പ്രസാദിച്ച നീതിജ്ഞരും വിശുദ്ധരുമായ എല്ലാ പിതാക്കന്മാരേയും ശരിയായും യഥായോഗ്യവും സ്മരിക്കുവാൻ അവർണ്ണനീയമായ അവിടത്തെ അനുഗ്രഹാധിക്യത്താൽ ഇടയാ

കേണമെ. യഥാൎത്ഥ പിതാവായ ദൈവം അവിടന്നു മാത്രമാകുന്നെന്നും അങ്ങേ പ്രിയ സുതനായ ഞങ്ങളുടെ കൎത്താവീശോമിശിഹായേ അവിടന്നത്രെ ഞങ്ങടെ പക്കൽ അയച്ചതെന്നും ഞങ്ങളുടെ നാഥനും ദൈവവുമായ ഈശോമ്ശിഹാവന്നു ജീവദായകമായ തന്റെ സുവിശേഷത്താൽ പ്രവാചകന്മാരിലും, പ്രേഷിതന്മാരിലും, രക്തസാക്ഷികളിലും, മൌദ്യാനന്മാരിലും, മല്പാന്മാരിലും, മെത്രാന്മാരിലും, പുരോഹിതന്മാരിലും, ശമ്മാശ്ശന്മാരിലും, സജീവവും ജീവപ്രദവും ആയ വിശുദ്ധ മാമോദീസായുടെ മുദ്രയാൽ മുദ്രിതരായ വിശുദ്ധ കത്തോലിക്കാസഭയുടെ മക്കളേവരിലും പ്രശോഭിച്ചുകാണുന്ന, സകല പുണ്യവും വിശുദ്ധിയും ഞങ്ങളെ പഠിപ്പിച്ചു എന്നും ഭൂവാസികളൊക്കെ അറിയുവാൻവേണ്ടി അവിടത്തെ സമാധാനവും ശാന്തിയും ലോകാവസാനംവരെ ഞങ്ങൾക്ക് കൈവരുത്തുകയും ചെയ്യേണമെ.

‘വി. മാമോദീസായാൽ മുദ്രിതരായ’ എന്ന ഭാഗം വരുമ്പോൾ കാൎമ്മികൻ തിരുക്കല്ലിന്മേൽ ഒരു ചെറിയ കുരിശു് വരയ്ക്കുകയും സഹായി ചെറിയ മണി കിലുക്കുകയും ചെയ്യാറുണ്ടു്. ഇതിനു് ഇടമണിയെന്നത്രെ പേർ. പാശ്ചാത്യക്രമത്തിലെ Sanctus Bell ആയി ഇതിനെ പരിഗണിക്കുന്നതും തദനുസരണം പ്രവൎത്തിക്കുന്നതും ശരിയല്ല.

## കല്പനാനുസ്മരണ

ചെറിയ മദ്ധ്യസ്ഥാപേക്ഷ അവസാനിക്കുമ്പോൾ അതേ നിലയിൽത്തന്നെ നിന്നുകൊണ്ടു് കാൎമ്മികൻ അനംമ്നേസീസ് എന്നു് ഗ്രീക്കിൽ പറയുന്ന കല്പനാനുസ്മരണ തുടങ്ങുന്നു. “നിങ്ങളിതു ചെയ്യുമ്പോഴെല്ലാം എന്റെ ഓൎമ്മയ്ക്കായി ചെയ്യിൻ” എന്നു് ദിവ്യരക്ഷകൻ അത്താഴശാലയിൽവച്ചു ശിഷ്യന്മാരോടു കല്പിച്ചു. ആ കല്പനയ്ക്കനുസരണമായിട്ടത്രെ തങ്ങൾ വി. കുർബാന അൎപ്പിക്കുന്നതെന്നു് അനുസ്മരിക്ക മാത്രമാണു് കാൎമ്മികൻ ഇതിൽ ചെയ്യുന്നതു്. ആകയാൽ യഥാൎത്ഥത്തിൽ ഇതൊരു പ്രാൎത്ഥനയല്ല. നമ്മുടെ കുർബാനയിലെ കല്പനാനുസ്മരണ താഴെവരുംപ്രകാരമത്രെ.

കാ. നാഥാ! അടിയങ്ങളും, അതേ, അങ്ങേ നാമത്തിൽ സമ്മേളിക്കുകയും ഈ അവസരത്തിൽ തിരുസന്നിധിയിൽ നിൽക്കുകയും അവിടന്നു കല്പിച്ചുതന്ന മാതൃക പരമ്പരയാ നിലനിൎത്തിക്കൊണ്ടു് പോരുകയും ചെയ്യുന്ന അല്പരും അശക്തരും നിൎഭാഗ്യരുമായ അങ്ങേ ദാസന്മാരും, ഞങ്ങളുടെ കൎത്താവും ഞങ്ങളുടെ രക്ഷകനുമായ ഈശോമ്ശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും അടക്കത്തിന്റെയും ഉത്ഥാ

നത്തിന്റെയും മഹോന്നതവും ആരാധ്യവും വിശുദ്ധവും ജീവപ്രദവും ദിവ്യവുമായ ഈ രഹസ്യത്തെത്തന്നെ സസന്തോഷം സ്തുതിസ്തോത്രങ്ങളോടെ അനുസ്മരിച്ച് അനുഷ്ഠിക്കുന്നു.

### റൂഹാക്ഷണം

ബലിമൃഗങ്ങൾ കളങ്കരഹിതങ്ങളായിരിക്കണം എന്നു് നിർബന്ധമുണ്ടായിരുന്നു. (ലേവ്യ. xxii-19-24) എന്നാൽ അവയുടെതന്നെയും മാംസവും രക്തവും ബലിയർപ്പിക്കപ്പെട്ടശേഷം മലിനഭാഗങ്ങൾ മാററി ശുദ്ധീകരിച്ചിട്ടാണു് ദൈവസന്നിധിയിൽ ദഹിപ്പിച്ചിരുന്നതു്. ത്രോണോസിലെ നമ്മുടെ ബലിയുടെ കർമ്മസാധനങ്ങളും പവിത്രീകരിച്ചു് നമ്മുടെ കർത്താവീശോമിശിഹായുടെ മാംസരക്തങ്ങളായി പകർത്തിയിട്ടത്രെ സ്വർഗ്ഗപിതാവിനു് അർപ്പിക്കുന്നതും നമ്മുടെ ആത്മീയഭക്ഷണമായി അതിൽനിന്നു് നാം പങ്കുകൊള്ളുന്നതും. ഈ പവിത്രീകരണവും അതിന്റെ ഫലമായ വസ്തുമാററവും കൂദാശകർമ്മത്താലാണു് സാധിതമാകുന്നതെങ്കിലും പരിശുദ്ധാത്മാവിറങ്ങി അവയിന്മേൽ ആവസിച്ചു് വിശുദ്ധീകരിക്കേണമെന്നു് കാർമ്മികൻ കൂദാശകർമ്മത്തിനുമുമ്പു് പ്രാർത്ഥിക്കാറുണ്ടു്. നമ്മുടെ കുർബാനയിൽ അങ്ങിനെ പരിശുദ്ധാത്മാവിനെ ക്ഷണിക്കുന്നതു് ഗേഹന്തായുടെ ഇനി വരുന്ന ഭാഗത്തത്രെ. അതുകൊണ്ടാണീഭാഗത്തിനു് റൂഹാക്ഷണമെന്നു് പേർ പറയുന്നതു്.

മനുഷ്യാവതാരത്തിൽ പരിശുദ്ധാത്മാവിനുള്ള പ്രത്യേക ഭാഗഭാഗിത്വം ചിന്തിക്കുമ്പോൾ, ആ രക്ഷണീയ വേലയുടെ ഫലപ്രാപ്തിക്കായി ത്രോണോസിൽ അർപ്പിക്കുവാൻ തുടങ്ങുന്ന കർമ്മസാധനങ്ങളെ, സകലത്തേയും സംശുദ്ധമാക്കുന്ന ആ പരിശുദ്ധിയുടെ അരൂപിതന്നെ ഇറങ്ങി വിശുദ്ധീകരിക്കണമെന്നപേക്ഷിക്കുന്നതു് സന്ദർഭാനുസരണവും സമുചിതവുമായിക്കാണാം.

പഴയനിയമകാലത്തെ ഒരു നിശ്ചയമായിരുന്നു ബലിയിടുവാൻ കൊണ്ടുപോകുന്ന മൃഗത്തിന്റെ തലമേൽ പുരോഹിതൻ കൈകൾ വയ്ക്കണമെന്നതു്. (Exo. xxix I0-15-19; Lev. I-4; iv-4. viii-14.) തങ്ങളുടെ പാപങ്ങൾ അർപ്പിക്കപ്പെടുവാൻ തുടങ്ങുന്ന ആ ജീവിയുടെമേൽ ചുമത്തുന്നതിനു് അനുവദിക്കണമെന്നും, തദനുസരണം, പാപഫലമായി തങ്ങൾ അനുഭവിക്കേണ്ടിയിരിക്കുന്ന മരണശിക്ഷയെ അതിന്റെ ജീവാർപ്പണത്താൽ നിവാരണം ചെയ്യണമെന്നും പ്രവൃത്തിയാൽ പ്രാർത്ഥിക്കുകയാണു് ഈ നിശബ്ദകർമ്മത്താൽ ചെയ്തിരുന്നതു്.

മനുഷ്യമക്കളുടെ പാപങ്ങളെ തന്റെമേൽ ചുമന്നുകൊണ്ടു് മ്ശിഹാ അവയ്ക്കുവേണ്ടി ജീവാർപ്പണം ചെയ്യാൻ പോകുന്നു എന്ന പരമാർത്ഥത്തെ കൂടുതൽ പ്രകടമാക്കുമാറു് ഈ പഴയനിയമപാരമ്പര്യത്തെ ആദരിച്ചു്. പുതിയനിയമ ബലിയായ നമ്മുടെ കുർബാനയിൽ, മ്ശീഹാ തമ്പുരാന്റെ മാംസരക്തങ്ങളായി മാററാൻ പോകുന്ന അപ്പത്തിന്റെയും വീഞ്ഞിന്റെയുംമേൽ ഈ പ്രാർത്ഥന നേരത്തു് കാർമ്മികൻ കരങ്ങളുടെ പത്തികൾ വിരിച്ചുപിടിക്കും.

ദൂഹാക്ഷണത്തിനു്, ആമുഖം, സാക്ഷാൽ ദൂഹാക്ഷണം എന്നു് രണ്ടു ഭാഗങ്ങളുണ്ടു്; ക്രമപാലകൻെറ പ്രത്യേകമൊരറിയിപ്പു് അവയുടെ ഇടയ്ക്കും.

ദൂഹാക്ഷണത്തിൻെറ ആമുഖം

വളരെ ചുരുങ്ങിയ ഒന്നാണു് നമ്മുടെ ദൂഹാക്ഷണത്തിൻെറ ആമുഖം. നാലേനാലു വാക്കുകളെയുള്ളു. പക്ഷേ, വളരെ പുരാതനമെന്ന അനിതര സാധരണമായ ഒരു മേന്മയതിനുണ്ടു്. തിരുച്ഛഷകങ്ങളിന്മേൽ കൈകളുടെ പത്തികൾ വിരിച്ചു പിടിച്ചുകൊണ്ടു് കാർമ്മികൻ അതു് ഇപ്രകാരം ചൊല്ലുന്നു.

കാ. നാഥാ! അവിടത്തെ പരിശുദ്ധാത്മാവു് എഴുന്നള്ളിവരുമാറാകട്ടെ.

ക്രമപാലകൻെറ അറിയിപ്പു്

ആസന്നമാകുന്ന മഹൽസന്ധിയുടെ ഗൌരവത്തെ മുൻനിർത്തി ഈ സന്ദർഭത്തിൽ സർവ്വോപരി സൂക്ഷിക്കണമെന്നു് താഴെവരുന്ന വാക്കുകളിൽ ക്രമപാലകൻ സമൂഹത്തെ ഒരിക്കൽകൂടി ഓർപ്പിക്കും.

ക്രു. അടക്കത്തോടെയും ഭയത്തോടെയുംനിന്നുകൊണ്ടു് പ്രാർത്ഥിപ്പിൻ; (ആരും) ശബ്ദമുണ്ടാക്കരുതു്.

ദൂഹാക്ഷണം രണ്ടാം ഭാഗം

ക്രമപാലകൻെറ നിർദ്ദേശാനുസരണം എല്ലാവരും ശാന്തരായി എന്നു കാണുമ്പോൾ കാർമ്മികൻ, രണ്ടാമത്തെ ഭാഗമായ സാക്ഷാൽ ദൂഹാക്ഷണം തുടങ്ങുന്നു.

കാ. (പരിശുദ്ധാത്മാവു്) അവിടത്തെ ദാസന്മാരുടെ ഈ അർപ്പണത്തിന്മേൽ ആവസിച്ചു് അതിനെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യുമാറാകട്ടെ.

(അങ്ങനെ) നാഥാ! ഈ ബലി കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിൻെറ ഉറപ്പായ ശരണത്തിനും തിരുമുമ്പിൽ പ്രസാദിച്ച എല്ലാവരോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ നവജീവിതത്തിനും, ഞങ്ങൾക്കു് കാരണമാകട്ടെ. ഞങ്ങളോടുള്ള അസാമാന്യവും അത്ഭുതകരവുമായ ഈ പരിപാലനാവിശേഷങ്ങളേക്കുറിച്ചു് അവിടത്തെ അഭിഷിക്തൻെറ അമൂല്യരക്തത്താൽ വീണ്ടുകൊള്ളപ്പെട്ട അങ്ങയുടെ സഭയിൽ, തെളിവായ സ്വരത്തിലും പ്ര

സന്നമുഖത്തോടെയും ഇടവിടാതെ അങ്ങയെ ഞങ്ങൾ കൊണ്ടാടി സ്തുതിക്കുവാനും ഇടയാകട്ടെ.

കാനോനാ

കട്ടവിൽ കൃതജ്ഞതാനിർഭരമായ ഒരു സംക്ഷിപ്തപ്രാത്ഥനയോടെ മദ്ധ്യസ്ഥാപേക്ഷകരുടെ വൃത്തം സമാഹരിക്കുന്നു.

**കാ. സജീവവും വിശുദ്ധവും ജീവപ്രദവും ആയ അവിടത്തെ നാമത്തിനു് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും** (കമ്മസാധനങ്ങളിന്മേൽ കുരിശടയാളം വരയ്ക്കുന്നു.) **ഇപ്പോഴും എപ്പോഴും എന്നന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.** (ത്രോണോസിന്റെ വലതുവശത്തു് ചുംബിക്കുന്നു.

**സ. ആമേൻ.**

## കൂദാശകർമ്മം

അത്താഴകർബാനയുടെ ആരംഭം മുതൽ ഇതുവരെയും, അതിന്റെ പൂർത്തീകരണത്തിനു് സഹായകങ്ങളായി പലതും നാം പ്രവർത്തിച്ചു: ഒന്നിലധികം ശുശ്രൂഷകൾ നടത്തി; നമ്മുടെ കാഴ്ചസാധനങ്ങളെ ത്രോണോസിന്മേൽ നിക്ഷേപിച്ചു; അവ സ്വീകരിക്കേണമെന്നു് സ്വർഗ്ഗപിതാവിനോടപേക്ഷിച്ചു; അവയിന്മേലിറങ്ങി അവയെ വിശുദ്ധീകരിക്കുവാൻ പരിശുദ്ധാത്മാവിനേയും ക്ഷണിച്ചു. എന്നിരുന്നാലും വെറും ഭൗമിക നേർച്ചകളുമായി മാത്രം ഇതുവരെ നാം ദൈവസന്നിധിയിൽ നിന്നിരുന്നു. നാം ത്രോണോസിൽ നിക്ഷേപിച്ച അപ്പവും വീഞ്ഞും ഇപ്പോഴും അപ്പവും വീഞ്ഞുംതന്നെ. പറമ്പിലെ വൃക്ഷത്തിന്റെ കടിഞ്ഞൂൽഫലം കാഴ്ചവയ്ക്കുന്നതിനെക്കവിഞ്ഞ വിശിഷ്ടമോ ശ്രേഷ്ഠമോ ആയ ഒരു കൃത്യം ഇതുവരെ നാം ചെയ്തിട്ടില്ല. പക്ഷേ ഇനി നാം കാഴ്ചവച്ച അപ്പവും വീഞ്ഞും മ്ശീഹായുടെ മാംസവും രക്തവുമാക്കി ദൈവത്തിനു് സമർപ്പിക്കും. അപ്പഴെ നമ്മുടെ അർപ്പണം മ്ശീഹായുടേതാകയുള്ളു; മ്ശീഹാ അർപ്പിക്കപ്പെടുകയുണ്ടാകയുള്ളു; ദൈവികമാകയുള്ളു; ദൈവനീതിയെ നിർബന്ധിക്കുന്നതാകയുള്ളു.

ആകയാൽ നമ്മുടെ കർബാനയിൽ ഇനി പുരോഹിതൻ ചെയ്യുന്നതു് മ്ശീഹായെ ത്രോണോസിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിലേയ്ക്കു് വിളിച്ചുവരുത്തുക അഥവാ അപ്പത്തെയും വീഞ്ഞിനെയും മ്ശീഹായുടെ മാംസരക്തങ്ങളായി പകർത്തുക എന്ന പാവന കർമ്മമത്രെ. ഇതാണു് കൂദാശകർമ്മം.

കർബാനയിലെ സർവ്വോൽകൃഷ്ടമായ ഭാഗമാണിതു്. ഇതര ഭാഗങ്ങൾപോലെ പ്രാത്ഥനയോ കീർത്തനമോ പ്രഖ്യാപനമോ ഒന്നുമല്ലായിതു്.

അതായത്, കാഴ്ചവയ്ക്കുന്ന അപ്പത്തെയും വീഞ്ഞിനെയും വിശുദ്ധീകരിക്കേണമെന്ന് റൂഹാക്ഷണത്തിലേപ്പോലെ പ്രാർത്ഥിക്കുകയോ; അപ്പവും വീഞ്ഞും നമ്മുടെ കർത്താവിൻെറ മാംസരക്തങ്ങളായിത്തീർന്നിരിക്കുന്നു എന്ന് അറിയിക്കുകയോ അല്ല കാർമ്മികൻ കൂദാശകർമ്മത്തിൽ ചെയ്യുക.

പെസഹാ ഊട്ടുശാലയിൽ ഒടുക്കത്തെ അത്താഴവേളയിൽ ആദ്യ കുർബാനയിൽ, നിശബ്ദമായ ആരാധനയിൽ, അപ്പവും വീഞ്ഞും തൻെറ മാംസവും രക്തവും ആക്കുന്നതിനു് മ്ശീഹാതമ്പുരാൻ അനുഷ്ഠിച്ചവയെല്ലാം അതേപടി ആവർത്തിക്കൽ ആണ് കൂദാശകർമ്മം. ആകയാൽ പെസഹാ അത്താഴത്തിൽ ദിവ്യഗുരു അരുളിച്ചെയ്തവയും പ്രാർത്ഥിച്ചവയും പ്രവർത്തിച്ചവയും സകലവും, അവമാത്രവും, ത്രോണോസിൽ കാർമ്മികൻ അരുളിച്ചെയ്യുന്നു, പ്രാർത്ഥിക്കുന്നു, പ്രവർത്തിക്കുന്നു. പ്രകാരാന്തരേണ പറയുന്നതായാൽ, ഊട്ടുശാലയിലെ ഒടുക്കത്തെ അത്താഴത്തിലെ ആരാധ്യമായിരുന്ന ആ അനുഷ്ഠാനത്തിൻെറ അഭിനവമായ ഒരു അഭിനയമത്രെ ത്രോണോസിലെ കൂദാശകർമ്മം.

പക്ഷേ ഈ അഭിനയത്തിൽ, വിശുദ്ധ അംബ്രോസീസിൻെറ വാക്കുകളിൽ പറഞ്ഞാൽ, അദൃശ്യപുരോഹിതനായ മ്ശീഹാ ദൃശ്യപുരോഹിതൻെറ അധരങ്ങൾവഴി അരുളിച്ചെയ്കയും, കരങ്ങൾകൊണ്ടു് കർമ്മസാധനങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്കയാൽ, പുരോഹിതൻെറ വാക്കുകളും അപ്പോൾ ഊട്ടുശാലയിലേതുപോലെ പ്രവർത്തകങ്ങളാണ്– Consecrativa-Precreativa - പറയുന്നതു് പ്രവർത്തിക്കുന്നവയാണ്. ആകയാൽ - ഇതെൻെറ ശരീരമാകുന്നു, ഇതെൻെറ രക്തമാകുന്നു എന്ന് കാർമ്മികൻ ഉച്ചരിക്കുമ്പോൾ ഒടുക്കത്തെ അത്താഴത്തിൽ സംഭവിച്ചപ്രകാരം അപ്പവും വീഞ്ഞും മാറി നമ്മുടെ കർത്താവിൻെറ മാംസവും രക്തവും ആകുന്നു. കർമ്മസാധനങ്ങൾ കൂദാശ ചെയ്യപ്പെടുന്നു.

എന്നാൽ നഗ്നമായ നമ്മുടെ കണ്ണുകൾകൊണ്ടു് നോക്കുമ്പോൾ യാതൊരു മാററവും ദൃശ്യമാകുന്നില്ല. അപ്പവും വീഞ്ഞും കൂദാശകർമ്മത്തിനു് മുമ്പായിരുന്നപ്രകാരംതന്നെ അതിനുശേഷവും അനുഭവഗോചരമാകുന്നു. പക്ഷേ വിശ്വാസത്തിൻെറ വെളിച്ചത്തുകൂടി വീക്ഷിക്കുമ്പോൾ, കഴിഞ്ഞതു് വർത്തമാനമാകുന്നു; ഭൂമി സ്വർഗ്ഗമാകുന്നു; മനുഷ്യദൈവമായ മ്ശീഹാ അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ ത്രോണോസിൽ ആഗതനാകുന്നു; അല്ല, സ്വയം ബലി അർപ്പിക്കുന്നു; അർപ്പിക്കപ്പെടുകയും ചെയ്യുന്നു. അയോഗ്യരായ നമ്മെയും അവിടത്തെ സ്വയാർപ്പണത്തിൽ സംബന്ധിപ്പിക്കുകയും അങ്ങയുടെ കരങ്ങളാൽ നമ്മെയും സ്വർഗ്ഗപിതാവിനു് അർപ്പിക്കുകയും ചെയ്യുന്നു.

ഈ കർമ്മാനുഷ്ഠാനത്തിലും രണ്ടു വ്യത്യസ്ത ഭാഗങ്ങൾ ദൃശ്യങ്ങളത്രെ. ഒരുക്കങ്ങളും, കൌദാശിക കർമ്മങ്ങളും.

ഒരുക്കങ്ങൾ

കൂദാശകർമ്മം കുർബാനയിലെ പരിപാവന കർമ്മമാകയാൽ അതു് ആരംഭിക്കുന്നതിനുമുമ്പു് അത്ഭുതപൂർവ്വങ്ങളായ പല ഒരുക്ക ശുശ്രൂഷകളാൽ

കാർമ്മികൻ തന്നെത്തന്നെ പൂർവ്വാധികം ശുദ്ധീകരിയ്ക്കും. ഈ ശുദ്ധീകരണ ശുശ്രൂഷകളിൽ മുഖ്യങ്ങൾ: അനുതാപപ്രാർത്ഥനകൾ, ധൂമാർപ്പണം എന്നു് രണ്ടാണു്.

അനുതാപപ്രാർത്ഥനകൾ

കൂദാശകർമ്മത്തിനു് തയ്യാറാകുന്ന കാർമ്മികൻ തൻെറ പൂർവ്വാപരാധങ്ങളെ ഓർത്തു് അനുതാപജന്യങ്ങളായ ഏതാനും പ്രാർത്ഥനകൾ ചൊല്ലും. അവയാണു് അനുതാപപ്രാർത്ഥനകളെന്നതിനു് ഇവിടെ വിവക്ഷ.

നമ്മുടെ കുർബാനയിൽ മൂന്നു അനുതാപപ്രാർത്ഥനകളാണുള്ളതു്. അവയിൽ ആദ്യത്തേതു് ലോകസമാധാനത്തേയും തദ്വാര സ്വന്തം ആത്മസമാധാനത്തേയും പ്രത്യേകമായി പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒന്നാണു്. മദ്ധ്യസ്ഥാപേക്ഷയുടെ ഗേഹന്താവൃത്തത്തിൻെറ സമാപനാനന്തരം ത്രോണോസിനെ ചുംബിച്ചിട്ടു് നിവർന്നു കുരിശിനെ നമസ്കരിയ്ക്കയിൽ കരങ്ങൾ നെഞ്ചിന്മേൽ കൂട്ടിക്കൊണ്ടു് അതു് പ്രാർത്ഥിക്കുന്നു.

കാ. സ്വർഗ്ഗവാസികളുടെ സന്തോഷവും ഭൂവാസികളുടെ ആശാകേന്ദ്രവുമായ മ്ശിഹാനാഥാ! ലോകത്തിൻെറ ചതുർഭാഗങ്ങളിലും വിശേഷിച്ച വിശുദ്ധ കത്തോലിക്കാസഭയിലും അവിടത്തെ സമാധാനവും ശാന്തിയും സുസ്ഥിരമായി പാലിക്കേണമെ; പൌരോഹിത്യത്തെ രാജത്വവുമായി രഞ്ജിപ്പിക്കേണമെ; ദേശാതൃത്തികളിൽനിന്നു് യുദ്ധങ്ങളെ നിഷ്കാസനം ചെയ്യേണമെ; ഞങ്ങൾ പൂർണ്ണ അടക്കത്തോടും ദൈവഭയത്തോടും പ്രശാന്തവും സമാധാനപരവുമായ ഒരു ജീവിതം കഴിക്കുവാൻ ഇടയാകുന്നതിനുവേണ്ടി, പരസ്പരം ഭിന്നിച്ചു് സമരോത്സുകരാകുന്ന ജനതകളെ ചിതറിക്കേണമെ. ഞങ്ങൾക്കല്ല കർത്താവേ! ഞങ്ങൾക്കല്ല; അവിടത്തെ നാമത്തിനു് മഹത്വം നൽകിയാലും.

ദാവീദുരാജാവു് തൻെറ പാപകർമ്മത്തെ തപിച്ചു് കണ്ണീർ വീഴ്ത്തുന്ന ഒരു വിലാപകീർത്തനമാണു് അമ്പത്തിയൊന്നാമത്തെ സങ്കീർത്തനം. അതിൻെറ പൂർവ്വാർദ്ധമാണു് രണ്ടാമത്തെ അനുതാപ പ്രാർത്ഥന.

കാ. ദൈവമേ! അവിടത്തെ കൃപയ്ക്കൊത്തവണ്ണം എന്നോടു കരുണയായിരിക്കേണമെ. അങ്ങേ ദയാധിക്യത്തിനു് ചേർന്നവിധം എൻെറ പാപങ്ങളെ മറന്നുകളയേണമെ. എൻെറ ദുഷ്ടതകളിൽനിന്നു് എന്നെ വെടിപ്പായി കഴുകുകയും എൻെറ പാപങ്ങളിൽനിന്നെന്നെ വിമുക്തനാക്കുകയും ചെയ്യേണമെ. എന്തെന്നാൽ എൻെറ അപരാധങ്ങളെ ഞാൻ മനസ്സിലാക്കി

കഴിഞ്ഞു. എൻെറ കുററങ്ങളെൻെറ കൺമുമ്പാകെയുമാണ് എപ്പോഴും. അങ്ങയോടുതന്നെ ഞാൻ തെററു ചെയ്തു, തിരുമുമ്പിൽ കൂടെയും തിന്മകൾ പ്രവൎത്തിച്ചു. അതേ! അവിടത്തെ വചനത്തിൽ അവിടന്നു നീതീകരിക്കപ്പെടണ്ടേ? അവിടത്തെ വിധികളിൽ അവിടന്നു വിജയിക്കണ്ടേ? (എന്തുകൊണ്ടെന്നാൽ) അകൃത്യത്തിൽ ഞാനുല്പാദിപ്പിക്കപ്പെട്ടു; പാപങ്ങളിലാണ് എൻെറ മാതാവ് എന്നെ ഗർഭം ധരിച്ചതും. അവിടന്നാകട്ടെ സത്യത്തിൽ പ്രസാദിക്കുകയും അങ്ങേ വിജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിക്കുകയും ചെയ്തിരിക്കുന്നു. തളികോൽകൊണ്ട് എൻെറമേൽ തളിക്കേണമെ. ഞാൻ വെടിപ്പാക്കപ്പെടട്ടെ.

മൂന്നാമത്തെ അനുതാപപ്രാൎത്ഥനയും ഒരു സങ്കീൎത്തനഭാഗംതന്നെ. 122-ാം സങ്കീൎത്തനത്തിൽനിന്നാണ് ഈ ഭാഗം എടുക്കപ്പെട്ടിരിക്കുന്നതു്.

**കാ.** സ്വൎഗ്ഗത്തിൽ വസിക്കുന്നവനേ! അങ്ങേപ്പക്കലേയ്ക്കു് എൻെറ ദൃഷ്ടികളെ ഞാനുയൎത്തി; ദാസന്മാരുടെ കണ്ണുകൾ അവരുടെ യജമാനന്മാരുടെ പക്കലേയ്ക്കും, ദാസിയുടെ ദൃഷ്ടികൾ അവളുടെ യജമാനത്തിയുടെ പക്കലേയ്ക്കും എന്നപോലെ. ഞങ്ങളുടെ ദൈവമായ കൎത്താവേ! ഞങ്ങളുടെമേൽ അങ്ങേയ്ക്കു് കനിവുണ്ടാകുവോളം ഞങ്ങളുടെ കണ്ണുകളും (അങ്ങേ പക്കലേയ്ക്കു് തിരിഞ്ഞിരിക്കുന്നു) ഞങ്ങളിൽ കൃപയുണ്ടാകണമെ. കൎത്താവേ! ഞങ്ങളിൽ കൃപയുണ്ടാകണമെ.

ധൂമാൎപ്പണം

അനന്തരം കാൎമ്മികൻ പതിവുപോലെ ധൂമം വാഴ്ത്തും. പക്ഷേ ഈ അവസരത്തിൽ താഴെ വരുന്ന പ്രത്യേക പ്രാൎത്ഥനയാണ് ചൊല്ലുന്നതു്. അൾത്താരയുടെ ഇടതു്കൊമ്പിന്നരികിൽ മുട്ടുകുത്തി നിൽക്കുന്ന ധൂമകലശക്കാരൻെറ നേരെ തിരിഞ്ഞുകൊണ്ടു്:

**കാ.** ഞങ്ങളുടെ കൎത്താവേ! ഞങ്ങളുടെ ദൈവമേ! വാഗ്ദാനപേടകത്തിൻെറ കൂടാരത്തിലെ പ്രസിദ്ധ പുരോഹിതനായിരുന്ന അഹറോൻെറ ധൂമകലശംപോലെ ഞങ്ങളുടെ പ്രാൎത്ഥനയും ഞങ്ങളുടെ കലശത്തിലെ ധൂമവും അങ്ങേയ്ക്കു പ്രസാദിക്കുമാറാകട്ടെ. സുമണം പരത്തുന്ന വേരുകളുടെയും പരിമള ദ്രവ്യങ്ങളുടെയും നാഥനായ പിതാവും പുത്രനും പരിശുദ്ധാത്മാവും എന്നേയ്ക്കും (ആയിരിക്കട്ടെ).

പിന്നെ, കാർമ്മികൻ, ദിവ്യചെമ്മരിയാട്ടിൻെറ മാംസരക്തങ്ങളെ സ്പർശിക്കേണ്ടിയതായ തൻെറ കൈകളേയും ദർശിക്കേണ്ടിയതായ മുഖത്തേയും അതിനുശേഷം ധൂമകലശക്കാരനേയും സമൂഹത്തേയും പീഠത്തേയും ഒടുവിൽ തിരുക്കർമ്മസാധനങ്ങളേയും ധൂമിയ്ക്കും.

പീഠത്തിൻെറ ഇടത്തെ കൊമ്പിനടുത്തു് കലശം വീശിക്കൊണ്ടു് മുട്ടുകുത്തിനിൽക്കുന്ന സഹായിയുടെ നേരെ തിരിഞ്ഞു് ഇരുകരങ്ങളും നീട്ടി ആദ്യം അവയേയും പിന്നെ അവയാൽ ധൂമം കോരിക്കൊണ്ടുവന്നു് തൻെറ മുഖത്തേയും മൂന്നു പ്രാവശ്യം ധൂമിക്കുന്നു. ഓരോ തവണയും അദ്ദേഹം ഇപ്രകാരം പ്രാർത്ഥിക്കുന്നുമുണ്ടായിരിയ്ക്കും.

കാ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! ഞങ്ങളുടെ അശുദ്ധിയുടെയും മ്ലേച്ഛതയുടെയും ദുർഗന്ധത്തെ അവിടത്തെ സ്നേഹവാൽസത്തിൻെറ പരിമളത്താൽ സുരഭിലമാക്കി പകർത്തേണമെ. പാപക്കറയിൽനിന്നു് അതിനാൽ എന്നെ ശുചീകരിക്കുകയും ചെയ്യേണമെ. കാണാതെപോയ ഞങ്ങളെ അന്വേഷിച്ചു പുറപ്പെടുകയും കണ്ടുപിടിക്കുകയുംചെയ്ത നല്ല ഇടയാ! ഞാൻ അറിഞ്ഞുകൊണ്ടും അറിയാതെയും ചെയ്തുപോയ പാതകങ്ങളും പാപങ്ങളും എന്നോടു ക്ഷമിക്കേണമെ.

അനന്തരം ശുശ്രൂഷകൻെറ നേരെ വലതു് കൈ നീട്ടിക്കൊണ്ടു് അയാളെ ധൂമിക്കയിൽ പ്രാർത്ഥിക്കുന്നു.

കാ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! സുപ്രസിദ്ധവും വിശുദ്ധവുമായ അവിടത്തെ ബലിപീഠത്തിൻ മുമ്പിൽ നിൽക്കുന്ന ഈ ശുശ്രൂഷകനെ സൌരഭ്യവാനാക്കേണമെ.

സമൂഹത്തിൻെറ നേരെ തിരിഞ്ഞു് വലതു് കൈ അവരുടെമേൽ നീട്ടിക്കൊണ്ടു് അവരെ ധൂമിക്കയിൽ പ്രാർത്ഥിക്കുന്നു.

കാ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! അവിടത്തെ അനുഗ്രഹത്തെ നോക്കിപ്പാർത്തുനിൽക്കുന്ന ഈ ജനങ്ങളെ സൌരഭ്യവാന്മാരാക്കേണമെ.

പീഠത്തിലേയ്ക്കു് വീണ്ടും തിരിഞ്ഞു് വലതു കൈ അതിന്മേൽ ഉയർത്തിക്കൊണ്ടു് അതിനേയും അതിലെ ത്രോണോസിനേയും ധൂമിക്കുകയിൽ പ്രാർത്ഥിക്കുന്നു.

കാ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! ഞങ്ങളുടെ നാഥൻെറ ശവകുടീരത്തിൻെറ സാദൃശ്യത്തിൽ ഉയ

ത്തപ്പെട്ടിരിക്കുന്ന ഈ പീഠത്തെയും അതിൻെറ ത്രോണോസിനെയും (അതിന്മീതെ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന) തൻെറ പരിഹാരക ശരീരത്തേയും രക്തത്തേയും സുരഭിലങ്ങളാക്കേണമെ.

കട്ടവിൽ വലതു കൈയ്യാൽ സുഗന്ധവാഹിയായ ധൂമപടലത്തെ കോരി തിരുക്കർമ്മസാധനങ്ങളിന്മേൽ ആവസിപ്പിച്ചുകൊണ്ടും താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടും അവയെ മൂന്നു പ്രാവശ്യം ധൂമിക്കുന്നു. ആദ്യത്തേതിൻെറ അന്ത്യത്തിൽ ത്രോണോസിൻെറ മധ്യത്തിലും രണ്ടാമത്തേതിൻേറതിൽ വലതുവശത്തും മൂന്നാമത്തേതിൻേറതിൽ ഇടതുവശത്തും ചുംബിക്കുന്നു.

കാ. ബാറെക്മാർ (മൂന്നു പ്രാവശ്യം) പ്രശസ്തങ്ങളും വിശുദ്ധങ്ങളും ജീവപ്രദങ്ങളും ദിവ്യങ്ങളുമായ ഈ രഹസ്യങ്ങളുടെ പക്കലേയ്ക്കു് ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! അവിടത്തെ കൃപാനുഗ്രഹം ഞങ്ങളെ അടുപ്പിച്ചിരിക്കുന്നു; ഞങ്ങളതിനു് യോഗ്യരല്ലാതിരിക്കെ; അതെ, തീർത്തും യോഗ്യരല്ലാതിരിക്കെ.

ഓരോ പ്രാവശ്യവും സമൂഹം അതിനെ ശരിവച്ചുകൊണ്ടു് ഇപ്രകാരം പ്രതിവചിയ്ക്കും.

കാ. ആമേൻ; ബാറെക്മാർ.

കൗദാശിക മന്ത്രങ്ങളും ക്രിയകളും

അവസാനമിതാ പ്രതീക്ഷിതമായ വിനാഴിക ആഗതമാകുന്നു. കുർബാനയിലെ സർവ്വപ്രധാനവും സംപൂജ്യവുമായ ക്രമം, ബലിയുടെ സാധുതയം അഥവാ വാസ്തവാവാസ്തവംപോലും ഏന്തിൻെറ ശരിയായ നിർവ്വഹണത്തെ ആശ്രയിച്ചിരിക്കുന്നുവോ ആ മഹൽക്കർമ്മം, ത്രോണോസിൽ നാം നിക്ഷേപിച്ച വെറും അപ്പത്തേയും വെറും വീഞ്ഞിനേയും നമ്മുടെ കർത്താവിൻെറ ജീവനുള്ള മാംസവും ജീവനുള്ള രക്തവുമായി മാറുന്ന അത്ഭുത ക്രിയ, പിതാവിൻെറ വലത്തതിൽ എഴുന്നള്ളിയിരിക്കുന്ന ന. ക. ഈശോമിശിഹായെ പുരോഹിതൻ ത്രോണോസിലേയ്ക്കു വിളിച്ചുവരുത്തുന്ന അമാനുഷികപ്രവൃത്തി; സ്നേഹഭ്രാന്തനായ മ്ശിഹായുടെ, മനുഷ്യ പരിത്രാണനാർത്ഥമുള്ള ജീവാർപ്പണം, ആരംഭിക്കുന്നു.

ഇതിൽ നാലു സംഗതികൾ പ്രത്യേകം ശ്രദ്ധാർഹങ്ങളത്രെ: സ്തുതിപ്പുകൾ, സ്ഥാപനവാക്യങ്ങൾ, സ്ഥാപനചരിത്രം, സ്ഥാപനക്രിയകൾ. ഇവയോരോന്നും പരസ്പരം വ്യത്യസ്തപ്പെട്ട ഭാഗങ്ങളത്രേയെങ്കിലും എല്ലാംകൂടി ഇടകലർന്നാണു് കൗദാശിക മന്ത്രങ്ങളിൽ സ്ഥിതി ചെയ്യുന്നതു്. ആക

യാൽ ഇവയെ എല്ലാത്തേയുംപററി ഒന്നിച്ചു പ്രതിപാദിക്കുകയാണു് കൂടുതൽ സൌകര്യമെന്നു കരുതുന്നു.

## കൌദാശിക സ്തുതിപ്പുകൾ

കൌദാശിക മന്ത്രത്തോടനുബന്ധിച്ച് നമ്മുടെ കർബാനയിൽ മൂന്നു ചെറിയ സ്തുതിപ്പുകളുണ്ടു്. ഇവയത്രേ കൌദാശിക സ്തുതിപ്പുകൾ എന്നു പറയുന്നതു്. ഇവ കൌദാശിക മന്ത്രങ്ങളെ ആവരണം ചെയ്യുന്നു എന്നു പറയത്തക്കവണ്ണം കൌദാശിക മന്ത്രത്തിനു് മുമ്പും പിമ്പും ഇടയ്ക്കുമായിട്ടത്രേ പ്രാർത്ഥിക്കപ്പെടുന്നതു്. എന്നിരുന്നാലും ഇവ കൌദാശിക മന്ത്രങ്ങളുടെ കാതലായ ഭാഗത്തിൽപെട്ടവയല്ല; ബാഹ്യാലങ്കാരങ്ങൾകണക്കു് കൌദാശികമന്ത്രത്തിൻെറ പ്രതാപം വർദ്ധിപ്പിക്കുന്നവകൾ മാത്രമാണിവ.

## സ്ഥാപനവാക്യങ്ങൾ

പെസഹാ അത്താഴത്തിൽ അപ്പം തൻെറ ശരീരവും, വീഞ്ഞു് തൻെറ രക്തവും ആക്കുവാൻ ദിവ്യരക്ഷകൻ ഉപയോഗിച്ചതും അതേ ഉദ്ദേശസാദ്ധ്യാർത്ഥം ത്രൊണോസിൽ കാർമ്മികൻ ആവർത്തിക്കുന്നതുമായ വാക്യങ്ങളാണു് സ്ഥാപനവാക്യങ്ങൾ. അന്നാഫോറായുടെ ബീജങ്ങളാണിവ. ഇവയിൽനിന്നത്രേ കർബാനയിലെ ഇതര പ്രാർത്ഥനകളെല്ലാം വികസിച്ചിട്ടുള്ളതു്. നമ്മുടെ കർത്താവിൻെറ ശരീരരക്തങ്ങളുടെ വേർപെടുത്തലിനെ സൂചിപ്പിക്കുന്നതിനായി കർബാനയിൽ അപ്പവും വീഞ്ഞും വേറെ വേറെ കൂദാശ ചെയ്യുന്നതുകൊണ്ടു് തിരുശ്ശരീരത്തിനും രക്തത്തിനും വേറെ വേറെയാണു് സ്ഥാപനവാക്യങ്ങൾ.

## സ്ഥാപനചരിത്രം

കർബാനയിൽ കാർമ്മികൻ കൂദാശകർമ്മത്തിനു് ഉപയോഗിക്കുന്ന വാക്കുകൾ നമ്മുടെ കർത്താവു് പെസഹാഅത്താഴത്തിൽ ഉപയോഗിച്ചവതന്നെയാണു്. ആകയാൽ അവയെ സന്ദർഭത്തിനു അനുയോജ്യങ്ങളും അന്വർത്ഥങ്ങളും ആക്കേണ്ടതുണ്ടു്. ഇതിനായി, ദിവ്യരക്ഷകൻ അവയെ അരുളിച്ചെയ്ത സന്ദർഭവിവരണങ്ങൾകൂടെ വേദപുസ്തകത്തിൽനിന്നു് എടുത്തു സ്ഥാപനവാക്യങ്ങളോടു് തിരുസ്സഭ ചേർക്കാതിരുന്നിട്ടില്ല. ഈ സന്ദർഭവിവരണങ്ങളാണു് സ്ഥാപനചരിത്രങ്ങൾ. തിരുശ്ശരീരത്തിൻെറയും രക്തത്തിൻെറയും സ്ഥാപനവാക്യങ്ങൾ ദിവ്യരക്ഷകൻ അരുളിച്ചെയ്തതു് വ്യത്യസ്തപ്പെട്ട അവസരങ്ങളിലാകയാൽ അവയുടെ സന്ദർഭചരിത്രങ്ങളും പരസ്പരം വ്യത്യസ്തങ്ങളാണു്. ഇവയോടു് തൻെറ ഓർമ്മയ്ക്കായി വി. കർബാന അർപ്പിക്കുവാൻ ദിവ്യനാഥൻ കൊടുത്ത കല്പനയും ചേർക്കാറുണ്ടു്.

ഇങ്ങനെ സ്ഥാപനചരിത്രവും സ്ഥാപനവാക്യവും കൂടിയതാണു് ഇന്നത്തെ യഥാർത്ഥ കൌദാശിക മന്ത്രം.

## സ്ഥാപനക്രിയകൾ

പെസഹാ അത്താഴത്തിൽ ആദ്യ കർബാനയിൽ ദിവ്യരക്ഷകൻ കൂദാശകർമ്മത്തിനായി അനുഷ്ഠിച്ച ക്രിയകളാണു് സ്ഥാപനക്രിയകൾ. അവയോരോന്നിനേയും സ്ഥാപനചരിത്രത്തിൽ വിവരിക്കുമ്പോൾ കാർമ്മികൻ പ്രവർത്തിക്കുകകൂടെ ചെയ്യും; അതായതു്, അപ്പം കരങ്ങളിലെടുത്തു എന്നു് പറയുമ്പോൾ അപ്പവും, കാസാ എടുത്തു എന്നു് പറയുമ്പോൾ കാസായും ഇരുകരങ്ങൾകൊണ്ടും എടുത്തു് അല്പം ഉയർത്തി പിടിയ്ക്കും. സ്തോത്രം ചെയ്തു എന്നുച്ചരിക്കുമ്പോൾ തല അല്പം നമിപ്പിച്ചു് സ്തോത്രം പ്രദർശിപ്പിയ്ക്കും. ഇങ്ങനെ ഓരോന്നിനും. ഇവയ്ക്കു പുറമെ, തിരുക്കർമ്മസാധനങ്ങൾ ഓരോന്നും, കൂദാശകർമ്മത്തിനുശേഷം, തലയ്ക്കുമീതെ ഉയർത്തി വിശ്വാസികളുടെ ആരാധനയ്ക്കായി കാണിക്കുന്ന ഒരു പതിവും തിരുസ്സഭ നടപ്പാക്കിയിട്ടുണ്ടു്.

കൗദാശിക സ്തുതിപ്പുകളും, മന്ത്രങ്ങളും, ക്രിയകളും ഇന്നനുഷ്ഠിക്കപ്പെടുന്ന ക്രമത്തിൽ താഴെച്ചേർക്കുന്നു.

## അപ്പം കൂദാശ ചെയ്യുന്നതിനു്

ധൂമാർപ്പണശേഷം കാർമ്മികൻ സ്ലീവായിലേയ്ക്കു് ദൃഷ്ടികൾ ഉയർത്തി നമസ്കരിച്ചിട്ടു് നിവർന്നുനിന്നു് കരങ്ങൾ നെഞ്ചിന്മേൽ കൂട്ടിക്കൊണ്ടു് ഒന്നാമത്തെ സ്തുതിപ്പു് ചൊല്ലുന്നു.

**കാ.** **ഞങ്ങളുടെ നാഥനായ ഈശോമ്ശിഹായേ! അങ്ങേ പരിശുദ്ധ നാമത്തിനു് സ്തുതിയും അങ്ങേയ്ക്കു് ആരാധനയും എപ്പോഴും എന്നന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.**

തിരുശ്ശരീരത്തെ സ്പർശിക്കേണ്ട വിരലുകൾ കെത്താനമേൽ തുടച്ചിട്ടു് തിരുശ്ശരീരത്തിന്റെ സ്ഥാപനചരിത്രം ഇങ്ങനെ വിവരിക്കുന്നു:

**കാ.** **അവിടുന്നു തന്റെ പീഡാനുഭവത്തിന്റെ തലേദിവസം വിശുദ്ധങ്ങളും ആരാധ്യങ്ങളുമായ തന്റെ കൈകളിൽ അപ്പമെടുത്തു** (ഇരുകരങ്ങളുടെയും തള്ളവിരലുകളും ചൂണ്ടാണിവിരലുകളുംകൊണ്ടു് അപ്പം എടുക്കുന്നു.) **സർവ്വശക്തിയുള്ള അവിടത്തെ പിതാവായ ദൈവമേ! സ്വർഗ്ഗത്തിൽ അങ്ങേ പക്കലേയ്ക്കു് തന്റെ കണ്ണുകൾ ഉയർത്തി** (കണ്ണുകൾ മുകളിലേയ്ക്കു് തിരിക്കുന്നു) **അങ്ങേയ്ക്കു ഉപകാരസ്മരണ ചെയ്തു** (തല കുനിച്ചു കൃതജ്ഞത പ്രകടിപ്പിക്കുന്നു) **ആശീർവ്വദിച്ചു** (അപ്പത്തിന്മേൽ മൂന്നു പ്രാവശ്യം കുരിശടയാളം വരച്ചു് ആശീർവ്വദിക്കുന്നു) **മുറിച്ചു തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: നിങ്ങളെല്ലാവരും ഇതിൽനിന്നു് വാങ്ങി ഭക്ഷിപ്പിൻ.**

(ഒടുവിൽ മുൻകരങ്ങാം ത്രോണോസിന്മേൽ ഉറപ്പിച്ചുകൊണ്ടു് താണസ്വരത്തിൽ പ്രതാപപൂർവ്വം സ്ഥാപനവാക്യം ഉച്ചരിക്കുന്നു.)

**കാ. എന്തുകൊണ്ടെന്നാൽ ഇതെന്റെ ശരീരമാകുന്നു.**

(അനന്തരം മുട്ടുകുത്തി വി. കുർബ്ബാനയെ ആരാധിച്ചശേഷം എഴുന്നേററു അതിനെ തലയ്ക്കുമീതെ ഉയർത്തി സമൂഹത്തെ കാണിക്കുന്നു. അപ്പോഠം ഇങ്ങനെ രണ്ടമതെത്ത സ്തുതിപ്പു് ചൊല്ലും) സ്വർഗ്ഗത്തിൽനിന്നിറങ്ങി ലോകമൊക്കെയ്ക്കും ജീവൻ നൽകുന്ന ജീവിക്കുന്നതും, ജീവിപ്പിക്കുന്നതുമായ അപ്പം ഇതാ! ഇതിനെ ഭക്ഷിക്കുന്നവർ മരിക്കുന്നില്ല; ഇതിനെ ഉൾക്കൊള്ളുന്നവർ ഇതിനാൽ രക്ഷിക്കപ്പെടുകയും സംശുദ്ധരാക്കപ്പെടുകയും എന്നേയ്ക്കും ജീവിക്കുകയും ചെയ്യും.

സമൂഹം ഈ ഉയർത്തലിന്റെ നേരത്തു സ്നേഹതാപത്തോടെ തിരുവോസ്തിയിലേയ്ക്കു് കണ്ണുകളെ ഉയർത്തി അതിൽ സന്നിധികൊള്ളുന്ന മ്ശിഹായെ ന. പിതാവായ വി. തോമ്മായോടുകൂടി "ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ!" എന്നു് ഏററു പറഞ്ഞുകൊണ്ടു് കുമ്പിട്ടാരാധിക്കും. അതോടൊപ്പം മനുഷ്യപാപപ്പരിഹാര ബലിയായി ആ തിരുമേനിയെ സ്വീകരിക്കേണമെയെന്നു് സ്വർഗ്ഗപിതാവിനോടു് മനംകൊണ്ടു് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കാസായുടെ ക്രൂദാശകർമ്മം

കാർമ്മികൻ പിന്നെ തിരുവോസ്തി പീലാസായിൽ വച്ചശേഷം മുട്ടുകുത്തി എഴുന്നേററു കാസാ കരങ്ങളിലെടുത്തു് ക്രൂദാശ ചെയ്യുന്നു. തിരുരക്തത്തിന്റെ സ്ഥാപനചരിത്രം ആദ്യം താഴെവരുംപ്രകാരം വിവരിയ്ക്കും.

**കാ.** അപ്രകാരംതന്നെ അത്താഴം കഴിഞ്ഞ് അവിടന്നു അമൂല്യമായ ഈ പാനപാത്രവും വിശുദ്ധങ്ങളും ആരാധ്യങ്ങളുമായ തന്റെ കരങ്ങളിൽ എടുത്തു, (കാസാ കൈകളിൽ എടുത്തു് അല്പം ഉയർത്തുന്നു.) വീണ്ടും അങ്ങേയ്ക്കു് ഉപകാരസ്മരണ ചെയ്തിട്ടു് (തല കുനിച്ചു് കൃതജ്ഞത പ്രകടിപ്പിക്കുന്നു) ആശീർവ്വദിച്ചു് (മൂന്നു പ്രാവശ്യം കുരിശടയാളം വരച്ചു് ആശീർവ്വദിക്കുന്നു) തന്റെ ശിഷ്യന്മാക്കു് കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: വാങ്ങി നിങ്ങളേവരും ഇതിൽനിന്നു് കുടിപ്പിൻ.

അനന്തരം കാസാ അല്പം ഉയർത്തിപ്പിടിച്ചുകൊണ്ടു് തിരുരക്തത്തിന്റെ സ്ഥാപനവാക്യം ഉച്ചരിക്കുന്നു.

**കാ.** എന്തുകൊണ്ടെന്നാൽ ഇതു് പാപങ്ങളുടെ മോചനത്തിനായി, നിങ്ങൾക്കുവേണ്ടിയും വളരെപ്പേർക്കുവേണ്ടിയും

ചിന്തപ്പെടുന്ന പുതിയതും നിത്യവുമായ നിയമത്തിലെ എന്റെ രക്തത്തിന്റെ കാസാ, വിശ്വാസത്തിന്റെ രഹസ്യം, ആകുന്നു. (ഒടുവിൽ കാസാ ത്രോണോസിന്മേൽവച്ചിട്ടു് മുട്ടുകുത്തി അതിനെ ആരാധിച്ചശേഷം വീണ്ടും എടുത്തു തലയ്ക്കുമീതെ ഉയർത്തി സമൂഹത്തിന്റെ ആരാധനയ്ക്കു് കാണിക്കും. അപ്പോൾ ദിവ്യഗുരുവിന്റെ കല്പന അനുസ്മരിക്കുന്നു) നിങ്ങൾ ഇവ ചെയ്യുമ്പോഴൊക്കെയും എന്റെ ഓർമ്മയാകുന്ന നിലനിർത്തുന്നതു്. (അവസാനം കാസാ ത്രോണോസിന്മേൽ വീണ്ടും വച്ചു് കബലാനാകൊണ്ടു് മൂടിയിട്ടു് മുട്ടുകുത്തി എഴുന്നേററുനിന്നു് കരങ്ങൾ വിടർത്തുപിടിച്ചു് മൂന്നാമത്തെ സ്തുതിപ്പു് ചൊല്ലുന്നു.)

**കാ.** ഞങ്ങൾക്കു നൽകിയിരിക്കുന്ന വർണ്ണനാതീതമായ ഈ ദാനത്തെപ്രതി നാഥാ! അങ്ങേയ്ക്കു് സ്തോത്രം; നാഥാ! അങ്ങേയ്ക്കു സ്തോത്രം; നാഥാ! അങ്ങേയ്ക്കു സ്തോത്രം എന്നേയ്ക്കും (ഉണ്ടായിരിക്കട്ടെ).

## ഹസ്ത്യകർമ്മങ്ങൾ

പവിത്രീകരിക്കപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയുംമേൽ കാർമ്മികൻ കൈക്കൊണ്ടു് ചെയ്യുന്ന ഏതാനും കർമ്മങ്ങളാണു് ഹസ്ത്യകർമ്മങ്ങൾ. Actiones Manuales – ഇവ എണ്ണത്തിൽ മൂന്നാണു്. വിഭജനം, റൂശ്മാകൾ, കലർത്തൽ. ഒടുവിൽ ഒരു സ്തുതിപ്പോടും കൃതജ്ഞതാപ്രകടനത്തിന്റെ ഒരു കാനോനായോടും ഹസ്ത്യകർമ്മങ്ങളും അതോടൊപ്പം അന്നാഫോറായും സമാഹരിക്കപ്പെടുന്നു. നമ്മുടെ കർത്താവിന്റെ മരണോത്ഥാനങ്ങളത്രെ ഈ ഹസ്ത്യകർമ്മങ്ങൾ സൂചിപ്പിക്കുക.

## വിഭജനം

സ്ഥാപനചരിത്രോച്ചാരണവേളയിൽ അതിലെ ഓരോ വാക്കിനേയുംതന്നെ അന്വർത്ഥമാക്കുമാറു് കാർമ്മികൻ സ്ഥാപനക്രിയകൾ നടത്തി. എന്നാൽ, അതിൽ, അപ്പമെടുത്തു മുറിച്ചു എന്ന വാക്കുകളെ അന്വർത്ഥമാക്കി അപ്പോൾ ഒന്നും പ്രവർത്തിച്ചതായി നാം കണ്ടില്ല. തിരുരക്തത്തിന്റെ ഉയർത്തലും അതിനുശേഷമുള്ള സ്തുതിപ്പും കഴിയുന്ന ഈ അവസരത്തിലാണു് ആ വിഭജനകർമ്മം നിർവ്വഹിക്കുക. അതിൽ രണ്ടു സംഗതികൾ നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നതായുണ്ടു്. വിഭജനകർമ്മവും വിഭജനഗാനവും.

### വിഭജനകർമ്മം

തിരുവത്താഴത്തിൽ വിശുദ്ധ അപ്പം ശിഷ്യന്മാർക്കു് ഭക്ഷിക്കുവാൻ കൊടുക്കുന്നതിനുമുമ്പു്, ദിവ്യഗുരു

### വിഭജനഗാനം

ന. കർത്താവിന്റെ തിരുശ്ശരീരരക്തങ്ങൾ സമൂഹത്തിന്റെ ആരാധനയ്ക്കായി ഉയർത്തി കാണിച്ച ക

അതിനെ എടുത്തു വിഭജിച്ചു. ആവൃയാൽ അൾത്താര ബലിയിലും ആ വിഭജനകൎമ്മം ആവൎത്തിക്കാറുണ്ടു്. ആദ്യക്രിസ്ത്യാനികൾ കൎബാനയിലെ ഈ അപ്പം മുറിക്കലിനു് പ്രദാനം ചെയ്തിരുന്ന പ്രാധാന്യപ്രചുരിമ നിമിത്തം കൎബാനാപ്പൂണത്തെ അപ്പം മുറിക്കൽ എന്നുതന്നെയും അവർ വിളിച്ചുകാണാം. (Acts. ii-42; xx. 7-11) ക്രൂശാശയപ്പത്തിന്റെ മുറിക്കൽ മ്ശിഹാ തമ്പുരാന്റെ ആത്മശരീരങ്ങളുടെ വേർപെടുത്തലിനെ, അഥവാ, അവിടത്തെ മരണത്തെ അനുസ്മരിപ്പിക്കുന്നു. ആകാശത്തിന്റെയും ഭൂമിയുടെയും മദ്ധ്യേ കുരിശിൽ തൂങ്ങിക്കിടന്നു് അവിടന്നു മരണം വരിച്ചതുകൊണ്ടു്, തിരുവോസ്തി കാസായ്ക്കുമീതെ ഉയൎത്തിപ്പിടിക്കയിൽ അത്രേ കാൎമ്മികൻ വിഭജിക്കുന്നതു്. അപ്പോൾ ഇപ്രകാരം മന്ത്രിക്കുകയും ചെയ്യും.

കാ. നാഥാ! അവിടത്തെ പേരിലുള്ള സത്യവിശ്വാസത്തോടെ ഈ വിശുദ്ധ രഹസ്യങ്ങളെ ഞങ്ങൾ സമീപിക്കുകയും, അങ്ങേ ഓമൽസുതനായ ഞങ്ങളുടെ കൎത്താവീശോമ്ശീഹായുടെ തിരുശ്ശരീരവും രക്തവും (തിരുവോസ്തി രണ്ടായി വിഭജിക്കുന്നു) സനാതനനായ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അങ്ങേ അനുഗ്രഹത്താൽ വിഭജിക്കുഴിയുമ്പോൾ ഗായകസംഘം "ഹുദറാ"യിൽ നിന്നെടുത്തിട്ടുള്ളതും "എന്നാനാ" "വമ്ശംശാനാപൂ" "ദെപ്സീഫ്ഹ തറഷ" എന്നാരംഭിക്കുന്നതുകളുമായ മൂന്നു നിൎത്തു് ഓനീസാകൾ പാടും. കാൎമ്മികൻ ഈ നേരത്തു് വിഭജനം നടത്തുന്നതുനിമിത്തവും വിഭജനകൎമ്മം വിശേഷവിധമായി ഇവയിൽ സൂചിപ്പിക്കപ്പെടുന്നതു് നിമിത്തവും വിഭജനഗാനമെന്നിവ വിളിക്കപ്പെടുന്നു.

സ. സ്വൎഗ്ഗത്തിൽനിന്നിറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു; ഉന്നതങ്ങളിൽനിന്നു് ആഗതമായ (ആത്മീയ) ഭോജനം ഞാനാകുന്നു. സ്നേഹാന്വിതം എന്റെ പക്കലേയ്ക്കു് അടുത്തു് എന്നെ അനുഭവിക്കുന്ന ഏവനും എന്നിൽ എന്നേയ്ക്കും ജീവിക്കും, സ്വൎഗ്ഗരാജ്യത്തിനു് അവകാശിയുമാകും, എന്നു് നമ്മുടെ രക്ഷാനാഥൻ ശ്രദ്ധാത്ഥത്തിൽ തന്റെ ശിഷ്യന്മാരോടരുളിച്ചെയ്തു.

ക്രോവേന്മാർ, സ്രാപ്പേന്മാർ, മുഖ്യദൂതന്മാർ ആദിയായി അവിടത്തെ ഇഷ്ടാനുവൎത്തികളായ ശുശ്രൂഷകർ ഭയത്തോടും വിറയലോടുംകൂടി അങ്ങേ ബലിപീഠത്തിൻ മുന്നിൽനിന്നുകൊണ്ടു് കടങ്ങളുടെ മോചനത്തിനായി മ്ശിഹായുടെ ശരീരത്തെ വിഭജിച്ചു് പങ്കിടുന്ന പുരോഹിതനെ സൂക്ഷിച്ചു വീക്ഷിക്കുന്നു.

കയും കരുണയാൽ റൂശ്മാ ചെയ്യുകയും ചെയ്യുന്നു.

അനുതാപികൾക്കായെപ്പോഴും തൻെറ വാതിൽ തുറന്നിട്ടിരിക്കുന്നവനും പാപികൾ തൻെറ അടുത്തുവരുവാൻ വിളിക്കുന്നവനുമായ കാരുണികനേ! നീതിയുടെ വാതിൽ എനിക്കു തുറന്നുതരേണമെ. നാഥാ! അങ്ങേ അനുഗ്രഹത്തിൻെറ വാതിൽ ഞങ്ങൾക്ക് വിസ്തൃതിപ്പെട്ടതേണമെ; ഞങ്ങൾ അതിലൂടെ പ്രവേശിച്ച് രാപ്പകൽ അങ്ങേയ്ക്കു സ്തോത്രം പാടട്ടെ.

റൂശ്മാകൾ

ഏതിൻെറ എങ്കിലും മേൽ കുരിശു് അടയാളപ്പെടുത്തുന്നതിനു്, പൌര. സുറിയാനി ക്രമത്തിൽ, "റൂശ്മാ" ചെയ്യുക എന്നു പറയുന്നു. ന. ക്രമത്തിൽ കൂദാശ ചെയ്യപ്പെട്ട കർമ്മസാധനങ്ങളുടെമേൽ കാർമ്മികൻ ഒരിക്കലുംതന്നെ തൻെറ കരങ്ങൾകൊണ്ടു് റൂശ്മാ ചെയ്യാറില്ല. പക്ഷേ വിഭജിക്കപ്പെട്ട തിരുവോസ്തിയുടെ ഒരു ഭാഗംകൊണ്ടു് തിരുരക്തത്തിന്മേലും, തിരുരക്തം പുരണ്ട ഭാഗംകൊണ്ടു് തിരുവോസ്തിയുടെ മറേറ പകുതിമേലും ഇങ്ങനെ രണ്ടു പ്രാവശ്യം പവിത്രീകരിക്കപ്പെട്ട കർമ്മസാധനങ്ങൾകൊണ്ടു് പരസ്പരം റൂശ്മാ ചെയ്യാറുണ്ടു്. ഇവ ഇപ്രകാരമത്രെ നിർവ്വഹിക്കുക. വിഭജനാനന്തരം ഇടതുകൈയിലെ തിരുവോസ്തിയുടെ ഭാഗം അതിൻെറ മുറിഞ്ഞ അരികു് കാസായിലേയ്ക്കു തിരിഞ്ഞിരിക്കത്തക്കവണ്ണം പീലാസായിൽ വച്ചിട്ടു് വലതുകൈയിലേതിൻെറ മുകൾ അററം തിരുരക്തത്തിൽ മുക്കി കുരിശുവരച്ചുകൊണ്ടു് തിരുരക്തത്തെ റൂശ്മാ ചെയ്യുന്നു. അപ്പോൾ അദ്ദേഹം ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യും.

**കാ.** നമ്മുടെ കർത്താവീശോമ്ശീഹായുടെ ജീവദായകശരീരംകൊണ്ടു് അമൂല്യരക്തം പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ റൂശ്മാ ചെയ്യപ്പെടുന്നു.

അനന്തരം തിരുവോസ്തിയുടെ തിരുരക്തത്തിൽ മുക്കിയ ഭാഗംകൊണ്ടു് പീലാസായിൽ സ്ഥിതികൊള്ളുന്നതിന്മേൽ റൂശ്മാ ചെയ്യുന്നു. അപ്പോൾ ഇപ്രകാരം മന്ത്രിയ്ക്കും.

**കാ.** നമ്മുടെ കർത്താവീശോമ്ശീഹായുടെ പരിഹാ

രകരക്തംകൊണ്ടു് തിരുശ്ശരീരം പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ റൂശ്മാ ചെയ്യപ്പെടുന്നു. ആമേൻ.

കലത്തൽ

കൂദാശകർമ്മഫലമായി സംസിദ്ധമാകുന്ന മ്ശീഹായുടെ സജീവ മാംസത്തിൽ രക്തവും, രക്തത്തിൽ മാംസവും പ്രസന്നമത്രെ. എന്നിരുന്നാലും അവിടത്തെ മാംസരക്തങ്ങളെ വെവ്വേറെ സദൃശീകരിക്കുന്ന അപ്പവും വീഞ്ഞും തമ്മിൽ സംയോജിപ്പിക്കുന്ന ഒരു ക്രമം കർബാനയിൽ ഉണ്ടു്. അതാണ് കലത്തൽ. വ്യത്യസ്തപ്പെട്ട കൂദാശകർമ്മങ്ങൾ മ്ശീഹായുടെ ശരീരരക്തങ്ങളുടെ വേർപെടുത്തലിനേയും അതു വഴിയുണ്ടായ അവിടത്തെ തിരുമരണത്തേയും സൂചിപ്പിക്കുന്നപ്രകാരം രണ്ടു സാദൃശ്യങ്ങളുടെയും സംയോജനം മരണംവരിച്ച അവിടത്തെ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു.

റൂശ്മായ്ക്കുമുമ്പ് തിരുശ്ശരീരം തിരുരക്തത്തിൽ മുക്കുന്നതു് റൂശ്മായുടെ ആവശ്യത്തിലേയ്ക്കുമാത്രമുള്ള ഒരു ക്രിയയാണ്. സാക്ഷാൽ കലത്തലല്ലാ അതു്. പാശ്ചാത്യസഭയിൽ തിരുവോസ്തിയുടെ ഒരു ഭാഗം മുറിച്ചു് തിരുരക്തത്തിൽ ഇട്ടാണീകലത്തൽ നിർവ്വഹിക്കുക. എന്നാൽ നമ്മുടെ കർബാനയിൽ അതു താഴെവിവരിയ്ക്കുംവിധമത്രെ. രണ്ടാമത്തെ റൂശ്മാ കഴിയുമ്പോൾ തിരുവോസ്തിയുടെ ഓരോ കഷണങ്ങളും ഓരോ കരങ്ങളിലാക്കി ഉയർത്തിക്കൊണ്ടു് തിരുരക്തത്തിൽ മുക്കപ്പെട്ട ഭാഗം മുക്കപ്പെടാത്തിടത്തേയ്ക്കു് മടക്കുന്നു. പിന്നെ തിരുവോസ്തിയുടെ ഇരുഭാഗങ്ങളും ചേർത്തു് മുറിക്കാത്ത ഒന്നെന്നു കാണപ്പെടത്തക്കവണ്ണം കാസായ്ക്കുമീതെ ഒന്നിച്ചുപിടിക്കുന്നു. അപ്പോൾ കീഴെ വരുന്ന പ്രാർത്ഥന പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**കാ.** പ്രശസ്തങ്ങളും വിശുദ്ധങ്ങളും ജീവപ്രദങ്ങളും ദിവ്യങ്ങളുമായ ഈ രഹസ്യങ്ങൾ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഉൽകൃഷ്ട ത്രിത്വത്തിൻെറ ആരാധ്യവും സ്തുത്യവുമായ നാമത്തിൽ പ്രത്യേകവിധമായി വിശുദ്ധീകരിക്കപ്പെട്ടുകയും പൂർണ്ണമായി ബലിയർപ്പിക്കപ്പെട്ടുകയും ഒന്നായി പരസ്പരം കലത്തപ്പെട്ടുകയും ചെയ്തിരിക്കുന്നു. അതു്, നാഥാ! ഞങ്ങൾക്കും ഇവിടെയും മറെറല്ലായിടത്തുമുള്ള ഞങ്ങളുടെ കർത്താവീശോമിശിഹായുടെ വിശുദ്ധ സഭയ്ക്കു് കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പൊറുതിയ്ക്കും, മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിൻെറ ഉറപ്പായ ശരണത്തിനും, സ്വർഗ്ഗത്തിൽ നവജീവിതത്തിനും ഇപ്പോഴും എപ്പോഴും എന്നന്നേയ്ക്കും കാരണമായി ഭവിക്കട്ടെ.

അനന്തരം തിരുവോസ്തിയുടെ ഇരുഭാഗങ്ങളും കുരിശാകൃതിയിൽ പീലാസായിൽ സ്ഥാപിച്ചശേഷം കാർമ്മികൻ തൻെറ നെററിമേലും വി

ശുശ്രൂഷകളുടെ നേരെതിരിഞ്ഞ് അവരുടെമേലും കുരിശടയാളം വരച്ചു കൊണ്ടു് കലത്തൽകർമ്മം അവസാനിപ്പിക്കുന്നു.

സമാപനസ്തുതിപ്പും കാനോനായും

കലത്തൽ കഴിയുമ്പോൾ പവിത്രീകരണഭാഗം അവസാനിക്കുന്നു. അതോടെ അനാഫോറായും സമാപിക്കുന്നു. ഈ സമാഹരണം ഈ വിധമാണു് നമ്മുടെ ക്രമത്തിൽ. കാസായുടെയും പീലാസായുടെയും ചുറവും അനാച്ഛാദനാവസരത്തിൽ വളച്ചുവച്ച ശോശപ്പാ ക്ഷാളകർമ്മത്തിനു മുമ്പുതന്നെ നിവർത്തുവയ്ക്കും. പക്ഷേ കലത്തൽ കഴിയുമ്പോൾ അതിൻെറ രണ്ടറ്റങ്ങളും വീണ്ടും അതിന്മേലേയ്ക്കുതന്നെ മടക്കി കുറേക്കൂടി ഒതുക്കും. പിന്നെ ഒരു സമാപനസ്തുതിപ്പു് സ്ലോസാകൾക്കെന്നവണ്ണം കരങ്ങൾ വിടർത്തു ഉയർത്തിപ്പിടിച്ചുകൊണ്ടു് രഹസ്യത്തിൽ പ്രാർത്ഥിയ്ക്കും. സമാപനസ്തുതിപ്പു് ഇപ്രകാരമത്രെ.

**കാ.** ഞങ്ങളുടെ കർത്താവീശോമ്ശിഹായേ! അങ്ങേയ്ക്കു് സ്തുതി. എന്തുകൊണ്ടെന്നാൽ ഞാൻ അയോഗ്യനെങ്കിലും അവിടുന്നു കൃപയുണ്ടായി പ്രശസ്തങ്ങളും വിശുദ്ധങ്ങളും ജീവപ്രദങ്ങളും ദിവ്യങ്ങളുമായ അവിടത്തെ രഹസ്യങ്ങളുടെ ശുശ്രൂഷകനും (തിരുമുമ്പിൽ) മദ്ധ്യസ്ഥാപേക്ഷകനുമായി എന്നെ നിയമിച്ചു. അവിടത്തെ കൃപാനുഗ്രഹത്താൽ കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പൊറുതിയ്ക്കും എന്നെ യോഗ്യനാക്കേണമെ. ആമേൻ.

ഒടുവിൽ കൃതജ്ഞതാപ്രകാശനത്തിൻെറ താഴെവരുന്ന കാനോനായോടെ ഹസ്തക്രിയകൾ ഉപസംഹരിക്കുന്നു.

**കാ.** നമ്മുടെ കർത്താവീശോമ്ശീഹായുടെ കൃപയും പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ ഐക്യവും (തൻെറമേൽതന്നെ കുരിശടയാളം വരച്ചുകൊണ്ടു്) ഇപ്പോഴും എപ്പോഴും എന്നന്നേയ്ക്കും നമ്മോടുകൂടി ഉണ്ടായിരിക്കട്ടെ.

**സ.** ആമേൻ.

# iii. പങ്കുകൊള്ളൽ

എല്ലാ' ബലികളിലും കൊടുക്കലും കൊള്ളലുമുണ്ട്. ദൈവകരങ്ങളിൽ സ്വയാർപ്പണം ചെയ്യുന്ന ഒരാത്മാവിൽ ദൈവസാന്നിദ്ധ്യം കൂടുതൽ അനുഭവപ്പെടുമെന്ന് പറയുന്നതിൻെറ രഹസ്യവും ഇതുതന്നെ. പഴയ നിയമ ചരിത്രം പരിശോധിച്ചാൽ കാണാം, ബലിയർപ്പിച്ചിരുന്നപ്പോഴൊക്കെ – ദഹനബലിയൊഴിച്ച് – അർപ്പിക്കപ്പെടുന്ന സാധനങ്ങളിൽനിന്നൊരു പങ്ക്, പവിത്രീകരണശേഷം, അർപ്പകർ തിരിയെ സ്വീകരിച്ചിരുന്നു എന്ന്.

പുതിയനിയമബലിയും ഇതിനൊരപവാദമല്ല. ഒടുക്കത്തെ അത്താഴത്തിൽ പവിത്രീകൃതമായ പാനപാത്രത്തിൽനിന്നും ഓരോരുത്തരും കുടിച്ചു. മുറിച്ചുകൊടുത്ത അപ്പത്തിൽനിന്ന് ഓരോരുത്തരും വാങ്ങി ഭക്ഷിച്ചു. ആകയാൽ അതിൻെറ മാതൃകയിൽ അർപ്പിക്കപ്പെടുന്ന ത്രൊണോസിലെ ബലിയും പൂർത്തിയാക്കുന്നതു് അർപ്പകർ അതിൽനിന്നും പങ്കുകൊണ്ടുകൊണ്ടാണ്.

കാഴ്ചവയ്പിൽ നാം ദൈവത്തിനു സമർപ്പിക്കുന്നു. പങ്കുകൊള്ളലിൽ അവിടുന്ന് നമുക്കു പ്രതിസമ്മാനിക്കുന്നു. മനുഷ്യദൈവമായ മ്ശിഹായുടെ സജീവ മാംസവും രക്തവും അവിടുത്തേയ്ക്ക് നാം അർപ്പിച്ചുകൊണ്ട് അങ്ങേനേരെ പ്രദർശിപ്പിക്കുന്ന ബഹുമാനത്തിനു് പകരമായി, തൻെറ പരിശുദ്ധ മേശയ്ക്ക്, തൻെറ ആദ്ധ്യാത്മിക വിരുന്നിലേയ്ക്ക്, അവിടുന്നു നമ്മെ ക്ഷണിക്കുന്നു. നാം അവിടുത്തെ സന്നിധിയിൽ അർപ്പിച്ച ദിവ്യ ബലിസാധനങ്ങളെത്തന്നെ, മ്ശിഹായുടെ മാംസരക്തങ്ങളെത്തന്നെ, നമ്മുടെ ആത്മീയ ഭക്ഷണമായി അവിടുന്നു നമുക്ക് പ്രതിസമ്മാനിക്കുന്നു. ഈ പ്രതിസ്വീകരണമത്രെ പങ്കുകൊള്ളൽ.

നമ്മുടെ കർബാനയിൽ ഇനി വരുന്ന ഭാഗം പങ്കുകൊള്ളൽ അത്രെ. അത്താഴക്കുർബാനയിലെ അവസാനഭാഗവും ഇതുതന്നെ. പവിത്രീകരണ ഭാഗത്തിനു് Canon Consecrationis എന്നു പറയുന്നതിനു് അനുരൂപമായി പങ്കുകൊള്ളലിൻെറ ഈ ഭാഗത്തിനു് Canon Communionis എന്നു വിളിക്കാറുണ്ട്. നാലു ഭാഗങ്ങളാണിതിൽ പ്രധാനമായുള്ളതു്. പങ്കിടിൽ, കർതൃപ്രാർത്ഥന, ഉയർത്തൽ, അനുഭവിക്കൽ.

## പങ്കിടിൽ

ആദ്യകാലങ്ങളിൽ കുർബാന "ചൊല്ലുന്ന" പുരോഹിതനും അതിൽ സംബന്ധിക്കുന്ന വിശ്വാസികളും എല്ലാം അതിൽനിന്ന് പങ്കുകൊണ്ടിരുന്നു. ഇരുസാദൃശ്യങ്ങളിലും അതു ചെയ്യുകയും ചെയ്തിരുന്നു.

തിരുഅപ്പത്തിൻെറ പങ്കുകൊള്ളലിനു്, ഇന്നു നമ്മുടെ ഇടയിൽ നടപ്പായിരിക്കുന്നപ്രകാരം ചെറിയ അപ്പങ്ങൾ (പത്തീംങ്കാ) നേരത്തെ കുത്തി എടുത്തു് കുസ്തോദിയിലാക്കി കൂദാശ ചെയ്യുകയല്ലായിരുന്നു പൂർവ്വകാലങ്ങളിലെ സമ്പ്രദായം. വി. കുർബാന സ്വീകരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചപ്പോൾ 'സൗകര്യാർത്ഥം പാശ്ചാത്യർ നടപ്പാക്കിയിട്ടുള്ള പരിഷ്കാര

ങ്ങളാണ് പത്തീങ്ങും കുസ്തോദിയുമൊക്കെ. പക്ഷേ പൌരസ്ത്യരുടെ പഴയ രീതി താഴെ വിവരിക്കുംപ്രകാരമായിരുന്നു. കൂടുതൽ ആളുകൾ കുർബാന കൈക്കൊള്ളുവാനുള്ളപ്പോൾ, ആവശ്യാനുസരണം ഒന്നിലധികം കുർബാനയപ്പങ്ങൾ അവർ കൂദാശ ചെയ്യുമായിരുന്നു. ഇവയിൽ ബുകറാ – കടിഞ്ഞൂൽ – എന്നു പറയുന്ന ഒന്നുമാത്രമെ ഹസ്ത്യകമ്മങ്ങൾക്ക് വിനിയോഗിച്ചിരുന്നുള്ളു. അന്നാഫോറായുടെ സമാപ്തിക കാനോനായ്ക്കുശേഷം ബാക്കിയുള്ളവ സ്വീകരണക്കാർക്ക് സൌകര്യമായി വിതരണം ചെയ്യത്തക്കവണ്ണം കാർമ്മികൻ കൈകൾകൊണ്ടു് മുറിച്ചു് ചെറുതാക്കി പീലാസായിൽ സൂക്ഷിച്ചിരുന്നു. ഇങ്ങനെ വിതരണസൌകര്യത്തിനുവേണ്ടി തിരുവോസ്തി മുറിച്ചു് ചെറുതാക്കുന്ന ശുശ്രൂഷയാണ്. പങ്കീടിൽ.

ഇപ്പോൾ പാശ്ചാത്യരീതിക്കനുസരണം നേരത്തെ ചെറുതായി വെട്ടി, കുസ്തോദിയിൽ ആക്കി, കൂദാശ ചെയ്യുന്നതുകൊണ്ടു് നമ്മുടെ കുർബാനയിൽ ഈ പങ്കീടിൽ ക്രമം നാമാവശേഷമായിരിക്കയാണ്. എന്നിരുന്നാലും പണ്ടു് പങ്കീടിൽ നടത്തിയിരുന്ന നേരത്തു് ചൊല്ലുമായിരുന്ന പ്രാത്ഥനകൾ ഇപ്പോഴും നിലനിർത്തുന്നുണ്ടു്. അവ: മ്വാറകത്തു്മറിയാ, ആബാദ്കുശ്ത്താ, പരസ്യപ്രാത്ഥന എന്നു് മൂന്നാണ്.

### മ്വാറകത്തു്മറിയാ

കാർമ്മികൻ കൈകൾകൊണ്ടു് തിരുവോസ്തി പങ്കീടുമ്പോൾ അധരങ്ങൾകൊണ്ടു് താഴെ വരുന്നതും "മ്വാറകത്തുമറിയാ" എന്നു തുടങ്ങുന്നതുമായ പ്രാത്ഥന മന്ത്രിക്കുന്നു. ഇപ്പോൾ ഇതു്, കരങ്ങൾ മാറത്തു കൂപ്പിനിന്നുകൊണ്ടു് ചൊല്ലുകയാണ് പതിവു്.

**കാ.** ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ! അവിടുന്നു വാഴ്ത്തപ്പെട്ടവനാകുന്നു. അങ്ങേ നാമം എന്നേയ്ക്കും സ്തുതിക്കപ്പെടുകയും ചെയ്യുന്നു. എന്തെന്നാൽ ഞങ്ങളുടെ പാപങ്ങൾക്കൊത്തവണ്ണമല്ല അവിടുന്നു ഞങ്ങളോടു് പ്രവത്തിച്ചതു്. പിന്നയോ അവിടത്തെ ദയാധിക്യത്താൽ അന്ധകാരത്തിന്റെ ശക്തിക

### പങ്കിടീലിന്റെ പരസ്യപ്രാർത്ഥന

ഹസ്ത്യകമ്മങ്ങളുടെ സമാപക കാനോനാ കഴിയുമ്പോൾ പങ്കീടീലിനു് പ്രാരംഭമായി ആറാം പട്ടക്കാരൻ ഒരു പരസ്യപ്രാത്ഥന തുടങ്ങും. വി. കുർബാന യഥായോഗ്യം സ്വീകരിക്കുവാൻ തയ്യാറാകുവാൻ അയാൾ വിശ്വാസികൾക്കു് നൽകുന്ന ഒരുപദേശവും അവരൊന്നിച്ചു് പാടി നടത്തുന്ന ഒരു പ്രാത്ഥനാഭാഗവുമാണിതിന്റെ ഉള്ളടക്കം.

**ആ.** ഭക്തിയോടും വണക്കത്തോടുംകൂടെ നമുക്കേവക്കും നമ്മുടെ രക്ഷകന്റെ സംപൂജ്യ ശരീരത്തിന്റെയും രക്തത്തിന്റെയും രഹസ്യങ്ങളെ സമീപിക്കാം. നിമ്മല ഹൃദയത്തോടും നേരായ വിശ്വാസത്തോടും അവിടത്തെ പീഡാസഹന

ളിൽനിന്ന് ഞങ്ങളെ രക്ഷിച്ചു; അവിടത്തെ സ്നേഹസുതനായ ഞങ്ങളുടെ കർത്താവീശോമിശിഹായുടെ രാജ്യത്തിലേയ്ക്കു ഞങ്ങളെ ക്ഷണിക്കുകയും ചെയ്തു.

ആബാദ്കുശ്ത്താ

"മ്‌വാറകത്ത്മറിയാ" അവസാനിക്കമ്പോറം പദ്യരൂപത്തിലുള്ളതും ഏതുയും വിശിഷ്ടവുമായ മറൊന്നു് തുടരും.

കാ. നീതിനിലയമായ പിതാവേ! അങ്ങേ ഓമൽക്കുമാരൻ അങ്ങയെ സാന്ത്വനപ്പെടുത്തുവാൻ സ്വയം പൂജിച്ചിരിക്കുന്നതിനെ ഇതാ! കണ്ടാലും. എനിക്കുവേണ്ടി മരണം വരിച്ച ആ സ്നേഹത്തിടമ്പിനെ അവിടന്നു കൈക്കൊള്ളേണമെ. അദ്ദേഹംമൂലം ഞാൻ നീതീകരിക്കപ്പെടട്ടെ. ഈ കർബാന എന്റെ കരങ്ങളിൽനിന്നു് സ്വീകരിച്ച് എന്നിൽ പ്രസാദിക്കേണമെ. അത്യുന്നതനായ അവിടത്തെ മുമ്പിൽ അടിയൻ ചെയ്തുപോയ അപരാധങ്ങളെ ഓക്കരുതെ. ഗാഗുൽത്തായിൽ എന്റെ രക്ഷയ്ക്കായി ചിന്തപ്പെട്ട അങ്ങേ സ്നേഹസ്വരൂപന്റെ രക്തം ഇതാ! എനിക്കുവേണ്ടി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നത്തെ ഓക്കാം. അവിടത്തെ ഉത്ഥാനത്തിൽ സമാശ്വസിക്കുകയും ചെയ്യാം. എന്തെന്നാൽ, നമ്മെപ്രതി ദൈവത്തിന്റെ ഏക ജാതൻ മനുഷ്യരിൽനിന്നു് മർത്ത്യശരീരവും, അമൃത്വവും അമർത്ത്യവും വിവേകയുക്തവുമായ ആത്മാവും സ്വീകരിച്ചു. ജീവപ്രദങ്ങളായ പ്രമാണങ്ങളാലും വിശുദ്ധങ്ങളായ കല്പനകളാലും അബദ്ധത്തിൽനിന്നു് സത്യത്തിന്റെ അറിവിലേയ്ക്കു് നമ്മെ ആനയിച്ചു. നമുക്കുവേണ്ടിയുള്ള തന്റെ പ്രവൃത്തനങ്ങളെല്ലാം പൂർത്തിയായപ്പോൾ നമ്മുടെ വംശത്തിന്റെ കടിഞ്ഞൂലായ അവിടന്നു സ്ലീവായിൽ പരിശോധിതനായി ജീവൻ വെടിയുകതന്നെയും ചെയ്തു. എന്നാൽ അവിടന്നു മരിച്ചവരിൽനിന്നു് ഉയിർത്തെഴുന്നേററു സ്വർഗ്ഗത്തിലേയ്ക്കു കരേറി; താൻ നമുക്ക് ചെയ്തിട്ടുള്ള സഹായത്തെ നാമേവരും ഓക്കുവാൻ വേണ്ടി തന്റെ വി. രഹസ്യങ്ങളെ നമുക്കു് നൽകുകയും ചെയ്തു. ആകയാൽ വഴിഞ്ഞൊഴുകുന്ന സ്നേഹത്തോടെയും വിനീതഹൃദയത്തോടെയും നിത്യായുസ്സിന്റെ ദാനത്തെ നമുക്ക് സ്വീകരിക്കാം. പശ്ചാത്താപത്തിൽനിന്ന് ജനിക്കുന്ന ശരണത്തോടെ ദുഷ്കൃതികളിൽ

ന്നു. മാലിന്യമിയലാത്ത ആ രക്തത്തെക്കുറിച്ച് എന്റെ പ്രാർത്ഥനകൾ കേൾക്കേണമെ. എന്റെ കടങ്ങളും അവിടത്തെ കാരുണ്യവും തമ്മിൽ തൂക്കി നോക്കുന്നെങ്കിൽ അവിടന്നുറപ്പിച്ച മാമലകളേയും വെല്ലുമാറ് അങ്ങേ കാരുണ്യം ഭാരമേറിയതായിരിക്കും; പാപങ്ങളെ ദർശിക്കുന്ന അവിടന്നു, അവയ്ക്കായുള്ള പരിഹാരപീഠങ്ങളേയും തൃക്കണ്ണാക്കേണമെ. എന്തുകൊണ്ടെന്നാൽ ബലിപീഠവും അതിലെ ബലിസാധനവും കടങ്ങളെ തികച്ചും കവിയുന്നവയത്രെ. എന്റെ പാപങ്ങൾക്കുവേണ്ടിയല്ലേ അവിടത്തെ വത്സലകുമാരൻ ആണികളും കുന്തവും സഹിച്ചതു്. ആ പീഡാസഹനം മാത്രം പോരേ അങ്ങേയ്ക്കു് പ്രസാദമരുളുവാനും എനിക്കു ജീവൻ നൽകുവാനും. ഞങ്ങൾക്കുവേണ്ടി ഏക ജാതനെ അയച്ചുതന്ന പിതാവിനു സ്തുതി; തന്റെ സ്ലീവാമരണത്താൽ സകലത്തേയും വീണ്ടെടുത്ത പുത്രന് ആരാധന; ഞങ്ങളുടെ രക്ഷയുടെ രഹസ്യം ആരാൽ പൂർത്തിയാക്കപ്പെട്ടുവോ ആ പരിശുദ്ധാത്മാവിന്് കൃതജ്ഞത. തന്റെ സ്നേഹത്താൽ നാമേവരേയും ജീവിപ്പിച്ചവൻ വാനിന്ന് അകന്നുകൊണ്ടു് നിഷ്കളങ്കമായ പ്രാർത്ഥനയോടും സവിശേഷമായ മനസ്താപത്തോടും സഭയുടെ രഹസ്യങ്ങളെ നമുക്ക് പങ്കുകൊള്ളാം. നമ്മുടെ പാപങ്ങളോർത്തു് ദുഃഖിച്ച് സർവ്വനാഥനായ ദൈവത്തിൽനിന്ന് കരുണയും പൊറുതിയും യാചിച്ചുകൊണ്ടും നമ്മുടെ സഖികളുടെ അപരാധങ്ങളെ ക്ഷമിച്ചുകൊണ്ടും,

**സ.** കർത്താവേ! അവിടത്തെ ദാസന്മാരുടെ പാപങ്ങളും ഭോഷത്വങ്ങളും ക്ഷമിക്കേണമെ.

**ആ.** ഭിന്നിപ്പുകളിൽനിന്നും തർക്കങ്ങളിൽനിന്നും നമ്മുടെ മനഃസാക്ഷിയെ വിമുക്തമാക്കിക്കൊണ്ടും,

**സ.** കർത്താവേ!....ണമെ.

**ആ.** കോപത്തിൽ നിന്നും വൈരാഗ്യത്തിൽനിന്നും നമ്മുടെ ആത്മാവുകളെ അകററി നിർത്തിക്കൊണ്ടും,

**സ.** കർത്താവേ!....ണമെ.

**ആ.** നമുക്ക് ദിവ്യക്രൂദാശ സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടാം.

**സ.** കർത്താവേ!... ണമെ.

ഴ്ത്തപ്പെട്ടവനാകുന്നു. അങ്ങേക്കു പുകഴ്ചയുണ്ടായിരിക്കട്ടെ.

ആ. രഹസ്യങ്ങളുടെ പങ്കുകൊള്ളലിനു് (പ്രാരംഭമായി) യോജിപ്പോടെയും ഐകമത്യത്തോടെയും നമുക്കു് പരസ്പരം സ്വസ്തി സ്വീകരിക്കാം. (1)

സ. കർത്താവേ!....ണമേ.

ആ. നാഥാ! ഇവ ഞങ്ങളുടെ ശരീരോത്ഥാനത്തിനും ആത്മരക്ഷയ്ക്കും കാരണമായി ഭവിക്കട്ടെ.

സ. എന്നന്നേയ്ക്കും അപ്രകാരമായിരിക്കട്ടെ.

---

(1) പങ്കുകൊള്ളലിനു് പ്രാരംഭമായി, ഇന്നു പാശ്ചാത്യക്രമത്തിൽ നടപ്പുള്ള പ്രകാരം, പൌ. സഭകളിലും ചില സ്ഥലങ്ങളിൽ സ്വസ്തി കൊടുത്തിരുന്നു.

## കർതൃപ്രാർത്ഥന

വിശുദ്ധ മേശയിൽനിന്നു് പങ്കുകൊള്ളുന്നതിനുമുമ്പു് ന. കർബാനയിൽ, "ഭക്ഷണാരംഭപ്രാർത്ഥന"- Table prayer-യെന്നാലെന്നപോലെ, അതിൽ സംബന്ധിക്കുന്നവരെല്ലാംകൂടി ഏകകണ്ഠമായി കർതൃപ്രാർത്ഥന ചൊല്ലാറുണ്ടു്. മ്ശീഹാതമ്പുരാന്റെ സ്വയാർപ്പണംവഴി മനുഷ്യവർഗ്ഗം മുഴുവനും ദൈവശത്രുക്കളെന്ന സ്ഥിതിയിൽനിന്നു് ദൈവപുത്രരെന്ന സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടു. അവർക്കാകയാൽ, ദൈവത്തെ അഭിമാനപൂർവ്വം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! എന്നു് വിളിക്കുകയും, മക്കൾക്കടുത്ത അവകാശത്തോടെ തങ്ങളുടെ ആത്മശരീരാവശ്യങ്ങളെല്ലാം അറിയിക്കുകയും ചെയ്യാം. പങ്കുകൊള്ളലിനു മുമ്പുള്ള ഈ "മേശപ്രാർത്ഥന"യാൽ തിരുസ്സഭാമാതാവു് തന്റെ മക്കളെക്കൊണ്ടു് ചെയ്യിക്കുന്നതും ഇതുതന്നെ.

ന. ക്രമത്തിൽ പങ്കിടീലിനു ശേഷമാണു് കർതൃപ്രാർത്ഥന. അതിലേക്കു് പ്രവേശിപ്പിക്കുന്നതും രണ്ടു ഭാഗങ്ങളുള്ളതുമായ ഒരുപക്രമം, യഥാർത്ഥ കർതൃപ്രാർത്ഥന, കർതൃപ്രാർത്ഥനയെ വിശദീകരിക്കുന്ന ഒരുപസംഹാരം ഇങ്ങനെ, മൂന്നു ഭാഗങ്ങളും ഇതിൽ ശ്രദ്ധാർഹങ്ങളായുണ്ടു്. കൂടാതെ ചെറിയ

ഉയൎത്തൽ എന്നൊന്നു് ഉപക്രമത്തിന്റെ ഇരുഭാഗങ്ങൾക്കുമിടയ്ക്കു് അസംഗതമായും കാണാം.

## ഉപക്രമം

പങ്കിടീലിന്റെ പ്രാൎത്ഥനയ്ക്കുശേഷം ക്രമപാലകൻ സമൂഹത്തോടു് അടക്കമായിരിക്കുവാൻ അറിയിക്കുന്നതോടെ കാൎമ്മികൻ ഉപക്രമത്തിന്റെ ഒന്നാം ഭാഗം രഹസ്യത്തിൽ തുടങ്ങുന്നു. തന്റെയും വിശുദ്ധ ബലിയിൽ ഭാഗഭാക്കുകളാകുന്ന ഏവരുടെയും പാപങ്ങൾ പൊറുത്തു് പാവനമായ പങ്കുകൊള്ളലിനു് തങ്ങളെ പാത്രവാന്മാരാക്കണമെന്നു് അപേക്ഷിക്കയാണിതിൽ അദ്ദേഹം പ്രധാനമായി ചെയ്യുക.

ക്രു. നമുക്ക് പ്രാൎത്ഥിക്കാം; അടക്കമായിരിപ്പിൻ.

കാ. നാഥാ! അവിടത്തെ ദാസന്മാരുടെ പാപങ്ങളും ബുദ്ധിമോശങ്ങളും ക്ഷമിക്കുവാൻ കൃപയുണ്ടാകേണമെ. അങ്ങേ രാജ്യത്തിൽ സകല പരിശുദ്ധന്മാരോടുംകൂടി അധിനാഥനായ അങ്ങേയ്ക്കു് സ്തുതിയാകുന്ന ഫലങ്ങളെ കാഴ്ചവയ്ക്കുവാൻ പ്രാപ്തരാകുമാറു് ഞങ്ങളുടെ അധരങ്ങളെ ദയവുണ്ടായി ശുദ്ധമാക്കുകയും ചെയ്യേണമെ.

## ചെറിയ ഉയൎത്തൽ

പഴയനിയമകാലങ്ങളിലെ ബലിമൃഗങ്ങളിൽ ബഹുസാധാരണമായിരുന്ന ഒന്നാണു് ചെമ്മരിക്കുട്ടി. ഇതിന്റെ അൎപ്പണത്താൽ സൂചിതമായിരുന്നതിനെ പൂൎത്തിയാക്കുവാനാണു് മ്ശിഹാതമ്പുരാൻ കാൽവരിയിൽ സ്വയം ബലി അൎപ്പിച്ചതു്. ആകയാൽ അവിടുന്നു ചെമ്മരിക്കുട്ടിയെന്ന പേരിനു് തികച്ചും യോഗ്യനത്രെ. അവിടുന്നു ജ്ഞാനസ്നാനം അൎത്ഥിച്ചുകൊണ്ടു് യോൎദ്ദനാൻ നദീതീരത്തു് വി. യോഹന്നാൻ മാംദാനായെ സമീപിക്കുകയിൽ ആ പ്രവാചകപ്രവീണൻ അങ്ങയെ ജനസമൂഹത്തിനു് പരിചയപ്പെടുത്തിക്കൊണ്ടു് ഉൽഘോഷിച്ചതു് "ഇതാ! ദൈവത്തിന്റെ ചെമ്മരിക്കുട്ടി; ലോകപാപത്തെ ഹനിക്കുന്നവൻ" എന്നാണു്.

കൎതൃപ്രാൎത്ഥനയുടെ ഉപക്രമത്തിന്റെ ഒന്നാംഭാഗം കഴിയുമ്പോൾ, കാൎമ്മികനും സഹായിയും മനസ്താപസൂചകമായി മാറത്തിടിച്ചുകൊണ്ടു് വി. യോഹന്നാൻ മാംദാനായുടെ വാക്കുകളിൽത്തന്നെ തങ്ങളുടെ അരുമനാഥനെ വിളിച്ചു് പാപമോചനം യാചിക്കും. നിരൂപണയാലും വചനത്താലും പ്രവൃത്തിയാലും ഇങ്ങനെ മൂവ്വിധങ്ങളിൽ ഉണ്ടായിട്ടുള്ള പാപങ്ങളുടെ പൊറുതിക്കെന്നവണ്ണം ഈ പിഴയിടീയും ക്ഷമാപണവും മൂന്നുവട്ടം ആവൎത്തിക്കാറുണ്ടു്.

കാ. ലോകപാപത്തെ നിർമ്മൂലനം ചെയ്യുന്ന സ്വയം ജീവിയായ ദൈവത്തിൻെറ ചെമ്മരിക്കുട്ടീ.

സ. ഞങ്ങളോടു ക്ഷമിക്കേണമെ, നാഥാ!

കാ. ലോകപാപ ...... കുട്ടീ.

സ. ഞങ്ങളോടുത്തരിക്കേണമെ, നാഥാ!

കാ. ലോകപാപ ...... കുട്ടീ.

സ. ഞങ്ങളെ അനുഗ്രഹിക്കേണമെ.

ഇതിനുശേഷം കാർമ്മികൻ മുട്ടുകുത്തി എഴുന്നേററു തിരുവോസ്തി കാസായിലുമീതെ പിടിച്ചുകൊണ്ടു് രണ്ടുംകൂടെ നെററിവരെ ഉയർത്തും. ഇതാണു് ചെറിയ ഉയർത്തൽ. സഹായി അപ്പോൾ അതിനെ സമൂഹത്തിനു് അറിയിക്കമാറു് ചെറുമണി കിലുക്കുകയും ചെയ്യും.

## ഉപക്രമത്തിൻെറ രണ്ടാം ഭാഗം

"വശ്വാലൻ" എന്നു തുടങ്ങുന്ന ഒരു പ്രാർത്ഥനയാണു് ഉപക്രമത്തിൻെറ രണ്ടാം ഭാഗം. ദൈവസന്നിധിയിൽ കറകൂടാതെ കാണപ്പെടുവാനും അങ്ങയെ യഥായോഗ്യം സംബോധനചെയ്തു പ്രാർത്ഥിക്കുവാനും തങ്ങളെ പ്രാപ്തരാക്കണമെന്നു് പ്രാർത്ഥിക്കുകയും കർതൃപ്രാർത്ഥനയ്ക്കു് സമൂഹത്തെ ക്ഷണിക്കുകയുമാണു് കാർമ്മികൻ ഇതിനാൽ ചെയ്യുന്നതു്.

കാ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ദൈവമേ! ഞങ്ങളേവരും നിർമ്മലഹൃദയത്തോടെയും, പ്രസന്നമുഖത്തോടെയും, അവിടത്തെ അനുഗ്രഹദാനമായ മനോവിശ്വാസത്തോടെയും, പാപരഹിതരായി എന്നേരവും തിരുമുമ്പിൽ നിൽക്കുവാനും അർഹതയോടെ അങ്ങയെ വിളിച്ച് ഇപ്രകാരം പ്രാർത്ഥിക്കുവാനും ഞങ്ങളെ യോഗ്യരാക്കേണമെ.

### വിശദീകരണം

കർതൃപ്രാർത്ഥനയിൽ മൂന്നു അഭിലാഷങ്ങളും നാലു അഭ്യർത്ഥനകളുമുണ്ടു്. കർതൃപ്രാർത്ഥന ചൊല്ലി സ്വർഗ്ഗസ്ഥനായ പിതാവിനെ തങ്ങളുടെ ആവശ്യങ്ങളെല്ലാം അറിയിക്കുവാൻ സമൂഹത്തെ പ്രോത്സാഹിപ്പിച്ചശേഷം കാർമ്മികൻ, 'ഞങ്ങളെ പരീ

### കർതൃപ്രാർത്ഥന

സമൂഹം പരസ്യപ്രാർത്ഥനയാൽ മനസ്താപത്തിനു് പ്രേരിതരും ഉപക്രമത്താൽ ദൈവപിതാവിനോടു് തങ്ങളുടെ ആവശ്യങ്ങളെ ചോദിക്കുവാൻ പ്രോത്സാഹിതരുമായി കഴിയുമ്പോൾ വിശ്വാസത്തിൽനിന്നു് ജനിക്കുന്ന മനോശരണത്തോടും

ക്ഷയിൽ പ്രവേശിപ്പിക്കരുത്, പ്രത്യുത ദുഷ്ടനിൽനിന്നു ഞങ്ങളെ പരിരക്ഷിച്ചുകൊണ്ടാലും" എന്ന അതിൻെറ അവസാനത്തെ രണ്ടഭ്യർത്ഥനകളുടെ വിശദീകരണമായ ഒരു പ്രാർത്ഥന മന്ത്രിയ്ക്കും. മഹതപീകരണ പ്രകരണത്തോടും "ഹാശാ"യോടും കൂടെ അതെ അതു സമാഹരിക്കുക. വി. കർബാനയുടെ, ത്രോണോസിലെ പരസ്യമായ സാന്നിദ്ധ്യം നിമിത്തം ഈ "ഹാശാ"യുടെ അന്ത്യമെ കാർമ്മികൻ സ്വരമുയർത്തി ചൊല്ലു.

**കാ.** (നെഞ്ചത്തു കരങ്ങൾകൂപ്പി നിവർന്നുനിന്നുകൊണ്ടു) സർവ്വവല്ലഭമുള്ള ദൈവമായ കർത്താവേ! ഞങ്ങളുടെ നല്ല ഇടയനേ! ദയാനിധിയായ പിതാവേ! അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു. കരുണാലയമായ അവിടത്തെ അനുഗ്രഹം ഞങ്ങൾ പ്രാർത്ഥിക്കുന്നു. നാഥാ! ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ; മറിച്ച് ദുഷ്ടപ്പിശാചിൽനിന്നും അവൻെറ സൈന്യങ്ങളിൽനിന്നും ഞങ്ങളെ പരിരക്ഷിക്കേണമെ. എന്തെന്നാൽ, ആകാശത്തിലും ഭൂമിയിലും, രാജിതവും ശക്തിയും പ്രതാപവും വല്ലഭവും അധികാരവുമെല്ലാം (തൻെറമേൽതന്നെ കുരിശു വരയ്ക്കുകയും സ്വരം ഉയർത്തുകയും ചെയ്യുന്നു) ഇപ്പോഴും എപ്പോഴും

മനസ്താപത്തിൽ നിന്നുണ്ടാകുന്ന ധൈര്യത്തോടുകൂടെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! എന്നു വിളിച്ചുകൊണ്ടു പ്രതിദിന ശാരീരിക അപ്പത്തോടൊപ്പം ആത്മീയ അപ്പവും മററു ആവശ്യങ്ങളും യാചിക്കുന്നു. പക്ഷേ സമൂഹം ന. കർബാനയിൽ സജീവമായി പങ്കെടുക്കുന്ന പതിവു നമ്മുടെയിടയിൽ നഷ്ടീഭവിച്ചതിൻെറ ഫലമായി എല്ലാവരേയും പ്രതിനിധീകരിച്ചു സഹായി മാത്രമെ ഇപ്പോൾ ചൊല്ലാറുള്ളു.

കർബാനയുടെ ആദ്യന്തങ്ങളിലെ കർതൃപ്രാർത്ഥനയിൽ ഉള്ളതുപോലെ അതിവർണ്ണനകളോ അലങ്കാരങ്ങളോ ഒന്നും ഇവിടത്തേതിൽ ചേർക്കാറില്ല. വി. മത്തായിസുവിശേഷകൻ നൽകുന്ന (vi-9) തനിരൂപംതന്നെയാണിവിടെ ഉപയോഗിക്കുക. മഹതപീകരണപ്രകരണം ഉപേക്ഷിയ്ക്കുമെന്നുമാത്രം.

**സ.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! അങ്ങേ നാമം പരിശുദ്ധമെന്ന് കീർത്തിക്കപ്പെടട്ടെ. അങ്ങേ രാജ്യം ആഗതമാവട്ടെ. അങ്ങേ തിരുച്ചിത്തം ആകാശത്തിലെപ്പോലെ ഭൂമിയിലും നിറവേറട്ടെ. ഞങ്ങളുടെ ആവശ്യത്തിൻെറ അപ്പം ഞങ്ങൾക്കിന്ന് തരേണമെ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ പൊറുത്തതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും പൊറുക്കേണമെ. പരീക്ഷയിൽ ഞങ്ങ

എന്നന്നേയ്ക്കും അങ്ങയുടേതാകുന്നു.

സ. ആമേൻ.

ളെ പ്രവേശിപ്പിക്കരുതേ; മറിച്ച് ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊണ്ടാലും.

ഉയർത്തൽ

പിതൃപ്പിതാവായ യാക്കോവ് സ്വർഗ്ഗത്തിൽനിന്ന് അയക്കപ്പെട്ട ഒരു ദൂതനെക്കണ്ട് ആനന്ദപരവശനായി നിലവിളിച്ചു: "ഞാൻ ദൈവത്തെ അഭിമുഖമായി ദർശിച്ചു; എന്റെ ആത്മാവ് രക്ഷിക്കപ്പെട്ടിരിക്കുന്നു" എന്ന്. (Gen xxxii-30) ഇപ്രകാരമെങ്കിൽ ദൈവദൂതനെയല്ല, അവിടത്തെ പ്രിയ സുതനെത്തന്നെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ നമ്മുടെ ത്രോണോസിന്മേൽ ദർശിക്കുന്ന നമ്മൾ എത്രയധികം ഭാഗ്യവാന്മാർ. "നിങ്ങൾ കാണുന്നവയെ കാണുന്ന കണ്ണുകൾ അനുഗ്രഹീതങ്ങൾ" എന്ന് ദിവ്യരക്ഷകൻ അപ്പോസ്തലന്മാരെപ്പററി അരുളിച്ചെയ്തതും (St. Luke x-23) നമ്മെക്കുറിച്ച് എത്രയോ കൂടുതൽ പരമാർത്ഥമായിരിക്കുന്നു. ക്രിസ്തീയ ആത്മാവേ! ഓർക്കുക. ഇതാ ഇവിടെ നിന്റെ മുമ്പിൽ, ബലിപീഠത്തിൽ നിന്റെ സ്രഷ്ടാവും, നിന്റെ പരിത്രാതാവും, നിന്റെ പരിപാലകനും! വിശ്വാസത്തിന്റെ കണ്ണുതുറന്ന് അങ്ങയെ നീ കാണുക; നിന്റെ ഹൃദയത്തെ അവിടത്തെ മുമ്പിൽ ചിന്തുക; അങ്ങയെ ആരാധിക്കുക.

വിശ്വാസികൾ നമ്മുടെ കർത്താവിന്റെ തിരുശ്ശരീരവും രക്തവും കണ്ട് അവയെ ആരാധിക്കുവാൻവേണ്ടി കാർമ്മികൻ അവയെ അവർക്ക് ഉയർത്തിക്കാണിച്ചുകൊടുക്കുന്ന ഒരു ഭാഗമുണ്ട് കുർബാനയിൽ. ഉയർത്തൽ എന്നത്രെ അതിനു പേർ.

ഇക്കാലത്ത്, അപ്പവും വീഞ്ഞും കൂദാശചെയ്തുകഴിയുന്ന ഉടനെ അവയോരോന്നും, വേറെ വേറെ, തലയ്ക്കുമീതെ ഉയർത്തി വിശ്വാസികളെ കാണിക്കാറുണ്ട്. പക്ഷേ നമ്മുടെ രീതിക്ക് അന്യമായ ഒരുയർത്തലാണിതു്. നമ്മുടെ കുർബാനയിൽ ഇതു് നടപ്പാക്കിയിട്ട് പത്തുനാന്നൂറ് വർഷങ്ങളെ ആയിട്ടുള്ളു.

കർത്തൃപ്രാർത്ഥനയുടെ ഉപക്രമത്തിനിടയ്ക്കു് തിരുശ്ശരീരവും തിരുരക്തവും ഒന്നിച്ച് അല്പം ഉയർത്തുന്ന ഒരു പതിവും നമുക്കടുത്ത കാലത്ത് കിട്ടിയിട്ടുണ്ടെന്നും അതു ചെറിയ ഉയർത്തലെന്ന് വിളിക്കപ്പെടുന്നെന്നും കർത്തൃപ്രാർത്ഥനയെക്കുറിച്ച് പറകയിൽ കണ്ടല്ലോ.

ഈ രണ്ടുയർത്തലുകൾക്കും പുറമെ പൌരസ്ത്യർക്ക് പൂർവ്വംമുതൽക്കെ പ്രത്യേകമായ മൂന്നാമതൊന്നും നമ്മുടെ കുർബാനയിലുണ്ട്.

കർത്തൃപ്രാർത്ഥനയുടെ വിശദീകരണത്തിന് വിശ്വാസികൾ ഉത്തരിച്ചുകഴിയുമ്പോൾ ത്രോണോസിൽ സന്നിധികൊള്ളുന്ന നമ്മുടെ കർത്താവിന്റെ തിരുശ്ശരീരവും രക്തവും അവർക്ക് ദൃശ്യമാകുവാൻവേണ്ടി കാർമ്മികൻ ആൾത്താരയുടെ മധ്യത്തിങ്കൽനിന്ന് തന്റെ ഇടത്തോട്ടു

അല്പം നീങ്ങി അവരുടെനേരെ പകുതിമാത്രം തിരിയും. ത്രോണോസിൽ പ്രസന്നനായിരിക്കുന്ന ദിവ്യനാഥനു പുറകുതിരിയാതിരിക്കുവാൻവേണ്ടിയത്രെ ഈ പകുതി തിരിവു്. പിന്നെ കാർമ്മികൻ വിശ്വാസികൾക്കഭിമുഖനാകുമ്പോഴെല്ലാം പതിവായിരിക്കുന്നപ്രകാരം അവർക്കു് ആദ്യം സമാധാനം ആശംസിയ്ക്കും.

**കാ. നിങ്ങൾക്കു് സമാധാനം (ഉണ്ടായിരിക്കട്ടെ).**

**സ. അപ്രകാരംതന്നെ അവിടത്തേയ്ക്കും അവിടത്തെ ആത്മാവിനും (ഉണ്ടായിരിക്കട്ടെ).**

ആശംസയ്ക്കു് സമൂഹം ഉത്തരിച്ചുകഴിയുമ്പോൾ കാർമ്മികൻ വിനയാന്വിതം.

**കാ. (ഈ) വിശുദ്ധവസ്തു വിശുദ്ധന്മാർക്കു് നാഥാ! തീർത്തും യോഗ്യമായിരിക്കുന്നു.**

എന്നു് ഇമ്പമായി പാടിക്കൊണ്ടു് സാവധാനത്തിലും എന്നാൽ പ്രതാപജന്യമായ വിധത്തിലും ത്രോണോസിൽ സന്നിധിചെയ്യുന്ന വി. കുർബ്ബാനയിലേയ്ക്കു തിരിഞ്ഞു് സമൂഹത്തിന്റെ ദൃഷ്ടിയെ അതിലേയ്ക്കാകർഷിക്കുകയും സാദരം ത്രോണോസിനെ ചുംബിക്കുകയും ചെയ്യുന്നു. ഇതാണു് പൌ. സുറിയാനിക്കാർക്കു് പ്രത്യേകമായ ഉയർത്തൽ. ശുദ്ധിമാന്മാർക്കു് വിശുദ്ധ മേശയിലേക്കുള്ള ഒരാഹ്വാനവും അയോഗ്യർക്കു് അതിനു് മുതിരയാതിരിക്കുവാനുള്ള ഒരു നിർദ്ദേശവും കൂടിയാണിതു്.

## വിശ്വാസസാക്ഷീകരണം അഥവാ ഏററുപറച്ചിൽ

ത്രോണോസു് തങ്ങൾക്കു ദൃശ്യമാകുന്ന ഉടനെ വിശ്വാസികൾ എല്ലാവരുംകൂടി, വസ്തുമാററ – Transubstantiation – ഫലമായി അവിടെ സന്നിഹിതനായിരിക്കുന്ന ത്രിയേക ദൈവത്തിലുള്ള അവരുടെ വിശ്വാസം സാക്ഷീകരിക്കുമാറു് ഇപ്രകാരം പരസ്യമായി പ്രസ്താവിക്കും.

**സ. പരിശുദ്ധനായ പിതാവു് ഏകൻ; പരിശുദ്ധനായ സുതൻ ഏകൻ; പരിശുദ്ധനായ റൂഹായും ഏകൻ (എന്നു ഞങ്ങളേററു പറയുന്നു) പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും എന്നേയ്ക്കും സ്തുതി (ഉണ്ടായിരിക്കട്ടെ) ആമേൻ.**

ഈ ഏററുപറച്ചിലിൽ എല്ലാവരും പരിശുദ്ധ ത്രിത്വത്തിലെ ഓരോ ആളിന്റെയും പേരു പറയുമ്പോൾ തങ്ങളുടെ വിശ്വാസത്തിന്റെ പരമാത്ഥതയ്ക്കു് ഭൂമിയെ സാക്ഷിനിത്താനെന്നവണ്ണം നിലത്തു തൊട്ടു് മുത്തുക അടുത്തകാലംവരെ നിലനിന്നിരുന്ന ഒരു തഴക്കമായിരുന്നു.

## മണ്ഡപത്തിലെ കീർത്തനം

വിശ്വാസസാക്ഷീകരണം ഒരു കീർത്തനത്തോടെയത്രെ അവസാനിപ്പിച്ചിരുന്നതു്. വിശുദ്ധ കുർബാന ഉൾക്കൊള്ളുവാൻ ആഗ്രഹിക്കുന്നവർ മണ്ഡപത്തിൽ കയറിനിന്നുകൊണ്ടു് ഇതു് പാടുമായിരുന്നതു് നിമിത്തം മണ്ഡപത്തിലെ കീർത്തനമെന്നിതിനു് പേരുണ്ടായി.

പക്ഷേ നമ്മുടെ കുർബാനയിൽ ഒരു ചെറിയ സ്തുതിപ്പുമാത്രമേ ഇപ്പോൾ ഇതിൻെറ സ്ഥാനത്തു് കാണുന്നുള്ളു. അതു് കാർമ്മികൻ ചൊല്ലേണ്ട ഒരു ഭാഗമായിട്ടത്രെ നമ്മുടെ തക്സായിൽ വിധിച്ചിരിക്കുന്നതും. ഏറുപറച്ചിൽ കഴിഞ്ഞു് കാർമ്മികൻ കരങ്ങൾ നെഞ്ചിന്മേൽകൂട്ടി അല്പം കുനിഞ്ഞുനിന്നുകൊണ്ടു് രഹസ്യത്തിൽ അതു് ഇപ്രകാരം പ്രാർത്ഥിയ്ക്കും.

> കാ. പിതാവായ ദൈവമേ! അങ്ങേയ്ക്കു് സ്തുതി;
> നിത്യസുതനേ! അങ്ങേയ്ക്കു് സ്തുതി.
> സകലത്തേയും ശുദ്ധമാക്കുന്ന പരിശുദ്ധാത്മാവേ!
> അങ്ങേയ്ക്കും സ്തുതി എന്നന്നേയ്ക്കും (ഉണ്ടായിരിക്കട്ടെ) ആമേൻ.

## പങ്കുകൊള്ളൽ

ആദ്യകാലങ്ങളിൽ വി. കുർബാനയിൽ സംബന്ധിക്കുന്നവരെല്ലാം, കാർമ്മികനും വിശ്വാസികളും, അതിൽനിന്നു് പങ്കുകൊള്ളുമായിരുന്നു. പൂർവ്വക്രിസ്ത്യാനികൾ ശ്ലീഹന്മാരുടെ പഠനത്തിലും അപ്പത്തിൻെറ ഓഹരി അനുഭവിക്കലിലും സ്ഥിരമായി നിന്നിരുന്നു എന്നു് നടപടി iii. 42-ൽ പറയുന്നതു് ഈ പങ്കുകൊള്ളൽ പതിവിനെ ആസ്പദമാക്കിയാണു്. പങ്കുകൊള്ളാത്ത അയോഗ്യരെ അത്താഴക്രമത്തിൻെറ ആരംഭത്തിലെ പുറത്താക്കുകയായിരുന്നു അന്നു പതിവെന്നു് നേരത്തെ നാം കണ്ടുകഴിഞ്ഞല്ലോ. കുർബാനയിൽ സംബന്ധിക്കുന്നവരെല്ലാം അതിൽനിന്നു് പങ്കുകൊള്ളുന്ന ഈ പതിവു് പിൽക്കാലത്തു് വീണുപോയി. ഈ അധഃപതനം അധികമായും അനുഭവപ്പെട്ടിരുന്നതു് പൌരസ്ത്യരുടെ ഇടയിലായിരുന്നു. ഭാഗ്യസ്മരണാർഹനായ വി. പത്താംപീയൂസ് പാപ്പായുടെ കാലംമുതല്ക്കു് മാത്രമെ ഈ അലസതപലയിടത്തും അല്പമെങ്കിലും പരിഹരിക്കപ്പെട്ടു തുടങ്ങിയിട്ടുള്ളു.

വിശ്വാസസാക്ഷീകരണം കഴിയുമ്പോൾ പങ്കുകൊള്ളലിൻെറ ചട്ടങ്ങളുകളായി. ഇവ അന്നാഫോറായിൽ പെടാത്തവകളാകയാൽ താദൃശ ഇതരഭാഗങ്ങളോടൊപ്പം പ്രാദേശികമാററത്തിനും തൽഫലമായ വൈവിധ്യത്തിനും വളരെ വിധേയമായിട്ടുണ്ടു്. നമ്മുടെ കുർബാനയിൽ പങ്കുകൊള്ളൽ നടത്തിയിരുന്നതു്, ഇതര പൌരസ്ത്യസുറിയാനിക്കാർ ഇപ്പോഴും പൂർണ്ണമായി കൈവെടിഞ്ഞിട്ടില്ലാത്തതും, എന്നാൽ നമ്മുടെ ഇന്നത്തേതിൽനിന്നു് വളരെ വ്യത്യസ്തവും, സംക്ഷിപ്തമെങ്കിലും സംപൂർണ്ണവും, പുരാതനവുമായ് ഒരു രീതിയിലായിരുന്നു.

സാക്ഷീകരണാനന്തരം ഗ്ഗൊകാം മണ്ഡപത്തിലെ(1) കീർത്തനംപാടി തുടങ്ങുമ്പോഠം ആറാം പട്ടക്കാരിൽ ഇരുവർ കാമ്മികനെ സമീപിച്ച് നമ്മുടെ കത്താവിൻെറ മാംസരക്തങ്ങളുടെ പീലാസായും കാസായും അദ്ദേഹത്തിൻെറ പക്കൽനിന്നു് ഏറുവാങ്ങിയിരുന്നു. അനന്തരം അവയെ ഏവരുംകൂടി ആഘോഷപൂർവ്വം എഴുന്നള്ളിച്ച് "കനക്കെയുടെ" പടിക്കൽ കൊണ്ടുവന്നിട്ട് അവിടെവച്ചാണ് വിശ്വാസികഠംക്ക് വിതരണം ചെയ്തിരുന്നതു്. അധികം വരുന്നവ, ഒടുവിൽ, ആദ്യത്തേപ്പോലെതന്നെ സാഡംബരം ത്രോണോസിലേക്കൊ ഒരുക്കമേശയിലേക്കൊ കൊണ്ടുപോയി കാമ്മികനും ആറാം പട്ടക്കാരുംകൂടി അടക്കുകയുമായിരുന്നു പതിവു്. ഇന്നു നടപ്പായിരിക്കുന്നപ്രകാരം വി. കുർബാന ആരാധനയ്ക്കായി സക്രാരിയിൽ എഴുന്നള്ളിച്ചുവയ്ക്കുക അന്നു പതിവുണ്ടായിരുന്നില്ല.

ഇപ്പോഴും ഏതാണ്ടീദൃശമായ ഒരു ക്രമംതന്നെയാണ് ന. തക്സായിൽ, നിവൎത്തകമായിട്ടെങ്കിലും, നിലനില്ക്കുന്നതു്. പക്ഷേ, പാശ്ചാത്യക്രമങ്ങളിതിനോട് കലത്തിയതിൻെറ ഫലമായി, ഇന്നിവ നിരൎത്ഥകങ്ങളായ ചില ആവൎത്തനങ്ങഠംപോലെയത്രെ പ്രത്യക്ഷപ്പെടുക.

നമ്മുടെ പങ്കുകൊള്ളലിൻെറ ഈ സമ്മിശ്രക്രമത്തിലെ പ്രധാനാനുഷ്ഠാനങ്ങഠം താഴെപ്പറയുന്നവയാണ്:

1) വി. കുർബാന ആറാം പട്ടക്കാരുടെ കൈകളിൽ ഏല്പിക്കൽ.
2) വി. കുർബാനയുടെ എഴുന്നള്ളിപ്പു്.
3) സ്വീകാരകരെ ആശീർവ്വദിക്കൽ.
4) വി. കുർബാനയുടെ വിതരണം.
5) സ്തുതിപ്പു്.
6) അന്ത്യാശിസ്സ്.

## വി. കുർബാന ആറാം പട്ടക്കാരുടെ കരങ്ങളിൽ ഏല്പിക്കൽ

പൂർവ്വകാലത്തു് വിശ്വാസികളും ഇരുസാദൃശ്യങ്ങളിലും പങ്കുകൊണ്ടിരുന്നതുകൊണ്ടും, ഈ പങ്കുകൊള്ളൽ നടത്തിയിരുന്നതു് ഇന്നത്തേപ്പോലെതന്നെ കസ്ത്രോമ്മായിങ്കൽവച്ച് ആയിരുന്നതുകൊണ്ടും തിരുശ്ശരീരരക്തങ്ങളുടെ വിതരണത്തിൽ പുരോഹിതനു് ആറാംപട്ടക്കാരുടെ സഹായം അവശ്യാവശ്യമായിരുന്നു. തിരുശ്ശരീരത്തിൻെറ പീലാസായും തിരുരക്തത്തിൻെറ കാസായും ത്രോണോസിൽനിന്നു് വിതരണസ്ഥാനത്തേയ്ക്കും അവിടെനിന്നു് തിരിയെ ത്രോണോസിലേയ്ക്കും വഹിച്ചുകൊണ്ടുപോയിരുന്നതു് ആറാം പട്ടക്കാരാണു്. തിരുവോസ്തി വിതരണം ചെയ്യുവാൻ പുരോഹിതൻെറ പക്കൽ പിടിച്ചുകൊടുത്തിരുന്നതും കാസായിൽനിന്നു് തിരു

(1) മണ്ഡപം = ബേമ്മായെന്നും കസ്ത്രോമ്മായെന്നുമൊക്കെ വിളിക്കപ്പെടാറുള്ള, മദ്ബഹായുടെയും ഹൈക്കലായുടെയും ഇടയ്ക്കുള്ള സ്ഥലം.

രക്തം ഓരോരുത്തരേയും കുടിപ്പിച്ചിരുന്നതും ഇവർതന്നെ. ഏതൻനിമിത്തം തിരുച്ചഷകങ്ങളെ ആറാം പട്ടക്കാരെ ഭരമേല്പിക്കുന്ന ശുശ്രൂഷയായിരുന്നു പങ്കുകൊള്ളൽക്രമത്തിലെ ആദ്യത്തെ ചടങ്ങ്. നമ്മുടെ കുർബാനയിൽ ഇന്നും അങ്ങനെതന്നെ.

പണ്ടിതു് നിർവ്വഹിച്ചിരുന്നതു് ഏതാണ്ടീപ്രകാരമത്രെ. സമൂഹം മണ്ഡപത്തിലെ ഓനീസാ പാടിക്കൊണ്ടിരിക്കുമ്പോൾ ഏംങ്ങ്ഗത്താ വായിച്ച ആറാം പട്ടക്കാരൻ ത്രോണോസിനെ സമീപിച്ച്, കബ്ലാനാ-പാശ്ചാത്യപേരിൽപ്പറഞ്ഞാൽ വേദകുസ്ഥാ-കൊണ്ടു് ആച്ഛാദനംചെയ്ത തന്റെ കൈ അതിന്മേലേയ്ക്കു് നീട്ടുമായിരുന്നു. കാർമ്മികൻ ഉടനെ, പ്രത്യേകം സൂക്ഷിച്ചുകൊള്ളണമെന്ന സൂചനയിൽ,

**കാ. പരിശുദ്ധാത്മാവിന്റെ കൃപ!!!**

എന്നു് ഓപ്പിച്ചുകൊണ്ടു് തിരുവോസ്തിയുടെ പീലാസാ ത്രോണോസിൽനിന്നെടുത്തു് ആറാം പട്ടക്കാരന്റെ കയ്യിൽ ഭരമേല്പിക്കുകയും,

**ആ. ഇതു് അങ്ങയോടുകൂടിയും ഞങ്ങളോടുകൂടിയും ഇതിനെ സ്വീകരിക്കുന്നവരോടുകൂടിയും സ്വർഗ്ഗരാജ്യത്തിൽ എന്നേക്കുമായിരിക്കട്ടെ. ആമേൻ.**

എന്നു് പ്രതിവചിച്ചുകൊണ്ടും കാർമ്മികന്റെ കരത്തേയും തിരുപ്പാത്രത്തേയും ചുംബിച്ചുകൊണ്ടും ഏററു വാങ്ങുകയും ചെയ്തിരുന്നു

സ്വസ്തികൊടുത്ത ആറാം പട്ടക്കാരൻ അനന്തരം ഇതേപ്രകാരത്തിലും ഇതേ വാക്കുകളോടുകൂടിയും തിരുരക്തത്തിന്റെ കാസായും ത്രോണോസിൽനിന്നു് ഏററുവാങ്ങിയിരുന്നു. ഇന്നീശുശ്രൂഷ ആറാം പട്ടക്കാരൻ അഥവാ സഹായി ത്രോണോസിനേയും കാർമ്മികന്റെ കരത്തേയും തൊട്ടുമുത്തുകയെന്ന ഒരു നിർജ്ജീവ ചടങ്ങായി രൂപാന്തരപ്പെട്ടിരിക്കയാണു്.

ആദ്യകാലങ്ങളിൽ കാർമ്മികന്റെ പങ്കുകൊള്ളൽ വിശ്വാസികളുടേതിൽനിന്നു് പ്രത്യേകമായ ശുശ്രൂഷകളോടൊന്നും കൂടിയായിരുന്നില്ല. അവരോടൊപ്പം, പക്ഷേ, അവർക്കെല്ലാംമുമ്പെ, അദ്ദേഹവും- വേറൊരു പുരോഹിതൻ സന്നിഹിതനെങ്കിൽ അയാളുടെ കയ്യിൽനിന്നു് തിരുശ്ശരീരം കൈയിൽ വാങ്ങി - അനുഭവിക്കുകയും ആറാം പട്ടക്കാരന്റെ കരങ്ങളിൽനിന്നു് കാസാ പാനം ചെയ്യുകയും ചെയ്തിരുന്നു.

പക്ഷേ, ഇന്നു് നമ്മുടെ കുർബാനയിൽ കാർമ്മികന്റെ പങ്കുകൊള്ളൽ പ്രത്യേകമൊരു ശുശ്രൂഷയാണു്. മേൽവിവരിച്ച തിരുപ്പാത്രങ്ങളുടെ ഭരമേല്പിക്കൽ - തൊട്ടുമുത്തൽ - കഴിയുമ്പോൾ കാർമ്മികൻ ഇടതുകൈയുടെ തള്ളവിരലിനും ചൂണ്ടാണിവിരലിനും ഇടയ്ക്കു് തിരുവോസ്തിയും അതിനു് താഴെ മററു വിരലുകൾക്കിടയ്ക്കു് പീലാസായും പിടിച്ചുകൊണ്ടും ഒരു അഭയാർത്ഥിയെപ്പോലെ അതിലേയ്ക്കു് വിനയാന്വിതം കണ്ണുകളെ തിരിച്ചുകൊണ്ടും മനസ്താപസൂചകമായി മൂന്നു പ്രാവശ്യം "പിഴയിടിയ്ക്കും." ഓരോ

തവണയും സുവിശേഷത്തിലെ ദേശാധിപനോടുകൂടി ഇപ്രകാരം എളിമ പ്രകരണം ചെയ്കയും ചെയ്യും.

**കാ. നാഥാ! അവിടന്നെൻെറ കൊട്ടിലിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല; ഒററ വാക്ക കല്പിച്ചാൽ മാത്രം മതി, എൻെറ ആത്മാവു് സുഖം പ്രാപിക്കും.**

വിശ്വാസികളും കാമ്മികനോടൊത്തു് ഈ "പിഴയിടി"ക്കുവാൻ സഹായകമാകുമാറു് ശുശ്രൂഷകൻ ഓരോ പ്രാവശ്യവും ചെറിയ മണി അല്പം കിലുക്കി വിവരം അവരെ തെര്യപ്പെടുത്തും. പിഴമണിയെന്നത്രെ ഇതിനു് സാധാരണ പേർ. തൻെറ മാറത്തു പിഴയിടിക്കുമ്പോൾ സഹായി ഇപ്രകാരം പ്രാത്ഥിക്കുന്നുമുണ്ടായിരിയ്ക്കും.

**സ. ഈ കുർബാന അത്യുന്നതങ്ങളിൽ, സ്വർഗ്ഗത്തിൽ, ഹാബേലിൻെറയും നോഹിൻെറയും അബ്രാഹാമിൻെറയും ബലികളോടൊപ്പം സ്വീകരിക്കപ്പെടട്ടെ.**

അനന്തരം കാമ്മികൻ നിവർന്നുനിന്നുകൊണ്ടു് തിരുശ്ശരീരം അനുഭവിക്കലിനു് പ്രാരംഭമായി ഇങ്ങനെ അപേക്ഷിയ്ക്കും.

**കാ. കർത്താവേ! ഉടയവനേ! അങ്ങേ തിരുശ്ശരീരം ഒരിക്കലും എനിക്ക കുററാരോപണത്തിനു് കാരണമാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ പരിഹാരത്തിനും ഇടയാകട്ടെ.**

പിന്നെ തിരുവോസ്തി സൌകര്യമായി ഉൾക്കൊള്ളത്തക്കവണ്ണം കരങ്ങളിൽ ക്രമപ്പെടുത്തി പിടിക്കുകയും അധരങ്ങളാൽ ഈവിധം മന്ത്രിക്കുകയും ചെയ്യും.

**കാ. ഞങ്ങളുടെ വർഗ്ഗത്തിൻെറ പ്രത്യാശയായ മ്ശിഹായേ! അവിടത്തെ വിശുദ്ധ ശരീരത്താൽ ഞങ്ങളുടെ ശരീരങ്ങളെ ശുദ്ധമാക്കേണമെ. അവിടത്തെ അമൂല്യരക്തത്താൽ ഞങ്ങളുടെ കടങ്ങളെ പരിഹരിക്കേണമെ. അവിടത്തെ അനുഗ്രഹത്തിൻെറ തളികോൽകൊണ്ടു് ഞങ്ങളുടെ മനസ്സാക്ഷിയെ കളങ്കരഹിതമാക്കേണമെ. സർവ്വനാഥനായ പിതാവും പുത്രനും പരിശുദ്ധാത്മാവും എന്നേയ്ക്കും (ആയിരിക്കട്ടെ) ആമേൻ.**

ഈ പ്രാത്ഥനയ്ക്കുശേഷം തിരുവോസ്തികൊണ്ടു് തൻെറമേൽ കുരിശടയാളം വരയ്ക്കും. അപ്പോൾ ഇപ്രകാരം മന്ത്രിയ്ക്കും.

**കാ. നമ്മുടെ കർത്താവിൻെറ തിരുശ്ശരീരം എൻെറ ആത്മാവിനെ നിത്യായുസ്സിനായി കാത്തുസൂക്ഷിക്കട്ടെ. ആമേൻ.**

അവസാനം ക്പർനാഹോമിലെ ശതാധിപൻെറ വാക്കുകൾതന്നെ സന്ദർഭാനുയോജ്യമാക്കി കരിക്കൽകൂടി ആവർത്തിച്ചുകൊണ്ടു് തിരുശ്ശരീരം ഉൾക്കൊള്ളുന്നു.

കാ. നാഥാ! അവിടന്നെൻെറ കൊട്ടിലിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല; ഒററ വാക്കാൽ കല്പിക്കുക, എൻെറ ആത്മാവു് ജീവിച്ചുകൊള്ളും.

കാർമ്മികൻ തൻെറ ഉള്ളിൽ എഴുന്നള്ളിവന്ന ഹൃദയനാഥനുമായി സ്വല്പനേരം സ്നേഹസല്ലാപം ചെയ്തുകഴിഞ്ഞു് വി. കുർബാന ഉൾക്കൊള്ളുവാൻ ആഗ്രഹിക്കുന്നവരുടെ നേരെ തിരിഞ്ഞു് അവരുടെമേൽ കുരിശടയാളപ്പെടുത്തി അവരെ കീഴെവരുന്ന വാക്കുകളിൽ ആശീർവ്വദിക്കും.

കാ. നമ്മെ ജീവിപ്പിക്കുന്നവനായ നമ്മുടെ കർത്താവീശോമ്ശീഹായുടെ കൃപാദാനം നാമേവരിലും അവിടത്തെ അനുഗ്രഹത്താൽ പൂർത്തിയാവട്ടെ.

സ. എന്നേന്നേയ്ക്കും. ആമേൻ.

കുടവിൽ കാസാകൊണ്ടു് തൻെറമേൽ കുരിശടയാളപ്പെടുത്തിയിട്ടു് തിരുരക്തം പാനംചെയ്യുന്നു. അപ്പോൾ തൻെറ മഹാപരാധത്തെക്കുറിച്ചു് മനസ്തപിച്ചുകൊണ്ടും ദൈവത്തിൻെറ അനന്ത കരുണയിലും നിസ്സീമസ്നേഹത്തിലും ആശ്രയിച്ചുകൊണ്ടും ദാവീദ്ദീർഘദർശി നിലവിളിച്ചതുതന്നെ കാർമ്മികൻെറയും അധരങ്ങളിൽനിന്നും നിർഗ്ഗമിക്കും.

കാ. എനിക്കുചെയ്ത ഉപകാരങ്ങൾക്കായി കർത്താവിനു് ഞാൻ എന്തു് പ്രതിസമ്മാനിക്കും! രക്ഷയുടെ കാസാ ഞാൻ കുടിയ്ക്കും; കർത്താവിൻെറ നാമം വിളിക്കുകയും ചെയ്യും.

അനന്തരം ക്രമപാലകൻ താഴെവരുന്നതു് പാടി സമൂഹത്തെ പങ്കുകൊള്ളലിനു് ക്ഷണിക്കുന്നു.

ക്രൃ. എൻെറ സഹോദരരേ! രാജ്യത്തിൻെറ സന്തതികളേ! സഭ ഇതാ! കല്പിക്കുന്നു; ദിവ്യസുതൻെറ ശരീരം നിങ്ങൾ സ്വീകരിക്കുവിൻ; അവിടത്തെ കാസാ വിശ്വാസത്തോടെ പാനം ചെയ്കയും ചെയ്യുവിൻ.

വി. കുർബാനയുടെ എഴുന്നള്ളിപ്പു്

വിശ്വാസികൾ കസ്ത്രോമ്മായിങ്കൽവച്ചു് പങ്കുകൊണ്ടിരുന്നതുകാരണത്താൽ ആറാം പട്ടക്കാരുടെ കരങ്ങളിൽ ഭരമേല്പിക്കുന്ന വി. കുർബാന, അവർ അവിടേയ്ക്കു് കൊണ്ടുപോയിരുന്നു. കാർമ്മികൻെറയും ശുശ്രൂഷകരേവരുടെയും അകമ്പടിയോടെയും കീർത്തനം പാടിക്കൊണ്ടും ആഘോ

ഷമായി നടത്തിയിരുന്ന ഈ ആനയനം വി. കുർബ്ബാനയുടെ ഒരു ചെറു പ്രദക്ഷിണംതന്നെയായിരുന്നു പൂർവ്വകാലങ്ങളിൽ. പൌ. സുറിയാനിക്രമത്തിലെ മൂന്നാമത്തെ എഴുന്നള്ളിപ്പെന്നും, വി. കുർബ്ബാനയുടെ എഴുന്നള്ളിപ്പെന്നുമൊക്കെയിതു് വിളിക്കപ്പെടാറുണ്ടു്.

വി. കുർബ്ബാനയുടെ എഴുന്നള്ളിപ്പിൻെറ നേരത്തു് അതിൽ ഭാഗഭാക്കുകളാകുന്നവർ പാടിയിരുന്ന കീർത്തനം ഒരു ഓനീസായായിരുന്നു. പൌരസ്ത്യസുറിയാനി കുർബ്ബാനയിൽ സമൂഹം പാടേണ്ടതായ അഞ്ചു പ്രധാന ഓനീസാകളിൽ അവസാനത്തേതാണിതു്. വി. മേശയിൽനിന്നു് പങ്കുകൊള്ളുന്നതിനായി മണ്ഡപത്തെ സമീപിക്കുന്നവർ അവിടെനിന്നിതു് ഉത്തരിച്ചു പാടിയിരുന്നു. പക്ഷേ ഇതിനല്പംമുമ്പു് അവിടെനിന്നുതന്നെ ഇവർ വേറൊന്നു പാടിയതുകൊണ്ടു് മണ്ഡപത്തിലെ ഇരു ഓനീസാകളിൽ രണ്ടാമത്തേതെന്നത്രെ ഇതു് പറയപ്പെടുക.

നമ്മുടെ ക്രമത്തിൽ ഇന്നിതു് നിർജ്ജീവമായെങ്കിലും തീരെ നാമാവശേഷമായിട്ടില്ല. ഇതിൻെറ അർത്ഥമാധുരിയൊന്നും അനുഭവിക്കാതെ അനുഷ്ഠിക്കുന്നുണ്ടു്. കാർമ്മികൻെറ പങ്കുകൊള്ളലിന്നു് ഒരുക്കമായി അദ്ദേഹം ഹൃദയതാപത്തോടെ പിഴയിടീക്കുകയിൽ സമൂഹത്തെ പ്രതിനിധീകരിച്ചുകൊണ്ടു് സഹായി മന്ത്രിക്കുന്നതായി മുകളിൽ കണ്ട – (ഈ കുർബാന അത്യുന്നതങ്ങളിൽ ............ എന്നതു്) പ്രാർത്ഥന സമൂഹം സാധാരണ അവസരങ്ങളിൽ പണ്ടു പാടിയിരുന്ന മണ്ഡപത്തിലെ രണ്ടാമത്തെ ഓനീസായുടെ ആദ്യഭാഗമാണു്. അപ്രകാരംതന്നെ, കാർമ്മികൻ തിരുരക്തം പാനംചെയ്തു കഴിയുമ്പോഠം ക്രമപാലകൻ സമൂഹത്തെ പങ്കുകൊള്ളലിനു് ക്ഷണിക്കുന്നതായ (എൻെറ സഹോദരന്മാരേ ..... എന്നതു്) കീർത്തനഭാഗം ഈ ഓനീസായുടെ മാററമില്ലാതിരുന്ന അന്ത്യവുമാണു്. ഇന്നിവ രണ്ടും പരസ്പരം വേർപെടുത്തപ്പെട്ടിട്ടു് അസ്പഷ്ടങ്ങളും അസ്ഥാനസ്ഥിതങ്ങളുമായിട്ടാണു് പ്രത്യക്ഷപ്പെടുക. മാത്രമല്ല ആദ്യത്തേതു് ഒരിക്കലും പാടിക്കൂടാത്ത ഒന്നായി പരിണമിപ്പിച്ചിരിക്കയുമത്രെ.

എഴുന്നള്ളിപ്പുതന്നെയും പാശ്ചാത്യരീതിക്കനുസരണം ലഘൂകരിക്കപ്പെടുകയും രൂപാന്തരപ്പെടുത്തപ്പെടുകയും ഉണ്ടായിട്ടുണ്ടു്. ആശീർവ്വദനാനന്തരം കാർമ്മികൻ കുസ്തോദി ഇടതു കൈയിലാക്കിയും അതിൽനിന്നു് ഒരു തിരുവോസ്തി വലതു കൈകൊണ്ടെടുത്തു് കുസ്തോദിക്കുമീതെ ഉയർത്തിപ്പിടിച്ചുകൊണ്ടും വിശ്വാസികളുടെ നേരെ തിരിയും. പിന്നെ തിരുവോസ്തീകുറേക്കൂടെ ഉയർത്തി സമൂഹത്തെ കാണിക്കുകയിൽ ഇപ്രകാരം അറിയിക്കും.

**കാ. ഇതാ! കണ്ടാലും! ലോകപാപത്തെ നീക്കുന്ന, ദൈവത്തിൻെറ ചെമ്മരിക്കുട്ടി.** (മൂന്നു പ്രാവശ്യം)

കുടവിൽ സുവിശേഷത്തിലെ ദേശാധിപൻെറ എളിയ വാക്കു

കൾതന്നെ വിശ്വാസികളുടേതാക്കി ചൊല്ലിക്കൊണ്ടു് കസ്‌ത്രോമ്മായിങ്കലേക്കിറങ്ങുന്നു.

**കാ.** നാഥാ! അവിടന്നെൻെറ കൊട്ടിലിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല. ഒററ വാക്കാൽ കല്പിക്കുകമാത്രം ചെയ്യുക. എൻെറ ആത്മാവു് സുഖം പ്രാപിക്കും.

ആശീർവ്വാദ ദാനം

സമൂഹത്തിൻെറ പങ്കുകൊള്ളലിനു് പ്രാരംഭമായി കാർമ്മികൻ അവർക്കാശീർവ്വാദം നൽകുക പണ്ടും പതിവുണ്ടായിരുന്നു. തിരുശ്ശരീരരക്തങ്ങൾ കസ്‌ത്രോമ്മായിൽ കൊണ്ടുവന്നു കഴിയുമ്പോൾ ക്രമപാലകൻ കാർമ്മികനോടു് സമൂഹത്തെ ആശീർവ്വദിക്കുവാൻ അഭ്യർത്ഥിക്കുകയും അദ്ദേഹം അപ്രകാരം ചെയ്കയും ആയിരുന്നു പഴയ നടപ്പു്.

**ക്രു.** നാഥാ! ആശീർവ്വദിക്കേണമെ.

**കാ.** (വിശ്വാസികളുടെ നേരെ തിരിഞ്ഞു് കൈ ഉയർത്തി ആശീർവ്വദിക്കുകയിൽ) നമ്മെ ജീവിപ്പിക്കുന്നവനായ ന. ക. ഈശോമ്ശിഹായുടെ കൃപാദാനം നാമേവരിലും അവിടത്തെ അനുഗ്രഹത്താൽ പൂർത്തിയാവട്ടെ.

ആഘോഷാവസരങ്ങളിൽ ഈ ആശീർവ്വാദദാനം പാടിയുമാണു് നടത്തിയിരുന്നതു്. നമ്മുടെ കർബാനയിൽ കാർമ്മികൻെറ പങ്കുകൊള്ളലിനിടയ്ക്കു് അസന്ദർഭോചിതമായി കണ്ട ആശീർവ്വാദാഭ്യർത്ഥനയും ആശീർവ്വാദ ദാനവും വി. കർബാനയുടെ പ്രദക്ഷിണാനന്തരം പണ്ടു് നടത്താറുണ്ടായിരുന്നതുകളത്രെ.

പക്ഷേ ഇന്നിവ അസ്ഥാനസ്ഥിതങ്ങളായി തീർന്നിരിക്കയാൽ നമ്മുടെ ക്രമത്തിനു് അന്യമായ ഒരു വിധത്തിൽ ഈ ആശീർവ്വാദദാനം ഇപ്രകാരം ആവർത്തിക്കാറുണ്ടു്. വി. കർബാന സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർ പകുതി കുമ്പിട്ടുകൊണ്ടു് ആദ്യം മനസ്താപപ്രകരണം ചൊല്ലുന്നു.

**സ.** ഞാൻ പിഴയാളി; സർവ്വശക്തനായ ദൈവത്തോടും ഭാഗ്യവതിയും എപ്പോഴും കന്യകയുമായ മറിയത്തിനോടും പ്രധാന മാലാഖായായിരിക്കുന്ന ശുദ്ധ മിഖായേലിനോടും ശുദ്ധ മാർ യോഹന്നാൻ മാംദാനായോടും ശ്ലീഹന്മാരായ മാർ പത്രോസിനോടും മാർ പൌലോസിനോടും മാർ തോമ്മായോടും ആകാശത്തിലെ പുണ്യവാന്മാരേവരോടും എൻെറ ഗുരുവായിരിക്കുന്ന പട്ടക്കാരാ അങ്ങയോടും എൻെറ പാപങ്ങൾ ഞാൻ ഏററു പറയുന്നു. എന്തുകൊണ്ടെന്നാൽ നിരൂപണകൊണ്ടും വച

നംകൊണ്ടും പ്രവൃത്തികൊണ്ടും ഞാൻ അനേകം പാപം ചെയ്തു; എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ. ആകയാൽ ഭാഗ്യവതിയും എപ്പോഴും കന്യകയുമായ മറിയത്തിനോടും പ്രധാന മാലാഖായായിരിക്കുന്ന ശുദ്ധ മിഖായേലിനോടും ശുദ്ധ മാർ യോഹന്നാൻ മാംദാനായോടും ശ്ലീഹന്മാരായ മാർ പത്രോസിനോടും മാർ പൌലോസിനോടും മാർ തോമ്മായോടും അ കാശത്തിലെ പുണ്യവാന്മാരേവരോടും എന്റെ ഗുരുവായിരിക്കുന്ന പട്ടക്കാരാ അങ്ങയോടും ഞാനപേക്ഷിക്കുന്നു: എനിക്കുവേണ്ടി ദൈവത്തോടപേക്ഷിച്ചുകൊള്ളേണമെ. ആമേൻ.

അനന്തരം കാർമ്മികൻ സ്വീകാരകരുടെനേരെ അല്പം തിരിഞ്ഞു നിന്നുകൊണ്ടു് ഇപ്രകാരം അവരെ ആശീർവ്വദിക്കുന്നു.

കാ. സർവ്വശക്തനായ ദൈവം നിങ്ങളുടെമേൽ കനിയട്ടെ; നിങ്ങളുടെ പാപങ്ങൾ മോചിക്കട്ടെ; നിങ്ങളെ നിത്യായുസ്സിലേയ്ക്കു് കൂട്ടിക്കൊണ്ടുപോകുകയും ചെയ്യട്ടെ.

സർവ്വശക്തനും കാരുണികനുമായ കർത്താവു് നിങ്ങളുടെ പാപങ്ങളെയെല്ലാം ക്ഷമിക്കുകയും, പൊറുക്കുകയും വിമോചിക്കുകയും ചെയ്യട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവും എന്നേയ്ക്കും (ആയിരിക്കട്ടെ).

സ. ആമേൻ.

## തിരുശ്ശരീരം എഴുന്നള്ളിച്ചുകൊടുക്കൽ

വി. കുർബാനയുടെ പ്രദക്ഷിണം കസ്ത്രോമ്മായിങ്കൽ എത്തുമ്പോഴാം ആറാം പട്ടക്കാരന്റെ കയ്യിലെ പീലാസായിൽനിന്നു് തിരുഅപ്പത്തിന്റെ ഓരോ കഷണം എടുത്തു പുരോഹിതൻ സ്വീകാരകർക്കു് കൊടുക്കുകയായിരുന്നു പഴയ പതിവു്. സ്വീകരിക്കുന്നയാൾ ഇടതു കൈ വലത്തേതിനുകീഴെ അതിനു് താങ്ങെന്നവണ്ണം പിടിച്ചുകൊണ്ടു് രണ്ടുംകൂടി യാചനാരൂപത്തിൽ നീട്ടി വി. കുർബാന വലത്തേ ഉള്ളംകൈയിൽ സാദരം വാങ്ങി, ഉയർത്തി വായിലാക്കി അനുഭവിച്ചിരുന്നു. കൈയിലെ ഈ സ്വീകരണത്തിൽനിന്നാണു് വി. കുർബാന കൈക്കൊള്ളുക എന്ന ശൈലിതന്നെയും നടപ്പായിട്ടുള്ളതു്. സ്ത്രീകൾ അവരുടെ ഉള്ളംകൈകൾ കവണിയിട്ടു മൂടിക്കൊണ്ടു് പൊതിയുകയും ചെയ്യുമായിരുന്നു. എല്ലാവരും പുരോഹിതനോടൊപ്പംനിന്നുകൊണ്ടായിരുന്നു വി. കുർബാന കൈക്കൊണ്ടിരുന്നതു്.

പക്ഷേ, കാർമ്മികൻ തന്റെ ഇടതു കൈയിൽ വഹിക്കുന്ന കാസ്സാടിയിൽനിന്നു് ഓരോ പത്തീംഗ് എടുത്തു്, അതുകൊണ്ടു്, മുട്ടുകുത്തി നി

ല്ലുന്ന സ്വീകാരകൻെറമേൽ കുരിശടയാളംവരച്ചും താഴെവരുംപ്രകാരം പ്രാൎത്ഥിച്ചും അയാളുടെ നാവിൽ വച്ചുകൊടുക്കയാണ് പാശ്ചാത്യരോടൊപ്പം നമ്മുടെയും ഇന്നത്തെ രീതി.

കാ. ന. ക. ഈശോമ്ശീഹായുടെ തിരുശ്ശരീരം വിരക്തനായ പുരോഹിതനു് — ദൈവത്തിൻെറ ശുശ്രൂഷിക്കു് — ഭക്തനായ വിശ്വാസിക്കു് — കടങ്ങളുടെ പരിഹാരത്തിനും നിത്യായുസ്സിനും കാരണമായി ഭവിക്കട്ടെ. (നാവിൽ വച്ചുകൊടുക്കുന്നു.)

സ. ആമേൻ.

പൂൎവ്വകാലത്തു് ഓരോരുത്തരും തിരുശ്ശരീരം അനുഭവിച്ചശേഷം മദ്ബഹായുടെ ചെറിയ വാതുക്കലേയ്ക്കുചെന്നു് തിരുരക്തം വായിൽ ഉറ്റിക്കൊണ്ടിരുന്നു. ഇന്നു് നമ്മുടെ റീത്തിൽ വിശ്വാസികൾക്കു് തിരുരക്തം നൽകാറില്ല.

## സ്തുതിപ്പു്

കാൎമ്മികൻ വി. കുർബാന എഴുന്നള്ളിച്ചുകൊടുത്തുകൊണ്ടിരിക്കുമ്പോൾ സ്വീകാരകൎക്കുവേണ്ടി ദൈവസഹായം പ്രാൎത്ഥിക്കുന്നതായ ഒരു സ്തുതിപ്പു് സമൂഹം പാടിക്കൊണ്ടിരിക്കും; രഹസ്യകുർബാനയെങ്കിൽ രഹസ്യത്തിൽ ചൊല്ലും. നമ്മുടെ ക്രമത്തിലും മാററമുള്ള ചുരുക്കം ചില ഭാഗങ്ങളിൽ ഒന്നാണിതു്. തിരുനാളുകളിൽ ഇപ്രകാരം പാടും.

സ. (ഞങ്ങളുടെ) കൎത്താവേ! കടങ്ങളുടെ മോചനലബ്ധിക്കായി നീട്ടി പരിശുദ്ധ വസ്തുവിനെ കൈക്കൊണ്ട ആ കരങ്ങളെ ബലവത്തുക്കളാക്കേണമെ.

പരമനാഥനായ അവിടത്തേയ്ക്കു സുകൃതഫലങ്ങളെ എന്നാളും കാഴ്ചവയ്ക്കുവാൻ അവയ്ക്കു് പ്രാപ്തി നൽകേണമെ.

ശുദ്ധസ്ഥലത്തു് "ഹല്ലേലുയ്യാ" ആലപിച്ച ആ അധരങ്ങളെ (തിരുമുമ്പിൽ) സ്തോത്രം പാടുവാൻ യോഗ്യതയുള്ളവയാക്കേണമെ.

അവിടത്തെ സ്തുതിഗീതങ്ങളുടെ മാധുര്യസ്വരത്തെ ശ്രവിച്ച ആ ചെവികൾ ഭീകരാജ്ഞ കേൾക്കുവാൻ നാഥാ! അനുവദിക്കരുതേ.

അവിടത്തെ ദയാവായ്പിനെ ദർശിച്ച ആ നയനങ്ങൾ നാഥാ! ഇനി അവിടത്തെ അനുഗ്രഹീത അഭയാനന്ദത്തേയും കാണുമാറാകട്ടെ.

പരിശുദ്ധൻ പരിശുദ്ധനെന്നാൎത്തുവിളിച്ച ആ നാവുക ളെ സത്യംമാത്രം വചിക്കാൻ പാകപ്പെടുത്തേണമെ.

ദൈവാലയങ്ങൾക്കുള്ളിൽ ചരിച്ച ആ പാദങ്ങളെ പ്ര കാശത്തിന്റെ പ്രദേശത്തു ഇനി നടത്തീടണമെ.

അങ്ങേ ജീവശരീരത്തെ ഭക്ഷിച്ച ആ ശരീരങ്ങ ളെ പുതുജീവിതത്താൽ പുത്തനാക്കേണമെ.

ദൈവമായ അങ്ങയെ ആരാധിച്ച ഈ സമൂഹത്തിനു് സൎവ്വസഹായങ്ങളും സമൃദ്ധിയായി നൽകേണമെ.

അങ്ങേ നേൎക്കുള്ള സ്നേഹവഹ്നി ഞങ്ങളിൽ കെടുത്തരു തേ; അവിടത്തെ മഹത്വം വൎദ്ധമാനമാക്കുവാൻ അതു കാരണ മായിടട്ടെ.

ഞങ്ങളേവരുടെയും പ്രാൎത്ഥനയും ശുശ്രൂഷയും തിരുമു മ്പിൽ പ്രവേശിക്കട്ടെ, അങ്ങേ വാതിൽ ഞങ്ങൾക്കു തുറന്നു തരിക.

ഞായറാഴ്ചകളിൽ

തന്റെ പീഡാസഹനത്താൽ മരണമെന്ന ക്രൂരവാഴി യെവെന്ന ആരാധ്യരാജനായ ഞങ്ങളുടെ നാഥനീശോയേ!

സ്വൎഗ്ഗരാജ്യത്തിൽ നവജീവിതം ഞങ്ങൾക്കു വാഗ്ദാനം ചെയ്ത ദൈവസുതാ!

സകല ഉപദ്രവങ്ങളും ഞങ്ങളിൽനിന്നകററി ഞങ്ങളു ടെ നാട്ടിൽ സമാധാനവും സ്നേഹവും അധിവസിപ്പിക്കേണമെ.

അവിടത്തെ പ്രത്യാഗമന നാളിൽ തിരുമുമ്പിൽ ജീവി ക്കുകയും തിരുവിഷ്ടാനുസരണം അവിടത്തെ എതിരേല്പിനു് പുറപ്പെടുകയും ചെയ്യാൻ ഞങ്ങൾക്കിടയാകേണമെ.

ഞങ്ങളുടെ വൎഗ്ഗത്തിനു് അവിടന്നു നൽകിയിരിക്കുന്ന നന്മകളെക്കുറിച്ചു് അങ്ങേ നാമത്തെ ഞങ്ങൾ ഓശാന പാടി പുകഴ്ത്തട്ടെ.

എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ മനുഷ്യത്വത്തിനു് അവിടന്നു ചെയ്ത അനുഗ്രഹങ്ങൾ അനവധിയാണു്; ഞങ്ങളുടെ മൎത്ത്യതയുടെമേൽ അവിടത്തെ സ്നേഹം വെളിവാക്കപ്പെടുകത ന്നെ ചെയ്തു.

ഞങ്ങളുടെ കടങ്ങൾക്കു് സമുചിതമായ പരിഹാരം നൽകിത്തന്നെ അവിടന്നു വീട്ടി.

അവിടത്തെ ദാനത്തെക്കുറിച്ച് അങ്ങേ നാമത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

കരുണയാൽമാത്രം കടങ്ങളെ മോചിക്കുന്നവനേ! അങ്ങേയിടത്തുനിന്നുള്ള ദാനം അനുഗ്രഹീതമാണ്.

അവിടത്തെ ദൈവത്വത്തെ സ്തുതിക്കുവാനും ആരാധിക്കുവാനും അവിടത്തെ കർത്തൃത്വത്തിനു എന്നേരവും സ്തോത്രം പാടുവാനും അങ്ങേ കൃപയാൽ ഞങ്ങളേവരേയും യോഗ്യരാക്കേണമെ. ആമേൻ വാമേൻ.

സാധാരണ ദിവസങ്ങളിലും മരിച്ചവരുടെ ഓർമ്മകളിലും

വിശ്വാസത്തോടെ ഞങ്ങൾ അനുഭവിച്ച ദിവ്യരഹസ്യങ്ങൾ നാഥാ! ഞങ്ങൾക്ക് പാപപ്പൊറുതിയ്ക്കു കാരണമാകട്ടെ.

മ്ശിഹായേ! ജാതികളുടെ രാജാവേ! അവിടന്നു സൃഷ്ടിയേയും സ്രഷ്ടാവിനേയും പ്രതിബിംബിക്കുന്നു.

അവിടത്തെ ശരീരത്താലും രക്തത്താലും, അങ്ങയിൽ വിശ്വസിച്ച സകലരുടെയും കറകളെ കഴുകുകയും കടങ്ങളെ മോചിക്കുകയുംതന്നെ അവിടന്നു ചെയ്തു.

അവിടത്തെ പ്രത്യക്ഷീകരണത്തിൽ മനോവിശ്വാസത്തോടെ അങ്ങയുടെ എതിരേല്പിന് പുറപ്പെടുവാനും,

സ്വർഗ്ഗസൈന്യങ്ങളൊത്തു് അങ്ങയെ സ്തുതിക്കുവാനും ഞങ്ങളേവരേയും യോഗ്യരാക്കേണമെ. ആമേൻ വാമേൻ.

അന്ത്യാശിസ്സ്

പങ്കുകൊള്ളലിനുശേഷം പ്രത്യേകാശീർവ്വാദമൊന്നും നമ്മുടെ കുർബ്ബാനയിൽ പണ്ടു പതിവുണ്ടായിരുന്നില്ല. ഇടപ്പാറ, വി. കർബാന ത്രോണോസിൽ തിരിയെ കൊണ്ടുപോയിവച്ചശേഷം പാശ്ചാത്യരെ അനുകരിച്ച് ഇപ്രകാരം ആശീർവ്വദിക്കും.

കാ. സർവ്വവല്ലഭമുള്ള പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിൻെറ ആശിസ്സ് നിങ്ങളുടെമേലിറങ്ങി എന്നന്നേയ്ക്കും നിങ്ങളുടെ ഹൃദയത്തിൽ ആവസിക്കട്ടെ. ആമേൻ.

# ഉപസംഹാരം

പങ്കുകൊള്ളൽ കഴിയുമ്പോൾ കുർബാനയുടെ കാതലായ ഭാഗമെല്ലാം കലാശിക്കുന്നു. പിന്നെ ഉപസംഹരിക്കേണ്ടതേയുള്ളു. പൌര. സുറിയാനിക്രമത്തിലെ ഈ ഉപസംഹാരം ഇതര റീത്തുകളിലേതിനെ അപേക്ഷിച്ച് വളരെ ഹ്രസ്വമാണ്. കൃതജ്ഞതാപ്രകാശനം, പിരിച്ചുവിടൽ, എന്ന രണ്ടു ചടങ്ങുകൾകൊണ്ട് അവർ ഇതു പൂർത്തിയാക്കുന്നു. അദ്ധ്യയനക്രമം ബേമ്മയിൽവച്ച് നിർവ്വഹിച്ചിരുന്നപ്രകാരം, ഉപസംഹാരവും ഒരുക്കമേശയിൽവച്ചത്രെ ആദ്യനാളുകളിൽ നമ്മുടെ ക്രമത്തിൽ നടത്തിയിരുന്നതു്. പക്ഷെ ഇപ്പോൾ ഇവയുടെയും സ്ഥാനം അൾത്താരതന്നെ.

## കൃതാജ്ഞതാപ്രകടനം

അവർ കൃതജ്ഞതാസ്തോത്രം പാടിയശേഷം പിരിഞ്ഞു. (St. Mathew XXVI-30 & St. Mark XIV-26) ഇങ്ങനെയായിരുന്നു അത്താഴശാലയിലെ ആദ്യകുർബാനയുടെ സമാഹരണം. നമ്മുടെ കുർബാനയും പര്യവസാനിക്കുന്നതു് ഏകദേശം ഈ വിധംതന്നെ. തന്റെ ശരീരരക്തങ്ങളുടെ ദാനത്താൽ മ്ശിഹാ നമ്മോടുകാണിച്ച അനന്ത സ്നേഹത്തിന് ഹൃദയംഗമമായ കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടു് അവസാനിപ്പിക്കുന്നു. ഇതിൽ, പരസ്യപ്രാർത്ഥന, കുർബാന അടക്കൽ, കൃതജ്ഞതാസ്തോത്രം, കർതൃപ്രാർത്ഥന എന്ന നാലു ഭാഗങ്ങളുണ്ടു്.

## പരസ്യപ്രാർത്ഥന

വിശ്വാസികൾക്കു് വി. കുർബാന കൊടുത്തശേഷം കാർമ്മികൻ അൾത്താരയിലേയ്ക്കു് മടങ്ങുമ്പോൾ ആറാംപട്ടക്കാരൻ, അവസാനത്തേതായ അഞ്ചാമത്തെ പരസ്യ പ്രാർത്ഥന തുടങ്ങും. ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളുവാൻ വിളിച്ചതിനു്, അവയുടെ ദാതാവായ ദൈവത്തിനു് നന്ദി പ്രകടിപ്പിക്കാൻ ഉപദേശിക്കുകയും അതിനായി ക്ഷണിക്കുകയും മാത്രമാണു് ആറാംപട്ടക്കാരൻ ഇതിൽ ചെയ്യുന്നതു്. ആകയാൽ ഒരറിയിപ്പു് എന്നതിനെ കവിയുന്ന പ്രത്യേകതകളൊന്നും ഇതിനില്ല. എങ്കിലും ഇതിനെ തുടർന്നു സമൂഹം ഏത്രയും ചുരുങ്ങിയതും എന്നാൽ ഏത്രയും അർത്ഥഗർഭവുമായ ഒരു കൃതജ്ഞതാപ്രകരണം പാടാറുണ്ടു്. അതുനിമിത്തംമാത്രമാണു് പരസ്യപ്രാർത്ഥനയെന്ന പേരു ഇതിനു കിട്ടിയതു്.

**ആ. പരിശുദ്ധാത്മാവിന്റെ കൃപാസഹായത്താൽ സ്തുത്യർഹങ്ങളും വിശുദ്ധങ്ങളും ജീവപ്രദങ്ങളും ദിവ്യങ്ങളുമായ**

ഈ രഹസ്യങ്ങളുടെ സ്വീകരണത്തിൽ സംബന്ധിക്കുവാനും പങ്കാളികളാകുവാനും യോഗ്യരായെണ്ണപ്പെട്ട നമുക്കേവക്കും ഏകകണ്ഠമായി അവയുടെ ദാതാവായ ദൈവത്തെ പുകഴ്ത്തി സ്തുതിക്കാം.

ആറാംപട്ടക്കാരന്റെ ഈ ഉപദേശാനുസരണം ഏവരും കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ ഏകയോഗമായി ഇപ്രകാരം പാടുന്നു.

**സ. (കർത്താവേ!) വർണ്ണനാതീതമായ അവിടത്തെ ദാനത്തെക്കുറിച്ച് അങ്ങേയ്ക്കു് സ്തുതി (ഉണ്ടായിരിക്കട്ടെ).**

കുർബാന അടക്കൽ

ആറാംപട്ടക്കാരൻ സമൂഹത്തോടു ചേൎന്നു് പരസ്യപ്രാൎത്ഥന നടത്തുകയിൽ കാൎമ്മികനും ഇതര ശുശ്രൂഷകരുംകൂടി വേറെ ചില ഉപസംഹാരച്ചടങ്ങുകൾ നിൎവ്വഹിക്കും. "തുക്കാസ്റാസെ" എന്നാണു് അവയ്ക്കു പേർ. വി. കുർബാന സക്രാരികളിൽ എഴുന്നള്ളിച്ചുവയ്ക്കുന്ന പതിവു് പൌരസ്ത്യരുടെ ഇടയിൽ പണ്ടു സാധാരണമല്ലായിരുന്നു; അതിനാൽ സമൂഹത്തിന്റെ പങ്കുകൊള്ളൽ കഴിഞ്ഞു് അധികംവരുന്ന തിരുശ്ശരീരവും രക്തവും കാൎമ്മികനും ശുശ്രൂഷകരുംകൂടി അപ്പോൾത്തന്നെ അനുഭവിച്ചു് അവസാനിപ്പിക്കയായിരുന്നു മുറ. ഇതിനാണു് കുർബാന അടക്കൽ – തുക്കാസ്റാസേ – എന്നു് നമ്മുടെ തക്സായിൽ പേരു നൽകിയിരിക്കുന്നതു്.

അധികംവരുന്ന തിരുശ്ശരീരരക്തങ്ങൾ അനുഭവിച്ചുതീൎത്തശേഷം കാൎമ്മികൻ കാസാ പീലാസാ ആദിയായ പൂജോപകരണങ്ങൾ, കഴുകേണ്ടതു് കഴുകിയും തുടയ്ക്കേണ്ടതു് തുടച്ചും, ശരിപ്പെടുത്തുന്നതും തിരുവസ്ത്രങ്ങൾ സൌകൎയ്യമായി തിരിയെ കൊണ്ടുപോകത്തക്കവണ്ണം മടക്കി ക്രമപ്പെടുത്തുന്നതും ഈ അവസരത്തിൽ തന്നെയാണു്. എന്നിരുന്നാലും ഇവ ഈ ഭാഗത്തെ അപ്രധാന ചടങ്ങുകൾ മാത്രമത്രെ. പക്ഷെ പാശ്ചാത്യർ, അധികം വരുന്ന വി. കുർബാന സക്രാരിയിൽ സൂക്ഷിക്കുന്നതുകൊണ്ടു് ഈ ഒടുവിൽപ്പറഞ്ഞ അപ്രധാന ചടങ്ങുകളേ ഇന്നു് ഈ അവസരത്തിൽ അനുഷ്ഠിയ്ക്കൂ. ഏതൻനിമിത്തം ഈ ഭാഗത്തിനു് അവർ ശുദ്ധികൎമ്മം എന്നത്രെ പേരു നൽകിയിരിക്കുന്നതു്. നമ്മുടെ ഇടയിലും സക്രാരി നടപ്പായതിന്റെ ഫലമായി ശുദ്ധികൎമ്മങ്ങളെ സാധാരണ ഈ അവസരത്തിൽ ഇപ്പോൾ ചെയ്യാറുള്ളു.

കരങ്ങളും തിരുപ്പാത്രങ്ങളും കഴുകി കുടിക്കുമ്പോൾ മൂന്നു പ്രാൎത്ഥനകൾ കേരളകാൎമ്മികന്മാർ ഇന്നു് ചൊല്ലാറുണ്ടു്. ഇവയിലെല്ലാം വി. കുർബാന അടക്കലിനെയാണു് പ്രധാനമായി സൂചിപ്പിക്കുക. എന്നിരുന്നാലും ശുദ്ധികൎമ്മവേളയിലത്രെ ഇവ ഇപ്പോൾ ചൊല്ലപ്പെടുക. വീഞ്ഞു് ഒഴിച്ചു് കാസാ കഴുകിക്കുടിക്കുമ്പോൾ

**കാ. നാഥാ! ഞങ്ങൾ ഭക്ഷിച്ച അവിടത്തെ ജീവനുള്ള ശരീരവും പാനംചെയ്ത നിൎമ്മലരക്തവും ഞങ്ങൾക്ക്**

കുററാരോപണത്തിനോ ശിക്ഷയ്ക്കോ ബലഹീനതയ്ക്കോ രോഗത്തിനോ കാരണമായി ഭവിക്കാതിരിക്കട്ടെ. പിന്നെയോ, ഞങ്ങളുടെ വർഗ്ഗത്തിൻെറ പ്രത്യാശയും, സർവ്വത്തിൻെറയും ഉടയവനുമായ മ്ശിഹായേ! അത് കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പരിഹാരത്തിനും അവിടത്തെ സന്നിധിയിൽ മനഃശരണത്തിനും ഞങ്ങൾക്കിടയാകട്ടെ,

വിരലുകൾ വീഞ്ഞും വെള്ളവുംകൊണ്ടു് കഴുകുമ്പോൾ കാർമ്മികൻ മന്ത്രിക്കും.

**കാ.** മ്ശിഹാ(നാഥാ!) അവിടത്തെ ശരീരം പരസ്യമായി സ്വീകരിച്ച ഞങ്ങളിൽ അവിടത്തെ ശക്തി രഹസ്യമായി നിവസിക്കട്ടെ. അവിടത്തെ തിരുവിഷ്ടം നിറവേററുന്ന വിശുദ്ധന്മാരോടുകൂടി അങ്ങേ എതിരേല്പിന് സാമോദം പുറപ്പെടുകയും അങ്ങേയ്ക്കു് സ്തോത്രത്രയങ്ങൾ പാടുകയും ചെയ്യട്ടെ.

വിരലുകൾ കഴുകിയ വീഞ്ഞും വെള്ളവും കുടിക്കുമ്പോൾ അദ്ദേഹം അവസാനമായി അപേക്ഷിക്കും:

**കാ.** കർത്താവേ! ഞങ്ങളുടെ വർഗ്ഗത്തിൻെറ പ്രതീക്ഷയും സർവ്വത്തിൻെറയും ഉടയവനുമായ മ്ശിഹായേ! പീലാസായിൽനിന്ന് അവിടത്തെ ശരീരം അനുഭവിക്കുകയും കാസായിൽനിന്നു് അവിടത്തെ രക്തം പാനം ചെയ്കയും ചെയ്ത ഞങ്ങളെ ആ നല്ല കള്ളനോടും അവിടത്തെ തിരുവിഷ്ടം നിറവേററുന്ന വിശുദ്ധന്മാരോടുംകൂടെ അങ്ങയെ സ്തുതിപ്പാൻ യോഗ്യരാക്കേണമെ.

ഇതിനുശേഷം (പാശ്ചാത്യരെ അനുകരിച്ചു്) തക്സാ അൾത്താരയുടെ വലത്തേ കൊമ്പിൽനിന്നു് ഇടത്തേതിലേയ്ക്കു് മാററിവയ്ക്കും.

## കൃതജ്ഞതാസ്തോത്രം

പങ്കുകൊള്ളൽ കഴിയുന്നയുടനെ ആറാംപട്ടക്കാരനും സമൂഹവും കൂടി, ദൈവം വി. കുർബാനയുടെ വലിയ ദാനത്താൽ മനുഷ്യവർഗ്ഗത്തിന് ചെയ്തിരിക്കുന്ന അവാച്യമായ സഹായത്തിനു് കൃതജ്ഞത പ്രകടിപ്പിക്കുമെന്നിരുന്നാലും അതു് കാർമ്മികനെ പ്രതിനിധീകരിച്ചുകൊണ്ടുള്ളതല്ലാതിരുന്നതിനാൽ കുർബാന അടക്കലിനുശേഷം, മ്ശിഹായുടെ പ്രതിപുരുഷനായ കാർമ്മികൻ രണ്ടാമതൊരു കൃതജ്ഞതാപ്രകടനം നടത്തും. ഇതു് രണ്ടു സ്തോത്രപ്രകരണങ്ങളാലത്രെ അദ്ദേഹം നിർവ്വഹിക്കുക. ഇവയ്ക്കു് ഞായറാഴ്ചകളിലും തിരുനാളുകളിലും മാററമുണ്ടു്.

ത്തുക്കാസ്റാസെ അവസാനിക്കുമ്പോൾ, അൾത്താരയുടെ ഇടത്തേക്കൊമ്പിലേക്ക് നീങ്ങിനിന്നു് സ്ലോസാകൾ കണക്ക് കാർമ്മികൻ ഇവ പ്രാത്ഥിക്കുന്നു.

**കാ.** (ഞായറാഴ്ചകളിലും തിരുനാളുകളിലും) നാഥാ! പ്രതാപവാനായ അവിടത്തെ ആരാധ്യനാമത്തെ എന്നാളും എക്കാലത്തും എന്നാഴികയിലും കൊണ്ടാടുകയും ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യേണ്ടതു് ന്യായമാണ്, യുക്തമാണ്, യോഗ്യവുമാണ്. എന്തെന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ നിത്യസര്വ്വേശ്വരാ! (വാനാ)രൂപികളോടുചേന്നു് അവിടത്തെ നാമത്തെ പ്രകീത്തിക്കുവാനും അവിടത്തെ ദാനമായ (ദിവ്യ)രഹസ്യങ്ങൾ പങ്കുകൊള്ളുവാനും അവിടത്തെ ജീവപ്രദങ്ങളും ദൈവികങ്ങളുമായ വാക്കുകളുടെ മാദകമാധുരിയിൽ ആനന്ദിക്കുവാനും മഹോന്നതനായ അവിടത്തെ ദൈവത്വത്തിനു് സ്തുതിയുടെയും കൊണ്ടാട്ടത്തിൻെറയും ഗീതങ്ങൾ പാടുവാനും നശ്വരനായ മനുഷ്യൻെറ ദുർബലപ്രകൃതിയെ അവിടത്തെ കൃപയാലും അനുഗ്രഹത്താലും പാത്രമാക്കിയല്ലൊ.

(സാധാരണ ദിവസങ്ങളിൽ)

നാഥാ! അവിടത്തെ കൃപയാലും അനുഗ്രഹത്താലും ഞങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനായി സദയം ഞങ്ങൾക്കു തന്ന സ്തുത്യങ്ങളും വിശുദ്ധങ്ങളും ജീവപ്രദങ്ങളും ദിവ്യങ്ങളുമായ ഈ രഹസ്യങ്ങളുടെ ദാനത്തെക്കുറിച്ചു് സ്തുതിയും ബഹുമാനവും സ്തോത്രവും ആരാധനയും കൃതജ്ഞതയും അവിടത്തെ മഹിമയേറിയ ത്രിത്വത്തിനു് നിരന്തരം സമപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

**സ.** ആമേൻ ബാറെക്മാർ.

അനന്തരം അതേനിലയിൽത്തന്നെനിന്നുകൊണ്ടു് താഴെവരുന്ന രണ്ടാമത്തെ കൃതജ്ഞതാസ്തോത്രം പ്രാത്ഥിക്കുന്നു. പക്ഷേ ഇതിനുമുമ്പു് ക്രമപാലകൻ ആശീർവ്വാദം അപേക്ഷിക്കാറുള്ളതുകൊണ്ടു്, പൌ. സുറിയാനി ക്രമത്തിൽ അത്താഴക്കർബാനയുടെ അന്ത്യത്തിൽ പതിവുള്ളതായി മുകളിൽ സൂചിപ്പിച്ച കമ്പിടീലിൻെറ പ്രാത്ഥനയുടെ പൂർവ്വാദ്ധമായിരിക്കുമോ ഇതു് എന്നും സംശയിക്കപ്പെടുന്നുണ്ടു്. ഏതായാലും കൃതജ്ഞതാപ്രകാശനത്തി

ൻെറ ആശയം ഇതിൽ പ്രത്യക്ഷമല്ല. മ്ശീഹായെ വിളിച്ചുകൊണ്ടു് കാ ർമ്മികനിതു് ഇങ്ങനെ തുടങ്ങുന്നു.

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

കാ. സർവ്വത്തേയും സംശുദ്ധമാക്കുന്ന അവിടത്തെ സംപൂജ്യശരീരത്തേയും രക്തത്തേയും അനുഭവിക്കുവാൻ തൻെറ കൃപയാൽ നമ്മെ യോഗ്യരാക്കിയ നമ്മുടെ ദൈവവും കർത്താവും രാജാവും രക്ഷകനും ജീവദായകനും ആയ ഈശോമ്ശീഹാതന്നെ വചനങ്ങളാലും ക്രിയകളാലും നിരൂപണകളാലും പ്രവൃത്തികളാലും അങ്ങേ പ്രസാദിപ്പിക്കുവാൻ നമുക്ക് വരം നൽകട്ടെ. നാഥാ! ഞങ്ങൾ സ്വീകരിച്ചതും സ്വീകരിക്കുന്നതുമായ ഈ (ദാനങ്ങൾ) കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പൊറുതിയ്ക്കും മരിച്ചവരിൽനിന്നുള്ള ഉയർപ്പിൻെറ ഉറപ്പായ ശരണത്തിനും തിരുമുമ്പിൽ പ്രസാദിച്ച എല്ലാവരോടുംകൂടിയുള്ള സ്വർഗ്ഗത്തിലെ നവജീവിതത്തിനും അവിടത്തെ കൃപയാലും അനുഗ്രഹത്താലും ഞങ്ങൾക്ക് എന്നേയ്ക്കും അച്ചാരമായിരിക്കട്ടെ.

(സാധാരണ ദിവസങ്ങളിൽ)

കാ. സ്തുത്യങ്ങളും വിശുദ്ധങ്ങളും ജീവപ്രദങ്ങളും ദിവ്യങ്ങളുമായ തൻെറ രഹസ്യങ്ങൾവഴി ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിക്കുകയും ഞങ്ങളുടെ കുറവുകൾ തീർക്കുകയും ചെയ്യുന്ന മ്ശിഹായേ! എന്നേയ്ക്കും ഞങ്ങളുടെ വംശത്തിൻെറ പ്രത്യാശയായ മ്ശീഹായേ! അങ്ങേ അത്യുന്നതയിടത്തുനിന്നുള്ള അങ്ങേ ആരാധ്യമായ ദാനം അനുഗ്രഹീതമാകുന്നു. ആമേൻ.

കർതൃപ്രാർത്ഥന

കർതൃപ്രാർത്ഥനകൊണ്ടാരംഭിക്കുന്ന കുർബാന കർതൃപ്രാർത്ഥനയിൽ അവസാനിപ്പിക്കണം എന്നതാണല്ലോ പൌ. സുറിയാനിക്രമം. ആകയാൽ സമൂഹത്തെ യാത്രയാക്കുന്നതിനുമുമ്പു് കാർമ്മികൻ അവരൊന്നിച്ചു് ഒരിക്കൽകൂടി കർതൃപ്രാർത്ഥന ചൊല്ലും. ആരംഭത്തിലേതുപോലെ അന്ത്യത്തിലേ ഇതും വിസ്തൃത രൂപത്തിലുള്ളതാണു്.

കാ. & സ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...... ശേഷവും. (പക്ഷം, 20)

## പിരിച്ചുവിടൽ

കർത്തൃപ്രാർത്ഥന കഴിയുമ്പോഠം കർബാന അവസാനിക്കുന്നു. ഇനി അതിൽ സംബന്ധിച്ച അജഗണത്തിനു് ആശീർവ്വാദം നൽകി അയയ്ക്കേണ്ട തെയുള്ളു. ഈ പറഞ്ഞയയ്ക്കലിൽ കുമ്പിടീലിൻെറ പ്രാർത്ഥന, ഒത്രാണോസിനോടു് യാത്രപറച്ചിൽ, നേർച്ചവിതരണം എന്നു് മൂന്നു സംഗതികളുണ്ടു്.

## കുമ്പിടീലിൻെറ പ്രാർത്ഥന

അദ്ധ്യയനകർബാനയുടെ അന്ത്യത്തിൽ അയോഗ്യരുടെമേൽ ആശിസ്സു് പ്രാർത്ഥിച്ചാശീർവ്വദിച്ചവണ്ണം അത്താഴകർബാനയുടെ അവസാനത്തിൽ വിശ്വാസികളുടെമേലും കാർമ്മികൻ ആശിസ്സു് പ്രാർത്ഥിച്ചു് അവരെ ആശീർവ്വദിക്കും. അതിനുശേഷമേ അവരെ പറഞ്ഞയക്കയുള്ളു. കുമ്പിടീലിൻെറ പ്രാർത്ഥനയെന്നപേരിൽ മുമ്പു കണ്ട, അനാഗതരുടെമേലുള്ള ആശിസ്സു്പ്രാർത്ഥനയ്ക്കു് രണ്ടു ഭാഗങ്ങളുണ്ടായിരുന്നല്ലോ. ഒന്നു് ആശിസ്സു്പ്രാർത്ഥനയും രണ്ടാമത്തേതു് ആശീർവ്വാദദാനവും. പക്ഷേ അത്താഴകർബാനയുടെ അന്ത്യത്തിലേയിതിനു് നമ്മുടെ തക്സായിൽ ഒന്നേ കാണുന്നുള്ളു. എന്നാൽ മുകളിൽ സംശയകരമായി പറഞ്ഞ കൃതജ്ഞതാസ്തോത്രത്തിൻെറ രണ്ടാമത്തെ ഭാഗം ആശിസ്സു്പ്രാർത്ഥനയായി പരിഗണിച്ചാൽ ഇതു് ആശീർവ്വാദദാനമായി കണക്കാക്കാം. ഇതോടെ കർബാനയിലെ സകല കർമ്മങ്ങളും സമാഹരിക്കപ്പെടുന്നതുകൊണ്ടു് ഹൂത്താമ്മാ – മുദ്രണപ്രാർത്ഥന – Sealing prayer – എന്നാണിതിനു് പറയാറുള്ളതു്.

ആശീർവ്വദിക്കപ്പെടുന്നവരുടെ നേരേ തിരിഞ്ഞുനിന്നുകൊണ്ടുവേണം കാർമ്മികൻ ഹൂത്താമ്മാകഠം പ്രാർത്ഥിക്കുവാൻ. ഒന്നിലധികം ഹൂത്താമ്മാകളും ചിലപ്പോഠം ഉണ്ടാകും. തിരുനാളുകഠംക്കു് കാരണമാകുന്ന വിശുദ്ധനെ അഥവാ സംഭവത്തെ ഇതിൽ പ്രത്യേകവിധമായി പ്രകീർത്തിക്കാറുണ്ടു്. അവസാനത്തിൽ കാർമ്മികൻ കരമുയർത്തി ആശീർവ്വദിക്കപ്പെടേണ്ടവരുടെമേൽ കുരിശു്അടയാളപ്പെടുത്തും. സ്വീകാരകർ വിനയാന്വിതം ശിരസ്സു് നമിപ്പിച്ചും സാദരം തങ്ങളുടെമേൽതന്നെ കുരിശുവരച്ചും ആശീർവ്വാദം കൈക്കൊള്ളുന്നതായി കാട്ടുകയും ചെയ്യും. ഇങ്ങനെ കുരിശുവരയോടെ സമാരംഭിച്ച കർബാന കുരിശുവരയോടെ സമാപിക്കപ്പെടുകയും ചെയ്യുന്നു.

ചിലപ്പോഠം ഹൂത്താമ്മായുടെ അന്ത്യത്തിലെ കുരിശുവരയ്ക്കുമാത്രമേ കാർമ്മികൻ വിശ്വാസികളുടെ നേരെ തിരിയൂ. ആഘോഷാവസരങ്ങളിൽ അവസാന ഹൂത്താമ്മാ പാടിയുമായിരിക്കും നടത്തുക. നമ്മുടെ കർബാനയിൽ ശുശ്രൂഷകർക്കു് തനിച്ചാണു് ആശീർവ്വാദം നൽകുന്നതു്. അതു് സമൂഹത്തിൻെറതിനുമുമ്പുമാണു്. കർത്തൃപ്രാർത്ഥന കഴിയുന്നയുടനെ ക്രമപാലകൻ ശുശ്രൂഷകർക്കു് ആശീർവ്വാദം നൽകുവാനായി കാർമ്മികനോടപേക്ഷിക്കും.

ക്രു. നാഥാ! ആശീർവ്വദിക്കേണമെ.

ഉടനെ കാൎമ്മികൻ ശുശ്രൂഷകരുടെ നേരെ അല്പം തിരിഞ്ഞുനി ന്നുകൊണ്ടു് ഈ വിധം ആശീൎവ്വദിക്കുന്നു.

കാ. പ്രശസ്തങ്ങളും വിശുദ്ധങ്ങളും ജീവപ്രദങ്ങളും ദിവ്യങ്ങളുമായ രഹസ്യങ്ങൾ മുഖേന ആരെ നാം ശുശ്രൂഷിക്കുകയും പുകഴ്ത്തുകയും ബഹുമാനിക്കുകയും ചെയ്യുവോ ആ നമ്മുടെ കൎത്താവീശോമ്ശിഹാതന്നെ അവിടത്തെ രാജ്യത്തിലെ സമുചിതമായ ഭാഗ്യത്തിനും തൻെറ പരിശുദ്ധ മാലാഖാമാരോടുകൂടിയുള്ള സഹവാസസന്തോഷത്തിനും തിരുമുമ്പിലെ പ്രസാദത്തിനും ഉന്നതസ്ഥിതമായ ഓറശ്ലേമിൽ അവിടത്തെ വലത്തേതിലെ സ്ഥാനത്തിനും നമ്മെ ഭാഗ്യവാന്മാരാക്കിത്തീൎക്കട്ടെ. നമ്മുടെമേലും ലോകം മുഴുവൻെറമേലും തിരുസ്സഭയുടെയും അതിൻെറ അംഗങ്ങളുടെയുംമേലും അവിടത്തെ കൃപയും കരുണയും, ഇപ്പോഴും എപ്പോഴും എന്നന്നേയ്ക്കും അവിടന്നു വൎഷിക്കുകയും ചെയ്യട്ടെ. ആമേൻ.

അനന്തരം ക്രമപാലകൻ വിശ്വാസികളുടെ സമൂഹത്തെ ആശീൎവ്വദിക്കുവാൻ കാൎമ്മികനോടപേക്ഷിക്കും.

ക്രു. നാഥാ! ആശീൎവ്വദിക്കേണമെ.

അപ്പോൾ പുരോഹിതൻ സമൂഹത്തിൻെറനേരെ പൂൎണ്ണമായി തിരിഞ്ഞുനിന്നുകൊണ്ടു് ഇങ്ങനെ അവരെ ആശീൎവ്വദിക്കുന്നു സാധാരണ ദിവസങ്ങളിൽ.

കാ. തൻെറ മാംസത്താൽ നമ്മുടെ കടങ്ങളെ വിമോചിക്കുകയും തൻെറ രക്തത്താൽ പാപങ്ങളെ മായിക്കുകയും ചെയ്യുവനു് തൻെറ സഭയിൽ സ്തുതിയുണ്ടായിരിക്കട്ടെ.

സ. ആമേൻ.

കാ. അനുഗ്രഹിതരായ അവിടത്തെ ജനമേ! അവിടത്തെ അജക്കൂട്ടത്തിലെ ആടുകളേ! അവിടന്നു തൻെറ നന്മകളെ നിങ്ങളുടെമേൽ വൎഷിക്കട്ടെ.

സ. ആമേൻ.

കാ. അവിടത്തെ പരിപാലനയുടെ കരം നിങ്ങളുടെമേൽ (സമൂഹത്തിൻെറമേൽ കുരിശടയാളപ്പെടുത്തുന്നു.) ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിഴലിക്കുകയും ചെയ്യട്ടെ.

സ. ആമേൻ.

മരിച്ചവക്കായുള്ള കർബാനകളിൽ കാമ്മികൻ താഴെവരുന്ന ഫുത്താമ്മായാണ് പാടുക.

**സ.** നാഥാ! ഞങ്ങളുടെ പ്രാത്ഥനയുടെ സ്വരത്തെ കേൾക്കേണമെ. ഞങ്ങളുടെ അപേക്ഷ തിരുമുമ്പിൽ പ്രവേശിക്കട്ടെ. ഞങ്ങളുടെ ബലികളേയും കുർബാനകളേയും സ്വീകരിക്കേണമെ; ഞങ്ങളുടെ മരിച്ചവരുടെ കടങ്ങളെ ക്ഷമിക്കുകയും ചെയ്യേണമെ.

**സ.** ആമേൻ.

**കാ.** ആദിയിൽ ആരംഭകനായി ഹാബേലും, പിന്നെ പരമാത്ഥിയും നിമ്മലനുമായ നോഹും കത്താവിൻെറ വിശ്വസ്ത ദാസനായ അബ്റാഹാമും ക്ലേശങ്ങൾ സഹിച്ച യോബും പ്രവാചകമുഖ്യനായ ഏലിയായും, ഉൗട്ടുശാലയ്ക്കുള്ളിൽ ശ്ലീഹന്മാരും അപ്പിച്ച ബലിപോലെയും വിധവയുടെ കാശുപോലെയും നാഥാ! അവിടത്തെ കൃപയാൽ ഈ ദാസൻെറ കുർബാന സ്വീകരിക്കേണമെ.

**സ.** ആമേൻ.

**കാ.** അവിടത്തേക്കിഷ്ടപ്പെട്ട എല്ലാ നീതിമാന്മാരോടുംകൂടി അങ്ങേ രാജ്യത്തിലെ മണവറയ്ക്ക് ഇവനെ അർഹനാക്കേണമെ. നാഥാ! ഇവൻെറ ബലി സ്വീകരിക്കുകയും കടങ്ങൾ പൊറുക്കുകയും പാപങ്ങളെ ഇല്ലായ്മ ചെയ്കയും ഇവൻെറയും ഇവൻെറ എല്ലാ സഖികളുടെയും സകല അപരാധങ്ങളും വിസ്മരിക്കുകയും ചെയ്യേണമെ.

**സ.** ആമേൻ.

**കാ.** കാരുണികനായ കത്താവേ! അവിടത്തെ ഈ (സാധ്വ) ദാസനെ അങ്ങേ തിരഞ്ഞെടുക്കപ്പെട്ട നീതിമാന്മാരൊന്നിച്ച് ആ അദ്ധ്യാത്മികമണവറയ്ക്ക് യോഗ്യനാക്കേണമെ.

**സ.** ആമേൻ.

**കാ.** ഇന്നുമുതൽ സുന്ദരവും സൌഭാഗ്യസംപൂർണ്ണവുമായ ഇടത്തിൽ ഇവക്ക് നിത്യശാന്തിയും നിത്യസ്മരണയും നിത്യാനന്ദവും കല്പിച്ചരുളേണമെ.

**സ.** ആമേൻ.

കാ. അവിടെ സ്വഭാവത്തിൽ ഏകനും ആളിൽ മൂവനുമായ അങ്ങേയ്ക്കു് ഇവൻ കൃതജ്ഞതയും സ്തുതിയും ബഹുമാനവും ആരാധനയും അനവരതം അനുസ്യൂതം പ്രതിസമ്മാനിക്കട്ടെ.

സ. ആമേൻ.

കാ. ഈ കർമ്മത്തിൽ ബുദ്ധിമുട്ടിയ ചെറിയവരും വലിയവരുമായ ഇന്നത്തെ എല്ലാവരും, ഈ സമൂഹത്തിലെ പാട്ടുകാരും അവിടത്തെ കൃപയാൽ പാപപ്പൊറുതിയ്ക്കു് പാത്രമായിത്തീരട്ടെ.

സ. ആമേൻ.

കാ. നാഥാ! ഈ സമൂഹത്തേയും ഈ ഭവനത്തേയും ഇവിടെ സമ്മേളിച്ചിരിക്കുന്ന ഏവരേയും അശിസ്സ് നൽകി അനുഗ്രഹിക്കേണമെ.

സ. ആമേൻ.

(പരിശുദ്ധ കന്യകമറിയത്തിൻെറ തിരുനാളുകളിലെ ഹൂത്താമ്മാ)

കാ. ആകാശവും ഭൂമിയും ഏവനാൽ നിറയപ്പെട്ടിരിക്കുന്നുവോ ആ പരമസത്തയ്ക്കു് കന്യാത്വഭംഗം കൂടാതെ മാതാവായ മറിയമേ! നിനക്കു സ്വസ്തി.

സ. ആമേൻ.

കാ. ആദിത്യനുമുമ്പേ പേരുപെററ ആ പൂർവ്വികനു കന്യാത്വഭംഗം കൂടാതെ മാതാവായ മറിയമേ! നിനക്കു സ്വസ്തി.

സ. ആമേൻ.

കാ. ആദത്തെ ചെളിയിൽനിന്നു് മനഞ്ഞ ആ ശില്പവിന്ന് കന്യാത്വഭംഗംകൂടാതെ മാതാവായ മറിയമേ! നിനക്ക് സ്വസ്തി.

സ. ആമേൻ.

കാ. ഹാവായെ രൂപപ്പെടുത്തി ആദത്തിനു് നൽകിയ ആ രൂപകൃത്തിന്ന് കന്യാത്വഭംഗംകൂടാതെ മാതാവായ മറിയമേ! നിനക്കു സ്വസ്തി.

സ. ആമേൻ.

കാ. ലേവിപുത്രന്മാക്ക് വിശുദ്ധ സ്ഥലം കല്പിച്ചുകൊടുത്ത പരിശുദ്ധന് ശുദ്ധത മാറാതെതന്നെ മാതാവായ മറിയമേ! നീ ഭാഗ്യവതിയാകുന്നു.

സ. ആമേൻ.

കാ. പരമപിതാവിൻെറ പ്രതാപവും, ഏകജാതനും, അവിടത്തോടേക സത്തയുമായിരിക്കുന്നവൻ നിൻെറ ഉദരത്തിൽ വിശുദ്ധമായി വിശ്രമിച്ചതിനാൽ മറിയമേ!നീ ഭാഗ്യവതിയാകുന്നു.

സ. ആമേൻ.

കാ. സകല സൃഷ്ടങ്ങളേയും തീററിപ്പോറുന്ന ആ മഹാ പരിപോഷകനെ നിൻെറ സ്തനങ്ങളിൽനിന്ന് പാലൂട്ടിച്ചതിനാൽ മറിയമേ! നീ ഭാഗ്യവതിയാകുന്നു.

സ. ആമേൻ.

കാ. ആകാശസേനകൾ ആടിച്ചുമക്കുന്ന മഹോന്നതൻെറ മകനെ മടിയിൽ വയ്ക്കുകയും ഭുജവലയത്തിൽ സംവഹിക്കുകയുംചെയ്ത മറിയമേ! നീ ഭാഗ്യവതിയാകുന്നു.

സ. ആമേൻ.

കാ. എല്ലാ തലമുറകളും നിൻെറ കന്യാത്വത്തെ ഭാഗ്യപൂണ്ണമെന്ന് പ്രകീത്തിക്കും. കാരണം, നിൻെറ സുതൻ സൃഷ്ടങ്ങളിൽനിന്ന് ശാപത്തെ ഉന്മൂലനം ചെയ്തു.

സ. ആമേൻ.

കാ. ആകയാൽ ഞങ്ങളും, ഇതാ! നിന്നെ വണങ്ങിക്കൊണ്ടും നിനക്ക് കീത്തനംപാടി പ്രാത്ഥിച്ചുകൊണ്ടും നിൻെറ കന്യാത്വത്തിന് ഭാഗ്യം നേരട്ടെ.

സ. ആമേൻ.

കാ. നിമ്മലയായ നിന്നിൽനിന്നുത്ഭവിച്ച കത്താവിനോട് നിൻെറ പെരുനാൾ കൊണ്ടാടുന്ന ഈ സമൂഹത്തിന്മേൽ അനുഗ്രഹം വഷിക്കവാൻ ഞങ്ങളോട്ടചേന്നപേക്ഷിക്കേണമെ.

സ. ആമേൻ.

അൾത്താരയോടാമന്ത്രണം

ക്രിസ്തീയ ബലിപീഠം നമ്മുടെ കർത്താവിൻെറ ശവക്കല്ലറയെ സദൃശീകരിക്കുന്നു: ആകയാൽ ആദ്യം അതിനെ സമീപിക്കുമ്പോഴും ഇടയ്ക്കു് പ്രധാനങ്ങളായ പ്രാർത്ഥനകളോടനുബന്ധിച്ചും, അവസാനം അതിനെ വിട്ടുപിരിയുമ്പോഴും കാർമ്മികൻ സ്നേഹപൂർവ്വം ചുംബിക്കും. അവസാനത്തെ ഈ ചുംബനം നമ്മുടെ കുർബാനയിലെ 28-ാമത്തെ ചുംബനമാണു്. അതു് സന്താപജനകമായ ഒരു യാത്രപറച്ചിലോടെയാണു് നിർവ്വഹിക്കുന്നതും. സമൂഹത്തിനു് ആശീർവ്വാദം നൽകിയശേഷം ത്രോണോസിലേയ്ക്കു് വീണ്ടും തിരിഞ്ഞു് അതിനെ ചുംബിക്കയിൽ കാർമ്മികൻ ഇങ്ങനെ ആമന്ത്രണം ചെയ്യുന്നു.

**കാ.** പാപപരിഹാരകയാകുവാൻ പാത്രമായ ബലിപീഠമേ! സമാധാനത്തിൽ വിശ്രമിച്ചാലും; ഞങ്ങളുടെ നാഥൻെറ ശവകുടീരമേ! ശാന്തയായി സമാശ്വസിച്ചാലും; നിന്നിൽനിന്നു് ഞാൻ സ്വീകരിച്ച കുർബാന എനിക്കു കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ പൊറുതിക്കും കാരണമാവട്ടെ. ഞാൻ ഇനി വരുമോ നിൻെറമേൽ വേറൊരു ബലി അർപ്പിക്കുമോ ഇല്ലയോ ആർക്കറിയാം.

നേർച്ച വിതരണം

പണ്ടു് ഹൂത്താമ്മായ്ക്കുശേഷം കനക്കെയുടെ പടിക്കൽ വന്നു് കാർമ്മികൻെറ ഊറാറാ മുത്തിക്കൊണ്ടു് വിശ്വാസികൾ പിരിഞ്ഞുപോയിരുന്നു. പള്ളിവാതുക്കലോ മററു സൌകര്യമുള്ള വല്ല സ്ഥലങ്ങളിലോവച്ചു് വിതരണം ചെയ്യുമായിരുന്ന നേർച്ചയപ്പം പോകുന്നവഴിക്കു് വാങ്ങിക്കുകയും ചെയ്തിരുന്നു. വി. രഹസ്യങ്ങൾ സ്വീകരിക്കാത്തവരും കുർബാനയിൽനിന്നു് പങ്കുകൊള്ളാതെ പോകുന്നില്ല എന്നതിൻെറ ഒരു സൂചനയായിരുന്നിതു്.

പൂർവ്വകാലത്തു് കുർബാനയപ്പം ചുടുന്നതോടുകൂടിത്തന്നെ നേർച്ചയപ്പവും ചുട്ടിരുന്നു. ആകൃതിയിലും വലിപ്പത്തിലും നിർമ്മാണസാധനത്തിലുമെല്ലാം കുർബാനയപ്പത്തിനു് തുല്യമായിരുന്നു ഇവയും. വിസ്തൃതാർത്ഥത്തിൽ കുർബാനയപ്പമെന്നുതന്നെ വിളിക്കപ്പെടുകയും ചെയ്തിരുന്നു. തിരുനാളുകളിലെ നമ്മുടെ നേർച്ച വിതരണം, നിർജ്ജീവമായിവരുന്ന ഈ പഴയ പാരമ്പര്യത്തിൻെറ അവശിഷ്ടമത്രെ.

*L. D. S. S. & M.*

---

Printed and Published for the Proprietor by Rev. Fr. Wilfrid, T. O. C. D. at the St. Joseph's Press, Mannanam. 1956.